A CLOSE TRANSLATION OF THE

SANSKRIT DRAMA

JANAKEE PARINAYOM.

ജാനകീപരിണയം

മലയാളനാടകം.

കൊച്ചിസംസ്ഥാനത്ത ബഹുമാനപ്പെട്ട
അപ്പീൽകോടതി വക്കിൽ
ചിറ്റൂർ ചമ്പത്തിൽ
ചാത്തുക്കുട്ടിമന്നാടിയാരാൽ
സംസ്കൃതത്തിൽനിന്ന ശ്ലോകത്തിന്ന ശ്ലോക
മായും, വാക്യത്തിന്ന വാക്യമായും, മലയാള
ത്തിൽ ഭാഷാന്തരപ്പെടുത്തി
"കേരളകല്പദ്രുമം" അച്ചുക്കൂടത്തിൽ
അച്ചടിപ്പിക്കപ്പെട്ടത—൧൦൬൪.

തൃശ്ശിവപേരൂർ.

[കോപ്പി—൧൦൦൦]

PRINTED AT THE K. K. D. PRESS
TRICHOOR. 1888.

[ALL RIGHT RESERVED]

A CLOSE TRANSLATION OF THE

SANSKRIT DRAMA

JANAKEE PARINAYOM.

ജാനകീപരിണയം

മലയാളനാടകം.

കൊച്ചിസംസ്ഥാനത്ത ബഹുമാനപ്പെട്ട
അപ്പീൽകോടതി വക്കിൽ
ചിറ്റൂർ ചമ്പത്തിൽ
ചാത്തുക്കുട്ടിമന്നാടിയാരാൽ
സംസ്കൃതത്തിൽനിന്ന ശ്ലോകത്തിന്ന ശ്ലോകമായും, വാക്യത്തിന്ന വാക്യമായും, മലയാളത്തിൽ ഭാഷാന്തരപ്പെടുത്തി

"കേരളകല്പദ്രുമം" അച്ചുക്കൂടത്തിൽ
അച്ചടിപ്പിക്കപ്പെട്ടത—൧൦൬൩.
തൃശ്ശിവപേരൂർ.
[കോപ്പി—൧൦൦൦]

PRINTED AT THE K. K. D. PRESS
TRICHOOR. 1888.

[ALL RIGHT RESERVED]

പീഠിക.

സംസ്കൃതം ഇംഗ്ലീഷമുതലായ ഭാഷകളിലുള്ളപോലെ നമ്മുടെ മലയാളഭാഷയിൽ വായിക്കുന്നവൎക്ക രസകരങ്ങളായ നാടകാദിഗ്രന്ഥങ്ങൾ എത്രയും ചുരുക്കമായിരിക്കുന്നതും എല്ലാഭാഷകളും പരിഷ്കരത്തെ പ്രാപിക്കുന്ന ഈ കാലത്തിലും നമ്മുടെ മലയാളഭാഷ ബാല്യാവസ്ഥയെ കൈവിടാതിരിക്കുന്നതും മലയാളികൾക്ക എറ്റവും വ്യസനകരമാണെന്ന ഞാൻ പറയേണ്ടതില്ലല്ലൊ.

മേൽപറഞ്ഞ സ്ഥിതിയിൽനിന്ന സ്വല്പമായ ഒരു നിവൃത്തിയെങ്കിലും ലഭിക്കേണമെന്നുള്ള വിചാരത്തോടുകൂടി സംസ്കൃതത്തിൽനിന്ന എന്നാൽ കഴിയുന്ന വിധത്തിൽ ഇങ്ങിനെ മലയാളത്തിൽ ഭാഷാന്തരപ്പെടുത്തപ്പെട്ട ഈ 'ജാനകീപരിണയനാടകം' എന്റെ ഉദ്ദേശത്തെ കേവലം നിഷ്പ്രയോജനമാക്കാതെ കേരളീയന്മാൎക്ക സ്വീകാരയോഗ്യമായി തീരുന്നതായാൽ ആ സ്വീകാരം എന്റെ ഈ ശ്രമത്തിന്ന വിലയേറിയ ഒരു പ്രതിഫലമായി തീരുമെന്ന ഞാൻ വിചാരിക്കുന്നു.

എന്നാൽ കവിതാവിഷയത്തിൽ എറ്റവും എളുപ്പത്തെ കൊടുക്കുന്ന അനേക മാൎഗ്ഗങ്ങളും പലവിധ പദങ്ങളും ഉള്ള സംസ്കൃതഭാഷയിൽ മഹാകവിയായ ശ്രീരാമഭദ്രദീക്ഷിതരാൽ രചിക്കപ്പെട്ടതും "നാടകാന്തം കവിത്വം" എന്നുള്ളതുകൊണ്ട കാവ്യം ചമ്പുമുതലായ പ്രബന്ധങ്ങളെക്കാൾ എത്രയും ശ്രേഷ്ഠതയുള്ളതുമായ ഒരു നാടകത്തെ കവിതാവിഷയത്തിൽ അനേകവിധ നിബന്ധങ്ങളും ഇഷ്ടംപോലെ പദങ്ങൾ ലഭിപ്പാൻ വളരെ പ്രയാസവും ഉള്ള മലയാളഭാഷയിൽ സ്വല്പബുദ്ധിയായ ഞാൻ ഭാഷാന്തരപ്പെടുത്തിയതുകൊണ്ട ഇതിൽ അത്യാവശ്യമായി ചില സംസ്കൃതപദങ്ങളെ ഉപയോഗിക്കേണ്ടിവന്നുപോയതാണെന്നും, പ്രമാദത്താലൊ മറ്റൊ ഇതിൽ വല്ല തെറ്റുകളും വന്നിട്ടുണ്ടെങ്കിൽ ആയത അത്ര ആശ്ചൎയ്യമല്ലെന്നും വിചാരിപ്പാൻ അവകാശമുള്ളവരായ മഹാജനങ്ങൾ ഇതിലുള്ള ദോഷങ്ങളെ എല്ലാം ക്ഷമിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

എന്ന ഗ്രന്ഥകൎത്താ.

കൊച്ചി

ഏളയ തമ്പുരാൻ

തിരുമനസ്സിലെക്കായി

ഈ ജാനകീപരിണയനാടകത്തെ

സമൎപ്പണം (DEDICATE) ചെയ്യേണ്ടതിന്നു

അനുവാദമുണ്ടാകേണമെന്നു ഗ്രന്ഥകൎത്താവിനാൽ

ചെയ്യപ്പെട്ട അപേക്ഷയ്ക്കു തിരുമനസ്സുകൊണ്ടു

കല്പിച്ചയച്ച മറുപടി.

ചമ്പത്തിൽ ചാത്തുക്കുട്ടിക്കു—

ചില അസൌകൎയ്യങ്ങളാൽ ജാനകീപരിണയതൎജ്ജമയെ ആദ്യന്തം അവിച്ഛിന്നമായി സംസ്കൃതത്തോടൊത്തുനോക്കുവാൻ നമുക്കു കഴിഞ്ഞിട്ടില്ലെങ്കിലും ഭാഷപ്പെടുത്തുവാൻ വളരെ പ്രയാസമുള്ളതായി തോന്നിയ പലഭാഗങ്ങളേയും ഒത്തുനോക്കിയതിൽ അൎത്ഥത്തിന്നുമററും വ്യത്യാസമില്ലെന്നു തന്നെയുമല്ല സംസ്കൃതനാടകത്തിൽ നിന്നും അധികമായി ചില വൃത്തനാമങ്ങൾ പ്രാസങ്ങൾകൂടി പ്രയോഗിച്ചുകണ്ടു വളരെ സന്തോഷിക്കുന്നു. അൎത്ഥത്തിന്നും ഭേദം വരാതെയും, കവിതാഭംഗി കുറയാതെയും, ഭാഷയെന്നു പേരും ഒക്കാലും സംസ്കൃതപദന്തന്നെ പ്രയോഗിക്കുകയുംചെയ്യാതെയും, ഒരു സംസ്കൃതഗ്രന്ഥത്തെ ഭാഷപ്പെടുത്തുക ശക്യമാണെന്നു നമുക്കു ഇതിന്നുമുമ്പിൽ വിചാരിപ്പാനിടവന്നിട്ടില്ല. ഈ തൎജ്ജമയെ പലദിക്കുകളിലുമൊത്തുനോക്കിയതിൽ നമ്മുടെ ദൃഷ്ടിയിലകപ്പെട്ടതായ ദോഷമുള്ള സ്ഥലങ്ങളും ദോഷങ്ങളും എത്രയും തുച്ഛങ്ങളാകുന്നു.

ഈ പുസ്തകത്തെ നമുക്കായി DEDICATE ചെയ്താൽ കൊള്ളാമെന്നുള്ള അപേക്ഷയെ നാം വളരെ സന്തോഷത്തോടുകൂടി സ്വീകരിച്ചിരിക്കുന്നു.

എന്നു ൧൦൬൭ ഏളയരാജാ.

ധനു൨൨-ാംനു രാമവൎമ്മാ.

TO

HIS HIGHNESS

RAMA VURMAH

ELIA RAJAH OF COCHIN

THIS HUMBLE ATTEMPT

AT

MALAYALAM TRANSLATION

IS

WITH KIND PERMISSION

MOST RESPECTFULLY DEDICATED

BY

HIS HIGHNESS' MOST LOYAL SUBJECT

THE TRANSLATOR.

യഥാശക്തിരചിതമായ

ഈ മലയാളപരിഭാഷാനാടകത്തെ

ബഹുമാനപ്പെട്ട

കൊച്ചി എളയതമ്പുരാൻ

തിരുമനസ്സിലെ തൃപ്പാദത്തിങ്കൽ

അനുവാദപ്രകാരം

സവിനയം സമൎപ്പിക്കുന്നു.

എന്ന തിരുമനസ്സിലെ ഭക്തിയുള്ള

പ്രജകളിലൊരുവനായ

പരിഭാഷകൻ.

ഈ പുസ്തകത്തിൽ ഉള്ള വിശേഷ അടയാളവിവരം.

൧. * ഇത ശ്ലോകത്തേയൊ, ശ്ലോകാംശത്തേയൊ കാട്ടുന്നതാണ.

൨. ( ) ഈ അടയാളത്തിനകത്ത നടിക്കേണ്ടുന്ന രസങ്ങളേയും, പ്രവൃത്തികളേയും മററും കാണിച്ചിരിക്കുന്നു.

൩. [ ] ഇതിന്നകത്തുള്ള 'ആത്മഗതം' എന്നത വിചാരത്തേയും, 'സ്വകാൎയ്യമായിട്ട' എന്നത സ്വകാൎയ്യവാക്കിനേയും, 'പ്രകാശം' എന്നത മേല്പറഞ്ഞ രണ്ടിലേതെങ്കിലും കഴിഞ്ഞശേഷം വെളിവായി പറയുന്നതിനേയും അറിയിക്കുന്നു.

൪. — ഇത ഒരാളുടെ പേരിന്നുശേഷം കാണുമ്പോൾ അയാൾ 'പറയുന്നു' എന്ന (രണ്ടും, മൂന്നും അടയാളങ്ങൾ നിഷ്പ്രയോജനങ്ങളാകാത്തവിധത്തിൽ) വിചാരിക്കണം. ഇതുതന്നെ ഒരു വാക്യത്തിന്റെശേഷം കാണുമ്പോൾ ആ വാക്യംമുഴുവനുമായിട്ടില്ലെന്ന ഓൎമ്മവെക്കേണ്ടതാകുന്നു

൫. ——— ഇത രണ്ടാൾതമ്മിൽ സംസാരിക്കുമ്പോൾ മറെറാരാൾ കേട്ട വേറെ വിധമായൎത്ഥം ധരിക്കുന്ന വാക്കുകളെ കാണിപ്പാൻ അതുകളുടെ താഴെ ൪-ാംഭാഗത്തുള്ള ഗദ്യങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട. എന്നാൽ പദ്യങ്ങളിലുള്ള വാക്കുകളുടെ താഴെ ഉപയോഗിച്ചിട്ടുള്ളത ആ പദ്യങ്ങളുടെ വൃത്തനാമത്തെ അറിയിപ്പാനാകുന്നു.

൬. ❋ ഈ അടയാളത്തിന്നുള്ളിൽ മൂന്നാംഭാഗത്തിൽ എഴുതീട്ടുള്ളത മൂലത്തിലില്ലാത്തതാകുന്നു.

൭. § ഇത ആറാം അങ്കത്തിലുള്ള അന്തൎന്നാടകത്തെ സംബന്ധിച്ച അണിയറവാക്യം, പ്രവേശം മുതലായ സകലത്തേയും വേൎതിരിച്ചു കാണിപ്പാനുള്ളതാകുന്നു.

മററുള്ള അടയാളങ്ങൾ സാധാരണങ്ങളാകയാൽ
അവയെ ഇവിടെ കാണിക്കാതിരുന്നതാണ.

ഈ നാടകത്തിൽ ചിലസ്ഥലങ്ങളിൽ ആരംഭിച്ച ഒരു ശ്ലോകം അവസാനിക്കുന്നതിന്നുമുമ്പായി മറെറാരുശ്ലോകം ആരംഭിച്ചവസാനിക്കുന്നതാകയാൽ ആ സ്ഥലങ്ങളിലും ആരംഭക്രമത്തെ അനുസരിച്ച നമ്പ്രുകൾ ഇട്ടിരിക്കുന്നതും, സ്ഥലച്ചുരുക്കത്താൽ നമ്പ്രുകൾ ഇട്ടിട്ടില്ലാത്ത ചിലശ്ലോകങ്ങളുടെ നമ്പ്രുകളെ മുമ്പുപിമ്പുള്ള ശ്ലോകനമ്പ്രുകൾനോക്കി അറിയേണ്ടതും ആകുന്നു

ജാനകീപരിണയം.

മലയാളനാടകം.

ശിവാഭ്യാംനമഃ.

* ഒന്നായ്പ്പററിയവേദവാക്യമകുടിപ്പാനോവ്രജസ്ത്രീകുച
ക്കുന്നിന്നൊട്ടിയചന്ദനപ്പൊടിതുടപ്പാനോരസാലെന്നപോൽ ।
മന്ദംപൊങ്ങിലയംകലൎന്നമുരളീനാദംമുദാകേട്ടുപൈ
വന്നിട്ടങ്ങിനെനക്കുമക്കൈപെടഗോപാലന്റെകാൽപാതുവഃ ॥ (൧)

അത്രയുമല്ല

* ‘കൊന്നപ്പൂപ്പൊടിനീക്കിനിന്നടികളിൽച്ചേൎത്തീടിനേൻയാവകം
നന്നായ്ഭസ്മമതുംതുടച്ചുമുലമേൽനിൎമ്മിച്ചുപത്രാംകുരം ।
ഇന്നിസ്വൈരമയേകളിക്കുകെ’ചിരിച്ചെന്നോതുമാളീജനം
തന്നെക്കണ്ണുനകൊണ്ടടിക്കുമഗജാപാലിക്കണംനിങ്ങളെ ॥ (൨)

(നാന്ദിയുടെഅവസാനത്തിൽ ‘സൂത്രധാരൻ’ മുൻഭാഗത്തുനോക്കീട്ടു)

* എല്ലാശാസ്ത്രമറിഞ്ഞഘോരഭരതസിദ്ധാന്തത്തെയെല്ലാംധരി-
ച്ചുല്ലാസേനവിളങ്ങിടുന്നകവിതാസാരംഗ്രഹിച്ചേററവും ।
ചൊല്ലാന്തുള്ളൊരുസത്സമാജമിതുസൽപുണ്യത്തിനാൽലബ്ധമാ-
മെല്ലാരാലപിവന്ദ്യമാശ്രിതജനശ്രേയസ്സിനംഹേതുവാം ॥ (൩)

അതിനാൽ ശ്ലാഘിക്കത്തക്ക സൽഗുണങ്ങളാൽ പൂൎണ്ണമായിരിക്കുന്ന ഈ സജ്ജനസദസ്സിനാസ്യൊണ്ടു ഞാൻ കുലക്രമത്താൽ സിദ്ധിച്ചിരിക്കുന്ന അഭിനയവിദ്യയെ ഭരതാചാൎയ്യമതപ്രകാരം ഇപ്പോൾ കാണിച്ചു എന്നെ കൃതാൎത്ഥനാക്കുന്നുണ്ടു.

(ആകാശത്തിൽ ചെവികൊടുത്തിട്ടു)

അല്ലയൊ സഭാവാസികളെ! നിങ്ങൾ എന്തുപറയുന്നു?

* ‘സന്ദൎഭത്തിൽസരളത
യെന്നല്ലൎത്ഥത്തിലുംരസംപാരം ।
ചേൎന്നൊരുപുതുതാംനാടക-
മിന്നുഭവാനഭിനയിക്കണമെങ്ങൾക്കായ്’ ॥ (൪) എന്നൊ.

ആശ്ചൎയ്യമാശ്ചൎയ്യം! * ചിത്തമെന്നുടെയേതിക-
ലെത്തിയെന്നാലതിങ്കലെ ।
സത്തുകൾക്കഭിപ്രായ-
മൊത്തതുംദൈവകല്പിതം ॥ (൭)

(അണിയറയ്ക്കുനേരേ നോക്കീട്ടു) ആൎയ്യേ! ഇവിടെവരു.

(നടീ പ്രവേശിച്ചു) ആൎയ്യ! ഇതാ ഞാൻ വന്നിരിക്കുന്നു.

സൂത്രധാരൻ—മാന്യന്മാരായ ഒരം സഭാവാസികളുടെ കല്പന കേട്ടില്ലെ?

നടീ—(ദീൎഘശ്വാസത്തോടുകൂടി) കേട്ടു. കേട്ടു. എന്നാൽ അങ്ങയുടെ സഹോദരീപുത്രനായ "കളഹംസന്ന" വിവാഹം ചെയ്യാനായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന എന്റെ പുത്രിയായ "കമലിനിയെ" ദുഷ്ടനായ "മഹാമായ"നെന്ന കുശീലവൻ വ്യാജത്താൽ കളഹംസന്റെ വേഷം ധരിച്ചു അപഹരിപ്പാൻ പോകുന്നതായി കേൾക്കുന്നു. അതുകൊണ്ടു കമലിനിയുടെ മനോരഥം എങ്ങിനെ നിൎവിഘ്നമായി ഭവിക്കുമെന്നു ഞാൻ വ്യസനിക്കുന്നു.

സൂത്രധാരൻ—ആൎയ്യേ! വ്യസനിക്കേണ്ട, ഞാൻ "ബ്യഹൽബല"നെന്ന നടനെ കമലിനീകളഹംസന്മാരുടെ വിവാഹം നടത്തുവാൻ മദ്ധ്യസ്ഥനായി നിയമിച്ചിട്ടുണ്ടു.

* കളവായൊരുവന്റെരൂപമന്ന്യ-
ന്നളവായീടിലുമെന്തുഹാനിയുള്ളു ।
കളഹംസനവിദ്യയിൽപടുത്വം
കളവല്ലുണ്ടതുതന്നെവേർതിരിക്കും ॥ (൮)

അതിനാൽ ഒരം സഭയെ സന്തോഷിപ്പിക്കുവാനായി ഭവതി ഒരം വസന്തകാലത്തെത്തന്നെ ഉദ്ദേശിച്ചു സംഗീതം ആരംഭിക്കു.

ഇപ്പോൾ- * തൻകൊക്കിനാൽതളിരുകൊത്തിയടുത്തുവാഴും
പെങ്കോകിലത്തെയനുസൃത്യമദേനകൂകി ।
മാങ്കൊമ്പിലേഷകയിൽവണ്ടുകളെസ്വപക്ഷ-
വൻകാററിനാൽദ്രുതമകററിരമിച്ചിടുന്നു ॥ (൯)

നടീ—അങ്ങിനെയാകട്ടെ- എന്നാൽ മാന്യന്മാരായ ഒരം സഭാവാസികളുടെ കല്പനയ്ക്കു അനുരൂപമായ നാടകം ഏതാണെന്നു ഞാൻ ആലോചിച്ചിട്ടും അറിയുന്നില്ല.

സൂത്രധാരൻ—(ചിരിച്ചു) ഭവതി അതിനെ മറന്നുവൊ? ഇയ്യടെ ഉണ്ടാക്കപ്പെട്ട "ജാനകീപരിണയം" എന്ന നാടകത്തെ ഭവതിക്കു അഭ്യസിപ്പിച്ചിട്ടില്ലെ?

നടീ—(സന്തോഷത്തോടുകൂടി) ഭാഗ്യത്താൽ അങ്ങ എന്നെ ഇപ്പോൾ ഓർമ്മപ്പെടുത്തി. സമുദ്രത്തിൽനിന്ന ചന്ദ്രനെന്നപോലെ മഹാനുഭാവനായ "യജ്ഞരാമ" ദീക്ഷിതരിൽനിന്നുത്ഭവിച്ച "രാമഭദ്ര" ദീക്ഷിതരല്ലെ ആ നാടകത്തെ നിർമ്മിച്ചത?

സൂത്രധാരൻ—ആൎയ്യേ! ഭവതി പറയുന്നത സംസ്കൃതനാടകത്തെ കുറിച്ചല്ലെ? ആ നാടകത്തെത്തന്നെ മലയാളികളുടെ വിനോദത്തിനായിക്കൊണ്ട "ചമ്പത്തിൽ ചാത്തുക്കുട്ടി മന്നാടിയാർ" മലയാളത്തിൽ ഭാഷാന്തരപ്പെടുത്തീട്ടില്ലെ. ഞാൻ പറഞ്ഞത അതിനെക്കുറിച്ചാണ. എന്തുകൊണ്ടെന്നാൽ— മലയാളികൾ അധികമുള്ള ഈ സദസ്സിൽ അതിനെത്തന്നെയാണ ഉപയോഗിക്കേണ്ടത.

നടീ—(ഓർമ്മയോടുകൂടി) ഓ! ഞാൻ തെറ്റി ധരിച്ചുപോയി ആൎയ്യേ! എന്നാൽ അന്യന്റെ കവിതയെ മറ്റൊരു ഭാഷയിൽ ആക്കുന്നതുകൊണ്ട ഈ കവിക്ക എന്താണ ഒരു യോഗ്യത സിദ്ധിക്കുന്നത?

സൂത്രധാരൻ—ഇങ്ങിനെ പറയരുതെ!! ഒരു ഭാഷയിലുള്ള കവിതയെ മറ്റൊരു ഭാഷയിലാക്കുന്നതുതന്നെ പ്രയാസമാണ. വിശേഷിച്ചും സംസ്കൃതഭാഷയിലുള്ള കവിതയെ മലയാളഭാഷയിലാക്കുന്നത മഹാ പ്രയാസംതന്നെ.

നടീ—ആൎയ്യേ! മലയാളഭാഷയിൽ കവിതക്ക എന്തുകൊണ്ടാണ ഇത്ര പ്രയാസം?

സൂത്രധാരൻ—(ചിരിച്ച) കേൾക്ക! കവിതാവിഷയത്തിൽ—

* ഒന്നാച്ചേൎക്കയുമാംപദങ്ങളിടവിട്ടെങ്ങെങ്കിലുംചേൎത്തിടാം
പിന്നിൽച്ചേൎത്തവിശേഷണങ്ങളുടെമുൻചേൎക്കാംവിശേഷ്യങ്ങളെ ।
പിന്നെപ്രാസവുമത്രവേണ്ടവളരെക്കിട്ടുംപദംസംസ്കൃതേ
യെന്നാൽകേരളഭാഷയിങ്കലിതുപോലല്ലായ്കയാൽദുൎഘടം ॥ (൭)

നടീ—ശരിതന്നെ— പ്രയാസമുള്ള പ്രവൃത്തിയാണല്ലൊ യോഗ്യതക്ക കാരണം.

സൂത്രധാരൻ—കണ്ടാലും ഇപ്പോൾ—

* ശ്രീരാഘവൻചരിതവൎണ്ണനയാൽപവിത്രം
പാരംപ്രബന്ധമിതഹോകവിയോപ്രസിദ്ധൻ ।
നേരേവസിപ്പവരിലത്രരസജ്ഞരല്ലോ—
താരുള്ളഭാഗ്യപരിണാമമിതൊക്കയുംമേ ॥ (൮)

അതിനാൽ ഭവതി ഗാനം ചെയ്താലും.

നടീ—അങ്ങിനെതന്നെ— (എന്ന ഗാനം ചെയ്യുന്നു)

* കാന്തകളിഹ ചാൎത്തുന്ന
കുന്തളത്തിൽ ബകുളപുഷ്പമാലകളെ ।
കാന്തനനുസുരതാന്തത്തിൽ
ശ്രാന്തിയകററുന്നതൽഗന്ധം ॥ (൧൦)

അത്രയുമല്ല * സുരതശ്രാന്തകളാകിയ
തരുണികൾമന്ദംതണുത്തുജനല്ലൂടെ ।
വരുമൊരുവായുവിനെശ്രമ
ഹരണനിമിത്തംസ്തുതിക്കുന്നു ॥ (൧൧)

വേറെ ഒന്നുകൂടി—(എന്നുപകുതിപറഞ്ഞു, പേടിച്ചുവിറക്കുന്നു)

സൂത്രധാരൻ— * നിൻഭംഗിയേറുന്നൊരുപാട്ടുമൂലം
സ്തംഭിച്ചുകൊണ്ടിസ്സഭവാണിടുന്നു ।
ഡംഭംനടിക്കേണ്ടൊരുനീവ്യഥൈവ
കിംഭീതികയ്ക്കൊണ്ടുവിറച്ചിടുന്നു? ॥ (൧൨)

നടീ—അങ്ങു കാണുന്നില്ലെ. ഇതാ ഒരു രാക്ഷസൻ ഇവിടയ്ക്കുതന്നെ വരുന്നു. അതിനാൽ ഞാനെങ്ങിനെ ഭയപ്പെടാതിരിക്കുന്നു? (എന്നു മറെറാരേടത്തു ചെല്ലുന്നു)

സൂത്രധാരൻ—(നോക്കീട്ടു) ആൎയ്യേ! ഭയപ്പെടേണ്ട! രാവണാനുചരനായ സാരണന്റെ വേഷത്തെ ധരിച്ചു രംഗത്തിലേക്കു വരുന്ന ഇവൻ എന്റെ സോദരീഭൎത്താവായ നടനാണ. അതുകൊണ്ടു മേൽ വേണ്ടുന്ന പ്രവൃത്തികൾക്കു നമ്മളും തയ്യാറായിരിക്കുക.

(എന്നു രണ്ടുപേരും പോയി)

ഇങ്ങിനെ പ്രസ്താവന.

(അനന്തരം സാരണൻ പ്രവേശിക്കുന്നു)

സാരണൻ—(നേരേനോക്കി സന്തോഷത്തോടുകൂടി)

സകലദേവാസുരന്മാരാലും വന്ദിക്കപ്പെട്ട പാദപത്മങ്ങളോടുകൂടിയ "രാവണ" മഹാരാജാവായ സ്വാമിയാൽ വൎത്തമാനം അറിവാനായി മിഥിലാപുരത്തിന്നു അയക്കപ്പെട്ട "ശുകൻ" ഇതാവരുന്നു.

(ശുകൻ പ്രവേശിച്ചു) ആൎയ്യനായ സാരണനൊ.

സാരണൻ— തന്നോടു കല്പിച്ചിട്ടുള്ള കാൎയ്യം സഫലമായൊ?

ശുകൻ—അതെല്ലാം ഞാൻ പറയാം. അങ്ങിപ്പോൾ എവിടെക്കാണു പുറപ്പെട്ടതു?

സാരണൻ—മഹാരാജാവു എന്നോടു കല്പിച്ചു.

ശുകൻ—എങ്ങിനെ?

സാരണൻ—"യാഗഭൂമിയിൽനിന്നു ജനിച്ച ലോകസുന്ദരിയായ സീതയെ ജനകരാജാവ പുത്രിയാക്കി വളൎക്കുന്നതായി കേൾക്കുന്നു. അവളെ ഇനിക്കുവേണ്ടി ജനകരാജാവിനോട നീ ചെന്നു ചോദിക്കണം" എന്നു.

ശുകൻ—ആശ്ചൎയ്യം! അപ്രകാരമിരിക്കുന്ന മഹാരാജാവിന്നു പോലും മനുഷ്യനിൽകൂടി അപൂൎവ്വമായി ഒരു വിനയം ആരംഭിച്ചിരിക്കുന്നു. അല്ലെങ്കിൽ-

* വിണ്ണോർനാരികളെപ്പിടിച്ചുബലമാൎക്കാരാഗൃഹംചേൎത്തതാ-
ഞണ്ണിപ്രായമതിങ്കൽ മണ്ണകളിയവ്വണ്ണംവിളങ്ങുംപ്രള ।
തിണ്ണംജാനകിതന്നെയെന്തപഹരിപ്പാനായ്നിനസ്സാത്തുമ-
ക്കണ്ണൻതന്നുടെഭക്തനെന്നുജനകൻതന്നിൽപ്രിയംഭൂയഹോ?॥

സാരണൻ—അതെ. [ഫ൨]

ശുകൻ—അങ്ങു ഇവിടത്തെ വൎത്തമാനം കേൾക്കു.

സാരണൻ—പറയു.

ശുകൻ—

* തന്നോസീതയ്ക്കുരാഗംശുഭഗുണനിധിയാംരാമനിൽസംഭവിച്ചു
മന്നൻവംശത്തെയോൎത്തജ്ജനകനുമതിനെക്കേട്ടുടൻസമ്മതിച്ചു
എന്നല്ലുള്ളത്തിൽനക്തഞ്ചരവരനെഭയപ്പെട്ടവൻനിശ്ചയിച്ചു
മുന്നംസ്വാൎത്ഥത്തെനിൎമ്മിച്ചൊരുമുനിയെവിവാഹംനടത്തീടുവാനും

സാരണൻ—(കോപത്തോടുകൂടി ചിരിച്ചു) [ഫ൪]
കാലത്തിന്റെ വൈപരീത്യം അത്ഭുതംതന്നെ. നമ്മുടെ സ്വാമിയിങ്കൽ സാധുത്വവും ജനകങ്കൽ കപടവും പിന്നെയൊ?

ശുകൻ—ആ വിശ്വാമിത്രമുനി താൻ യാഗംചെയ്യുന്നു എന്ന വ്യാജം പറഞ്ഞു ഭാൎയ്യാപുത്രന്മാരോടുകൂടി ദശരഥരാജാവിനെ ക്ഷണിച്ചുകൊണ്ടുവരുവാൻ പോയിരിക്കുന്നു. മുമ്പേതന്നെ ക്ഷണിക്കപ്പെട്ട ജനകരാജാവ തന്റെ അനുജനായ കുശദ്ധ്വജനെ മിഥിലാപുരത്തിൽ ഇരുത്തി യാഗംകാണ്മാൻ എന്നുള്ള വ്യാജത്താൽ പുത്രികളോടുകൂടി വിശ്വാമിത്രാശ്രമത്തിൽ ചെന്നിരിക്കുന്നു.

സാരണൻ—എന്നാൽ വൃദ്ധനായ ഈ മഹൎഷി സീതാരാമന്മാരുടെ വിവാഹത്തെ നടത്തുമെന്നു ഞാൻ വിചാരിക്കുന്നു. എങ്ങിനെയെങ്കിലുമാകട്ടെ ഞാൻ രാജകല്പനയെ അനുഷ്ഠിപ്പാനായി വിശ്വാമിത്രാശ്രമത്തിലെക്കു തന്നെ പോകുന്നു, അവിടെയാണെല്ലൊ ജനകൻ വസിക്കുന്നതു.

ശുകൻ—അവിടെ ചെന്നിട്ടു എന്താ പ്രയോജനം?

സാരണൻ—അങ്ങിനെയല്ല,

* ധാതാവിൻെറകുലേജനിച്ചവളരെസ്സമ്പത്തുമുണ്ടാജ്ഞയി-
ന്നേതെന്നാലത്രുകേൾക്കമിന്ദ്രനിഹമറെറന്തിത്രയോഗ്യൻപ്രഭു ।
ചോതിച്ചാൽമകളെക്ഷണാലനവദിച്ചിടാത്തതാർ?

ശുകൻ— * * * * എങ്കിലും
സീതാചിത്തവിരോധമായനവദിക്കില്ലെന്നമേമൈഥിലൻ ॥ ൰൨

സാരണൻ—(അല്പം ആലോചിച്ച)

* ലങ്കേശൻെറസമൃദ്ധിയുള്ളകലമൊട്ടോത്തിലയെന്നാകിലും
തൻകയ്യാൽഭുവനംജയിച്ചചരിതംകേൾക്കാതിരുന്നീടുമൊ ।
എങ്കിൽശൂരനതായരാവണനെവിട്ടേററംമനുഷ്യാർഭകൻ
തങ്കൽ കാമമിവണ്ണമെങ്ങിനെധരാപുത്രിക്കഹോജാതമായ്॥ ൰൩

(ദീൎഘശ്വാസംവിട്ട) അതിനാൽ മുമ്പിൽ സീതയ്ക്കു രാമനിലുണ്ടായിരിക്കുന്ന സ്നേഹബന്ധത്തെ വേർപെടുത്തേണ്ടതും പിന്നെ നമ്മുടെ സ്വാമിയിങ്കൽ ചേൎക്കേണ്ടതുമാണ.

ശുകൻ—ഇത ഉണ്ടാകുന്നതല്ല.

സാരണൻ—എന്നാൽ സീതയെ ലഭിക്കുവാൻ ഉപായം എന്താണ? (എന്ന ആലോചന നടിച്ച സന്തോഷത്തോടു കൂടി)

* രാജാരാമവപുസ്സെടുത്തവളെമുൻവഞ്ചിക്കണംമായയാൽ
വ്യാജേനാപഹരന്തിരാക്ഷസർബലാകൊണ്ടെങ്കിലുംസ്ത്രീകളെ ।
ഓജസ്സാദികൾകണ്ടുപിന്നുപതിയിൽസന്തുഷ്ടയാംപുത്രിയാൽ
രാജാശങ്കരഭക്തനായവരനിൽസംപ്രീതനാംമൈഥിലൻ (൰൪)

അതുകൊണ്ട വിശ്വാമിത്രവേഷംധരിച്ച വിദ്യുജ്ജിഹ്വനോടുകൂടി രാമവേഷം ധരിച്ച രാവണമഹാരാജാവിനെ ജനക സമീപത്തിൽ കൂട്ടിക്കൊണ്ടു പോകേണ്ടതാണ.

ശുകൻ—ആൎയ്യ! അങ്ങയുടെ ആലോചന നന്നായി. എന്നാൽ അയോദ്ധ്യയ്ക്കു ചെന്നിരിക്കുന്ന ആ ക്ഷത്രിയബ്രാഹ്മണൻ തിരികെ വരുന്നതിനെ മുടക്കണം.

സാരണൻ—വത്സ! നീ പറഞ്ഞതു ശരിയാണ. അത താടകയെക്കൊണ്ടല്ലാതെ മററാരാൽ സാധിക്കും. എന്തുകൊണ്ടെന്നാൽ-

* ആശ്ചൎയ്യമാനകൾബലമു-
ള്ളായവളെളാളിവിങ്കൽനിന്നുപോരാടും ।
മായയൊഴിഞ്ഞഥകണ്ടാൽ
സ്ത്രീയെന്നാരുംവധിക്കയില്ലവളെ ॥ (൰൫)

ശുകൻ—എന്നാൽ അങ്ങ താടകയെ ആ കാൎയ്യത്തിന്ന പറഞ്ഞയക്കുക. ഞാൻ ഈ വൎത്തമാനത്തെ മഹാരാജാവിനോട അറിയിക്കാം. (എന്നു പോയി.)

സാരണൻ—(നേരെനോക്കി അൽഭുതത്തോടുകൂടി) വിചാരിച്ചഉടനെ ആൎയ്യയായ താടകയെ കാണുമാറായല്ലൊ. ഇതാ ഇവൾ—

* കാറെല്ലാംകൂടൽമാലചാൎത്തിയകുചാഘാതത്തിനാൽനീക്കിവാ
യോരത്തൊട്ടിയമാംസഖോലകഴപക്ഷാഘാതവാതങ്ങളാൽ।
ഘോരംചിന്നിയകുന്തലോടലറിവായേററംപിളൎന്നംഭയ-
ന്നാരാത്സിദ്ധവധൂക്കൾവിട്ടൊഴിയുമാകാശത്തിൽനിന്നെത്തിനാൾ

(അനന്തരം മേല്പ്രകാരമുള്ള രൂപത്തോടുകൂടി 'താടകാ' പ്രവേശിക്കുന്നു).

സാരണൻ — (അരികിൽ ചെന്നു) ആൎയ്യേ! ഞാൻ നമസ്കരിക്കുന്നു.

താടകാ—സാരണനൊ, എന്നാൽ ദീൎഘായുസ്സായി ഭവിക്ക.

സാരണൻ—എവിടെക്കായിട്ടാണ പുറപ്പെട്ടത?

താടകാ—വിശ്വാമിത്രമുനിയുടെ ബന്ധുവായും ശിവഭക്തനായുമിരിക്കുന്ന പരശുരാമനാൽ അപേക്ഷിക്കപ്പെട്ട, ശിവഭക്തനായ രാവണമഹാരാജാവിന്റെ കല്പനയാൽ "യാഗം മുടക്കരുത" എന്ന പുത്രനായ മാരീചനോട പറവാനായിട്ടാണ.

സാരണൻ— (ചിരിച്ചു) ക്ഷത്രിയബ്രാഹ്മണനായ ആ വിശ്വാമിത്രന്റെ ഉപായം കേമംതന്നെ. അമ്മെ! യാഗമാണ എന്ന വ്യാജം പറഞ്ഞ സീതാരാമന്മാരുടെ വിവാഹം നടത്തുവാൻ വേണ്ടി ജനകന്റെയും വിശ്വാമിത്രന്റെയും ഉപായമാണിത.

താടകാ—എന്തിനായിട്ട വ്യാജം പറയുന്നു?

സാരണൻ — മഹാരാജാവ സീതയെ ചോദിക്കുമെന്ന വിചാരിച്ചു.

താടകാ—ഇങ്ങിനെയാണെങ്കിൽ മഹാരാജാവിന്നു വേണ്ടി ഞാൻ തന്നെ ജാനകിയെ അപഹരിച്ചു കൊണ്ടുവരാം.

സാരണൻ—അങ്ങിനെ വേണ്ട!

* ജനകജയെബലാൽഹരിക്കിലൊട്ടും
മനമതവൾക്കരമിക്കയില്ലദേവേ!
ജനകനൃപനിലുള്ളശൈവമോദാ-
ലനമതമല്ലതുരാക്ഷസേശ്വരന്നും ॥ (൨൦)

എന്നുമാത്രമല്ല, * ഹേമത്താൽപുണരുവതിന്നരംഭയെത്താൻ
കാമിച്ചോരളകപുരിമാറ്റിയിങ്കൽവെച്ചു।
സ്വാമിക്കന്നുടനവളേകിയോരുശാപാൽ
കാമിക്കാത്തവളെബലേനതൊട്ടുകൂടാ॥ (൨൧)

എന്നാൽ ഇങ്ങിനെ (എന്നു കാതിൽ പറയുന്നു).

താടകാ—(സന്തോഷത്തോടുകൂടി) ഉണ്ണി! നീയിപ്പോൾ നല്ല വണ്ണം ആലോചിച്ചു.

* ഈവിധമെങ്കിൽസീതാ
രാവണനടെകയ്യിലാകുമത്രനൂനം ।
ആവതുമിങ്ങുചതിപ്പാൻ
ഭാവിച്ചവരെച്ചതിപ്പതാണുചിതം ॥ (൨൨)

ഞാനും മാരീചനും അവന്റെ അനുചരന്മാരുംകൂടി രാത്രിയിൽ മാൎഗ്ഗമദ്ധ്യത്തിൽ കിടന്നുറങ്ങുന്ന ആ മഹൎഷിയെ സംഹരിക്കാം. നീയും ലങ്കാപുരത്തിൽചെന്ന മഹാരാജാവിനെ പുറപ്പെടീക്ക.

(എന്ന പോയി)

സാരണൻ— * അടലിലുറയ്ക്കൊലജയമെ-
ന്നടനതിനാൽതാടകയ്ക്കുതുണയായി ।
പടയോടണഞ്ഞതിമായാ
പടുവാംമാരീചനെദ്ദ്രതമയയ്ക്കാം॥(൨൩)(എന്നപോയി)

ഇങ്ങിനെ പൂൎവ്വാംഗം

(അനന്തരം വിദ്യുജ്ജിഹ്വനോടും സാരണനോടുംകൂടി രാവണൻ പ്രവേശിക്കുന്നു.)

രാവണൻ—

* കാണാംസീതയെയെന്നുകണ്ണിരുപതുംതേടുന്നുമേകൌതുകം
ക്ഷോണീനന്ദിനിതന്നെയൊന്നുപുണരാമെന്നങ്ങിനേകൈകളും ।
കാണുമ്പോളവൾനിന്ദ്യമെന്നുകരുതുംരൂപംവെടിഞ്ഞീവിധം
താണുള്ളോരുമനുഷ്യരൂപമധുനാകഷ്ടംധരിക്കാറുമായ്॥ (൨൪)

എന്നുമാത്രമല്ല,

* ക്ഷോണീശൻശിവഭക്തനെന്നുജനകൻതന്നിൽപ്രിയംമൂലമായ്
കാണിക്കാതെമറച്ചഹോസഹജമാംരൂക്ഷത്വമിന്നിങ്ങിനെ ।
ഏണാക്ഷീമണിമൂലമായനുചിതംരൂപംധരിച്ചീടുവാൻ
നാണത്തോടഭിമാനവുംബതകളഞ്ഞീടേണ്ടുതാനെങ്ങിനെ॥ ( )

സാരണൻ—മഹാരാജാവെ! മാനക്കേടാണെന്ന വ്യസനിക്കേണ്ട.

* മുന്നമങ്ങുദമയന്തിയെവേൾപ്പാൻ
ചെന്നുദിക്പതികളിങ്ങിനെതന്നെ ।
ഇന്നുചെല്ലുകതുപോലെഭവാനും
നന്നുമാൎഗ്ഗമിതുനൂതനമല്ല ॥ (൨൬)

വിദ്യുജ്ജിഹ്വൻ— (രോമാഞ്ചത്തോടുകൂടി) [ആത്മഗതം] ദിക്പാലന്മാൎക്ക ദമയന്തിയെ എങ്ങിനെയൊ, അതുപോലെ മഹാരാജാവിന്നു സീതയേയും അപേക്ഷിച്ചാൽകൂടി ലഭിക്കയില്ല. [പ്രകാശം]

* രാമൻതന്നിലതീവരാഗമിയലുംസീതയ്ക്കഹോനിന്റെമേൽ
കാമംചെററുമുളവാക്കുവാനൊരുവിധംപററില്ലുപായങ്ങളാൽ ।
പ്രേമംതേജനകങ്കലത്രവളരെക്കാണുന്നതന്മൂലമായ് [൨൭]
നാമിന്നോൎത്തുതന്നെമാറ്റുമുചിതംപ്രാപിക്കുവാൻസീതയെ ॥

രാവണൻ—എന്നാൽ അങ്ങിനെയാകട്ടെ, നിങ്ങളുടെ വാക്കിനെ ഞാൻ ലംഘിച്ചുകൂടല്ലൊ സാരണ! താൻ ചെന്ന യാത്രയ്ക്കായി പുഷ്പകവിമാനത്തെ കൊണ്ടുവരു.

സാരണൻ—കല്പനപോലെ.

(എന്നപോയി പുഷ്പകവിമാനത്തോടുകൂടി പ്രവേശിച്ചു)

മഹാരാജാവെ! ഇതാ വിമാനത്തെ വരുത്തിയിരിക്കുന്നു.

വിദ്യുജ്ജിഹ്വൻ—

* ബന്ദിസ്ത്രീനെടുവീൎപ്പിനാൽമലിനമാംമുക്താസരംചുററിലും
നന്നായ്തൂങ്ങിവിളങ്ങിമായയിൽമറഞ്ഞുള്ളോരുയാനംതവ ।
വന്നീടുന്നുനഭസ്സിൽനിന്നുകലരുംതൻഗന്ധമെന്നോൎത്തഹോ
മുന്നേദിഗ്ഗജസാക്ഷിയാമിതിലടിക്കുന്നില്ലകാററുംഭയാൽ॥ (൨൮)

രാവണൻ—(നോക്കീട്ട കോപത്തോടുകൂടി ചിരിച്ചു) "ദുൎബ്ബലനെന്നപോലെ ചോരവൃത്തിയെ അനുസരിക്കയാൽ ഇപ്പോഴും ഈ രാവണൻ പൂൎവ്വസ്ഥിതിയെ വെടിഞ്ഞിരിക്കുന്നു" എന്ന എന്റെ മേലുള്ള വിശ്വാസത്താലായിരിക്കാം ഈ വിമാനവും തന്റെ പൂൎവ്വസ്ഥിതിയെ വെടിഞ്ഞിരിക്കുന്നത, എന്നു തോന്നുന്നു.

എന്തുകൊണ്ടെന്നാൽ—

* ദൂരാൽതന്നെതിരിഞ്ഞുപോംഗ്രഹവിമാനൌഘംസദാഡിണ്ഡിമം
പാരാതങ്ങുമുഴക്കുമേസുരവധൂവൃന്ദംസുരന്മാർതൊഴും ।
ഘോരംരാക്ഷസരാകവേ മദമൊടാൎക്കുംസിദ്ധവിദ്യാധര-
ന്മാരുംവാഴ്ത്തുമിതിങ്കൽമുന്നമധുനാകാണുന്നതില്ലൊന്നുമെ॥(൨൯)

വിദ്യുജ്ജിഹ്വൻ—മഹാരാജാവെ! ഇങ്ങിനെ കരുതേണ്ട! ഇഷ്ടമുള്ള രൂപത്തെ ധരിച്ചു വശീകരിക്കപ്പെട്ട ജാനകിയുടെ പാണിഗ്രഹണമഹോത്സവം കഴിച്ചു ജഗദീശ്വരനായ വരനെ ലഭിച്ചു എന്ന ജനകൻ സന്തോഷിച്ചശേഷം തിരുമനസ്സിലെ പ്രഭാവംകൊണ്ടു സന്തുഷ്ടയായ ജാനകിയോടുകൂടി തിരുമനസ്സുകൊണ്ടു തിരിയെ എഴുന്നെള്ളുമ്പോൾ ഠരം വിമാനവും പൂൎവ്വസ്ഥിതിയെതന്നെ പ്രാപിക്കും. അതിനാൽ മഹാരാജാവു ഇതിങ്കൽ ആരോഹണം ചെയ്യാം.

(രാവണൻ വിദ്യുജ്ജിഹ്വസാരണന്മാരോടുകൂടി വിമാനാരോഹണത്തെ നടിക്കുന്നു)

സാരണൻ—കണ്ടാലും തിരുമനസ്സുകൊണ്ടു കണ്ടാലും.

* യാനംലങ്കയിൽനിന്നുതേവെളിയിൽവന്നിട്ടുംവിഭോ! ഭീതിയാൽ
മീനാദ്യങ്ങളുമുള്ളിലാക്കിയിളകുന്നില്ലോട്ടുമംഭോനിധി ।
നൂനംചന്ദനവല്ലിതൻതളിരിളക്കീടുന്നകാററല്പമായ് [൩൦]
വാനിൽഭാസ്കരബിംബവുംമണിമയക്കണ്ണാടിപോൽഭാസതേ ॥

വിദ്യുജ്ജിഹ്വൻ—ഇതിലെന്താണ ഇത്ര ആശ്ചൎയ്യം? കൈലാസപൎവ്വതത്തെ എടുത്തു പന്താടുകയും ദേവേന്ദ്രനെ പിടിച്ചു കാരാഗൃഹത്തിലിടുകയും ചെയ്തിട്ടുള്ള മഹാമായാനിപുണനായ രാവണമഹാരാജാവിന്ന

രാവണൻ—(ആലോചിച്ച്)

* കൈലാസത്തിനമുന്നിലെൻകരബലംകാണിച്ചുഞാനാശ്രുദി-
ക്പാലന്മാരുടെമുന്നിലായുധബലംകാട്ടിടിനേൻമുന്നമെ ।
കോലംമാററുവതിന്നുമായയിലിനിസ്സുള്ളോരുസാമൎത്ഥ്യമി-
ക്കാലംമൈഥിലനോടുകാട്ടണമിതോകാട്ടിലമുന്നെഞ്ഞുമെ ॥(൩൧)

സാരണ! അതിനാൽ ഒരം വിമാനം വേഗത്തിൽ ഗമിക്കട്ടെ.

സാരണൻ—മഹാരാജാവെ! ഒരം വിമാനം അതിവേഗത്തിൽ പൊങ്ങുന്നതിനെ തിരുമനസ്സുകൊണ്ടു കാണുന്നില്ലേ.

* യാനംവേഗേനപൊങ്ങുന്നളവുമലകളോടൊത്തതാരങ്ങളോടും
വാനംപോരുന്നപോലും,വരയൊടുസമമാമാഴിയാൽചൂഴ്ന്നൂഴി ।
സ്ഥാനാൽതാഴുന്നപോലും,തരുശിലകൾനിറഞ്ഞുള്ളപൂൎവ്വാപരാദ്രി
താനേതോന്നുന്നധാത്രീതലമതിലമരുംപോലെയും,കണ്ടുകൊൾക

വിദ്യുജ്ജിഹ്വൻ—ഹെ: അതിവേഗമുള്ള വിമാനത്തിന്റെ ഒരു കുതികൊണ്ടുതന്നെ നൊം പരിപക്വഫലങ്ങളാൽ പരിപൂൎണ്ണങ്ങളായും മനോഹരങ്ങളായുമുള്ള പലവിധ വൃക്ഷസമൂഹങ്ങൾകൊണ്ടു നാലു ഭാഗവും അലങ്കരിക്കപ്പെട്ടും, അതിശാന്തങ്ങളായ പക്ഷിമൃഗഗണങ്ങളാൽ പൂൎണ്ണമായുള്ള സമീപകാനനത്താൽ ചൂഴപ്പെട്ടും, പുണ്യമായുമിരിക്കുന്ന ഈ വിശ്വാമിത്രാശ്രമസ്ഥാനത്തെ പ്രാപിച്ചുവൊ? എന്തുകൊണ്ടെന്നാൽ-

* ചൊല്ലാൻഉള്ളിതുകൌശികീനദിയിതിൻവെള്ളംമലത്താഴ്വര-
ക്കല്ലിൽകൊണ്ടുതെറിച്ചിതാനിബിഡമായ്പ്പാനീരകുഞ്ജങ്ങളിൽ ॥
ചെല്ലുന്നു,മദമാൻപക്ഷികളിതിൽക്കൂകുന്നു,ലീലാവശാ- [൩൩]
ലല്ലിത്തണ്ടുകൾതുമ്പികൊണ്ടിഹവലിച്ചീടുന്നുകാട്ടാനകൾ ॥

രാവണൻ—(ആഗ്രഹത്തോടുകൂടി- സാരണനോട)

* ആകണ്ഠംനീരിലാഴുംമുനികളുടെജടാഭാരമാടുന്നനേരം
കോകദ്വന്ദ്വങ്ങൾപേടിച്ചുഴറിനഭസിശബ്ദിക്കുമിട്ടിക്കിലായി।
ആകാശംവിട്ടിറങ്ങീടണമവനിയിലിപ്പുഷ്പകംപത്മഗന്ധ-
സ്സാകംകാററത്രവീശുന്നിതുജനകസുതാശ്വാസസൌരഭ്യമോടും []

സാരണൻ—മഹാരാജാവെ! അഭിപ്രായംപോലെ ൟ വിമാനം ഇറങ്ങി. അതുകൊണ്ട നമ്മളും ഇതിൽനിന്ന ജനസഞ്ചാരഹീനമായും മനോഹരമായുമിരിക്കുന്ന ൟ കൌശികീനദീതീരത്തിലിറങ്ങുക. (എല്ലാവരും വിമാനത്തിൽനിന്ന ഇറങ്ങുന്നതായി നടിക്കുന്നു)

രാവണൻ—നോം വരുന്നതുവരെ ൟ വിമാനം ഇവിടെത്തന്നെ അദൃശ്യമായിരിക്കട്ടെ.

സാരണൻ—ഇനി നോം ൟ പ്രദേശങ്ങളിൽ തിരസ്കരണിവിദ്യകൊണ്ട ദേഹത്തെമറച്ച സഞ്ചരിക്കേണ്ടതാണ. എന്തെന്നാൽ-

* മരവിരിമൃഗത്തോലുംകൊമ്പിൽധരിച്ചചുവട്ടിലായ്
പരിചൊടുപുലിത്തോലുംദർഭാസനങ്ങളുമാന്നിഹ।
മരനിരനിറഞ്ഞെങ്ങുംഭംഗ്യാവിളങ്ങുകമൂലമായ്
കരുതുകിതുതാൻവിശ്വാമിത്രാശ്രമംപരമോത്തമം ॥ (൨൭)

രാവണൻ—സാരണൻ പറഞ്ഞത ശരിയാണ. എന്തുകൊണ്ടെന്നാൽ- ഇവിടത്തെ ജനശ്രുതിയെ നോം ഗൂഢമായി ഗ്രഹിക്കേണ്ടതാണ.

(വിദ്യുജ്ജിഹ്വൻ കണ്ണടച്ച തിരസ്കരണിവിദ്യയെ ധ്യാനിക്കുന്നു)

രാവണൻ—സമിത്തുകളേയും ദർഭകളേയും കയ്യിൽ പിടിച്ച സമീപത്തിൽ നോക്കിക്കൊണ്ടു രണ്ടു ബ്രഹ്മചാരികൾ ഇവിടയ്ക്കുതന്നെ വരുന്നു. ഇവരാരാണ?

സാരണൻ—ഇവർ വിശ്വാമിത്രമുനിയുടെ ശിഷ്യന്മാരായിരിക്കണം.

(അനന്തരം രണ്ടു ബ്രഹ്മചാരികൾ പ്രവേശിക്കുന്നു)

ഒന്നാമൻ—അയോദ്ധ്യയ്ക്കു എഴുന്നെള്ളിയിരിക്കുന്ന കുലപതിയായ വിശ്വാമിത്രമഹർഷി അഗ്നിശരണത്തിങ്കൽ അഗ്നിപരിചരണത്തിന്നായ്ക്കൊണ്ട എന്നെ നിയോഗിച്ചിരിക്കുന്നു. അതിനാൽ ഞാൻ ൟ കൌശികീതീരത്തിൽനിന്ന സമിത്തുകളേയും ദർഭകളേയും എടുത്തുകൊണ്ടുപോകുന്നു. (എന്ന ചുററി നടക്കുന്നു)

രണ്ടാമൻ—ജനകമഹാരാജാവിൻെറ പുരോഹിതനായ ശതാനന്ദമഹർഷിയുടെ കല്പനയാൽ ഞാൻ സമിത്തുകളേയും ദർഭകളേയും സമ്പാദിച്ച ജനകമഹാരാജാവിൻെറ വാസസ്ഥലത്തെക്കുപോകുന്നു.

(എന്ന ചുററി നടന്നുകൊണ്ട)

സഖേ: സത്യവ്രത! ജനകമഹാരാജാവിന്ന ഇനി എത്രനാൾ

ഠരം വിശ്വാമിത്രാശ്രമത്തിൽ താമസമുണ്ട? പറയു.

സത്യവ്രതൻ—യാഗംചെയ്യാൻവിചാരിക്കുന്ന ഞങ്ങളുടെ കുലഗുരുവിന്റെ അവഭൃഥസ്നാനമഹോത്സവം അവസാനിക്കുന്നതുവരെ.

രാവണൻ—സാരണ! വിശ്വാമിത്രന്റെയും ശതാനന്ദന്റെയും ശിഷ്യന്മാരാണിവർ. അതിനാൽ ഇവർ വിശ്വാസത്തോടുകൂടി സംസാരിക്കുന്നതിനെ നോം മറഞ്ഞുനിന്നുതന്നെ കേൾക്കുക.

സാരണൻ—മഹാരാജാവെ! വിദ്യുജ്ജിഹ്വന്റെ തിരസ്കരണീവിദ്യാപ്രയോഗത്തെ തിരുമനസ്സകൊണ്ട കാണുന്നില്ലെ? പിന്നെ നോം മറഞ്ഞുനില്ക്കുന്നതെന്തിന?

രാവണൻ—(സന്തോഷത്തോടുകൂടി) വിദ്യയുടെ മാഹാത്മ്യം അത്ഭുതം തന്നെ. ജനങ്ങൾ നമ്മെ കാണുന്നില്ലെന്നുമാത്രമല്ല, നമ്മുടെ വാക്കുകളെ കേൾക്കുന്നതുമില്ല.

വിദ്യുജ്ജിഹ്വൻ—മഹാരാജാവെ! നമുക്ക ധൈൎയ്യത്തോടുകൂടി സഞ്ചരിക്കാം.

രണ്ടാമൻ—സഖെ സത്യവ്രത! യാഗവിഘ്നം ചെയ്യുന്ന രാക്ഷസന്മാരുടെ ഇടയിൽവെച്ച വിശ്വാമിത്രമഹൎഷി എങ്ങിനെയാണ യാഗമാരംഭിക്കുന്നത?

സത്യവ്രതൻ—സഖെ ദേവവ്രത! കേൾക്ക.

* പുത്തൻസ്വൎഗ്ഗത്തെനിൎമ്മിപ്പുളവധികരുഷാദേവവൃന്ദങ്ങൾപേടി
ച്ചൊത്തെല്ലാംവന്നുമുന്നിൽഗ്ഗുണഗണമതുവാഴ്ത്തീട്ടുമിത്താപസന്റെ ।
കത്തുംകോപത്തെയെല്ലാംകമലജനുടനേസത്യലോകത്തിൽനിന്നി
ങ്ങെത്തിതാന്തന്നെകയ്യാൽകരമതുതടവിക്കൊണ്ടഹോതീൎത്തുമുന്നം ॥

അത്ര യോഗ്യനായും മഹാ തപസ്വിയായുമിരിക്കുന്ന ഠരം വിശ്വാമിത്രമഹൎഷിക്ക രാക്ഷസന്മാരെന്നുള്ള ഭയം എന്തുമാത്രം?

വിദ്യുജ്ജിഹ്വൻ—സാരണ! ബ്രാഹ്മണക്കുട്ടിയുടെ വാക്കിനെ കേട്ടില്ലെ?

സാരണൻ—അതുകൊണ്ടുതന്നെയാണ മഹാരാജാവ ആ വിശ്വാമിത്രമുനിയെ എതുക്കുവാൻ പലവിധമായാപ്രയോഗങ്ങൾ ശീലമുള്ള മാരീചനെ നിശ്ചയിച്ചത.

വിദ്യുജ്ജിഹ്വൻ—അത നന്നായി. എന്തുകൊണ്ടെന്നാൽ—

* ഒരിക്കൽകാൎമേഘപ്രചുരവുമൊരിക്കൽബഹുതമ-
സ്സൊരിക്കൽതിങ്ങീടുംപൊടിമഴയൊരിക്കൽപുകകളും ।
സ്ഫുരിപ്പിച്ചാകാശെരണഭുവിപുരാമായകളറി-
ഞ്ഞിരിക്കുംമാരീചൻഭയമമരകൾക്കേകിബലവാൻ ॥ ൨൭

രാവണൻ— (സ്നേഹബഹുമാനങ്ങളോടുകൂടി വിദ്യുജ്ജിഹ്വനോട)

* നിന്മായപോലെമാരീചൻ
തന്മായയറിയുംഭവാൻ।
സർപ്പംമാത്രമറിഞ്ഞീടും
സർപ്പത്തിൻെറപദങ്ങളെ ॥ (൩൨)

ദേവവ്രതൻ—സ്നേഹിത! "മഹാതപസ്വി" യെന്ന താൻ പറഞ്ഞത ശരിയാണ. എന്തുകൊണ്ടെന്നാൽ- നോക്ക. കുലപതിയായ ഇദ്ദേഹത്തിൻെറ ആശ്രമപദത്തിൽ-

* ജൃംഭകൊണ്ടിഹപിളൎന്നസിംഹവദനത്തിൽനിന്നുകരിബാലകൻ
തുമ്പികൊണ്ടുബിസതുല്യദംഷ്ട്രയെവലിച്ചിട്ടുന്നുകളിയാലഹോ।
കമ്പഹീനമൊരുദിക്കിൽമേയുവതിനമ്മചെന്നളവുപയ്ക്കിടാ-
പെമ്പുലിസ്തനപയസ്സുചെന്നിഹകുടിച്ചിടുന്നുവരകന്ദരേ॥(൩൩)
എന്നുമാത്രമല്ല, .

* മുന്നംതാതനുമമ്മയുംപശുവിനെപ്പോൽവിററുയൂപത്തിലായ്
തന്നെക്കൊല്ലുവതിന്നുകെട്ടുമളവങ്ങിങ്ങാൎത്തനായേററവും।
'എന്നെക്കാപ്പതിനുള്ളതാ'രിതിഭയാൽനോക്കുംശുനശ്ശേഫകൻ
തന്നെക്കാത്തൊരുകൌശികൻ മഹിമയിന്നാരുണ്ടറിഞ്ഞീടുവാൻ

വിദ്യുജ്ജിഹ്വൻ—ഈ ബ്രാഹ്മണക്കുട്ടി മാരീചൻെറ മായാബലത്തെ അറിഞ്ഞിട്ടില്ല അതിനാലിങ്ങിനെ പറയുന്നു.

സാരണൻ—ഇരിക്കട്ടെ- അതുകൊണ്ട ദോഷമെന്താണ? എല്ലാജനങ്ങളും സ്വജനങ്ങളെ സ്തുതിക്കും.

വിദ്യുജ്ജിഹ്വൻ—മാരീചനിൽ ഇങ്ങിനെക്കൂടി ഒരു സാമൎത്ഥ്യമുണ്ട. നോക്കു-

* ചെന്നാരുംഗ്രഹിയാതെയഗ്നിശരണേ,പൊട്ടിച്ചുപാത്രങ്ങളെ,-
ക്കൊന്നു തപിക്കുകളെ,ക്കുടിച്ചുപശുവെ,ത്തിന്നുംഹവിസ്സാകവെ,।
പിന്നെത്താപസികൾക്കുഭീഷണമുഖംകാട്ടിഭയംനൽകു,മ-
സ്സുന്ദൻപുത്രനെയില്ലൊരുക്കുവതിനാളെന്നേവനുംസമ്മതം॥ ൩൪

സത്യവ്രതൻ—അതുകൊണ്ടുതന്നെ നിൎഭയമായി യാഗം ചെയ്യാൻ നിശ്ചയിച്ചകുലഗുരു പ്രിയസഖനായ ദശരഥമഹാരാജാവിനെ ക്ഷണിച്ചുകൊണ്ടുവരുവാൻ അയോദ്ധ്യെക്കു എഴുന്നെള്ളിയിരിക്കുന്നു.

സാരണൻ—(കോപത്തോടുകൂടി ചിരിച്ചു)

* മുന്നമേയാഗവിഘ്നംവരാസ്വാനഹോ
ധന്യനാംസ്വാമിയേഭാൎഗ്ഗവൻമൂലമായ്।
അന്നപേക്ഷിച്ചതെല്ലാംമറന്നീമുനി
നന്നുയാഗംതുടങ്ങുന്നുപോൽനിൎഭയം ॥ (൩൫)

വിദ്യുജ്ജിഹ്വൻ—സാരണ! മൂഢനായ ബ്രാഹ്മണക്കുട്ടിയുടെ വാക്കിനാൽ നീയെന്തിനു കോപിക്കുന്നു. വിശ്വാമിത്രമുനി ഗൂഢാലോചനയുള്ളവനല്ലെ ?

സാരണൻ—പരശുരാമൻ മുഖാന്തരം വിശ്വാമിത്രമുനി സ്വാമിയോട അപേക്ഷിച്ചതിനെ തന്റെ ശിഷ്യൻകൂടി അറിയാതിരിക്കത്തക്കവണ്ണം ആ മുനി എന്തിനായിട്ട മറച്ചുവെയ്ക്കുന്നു?

വിദ്യുജ്ജിഹ്വൻ— വേണ്ടുന്ന കാൎയ്യങ്ങളെ സാധിപ്പിപ്പാൻ സമൎത്ഥനാണെന്ന തന്റെമേൽ സ്വജനങ്ങൾക്ക വിശ്വാസമുണ്ടാവാൻവേണ്ടി, താൻതന്നെ പറഞ്ഞില്ലെ? 'ജനകരാജാവ വിവാഹം നടത്തുവാൻ മദ്ധ്യസ്ഥനായിട്ട വിശ്വാമിത്രമുനിയെ നിശ്ചയിച്ചിരിക്കുന്നു' എന്ന

സാരണൻ—(ചിരിച്ച) കഥയില്ലാത്ത ആ ജനകൻ വിശ്വാമിത്രമുനിയെ ബലവാനാണെന്നുകരുതി മദ്ധ്യസ്ഥനായി നിശ്ചയിച്ചിരിക്കുന്നു. അങ്ങ നോക്കൂ. വിശ്വാമിത്രന്റെ വിക്രമത്തെ.

* ജന്യത്തിങ്കൽവസിഷ്ഠധേനുവുളവാക്കീടുംതുരുഷ്കാദിയാം
സൈന്യംചാപമൊടിച്ചുതേരഥപൊടിച്ചശ്വങ്ങളെക്കൊന്നഹോ।
സൈന്യത്തെദ്രുതമോട്ടിവന്നളവുടൻഭീത്യാതപസ്സിന്നുമുൻ
ദൈന്യംപൂണ്ടുഗമിച്ചുകൌശികനവന്താനോമഹാവിക്രമി?(൪൩)

ദേവവ്രതൻ— * വൈഭണ്ഡകഹവിസ്സിന്റെ
വൈഭവാൽമക്കൾനാലുപേർ।
അമ്മഹീപാലനുണ്ടത്രെ
ബ്രഹ്മചാരികൾസാമ്പ്രതം ॥ (൪൪)

സത്യവ്രതൻ— * താതനവരിൽവെച്ചേററം
പ്രീതിരാമങ്കലുണ്ടുപോൽ।
ധാതാവുപോലെഭ്രാതാനാം
നീതിമാൻഗുണവാനവൻ ॥ (൪൫)

രാവണൻ—(അസൂയയോടുകൂടി)എന്തുപറയുന്നു ബ്രാഹ്മണക്കുട്ടി?

വിദ്യുജ്ജിഹ്വൻ—മഹാരാജാവെ! അങ്ങിനെയാണ ജനശ്രുതി.

സാരണൻ—അതിനാലാണ സീതയ്ക്ക അവനിൽ അനുരാഗമുണ്ടായത. അതുകൊണ്ടുതന്നെയാണ സീതാവിവാഹത്തിന്നുവേണ്ടി അവന്റെ രൂപം ധരിപ്പാൻ മഹാരാജാവ നിശ്ചയിച്ചതും.

ദേവവ്രതൻ—(തലകുലുക്കിക്കൊണ്ട) ഞാൻ അറിയും. ജനകമഹാരാജാവിന്റെ സന്നിധിയിൽ ഗുരുവായ ശതാനന്ദമഹൎഷി 'രാമൻ' എന്ന പേരിന്ന അനുഗുണങ്ങളായ അദ്ദേഹത്തിന്റെ ഗുണങ്ങളെ പലപ്പോഴും വൎണ്ണിക്കുമാറുണ്ട. എങ്ങിനെയെന്നാൽ–

* വീരൻക്ഷത്രിയധൎമ്മപൂൎണ്ണനമലൻസൎവ്വജ്ഞനത്യുത്തമൻ
ധീരൻ ഗൎവ്വ വിവൎജ്ജിതൻശമധനൻശാസ്ത്രാസ്ത്രപാരംഗതൻ ।
പാരംദീനദയാലുനല്ലനിപുണൻസൎവ്വപ്രിയൻസത്യവാൻ
ശ്രീരാമൻബഹുബുദ്ധിമാൻവിജയതേലോകൈകനാഥൻവിഭു ॥ [

രാവണൻ—(രോമാഞ്ചത്തോടുകൂടി) [ആത്മഗതം] ഇങ്ങിനെ രാമന്റെ ഗുണങ്ങളെ വൎണ്ണിച്ചത പരമാൎത്ഥമായിരിക്കുമൊ. [പ്രകാശം] രാജപിണ്ഡംകൊണ്ടുപജീവിക്കുന്ന ഗൌതമദുഷ്ടസന്തതി യായ ശതാനന്ദൻ ജനകസന്നിധിയിൽവെച്ച എന്തൊ കഥയില്ലാതെ പറഞ്ഞതിനെ അനുസരിച്ച ഒരം ബ്രാഹ്മണകുട്ടി പറയുന്നു.

വിദ്യുജ്ജിഹ്വൻ—(കോപത്തോടുകൂടി) നോക്കു— സാരണ! നോക്കു—

* തന്നമ്മയ്ക്കുളവാക്കിരാത്രിയിലഹോ ചാരിത്രഭംഗംശഠൻ
മുന്നംവാസവനാശ്രുചേൎത്തിതവനെക്കാരാഗൃഹേരാവണൻ ।
എന്നാൽമുന്നുപകാരിയാം വിളവെ വാഴ്ത്തേണ്ടോരഹല്യാസുതൻ
മന്നൻമൈഥിലനോടുരാമനെവൃഥാ വൎണ്ണിച്ചതെന്തിങ്ങിനെ? ॥ []

സത്യവ്രതൻ—അതുകൊണ്ടുതന്നെയാണ ഗുണനിധിയായ രാമനിൽ സീതയ്ക്കു സ്വതേ അനുരാഗം ഭവിച്ചതിനെ ജനകരാജാവ അഭിനന്ദിച്ചത എന്ന ഞാൻ വിചാരിക്കുന്നു.

സാരണൻ—കഷ്ടം രാമനെപ്രശംസിക്കുന്ന ദുഷ്ടനായ ശതാനന്ദനാണ രാമനിൽ സീതയ്ക്കു അനുരാഗത്തെ ഇത്ര കലശലാക്കിതീൎത്തത.

രാവണൻ— * രാമേ കാമംജാനകിയ്ക്കുന്നവാകാൽ
ഹാമേഭേദിക്കുന്നിതേകത്രമൎമ്മം ।
കാമംകേൾക്കുന്നേരമസ്യാശ്ചരിത്രം
കാമാസ്ത്രത്താ ലന്യഭാഗേതഥൈവ ॥ (൨൪)

വിദ്യുജ്ജിഹ്വൻ—(കോപനിശ്വാസത്തോടുകൂടി) അഹല്യാപുത്രനെത്തന്നെയാണ മാരീചനെക്കൊണ്ടു മുമ്പേ കൊല്ലിക്കേണ്ടത. പിന്നെ മററുള്ളവരേയും അല്ലെങ്കിൽ

* സ്തോതാഗൌതമനന്ദന
നേതെന്നാലുംവിശങ്കമോതട്ടെ ।
പ്രീതിയൊടെങ്ങിനെനിൻസഖി
കാതുകളാൽകേട്ടിരുന്നുഹാജനകൻ? ॥ (൨൫)

ദേവവ്രതൻ—അതങ്ങിനെതന്നെ. എന്നാൽ രാമനെ പ്രശംസിക്കുമ്പോൾ എന്റെ ഗുരുവിനോട ജനകമഹാരാജാവ ഇങ്ങിനെ പറയുമാറുണ്ട.

സത്യവ്രതൻ—എങ്ങിനെ?

(മററുള്ളവർ താല്പൎയ്യത്തോടുകൂടി കേൾക്കുന്നു)

ദേവവ്രതൻ * "കാമിക്കിലുംനന്ദിനിരാമനെത്താൻ
കാമംഭവാനിങ്ങിനെവാത്തഴിയാലും।
സോമാക്ക്വംശദ്വയചാച്ചയോഗ്യ-
മാമെങ്കിലുംദുഘ്ഘടമാണിതേററം॥" (൯൦) എന്ന

വിദ്യുജ്ജിഹ്വൻ—നല്ലത ജനക! നല്ലത- അങ്ങയുടെ ആലോചന നന്നായി.

രാവണൻ—അദ്ദേഹം യോഗ്യനല്ലേ.

സാരണൻ—മഹാരാജാവ കന്യകയെ ആഗ്രഹിക്കുമ്പോൾ ഇതെങ്ങിനെയാണ ഘടിക്കുന്നത?

സത്യവ്രതൻ—അതെന്തുകൊണ്ട?

ദേവവ്രതൻ—മഹാരാജാവിൻെറ ശേഷമുള്ള വാക്കിനേയും താൻ കേൾക്ക. എന്തെന്നാൽ-

* "പ്രീതിയോടെൻെറമകളെ-
ച്ചോതിപ്പാൻദശകന്ധരൻ।
ചേതസ്സിലോക്കുന്നുണ്ടെന്നു
കാതിൽകേട്ടേൻജനശ്രുതി॥ (൯൧). എന്നാൽ-

* ലോകേശാത്മജപൌത്രനെപ്പ്രിയസഖൻശ്രീകണ്ഠഭക്തോത്തമൻ
ലോകേഭീമപരാക്രമൻദശമുഖൻതാൻവന്നുചോദിക്കുകിൽ।
നൽകുന്നെങ്ങിനെരാമനിൽപ്രണയമാന്നുള്ളോരുമൽപുത്രിയെ
നൽകില്ലെന്നുരചെയ്യുതെങ്ങിനെവൃഥാക്ലേശിക്കുമാറായിഞാൻ॥" [

വിദ്യുജ്ജിഹ്വൻ—ജനകൻ ശതാനന്ദനോട പറഞ്ഞ മറുപടി ഉചിതമായി.

രാവണൻ—(കണ്ണീരോടുകൂടി തൊണ്ടവിറച്ചുകൊണ്ട) സഖേ സീരദ്ധ്വജ! അങ്ങ വ്യസനിക്കേണ്ട! ഞാൻതന്നെ അങ്ങെക്ക വ്യസനത്തിന്നു സംഗതിവരുത്തുമൊ?

സാരണൻ—മഹാരാജാവെ! തിരുമനസ്സുകൊണ്ട സ്വതേഉള്ള രൂപത്തോടുകൂടി ചെന്നല്ലല്ലൊ കന്യകയെ ചോദിക്കുന്നത. പിന്നെയൊ, രാമവേഷം ധരിച്ചല്ലെ അവളെ വിവാഹംചെയ്യാൻ ഇച്ശിക്കുന്നത.

സത്യവ്രതൻ—(ചിരിച്ച) ജനകമഹാരാജാവ എന്താണിങ്ങിനെ പറഞ്ഞത. എന്നാൽ കേൾക്ക.

* മുന്നംവാനരനാഥകക്ഷമതിലാപ്പെട്ടുങ്ങുബാഹുക്കളെ-
ത്തന്നാലുരിയെട്ടപ്പതിന്നു കഴിയാതിരുന്നുശിഷ്ടങ്ങളും।
മുന്നിൽ,തന്നുടെനാലുകാൽപിറകിലുംദേഹത്തെമോചിസ്സുവാ-
നൊന്നിച്ചാട്ടിയകേകസീതനയനോലോകേമഹാവിക്രമി?(൯൨)

രാവണൻ—(കോപത്തോടുകൂടി) ദുഷ്ടനായ ഒരു ബ്രാഹ്മണ കുട്ടിയുടെ കണ്ണത്തെ പൊട്ടിക്കണം. (എന്ന എഴുന്നീററ വിദ്യുജ്ജിഹ്വസാരണന്മാരാൽ നിവാരിതനായിട്ട ഇരിക്കുന്നു)

വിദ്യുജ്ജിഹ്വൻ—ഛീ: മൂഢ! ഇത നീയറിഞ്ഞിട്ടില്ലെ.

* ഒന്നിച്ചങ്ങുകടത്തിന്നുരുവിരലും ചുററുമുള്ളഭ്രൂബന്ധനം
ഭിന്നിപ്പിച്ചുഹരാദ്രിയെക്കരഗണംകൊണ്ടങ്ങുപൊക്കംവിധൌ ।
കുന്നിൻപുത്രിഭയാൽപുണൎന്നസുഖമാൎന്നീശൻസ്തുതിച്ചാനതിൽ
തന്നേസാക്ഷികളാംഗണങ്ങളുള്ളവില്ലാതുണ്ടുലങ്കേശനിൽ ॥ (൧൪)

രാവണൻ—(വിനയത്തോടുകൂടി) വിദ്യുജ്ജിഹ്വ! ഇങ്ങിനെ പറയരുതെ! സ്തുതിക്കപ്പെടേണ്ട ഭഗവാൻ സ്തുതിച്ചു എന്ന പറയുന്നതെന്താണ? എന്നാൽ ആ സംഗതി ഞാൻ പറയാം. പണ്ട ഞാൻ ഘോരമായ തപസ്സുചെയ്യുമ്പോൾ.

* ഗിരിമകൾമുലചേൎന്നകുങ്കുമംകൊ-
ണ്ടരുണനിറംകലരുംകരാംബുജത്താൽ ।
പുരരിപുസ്തപസാചടച്ചനീയെ-
ന്നരുളുപനെൻമുതുകിൽതലോടിമന്ദം ॥ (൧൫)

ദേവവ്രതൻ—സത്യവ്രത! താനെന്തുപറയുന്നു? ആൎക്കും ഒരു ദിക്കിൽ മാനഹാനി വരുന്നതുകൊണ്ട അത്ര ദോഷമില്ല.

രാവണൻ—(കോപത്തോടുകൂടി ചിരിച്ചു) എങ്ങിനെയാണ മാനഹാനി ഭവിച്ചത?

* മുന്നംബാലിബലാഢ്യനെന്നുകരുതിപ്പോരാടുവാൻചെന്നുഞാ-
നെന്നെക്കക്ഷമതിങ്കലാക്കിയവനോൎക്കാതെൻെറകയ്യൂക്കിനെ ।
പിന്നെക്കുത്തുകൾകൊണ്ടവൻവിവശനായ്വിട്ടെന്നെയെന്നിഷ്ടനാ-
യൊന്നുംഞാൻമമമാനഹാനിയറിയുന്നില്ലെന്തുദുഷ്പൂരിദം ॥ (൧൬)

സാരണൻ—മൂഢന്മാരായ ജനങ്ങൾ ലങ്കേശ്വരൻെറ പ്രതാപത്തെ അറിയുന്നില്ല.

*കൈലാസത്തെയെറിഞ്ഞുടൻദശകരൈൎമ്മററുള്ളകൈപത്തിനാൽ
ലീലാൎത്ഥംഗഗനത്തിൽനിന്നതുപതിക്കുമ്പോൾപിടിക്കുംജവാൽ ।
ത്രൈലോക്യത്തെജയിച്ചരാക്ഷസവരൻതന്മുന്നിലോൎത്താലഹോ
ബാലീമൎക്കടവംശനിന്ദ്യനവനെക്കഷ്ടംഗണിക്കാവതോ ॥ (൧൭)

സത്യവ്രതൻ—ദേവവ്രത! മതിമതി- താൻ ലങ്കേശ്വരൻെറ അവമാനത്തെ മൂടിവെച്ചത.

* തന്നൊത്തുരുകരങ്ങളാൽസകൗതുകംരേവാപ്രവാഹംതട-
ത്തന്ന്വൈപുഷ്പസ്രഗഴിച്ചുവേണികൾവലിച്ചംബുക്കളെത്തേകിയും ।
കന്നൽക്കണ്ണികളോടുകൂടിസുഖമായ് ക്രീഡിച്ചിടുന്നർജ്ജുനൻ [ദൃ
മുന്നംപോരിനുചെന്നപങ്ക്തിമുഖനെച്ചേർത്തീലയോബന്ധനെ?॥

രാവണൻ—അഹോ: ത്രിശംകുവിനെ യാഗംചെയ്യിച്ച താപസാധമന്റെ ദുഷ്ടശിഷ്യൻ അതിന്നു അനുരൂപമായി പറയുന്നു. അതുകൊണ്ടു ഇവനെ രാക്ഷസന്മാൎക്കു ഭക്ഷണമാക്കേണ്ടതാണ.

ദേവവ്രതൻ—അതിരിക്കട്ടെ. താനിതുകേൾക്ക.

*ഒട്ടാരാൽവൎണ്ണ്യനോത്താൽദശവദനനഹോവിസ്മയാൽദേവദൈത്യ
ക്കൂട്ടംവീക്ഷാക്ഷണേകേററിനനരകഗതപ്രാണിവൎഗ്ഗങ്ങളോടും ।
പെട്ടന്നേററംസ്തുതിക്കുന്നളവുദശമുഖൻചെയ്തചണ്ഡാട്ടഹാസം
കേട്ടോട്ടംകാസരാൽവീണൊരുയമനെഹസിച്ചീടിനാരാരാശരന്മാർ ॥

വിദ്യുജ്ജിഹ്വൻ—നല്ലത ദേവവ്രത! നല്ലത- വാക്കനിമിത്തം നിന്നെക്കുറിച്ചു സന്തോഷിക്കേണ്ടതായിരിക്കുന്നു.

സാരണൻ—ഇവനെ മാത്രമല്ല ഇവന്റെ ഗുരുവിനെക്കുറിച്ചും അങ്ങിനെതന്നെ.

രാവണൻ—* പാരംജനകസംബന്ധി-
യാരെന്നാലുംപ്രിയൻമമ ।
ചമ്പകപ്പൂക്കൾചേൎന്നെങ്കിൽ
സമ്പുടഞ്ചസുഗന്ധിയാം॥ (൩൦)

സത്യവ്രതൻ—നോം ഇങ്ങിനെ വാക്കുകൊണ്ടു വെറുതെ കലഹിച്ചിട്ട പ്രയോജനമെന്താണ. സമയം അതിക്രമിക്കുന്നു. ഗുരുകുലത്തിലേക്കുതന്നെ ഗമിക്കുക. (എന്ന രണ്ടു പേരും പോയി)

രാവണൻ—നമ്മളും കൌശികീനദിയുടെ സമീപകാനനത്തിന്ന അലങ്കാരമായിരിക്കുന്ന ഒരം ചൂതവനത്തിൽക്കൂടി അവിടെയവിടെ സഞ്ചരിച്ചു വൎത്തമാനത്തെ മനസ്സിലാക്കി. ജാനകീജനനത്താൽ സൂചിക്കപ്പെട്ട സുകൃതനിധിയായ ജനകരാജാവിന്റെ സമീപത്തിൽ ചെല്ലുക.

സാരണവിദ്യുജ്ജിഹ്വന്മാർ— തിരുമനസ്സിലെ അഭിപ്രായം പോലെ (എന്ന എല്ലാവരും പോയി)

* ഇങ്ങിനെ ഒന്നാമങ്കം *

ജാനകീപരിണയം.

മലയാളനാടകം.

രണ്ടാമങ്കം.

(അനന്തരം അത്രിമഹർഷിയും അനസൂയയും പ്രവേശിക്കുന്നു)

അത്രി—അനസൂയേ! യാഗംചെയ്വാൻ ഭാവിക്കുന്ന വിശ്വാമിത്രമഹർഷി എന്നെ ക്ഷണിച്ചിരിക്കുന്നു. അതിനാൽ ഞാൻ ഭവതിയോടുകൂടി അദ്ദേഹത്തിന്റെ ആശ്രമപദത്തെ പ്രാപിക്കയും ചെയ്തു. എന്നാൽ ജനകരാജാവിനോടു കൂടി ഇവിടെ വന്നിരിക്കുന്ന വത്സയായ സീതയ്ക്കു നോം എന്താണ സമ്മാനമായ്ക്കൊടുക്കേണ്ടത്?

അനസൂയാ—എന്റെ കയ്യിൽ ദേവന്മാർ തന്നിട്ടുള്ള പട്ടുവസ്ത്രവും അംഗരാഗവുമുണ്ടല്ലൊ. അതുകളെ ധരിക്കുന്ന കുലസ്ത്രീകൾക്ക യക്ഷരാക്ഷസാദികൾ എത്രത്താൽ കൂടിയും ഭയമുണ്ടാകയില്ല, നിസർഗ്ഗ സിദ്ധമായ ശീലവും പോകയില്ല.

അത്രി—ഇതു കൊള്ളാം. രാവണൻ ജാനകിയെ ചോദിപ്പാനായി ഒരുങ്ങിയിരിക്കുന്നു എന്ന കേൾക്കുന്നുണ്ടല്ലൊ.

(മുൻഭാഗത്തുനോക്കീട്ട) നനഞ്ഞ താമരയിലകളേയും മൃണാളങ്ങളേയും കയ്യിലെടുത്തുകൊണ്ടു പോകുന്ന ഇവളാരാണ?

അനസൂയാ—ഇവൾ ജാനകിയുടെ സഖിയായ സുചരിതയായിരിക്കണം. ഇതുകൊണ്ട ഞാൻ വിചാരിക്കുന്നു മന്മഥാഗ്നികൊണ്ടോ, കഠിനമായ വെയിൽ കൊണ്ടിട്ടോ, സീതയ്ക്കു ഏററവും സുഖക്കേടാണെന്ന.

അത്രി—(ഓർമ്മയെ നടിച്ച) മന്മഥാഗ്നി കൊണ്ടു തന്നെ. എന്തുകൊണ്ടെന്നാൽ, ഞാൻ സമാധിയാൽ കണ്ടിരിക്കുന്നു.

* ബാലാസീതാസ്മരസദൃശനാംരാമനെപ്പണ്ടുറങ്ങും
കാലേകണ്ടാളൊരുദിനമവന്തന്നെയോർത്തന്നുതൊട്ടു ।
ലീലാസ്നാനാദികളിലുമനാസക്തയായാളിമാരാൽ
പാലിക്കപ്പെട്ടവളഥശയിക്കുന്നുപൂമെത്തയിന്മേൽ ॥ (൧)

ഇരിക്കട്ടെ. ജനക സമീപത്തിലെക്കു തന്നെ നോം ഗമിക്കുക.

(എന്നു രണ്ടുപേരും പോയി).

ഇങ്ങിനേ പൂർവ്വാംഗം.

(അനന്തരം സാരണവിദ്യുജ്ജിഹ്വന്മാരോടുകൂടി രാവണൻ പ്ര[വേശിക്കുന്നു.

രാവണൻ—

* മുന്നംമൈഥിലയാഗഭൂമിയതിൽനിന്നുൽഭൂതയായേററവും
തന്നംഗപ്രഭകൊണ്ടഹോരതിയെയുംനിന്ദിക്കുമക്കന്യയെ।
ഇന്നെൻകണ്ണിനുകാണ്മതിന്നുകഴിവുണ്ടായീടുമെന്നോത്തുടൻ
വന്നെൻമാനസതാരിലത്ഭുതമിതാതിങ്ങുന്നുസന്തോഷവും॥ (൨)

അതിനാൽ സാരണ! നോം ഏതു വഴിയിൽ കൂടിയാണ വിശ്വാമിത്രാശ്രമത്തിലെക്കു പോകേണ്ടത? പറയു.

സാരണൻ—വികങ്കത വനത്തിന്ന തെക്കായും പലാശവനത്തിന്ന വടക്കായുമുള്ള ഈ വഴിയിൽ കൂടി തന്നെ.

വിദ്യുജ്ജിഹ്വൻ—മഹാരാജാവേ! ഇങ്ങിനെ ഇങ്ങിനെ
(എല്ലാവരും ചുററിനടക്കുന്നു).

രാവണൻ—സാരണ! കൌശികീനദിയുടെ തീരത്തിലുമുണ്ടൊ നന്ദനവനം?

സാരണൻ—ഇല്ല ഇല്ല,

* കൂകുന്നൂമദമോടുമത്രകുയിലിൻകൂട്ടംരസാലങ്ങളിൽ
സ്തോകംമെല്ലെവിടന്നിട്ടുന്നബകുളപ്പൂഗന്ധമുണ്ടെങ്ങുമെ।
ആകാശംക്രമുകങ്ങൾവാഴകൾമറച്ചേററംതണുപ്പുണ്ടടി-
ക്കേകുന്നൂകുതുകംനവം മുനിവരന്തന്നാശ്രമം താനിദം॥ (൩)

വിദ്യുജ്ജിഹ്വൻ—മഹർഷിയുടെ ആശ്രമപദത്തിൻെറ രമണീയത ആശ്ചര്യം തന്നെ. ഇവിടെ-

* ഏററംപൊങ്ങുംകമുങ്ങിൻഫലനിരകൾപഴുത്താശുവീഴുന്നമന്ദം
കാററുംവീശുന്നുകായിൻഫലനമോടഥവളഞ്ഞെങ്ങുമാടുന്നരംഭാ।
ചുററുംതേന്മാമ്പഴംമാഞ്ചുവടതിലധികംവീണിരിക്കുന്നതെങ്ങും
കററക്കാർവേണികൊങ്കത്തടമൊടിടയുമേനാളികേരങ്ങളാലെ॥൪

(അണിയറയിൽ)

ചിത്രമെഴുതുവാൻവേണ്ടി ചിത്രസാമാനങ്ങളെ കൊണ്ടുവരുവാനായി പ്രിയസഖിയായ "ശീലവതി"യും ശീതോപചാരത്തിന്നുവേണ്ടി താമരയിലകളെ കൊണ്ടുവരുവാനായി "സുചരിത"യും എപ്പോൾ ഗമിച്ചുവൊ അതുമുതൽ നിജ്ജനസ്ഥലമെന്നു കരുതി ബലവാനായിരിക്കുന്ന കാമദേവൻ എന്നെ ബാധിക്കുന്നു, ഗതിയെന്തു?

രാവണൻ—(കേട്ടിട്ട) * കളമായ്മാന്തളിർതിന്നി-
ട്ടുളവാംപെണ്കോകിലത്തിനുടെനാദം।
നളിനശരൻതൻഭോഗാ-
വലിപാഠംപോലെകേൾക്കുന്നു॥ (൫)

സാരണൻ—മഹാരാജാവെ! സ്പഷ്ടങ്ങളായ അക്ഷരങ്ങളാൽ മനോഹരമായിരിക്കുന്ന ഇത കുയിലിന്റെ ശബ്ദമല്ല, എന്നാൽ കിളി ശബ്ദിക്കുകയാണെന്നു ഞാൻ വിചാരിക്കുന്നു.

(പിന്നെയും അണിയറയിൽ)

ഭഗവൻകാമദേവ! പ്രിയജനത്തെ ചിത്രത്തിലെഴുതി ഒരു പ്രാവശ്യമെങ്കിലും കണ്ടിട്ട, അനന്തരം അങ്ങെക്കായ്ക്കൊണ്ട എന്റെ പ്രാണനെ നൽകാം. അതിനാൽ ഒരു ക്ഷണനേരം ക്ഷമിക്കണെ.

രാവണൻ—(കേട്ടിട്ട) പ്രിയവിരഹത്തെ സഹിപ്പാൻ കഴിയാതെ പരവശയായി ദീനയായിരിക്കുന്ന ഒരു സ്ത്രീ വിലാപിക്കുകയാണ, സാരണ! എന്നാൽ ഇവളാരാണെന്ന നാലുഭാഗത്തും ചെന്നുനോക്കു.

* ഇവളുടെശബ്ദംകിളികുയി
ലിവശബ്ദിക്കുന്നപോലെബഹുമധുരം।
ഇവളുടെരൂപവുമോർത്താൽ
ഭുവനമനോഹാരിയായിരിക്കേണം॥ (൩)

സാരണൻ—കല്പനപോലെ.
(എന്ന ചുററിനടന്നു വന്ന അത്ഭുതത്തോടുകൂടി) മഹാരാജാവെ! ഇങ്ങിനെ ശബ്ദിച്ചതാരാണെന്ന ഒരേടത്തും ഒന്നും കാണുന്നില്ല.

രാവണൻ—(ആശ്ചൎയ്യത്തോടുകൂടി താൻ തന്നെ എണീട്ട നോക്കീട്ട) ഛെ: ഒരേടത്തും ഒന്നുമില്ല, ഇതെങ്ങിനെ? ഇത വലുതായ ആശ്ചൎയ്യം തന്നെ.

(പിന്നെയും അണിയറയിൽ)

* അനുനയമോടഭ്യൎത്ഥിച്ചും
മനസിജനഭയൻമമാധിനൽകീടുന്നു।

സാരണൻ—പിന്നെയും ആളില്ലാത്തവാക്കു.

രാവണൻ—ആശ്ചൎയ്യം! മേഘമില്ലാത്ത മഴയൊ.

വിദ്യുജ്ജിഹ്വൻ—താപസന്മാരുടെ ആശ്രമവ്യാപാരത്തിന്റെ മാഹാത്മ്യം ഇന്നവിധമെന്നു നിശ്ചയിപ്പാൻ കഴിയാത്തതാണല്ലൊ.

(പിന്നെയും അണിയറയിൽ)

* ഇനിയൊരുഗതിമമവിഷമൊ

എല്ലാവരും—(കേട്ടിട്ട) നമുക്കു കാണുവാൻ പാടില്ലാത്ത ഒരു സ്ത്രീ കാമവികാരത്താൽ കരയുന്നു നിശ്ചയം.

(മൃണാളങ്ങളെയും താമരയിലകളെയും കയ്യിലെടുത്തുകൊണ്ട 'സുചരിതാ' പൊടുന്നനവെ തിരനീക്കി പ്രവേശിച്ചു)

തോഴി! ഇങ്ങിനെയുള്ള ദുൎവ്വാക്കുകളെ പറയരുതെ!!

(അനന്തരം തളിൎക്കിടക്കയിലിരുന്നുകൊണ്ട 'സീതാ' പ്രവേശിക്കുന്നു)

സീതാ— * പനിമതിസമകാന്തവക്ത്രദൎശനസുഖമൊ ॥ (൬)

(എന്ന മൂൎഛിക്കുന്നു)

സുചരിതാ—തോഴി! ആശ്വസിക്ക ആശ്വസിക്ക.

(എന്ന താമരയിലകൊണ്ട വീശുന്നു)

രാവണൻ—

* മല്ലാക്ഷിപ്രിയനെക്കുറിച്ചിവൾവിലാപിച്ചിങ്ങുമോഹിച്ചതാ-
നല്ലെങ്കിൽസഖിവീശുമോകമലിനീപത്രത്തിനാലന്തികേ ।
ഇല്ലൊട്ടുംമദനാൎത്തയാകുമിവളെക്കണ്ടീടുവാൻഭാഗ്യമി
ങ്ങില്ലെന്നാലതുനന്നുപൊട്ടുമിവളെക്കണ്ടാലഹോവജ്രവും ॥ (൭)

സാരണൻ—അവളെ കാണുന്നില്ല, സഖിയെ കാണുന്നതുമുണ്ട. ഇത അത്ത്യാശ്ചൎയ്യം തന്നെ.

വിദ്യുജ്ജിഹ്വൻ—ക്രമത്തിലതും മനസ്സിലാക്കാം.

സുചരിതാ—ഹാ കഷ്ടം! കഷ്ടം! ഇവളുടെ സന്താപം അതികലശലായിരിക്കുന്നു, അതുകൊണ്ടു ഞാൻ ചന്ദനത്തളിരുകളുടെ രസത്താൽ ഇവളെ നനെക്കാം.

(എന്ന കൈകൊണ്ടു ചന്ദനത്തളിരുകളെ കശക്കുന്നു).

രാവണൻ— * സുന്ദരിയുടെമൃദുദേഹം
തന്നിലെമാദ്ദവമിതാശ്രുകവരുന്നു ।
എന്നോൎത്തൊസഖികയ്യാൽ
ചന്ദനതളിരെക്കശക്കുന്നു ॥ (൮)

സുചരിതാ—(നനച്ച) തോഴി! ഈ ചന്ദനച്ചാറ നിനക്കു സുഖമായിരിക്കുന്നുവൊ?

സീതാ—(പണിപ്പെട്ടാശ്വസിച്ച) ഞാൻ എത്രകാലം ഇങ്ങിനെസഖികളെ ബുദ്ധിമുട്ടിക്കേണ്ടിവരും.

സുചരിതാ—തോഴി! നിൻെറ വല്ലഭൻ നാളെ വരുമെന്നു കേൾക്കുന്നു.

സാരണൻ—ആരാണിവളുടെ വല്ലഭൻ?

രാവണൻ— പുണ്യം ചെയ്തവനാരൊ അവന്തന്നെ.

സീതാ—ഇന്ന ജീവിച്ചിരിക്കുന്നവളല്ലെ നാളത്തെ ദിവസത്തിനെ അപേക്ഷിക്കേണ്ടത.

രാവണൻ— * എവന്മൂലമിപ്പങ്കജാക്ഷിക്കുചേതോ
ഭവൻ ദുസ്സഹംപാരമേകുന്നുവോമാൽ ।
അവൻധന്യനെന്നാകിലുംധന്യനല്ലി-
നിവൎണ്ണംമൃഗാക്ഷ്യാമുപേക്ഷാനിമിത്തം ॥ (൯)

സുചരിതാ—തോഴി! ഇങ്ങിനെ വിചാരിക്കരുതെ! ചിത്രത്തിലെഴുതപ്പെട്ട വല്ലഭനെ നോക്കിക്കൊണ്ട ഒരംഒരു ദിവസം കഴിച്ചുകൂട്ടു.

(അനന്തരം ചിത്രസാമാനങ്ങളെടുത്ത ശീലവതി പ്രവേശിക്കുന്നു)

ശീലവതി—തോഴി! ഇതാ ചിത്രപ്പലക. ഇതാ ചിത്ര സാമാനങ്ങൾ. (എന്ന കൊടുക്കുന്നു).

സുചരിതാ—പ്രിയസഖി! നീ ഒരുവിധം ധൈൎയ്യപ്പെട്ട ചിത്രമെഴുതു.

(സീതാ നാട്യത്താൽ ചിത്രപ്പലകയെവാങ്ങി ദേഹസ്തംഭംനടിക്കുന്നു)

സു ച രി താ—തോഴി! നീയെന്തു വിചാരിക്കുന്നു?

ശീലവതി—സുചരിതേ! എന്താണ ചൊദിപ്പാനുള്ളത? സ്വപ്നത്തിങ്കൽ ഏതൊരു മഹാനുഭാവനെ മന്മഥൻ കാണിച്ചു കൊടുത്തുവൊ അദ്ദേഹത്തിനെ തന്നെ.

സാരണൻ—മഹാരാജാവേ! ഭാഗ്യത്താൽ തിരുമനസ്സുകൊണ്ട വൎദ്ധിക്കുന്നു, ലോകങ്ങളിൽ മഹാനുഭാവൻ തിരുമനസ്സുകൊണ്ടല്ലാതെ വേറെ ആരാണ?

രാവണൻ—ഇനിക്കു സന്തോഷം തന്നെ. ഇവിടുന്നങ്ങോട്ടും നോക്കുക.

സീതാ— * പെരുകിനലജ്ജയെവിട്ടി-
ട്ടൊരുവിധമുൾക്കൊണ്ടുഞാനഹോധൈൎയ്യം ।
ജയരമേ!ക്ഷണനേരത്തെ-
ത്തരികിൽപുണ്യംനിനക്കുണ്ടാം ॥ (൧൧)

(എന്ന പണിപ്പെട്ട ചിത്രമെഴുതുന്നു)

രാവണൻ—

* നേത്രംകൊണ്ടിന്നഹമിടവിടാതീക്ഷണംചെയ്യുമാറി-
ച്ചിത്രേനന്നായ്സുമുഖിയെഴുതുംരേഖയേവൎണ്ണമെന്നാൽ ।
ശ്രോത്രഗ്രാഹ്യം വളയുടെ രവം താനുമവ്വണ്ണമിപ്പോൾ
ചിത്രേതന്വീപ്രിയനെയെഴുതുന്നെന്നുചൊല്ലുന്നനൂനം ॥ (൧൨)

സീതാ—തോഴി സുചരിതേ! ലഭിക്കാത്ത അദ്ദേഹത്തിനെ പ്രയത്നപ്പെട്ടു ചിത്രത്തിലെഴുതീട്ടു പ്രയോജനമെന്താണെന്ന എന്റെ മനസ്സു ലജ്ജിക്കുന്നു. (എന്ന കണ്ണീർ പൊഴിക്കുന്നു)

രാവണൻ—ഇവൾ കരയുന്നു നിശ്ചയം. എന്തുകൊണ്ടെന്നാൽ.

* സ്ഫുടമിഹമിഴിമയ്യൊടൊത്തുഗണ്ഡ
തടവിനകുംകുമരേണുവോടുചേൎന്നു ।
പൊടുപൊടെനയനാംബുതാമരപ്പൂ-
പ്പൊടികളണിഞ്ഞളിപോലെവീണിടുന്നു ॥ (൧൩)

സുചരിതാ—തോഴി! കരയേണ്ട, അദ്ദേഹത്തിനെ നിനക്ക പ്രയാസംകൂടാതെതന്നെ ലഭിക്കും.

(സീതാ മുഖം തുടച്ച ചിത്രമെഴുതുന്നു)

ശീലവതി—[സാകാശ്മമായിട്ട] തോഴി സുചരിതേ! പ്രിയസഖിക്ക അദ്ദേഹത്തിങ്കൽ ആഗ്രഹം അതികലശലായിരിക്കുന്നു. എന്തുകൊണ്ടെന്നാൽ- കവിൾത്തടത്തിൽ രോമാഞ്ചത്തോടുകൂടി വിചാരിച്ചുവിചാരിച്ച, വിറെക്കുന്ന വിരലുകൾകൊണ്ട വരച്ചുവരച്ച, സന്തോഷത്താൽ വിടൎന്നിരിക്കുന്ന നേത്രങ്ങൾകൊണ്ട നോക്കുന്നു.

സുചരിതാ—അദ്ദേഹത്തിനെ സ്വപ്നത്തിൽ എങ്ങിനെ കണ്ടുവൊ അങ്ങിനെ എഴുതേണമെന്നാണ ഇവളുടെ ആഗ്രഹം.

രാവണൻ—(കേട്ടിട്ട) മനസ്സേ! നീ അകാരണമായിട്ട പരിഭ്രമിക്കുന്നതെന്തിന ഇവിടുന്നത്തോട്ടും കൂടി നോക്കുക.

സീതാ—(എഴുതി ചിത്രത്തെ നോക്കീട്ട) [ആത്മഗതം]

* ഗാത്രംനീലോൽപലമൊടെതിരാംകാന്തിയോടുംമനോജ്ഞം
നേത്രംരണ്ടിന്നരികുകൾതുടുപ്പിച്ചുമുട്ടിച്ചുകാതിൽ।
ജൈത്രംബാഹുദ്വയമിഹതടിച്ചങ്ങുനീണ്ടേവമിപ്പോൾ
ചിത്രേചേൎത്തൊന്നൊരുവിധമവൻരൂപമവ്വണ്ണമേഞാൻ (൧൪)

(സന്തോഷത്തോടുകൂടി) ഇനി ഇതിൽ

* വില്ലുംകയ്യിൽവരച്ചുതൂണിയുഗളംപിന്തോളിലുംമാറതിൽ
തെല്ലാമ്മാറഥഭസ്മവുംചരടരക്കെട്ടിങ്കലുംമുഞ്ജയാൽ।
അല്ലിത്താരിനതുല്യമായവദനേലോലംബജാലങ്ങൾപോ-
ലുല്ലാസേനവിളങ്ങുമാറെഴുതണംശ്മശ്രുക്കൾഗണ്ഡങ്ങളിൽ॥

(എന്ന പിന്നെയും എഴുതുന്നു.) [൧൫

രാവണൻ—(ചിത്രത്തെ നോക്കി ദീൎഘശ്വാസംവിട്ട) [ആത്മഗതം] ഇതെന്താണ വേറെവിധമായിരിക്കുന്നു, മനസ്സേ! നിന്റെ ആഗ്രഹം വ്യൎത്ഥംതന്നെ.

സീതാ—(എഴുതി ചിത്രത്തിലുള്ള നായകനെക്കുറിച്ച തൊഴുതുകൊണ്ട) ഹേ കാന്ത! ഇപ്പോൾ-

* എന്നിൽതീപ്പൊരികൊണ്ടുമന്ദപവനൻവൎഷിച്ചിടുന്നുധ്രുവം
പിന്നെത്തിങ്കളുമഗ്നികൊണ്ടുതടവീടുന്നെന്നുതോന്നുന്നമേ।
കന്ദൎപ്പന്റെകഠോരകൎമ്മമധുനാചൊല്ലേണ്ടതെന്തെന്നുതൊ
ന്നെന്നുംനീയതുകൊണ്ടുനാഥ! വലയുന്നെന്നെത്യജിച്ചീടൊലാ॥

എന്നുമാത്രമല്ല- മാനത്തെക്കളയുന്ന ഹേ!——(എന്ന പകുതി പറഞ്ഞ) [ആത്മഗതം] ചിത്രത്തിലെഴുതപ്പെട്ട വല്ലഭനെക്കുറിച്ച പരമാൎത്ഥബുദ്ധിയാൽ മുഗ്ദ്ധയായ ഞാൻ ശകാരിപ്പാൻ ഭാവിച്ചു

കഷ്ടം! (എന്നു മറക്കുന്നവിധം നടിക്കുന്നു)

ശീലവതി—(ചിരിച്ചു) നിന്റെ വാക്കു മുഴുവനുമായില്ലെന്നു തോന്നുന്നു.

സീതാ—(ലജ്ജയോടുകൂടി) തോഴി! ബാക്കിയൊന്നുമില്ല അദ്ദേഹത്തിനെ എഴുതി കഴിഞ്ഞു.

സഖികൾ—(ചിത്രത്തെ നോക്കി തമ്മിൽ തമ്മിൽ) തോഴി! അദ്ദേഹത്തിന്റെ ആകൃതി ഈ ചിത്രത്തിലെഴുതപ്പെട്ടതുപോലെയാണെങ്കിൽ അദ്ദേഹത്തിങ്കൽ പ്രിയസഖിക്കു ഇത്ര ആഗ്രഹം ജനിച്ചതു ഉചിതം തന്നെ എന്നു ഞാൻ വിചാരിക്കുന്നു.

സാരണൻ—(നോക്കീട്ടു ആശ്ചര്യത്തോടുകൂടി)

* ഉണ്ടാമ്പ്യേനളിനത്തിനൊത്തനയനദ്വന്ദ്വംനെകംപോലഹോ
നീണ്ടിട്ടുള്ളകരങ്ങൾമാറിഹപരന്നേററംകൃശംമദ്ധ്യവും।
കണ്ടീടുന്നുപദദ്വയത്തിലുമിതാസാമ്രാജ്യചിഹ്നങ്ങളെ
ക്കണ്ടിട്ടില്ലിതുപോലെയാരെയുമഹംമുന്നെന്തുമാരാണിവൻ॥ [൧൭

രാവണൻ—[ആത്മഗതം]

* ചിത്രേകാണുംനവകുവലയശ്യാമമാമന്യഗാത്രം
ശത്രുക്കൾക്കുംനയനസുഖമേകീടുവാൻപോരുമല്ലൊ।
ഇത്രത്തോളംമഹിമയിതരന്നില്ലയെന്നോതിടുന്നു
ണ്ടത്രശ്രേഷ്ഠാപ്രകൃതിയിതഹോസജ്ജനശ്ലാഘനീയാ॥ (൧൮)

[പ്രകാശം] വിദ്യുജ്ജിഹ്വാ! ചിത്രത്തിലെഴുതപ്പെട്ടവനെനോക്കു.

വിദ്യുജ്ജിഹ്വൻ—ഞാൻ കാണുന്നുണ്ടു. ഇതാ ഇവനെ-

* നന്നായിട്ടരികിൽ തുടുത്തനയനദ്വന്ദ്വം മഹാത്മാവുതാ
നെന്നോതുന്നിതുവണ്ണിയെന്നുമതുപോൽമാറപ്പുഭസ്ഥാങ്കിതം।
പിന്നെശ്മശ്രുലവങ്ങളാൽമധുരമായുള്ളോരുവക്ത്രംയുവാ
വെന്നുംക്ഷത്രിയനെന്നുചാപധരമാംകസ്ഥംകഥിക്കുന്നുമേ॥ (൧൯)

സീതാ—സുചരിതെ! നീ നോക്കു.

(എന്നു ചിത്രപടത്തെ കാണിക്കുന്നു).

സുചരിതാ—(ചിരിച്ചു) തോഴി! ഞാൻ കണ്ടിട്ടെന്താണു, ഇതെല്ലാം അദ്ദേഹം കണ്ടുവെങ്കിൽ നിന്റെ കരാംബുജങ്ങൾക്കു രത്നവളകളെ സമ്മാനിക്കും.

രാവണൻ—സുചരിത പറഞ്ഞതു സത്യമാണു. എന്തുകൊണ്ടെന്നാൽ,

* എണ്ണുംരേഖകളുംനിറങ്ങളുമിതിൽതമ്മിൽകലൎന്നിട്ടമി-
ല്ലംഗന്യാസമതാത്തുഭാവമതിനെക്കൊട്ടന്നുമററന്തഹോ ।
ഭംഗ്യാജീവനമുണ്ടിതിങ്കലിതിതോന്നീടുന്നിതിന്നേവനും
തുംഗാനന്ദമുടൻവളൎക്കുമിവൾസാമൎത്ഥ്യംജയിക്കുന്നിതു॥ (൨൦)

ശീലവതി—സുചരിതേ! ഞാൻ പറയാം, പ്രിയസഖിയുടെ കരകൌശലത്തെക്കണ്ടിട്ടു തന്നെയാണ നീ മുമ്പേതന്നെ പ്രിയസഖിയുടെ കൈകളിൽ വളകളെ ഇട്ടുത. ആ വളകളെയല്ലെ മുമ്പെ വിശ്വാമിത്രമഹൎഷി "ഇതുകളിൽ രാക്ഷസാന്ധംകരണമെന്ന രത്നം പതിച്ചിട്ടുള്ളതുകൊണ്ട രക്ഷയ്ക്കായിട്ട ഇതുകളെ ജാനകിയുടെ കയ്യിൽ ഇടീക്കണം" എന്നു പറഞ്ഞ നിന്റെ കയ്യിൽ തന്നത.
(രാവണനും സാരണനും കേട്ടിട്ട തമ്മിൽതമ്മിൽ മുഖംനോക്കുന്നു).

വിദ്യുജ്ജിഹ്വൻ—(ചിരിച്ചു) കേൾക്കേണ്ടതു കേട്ടു അറിയേണ്ടതും അറിഞ്ഞു നമുക്കു കാണ്മാൻ പാടില്ലാതെയിരിക്കുന്ന ഇവൾ സീതയാണ, ഇവളാൽ ചിത്രത്തിൽ എഴുതപ്പെട്ട ഇവൻ രാമനമാണ.

രാവണൻ—സീതയ്ക്കു തന്റെമേൽ പ്രേമമുണ്ടെന്ന വിചാരിച്ചു ഗൎവ്വിക്കുന്ന നിന്ദ്യനായ രാമൻ ഇവൻ തന്നെയോ?
(കോപത്തോടുകൂടി ചിത്രത്തെക്കുറിച്ചു)

* ജനകതനയാപ്രേമത്തിന്നാസ്പദംമമദേഹമെ-
ന്നനവധിഭവാൻഗൎവ്വിക്കേണ്ടിതെന്നടൊശഠരാഘവ! ।
അനുപഥമാറംനിന്നെക്കൊൽവാൻനിറുത്തിയതാടകാ
തനയനിതിനാൽനിന്നെക്കൊല്ലാതടങ്ങിയിരിക്കുമൊ?॥(൨൧)

സാരണൻ—മഹാരാജാവെ! നോക്കു വിശ്വാമിത്രന്റെ അവിനയത്തെ എന്തെന്നാൽ അവൻ "രാക്ഷസാന്ധംകരണ" മെന്നരത്നം പതിച്ച വളകളെ ഇവൾക്കു കൊടുത്തില്ലെ, തിരുമനസ്സുകൊണ്ട ഇവളെ കണ്ടാൽ ഉടനെ അപഹരിക്കുമെന്ന അവൻ ഊഹിച്ചിരിക്കും നിശ്ചയം.

വിദ്യുജ്ജിഹ്വൻ—അത അങ്ങിനെ തന്നെ, ആ ക്ഷത്രിയബ്രാഹ്മണൻ സമൎത്ഥനല്ലെ.

രാവണൻ— (ആകാശത്തിൽ വിശ്വാമിത്രനെ ഉദ്ദേശിച്ചു കോപത്തോടുകൂടി ചിരിച്ചു) എട! എട! കൌശികാധമ!

* മാരീചന്തന്നെവെൽവാൻസുരപുരമതുനിൎമ്മിച്ചനിന്നുടെപററി-
ല്ലാരംഭാസ്തംഭനംചെയ്യതിനുമതിഭവാൻതാടകാംപൊരവെൽവാൻ
പോരുംകാപ്പാൻത്രിശങ്കുംയുധിമമരിപുവാംരാമനെപ്പോരകാപ്പാൻ
പാരാതെന്നപ്രിയംചെയ്കിഹനിജമൃതയേനീകളിക്കുന്നതേവം(൨൨)

സാരണൻ—ആഃ മരിപ്പാനായിട്ടുണ്ടു കളിക്കുന്നു എന്നു പറയുന്നതെന്താണ അവൻ മരിച്ചപോലെതന്നെ.

രാവണൻ—(ആഗ്രഹത്തോടുകൂടി) അതിരിക്കട്ടെ, ജാനകിയെകാണ്മാൻ ഉപായം ചിന്തിക്ക.

സാരണൻ—ഞാൻ ഉപായം കണ്ടിരിക്കുന്നു.

രാവണൻ—(ഉത്സാഹത്തോടുകൂടി) എങ്ങിനെയാണ?

സാരണൻ—ഇങ്ങിനെ (എന്നു കാതിൽ പറയുന്നു)

രാവണൻ—(ചിരിച്ചു) കൊള്ളാം, താൻ ആയോദ്ധ്യകമുനിവേഷംധരിച്ചു വളകളെവാങ്ങുവാൻ യത്നിക്ക.

സാരണൻ—അങ്ങിനെതന്നെ (എന്ന എണീട്ടു മുനിവേഷം ധരിച്ചു പ്രവേശിച്ചു) ഹേ! ഞാൻ അയോദ്ധ്യയിലുള്ളവനാണെ, വഴിനടന്നുള്ളക്ഷീണത്താൽ പരവശനായിരിക്കുന്നു, തണലുകൊണ്ടെങ്കിലും വീശറികൊണ്ടു വീശീട്ടെങ്കിലും എന്നെ ആശ്വസിപ്പിക്കണെ. (എന്നുമൂൎഛയെ നടിക്കുന്നു)

വിദ്യുജ്ജിഹ്വൻ—മഹാരാജാവെ! സാരണൻെറ കൌശലത്തെ കണ്ടാലും.

* കടിയിൽകിഴിഞ്ഞുമൃഗചൎമ്മപിംഗമാം
ജടകെട്ടഴിഞ്ഞഥവിയൎപ്പുതുള്ളിയാൽ।
നിടിലത്തിൽഭസ്മമതുമാഞ്ഞുമങ്ങിനെ
നെടുവീൎപ്പിടുന്നധൃതദണ്ഡനിമ്മുനി॥ (൨൩)

സീതാ—(സംഭ്രമത്തോടുകൂടി) അയോദ്ധ്യയിലുള്ളാളാണെന്നു കേൾക്കുന്നു, അതുകൊണ്ടു സുചരിതെ! നീ ബ്രാഹ്മണനെ ആശ്വസിപ്പിക്ക.

സുചരിതാ—(അടുത്തുചെന്നു) ബ്രാഹ്മണ! ആശ്വസിക്ക.
(എന്നു താമരയിലകൊണ്ടു വീശുന്നു)

മുനി—(കണ്ണുമിഴിച്ചു) കാരണംകൂടാതെ എന്നിൽ വാത്സല്യമുള്ള നീ നിമിത്തമായിട്ടു ഞാൻ ജീവിച്ചു.

സുചരിതാ—[ആത്മഗതം] ദൈവേച്ശയാൽ ബ്രാഹ്മണന്നു ബോധംവന്നു. [പ്രകാശം] അങ്ങുന്നു ആരാണ? എവിടെനിന്നു വരുന്നു?

മുനി—ദശരഥമഹാരാജാവിൻെറ പ്രഥമപുത്രനില്ലെ—

സീതാ—(സംഭ്രമത്തോടുകൂടി) അദ്ദേഹത്തിനെന്താണ?

രാവണൻ—(അസൂയയോടുകൂടി) താടകാ മാരീചനെക്കൊണ്ടു കൊല്ലിച്ചു.

സുചരിതാ—ബ്രാഹ്മണ! ശേഷം പറയുക?

മുനി—എന്റെ നാവു വരളുന്നു.

രാവണൻ—(ചിരിച്ചു) ശത്രുവിന്റെ വൎത്തമാനം പറയുന്നതുകൊണ്ടു പൊട്ടി തെറിക്കുന്നില്ലെ?

സീതാ—(ആവേഗത്തോടുകൂടി) ഇദ്ദേഹം അനിഷ്ടംപറവാൻ ഭാവിക്കുന്നപോലെ തോന്നുന്നു (എന്നു വിഷാദത്തെ നടിക്കുന്നു.)

ശീലവതി—തോഴി! സുചരിതേ! ബ്രാഹ്മണന്നു ജലം കുടിപ്പാൻ കൊടുക്കു. ശേഷമുള്ള വാക്കിനേയും കേൾക്കുക.

(സുചരിതാ താമരയിലക്കുമ്പിളിൽ നദീജലത്തെ കൊണ്ടുവന്നു കൊടുക്കുന്നു.)

മുനി—ഞാൻ സ്ത്രീകൾ തരുന്ന ജലത്തെ കുടിക്കയില്ല.

സീതാ—(കണ്ണീരോടു കൂടി) ഈ ബ്രാഹ്മണൻ വ്യസനത്താൽ ജലപാനത്തിന്നുകൂടി മടിക്കുന്നു. അതിനാൽ പ്രിയനായ അദ്ദേഹത്തിന്റെ ജീവിതം ദുല്ലഭമാണെന്നു ഞാൻ വിചാരിക്കുന്നു.

മുനി—[ആത്മഗതം] അവന്റെ മാത്രമല്ല അവനിൽ സ്നേഹമുള്ള വിശ്വാമിത്രന്റെയും [പ്രകാശം] നിങ്ങൾ പരിഭ്രമിക്കേണ്ട ഇനിക്കു വ്രതമുള്ളതു കൊണ്ടു സത്യമായിട്ടും സ്ത്രീകൾ തരുന്ന ജലത്തെ ഞാൻ കുടിക്കയില്ല.

സുചരിതാ—സ്വാമിൻ! ശേഷം പറയു.

സീതാ—ഇപ്പോൾ എന്റെ ഹൃദയം അഗ്നിയുടെയൊ അമൃതത്തിന്റെയൊ മദ്ധ്യത്തിലിരിക്കുന്നു.

മുനി—ഈ സ്ഥിതിയിലുള്ള എന്നെ കണ്ടാൽ എന്റെ മേൽ പ്രിയമുള്ള മാതാപിതാക്കന്മാർ വ്യസനിക്കും നിശ്ചയം.

വിദ്യുജ്ജിഹ്വൻ—(പരിഹാസത്തോടുകൂടി) അവർ മാത്രമല്ല, വിരുദ്ധവേഷം ധരിച്ചിട്ടുള്ളതു കൊണ്ടു രാക്ഷസന്മാരെല്ലാവരും വ്യസനിക്കും.

സീതാ—വളരെ വ്യസനിച്ചിരിക്കുന്ന എന്റെ ഹൃദയത്തിന്നു ഈ വാക്കുകൊണ്ടു ആശ്വാസമെന്താണ?

ശീലവതി—ഈയാൾ രാക്ഷസനാണ സത്യം, എന്തുകൊണ്ടെന്നാൽ പ്രിയസഖിക്കു ഇപ്രകാരം വ്യസനത്തെ ഉണ്ടാക്കി തീൎത്തപിന്നെ ഒന്നും പറയുന്നില്ല.

മുനി—(ഭയത്തോടുകൂടി) [ആത്മഗതം] ഇവർ എന്നെ അറിഞ്ഞിരിക്കുമൊ, (ആലോചിച്ചു) അതുണ്ടാകയില്ല. [പ്രകാശം] ആ രാമഭദ്രന്റെ പ്രിയ സഖനാണ ഞാൻ.

രാവണൻ—(ചിരിച്ചു) സംശയമെന്താണ, അവനെ കൊൽവാൻ ഒന്നാമതായി യത്നിച്ചവനല്ലെ.

സീതാ—ഇതും ആശ്വാസത്തിന്നു മതിയായില്ല.

സുചരിതാ—ബ്രാഹ്മണ! പറയൂ, പറയൂ, ഇവിടെ വന്ന കാൎയ്യമെന്താണ?

മുനി—എല്ലാം നിങ്ങളോടു പറയാം നിങ്ങൾ രാവണങ്കൽ സ്നേഹമുള്ളവരല്ലെല്ലൊ?

സീതാ—[ആത്മഗതം] ഈ മുനി പ്രിയനായ അദ്ദേഹത്തിന്റെ അതി സ്നേഹിതനാണ നിശ്ചയം, അതിനാലാണ ഇങ്ങിനെ പറയുന്നത.

ശീലവതി—സഖി! സുചരിതെ! രാവണൻ എന്നതാരാണ?

രാവണൻ—(കോപത്തോടുകൂടി) ഛീ: മൂഢെ! ത്രൈലോക്യത്തെ ജയിച്ച ആളെ നീ അറിയില്ലെ?

മുനി—

*ശക്രൻതന്മകുടത്തിൽവെച്ചപദവുംസ്കന്ധേമഹാവിഷ്ണുവിൻ
ചക്രംകൊണ്ടുമുറിഞ്ഞപാടുമുടയോനീശാദ്രിപൊങ്ങിച്ചവൻ।
ഇക്കണ്ടുന്നവസൃഷ്ടിചെയ്തഭഗവാൻതൻപുത്രപുത്രാത്മജൻ
ചൊല്ക്കൊണ്ടോരുദശാസ്യനേഭവതിമാർകേൾക്കാതിരുന്നെങ്ങിനെ

സീതാ—(കോപത്തോടുകൂടി) അവന്റെ ഗുണങ്ങളെ ഇങ്ങിനെ പറഞ്ഞിട്ടെന്താണ? രാക്ഷസനായതുകൊണ്ട അവനിൽ എല്ലാ ജനങ്ങൾക്കും വളരെ ജുഗുപ്സയാണ.

രാവണൻ—(മുഖം ചുളിച്ച) വിദ്യുജ്ജിഹ്വ! കേൾക്കേണ്ടത കേട്ടു.

വിദ്യുജ്ജിഹ്വൻ—അതുകൊണ്ടല്ലെ ഇവളെ വശീകരിപ്പാൻ രാമവേഷം ധരിക്കുന്നതു കൂടാതെ ഉപായമൊന്നും കാണുന്നില്ലെന്നു ഞാൻ പറഞ്ഞത.

രാവണൻ—ഇത രാവണന്ന പ്രയാസമാണ. കണ്ടാലും.

*തന്നെക്കാമിച്ചിടാതുള്ളലസമിഴിയെവേൾക്കുന്നതുംതദ്വിവാഹ-
ത്തിന്നായ്ക്കൊണ്ടിമനുഷ്യപ്പുഴുവടിവുധരിക്കുന്നതുംയോഗ്യമോമേ।
നന്നോബാല്യംമുതല്ക്കേമമസഖിജനകൻതന്നെവഞ്ചിപ്പതുംഞാ
നിന്നെൻകാമത്തെനേടാൻകളവതുചിതമോമാനവുംമേയശസ്സും॥

വിദ്യുജ്ജിഹ്വൻ—മഹാരാജാവെ! അകാരണമായിട്ടെന്തിന ഖേദിക്കുന്നു?

* ഗതിനമ്മുടെവംശത്തിനു
ചതിയൊന്നല്ലാതെയില്ലമറ്റൊന്നും।
അതിനാലിവളെഹരിച്ചാൽ
മതിനേർമുഖിയുംക്രമേണവശമാകും॥ (൨൩)

സുചരിതാ—സഖി ശീലവതി! ആ ലങ്കേശ്വരനെ നീ അറികയില്ലെ? താതജനകൻ എപ്പോഴും മഹാപ്രഭാവനായ അദ്ദേഹത്തെ "എന്റെ പ്രിയ സഖനാണ" എന്നു പ്രശംസിച്ചുകൊണ്ടിരിക്കുന്നു.

രാവണൻ—അതുകൊണ്ടു തന്നെയാണ സ്നേഹം നിമിത്തം ഞാൻ ജാനകിയെ അപഹരിക്കാത്തത.

ശീലവതി—ബ്രാഹ്മണ! ആ ലങ്കേശ്വരനെ അങ്ങ ഓൎമ്മപ്പെടുത്തി, ഞങ്ങൾ അദ്ദേഹത്തിങ്കൽ സ്നേഹമുള്ളരാക്ഷസികളല്ല, എന്നാൽ ഇവൾ ജാനകിയാണ ഞാനും ഇവളും ജാനകിയുടെ സഖികളുമാണ.

മുനി— [ആത്മഗതം] കഷ്ടം! 'ഇവൾ ജാനകിയാണ' എന്ന വെറും നിലത്തെ ഹൃദി കാണിക്കുന്നു.

സുചരിതാ—സ്വാമിൻ! ഇപ്പോൾ വിശ്വാസത്തോടുകൂടി പറഞ്ഞാലും.

ശീലവതി—ബ്രാഹ്മണ! അങ്ങ ക്ഷേമ വൎത്തമാനത്തെ പറഞ്ഞു എങ്കിൽ ഉടനെ ജാനകി അങ്ങയുടെ കൈകളിൽ രത്നവളകളെ സമ്മാനിക്കും.

മുനി— [ആത്മഗതം] അതിനുതന്നെയാണ ഈ പണി.

[പ്രകാശം] മറെറാന്നാണ പറവാനുള്ളത.

സീതാ— (പരിഭ്രമത്തോടുകൂടി) ഭൂലോകത്തിന്റെ അലങ്കാരം അവസാനിച്ചുവൊ (എന്നു മൂൎഛിക്കുന്നു).

സഖികൾ—അയ്യോ: തോഴി ജാനകി! അയ്യോ: ഭൂലൊകമംഗളദീപികേ! അയ്യോ: സഖീജനവത്സലേ! ഇതുവരെയും ആശ്രയിച്ച തോഴികളെ ഉപേക്ഷിച്ചു ഒട്ടും ദയയില്ലാത്ത നീ ഇയ്യെടെ പരിചയിക്കപ്പെട്ട മനോരഥ വല്ലഭനായ അദ്ദേഹത്തിന്റെ പിറകെ പോകുവാൻ തുടങ്ങുന്നുവൊ? (എന്നു കരയുന്നു).

മുനി—നിങ്ങൾ അകാരണമായി എന്തിനിത്ര വ്യസനിക്കുന്നു? എന്റെ വാക്കു കേൾപ്പിൻ.

സഖികൾ—തോഴി! ആശ്വസിക്ക, ആശ്വസിക്ക, ശേഷവും കേൾക്കുക.

(സീതാ ആശ്വസിച്ചു മുനിയെ നോക്കുന്നു).

മുനി— * പേശലാംഗി! രാമവേഷമാൎന്ന കാമദേവനെ
കൌശികന്റെവേഷമാൎന്നിന്റെപുണ്യസഞ്ചയം ।
ആത്തുകൂട്ടിനിന്നുകൊണ്ടുപോരുമിന്നുതാൻവൃഥാ
ക്ലേശമാൎന്നിരിപ്പതെന്തു? തോഷമോടുവാഴ്ക നീ ॥ (൨൧)

രാവണൻ— (ചിരിച്ച്) എടൊ സാരണ! താൻ മുനിയായിട്ടും പൊളി പറയുന്നതെന്താണ്? "രാമ വേഷം ധരിച്ച രാവണനെ കൌശികന്റെ വേഷംധരിച്ച വിദ്യുജ്ജിഹ്വൻ കൂട്ടിക്കൊണ്ടു വരും" എന്നല്ലെ പറയേണ്ടത.

സഖികൾ—തോഴി! നീ ഭാഗ്യത്താൽ വൎദ്ധിക്കുന്നു.

(സീതാ സന്തോഷസംഭ്രമങ്ങളോടുകൂടി എഴുനീററ രണ്ടുവളകളെയും സാരണന്റെ കൈകളിൽ സമ്മാനമായി കൊടുക്കുന്നു).

രാവണൻ— (അത്ഭുതത്തോടുകൂടി)

*ജീമൂതത്തെവെടിഞ്ഞുകുങ്കുമനിറംപൂണ്ടുള്ളസൌദാമിനി
സ്തോമത്താനിഹരികിലൊന്നൊരുമിച്ചേററംവിളങ്ങുന്നുവോ।
ഭൂമിവ്യോമപുഷ്ടപങ്ങളൊരുപോൽഘോരാഗ്നിയാൽതപ്തമാം
ഹേമത്തിൻപടനീരുകൊണ്ടതിജവംതേക്കുന്നുവോസാമ്പ്രതം॥൨൨

അത്ഭുതം ഇതെങ്ങിനെ?

*കാന്ത്യാശിൽപ്പ്വമടച്ചുകണ്ണിരുപത്തുംമെല്ലെത്തുറന്നിട്ടഞാ
നെന്താണെന്നടങ്ങുമിങ്ങു നയനാനന്ദംവിധൌമുന്നിലായ്।
ചന്താകൊണ്ടുസമസ്തനാരികളെയുംനിന്ദിച്ചുഹേമാ[illegible]
കാന്ത്യാനിൎമ്മിതയെന്നപോൽദ്രുതമൊരുസ്ത്രീകാണ്മമത്യാശ്ചൎയ്യമായ്[illegible]

(അണിയറയിൽ)

* മുനികൌശികന്റെ മഖമൎത്ഥിനാ
യനസൂയയോടുമിഹവന്നൊരത്രിയെ।
ജനകൻമുദാ ച്ചനകൾ [illegible]
തിരുതന്റെപുത്രിയെ വിളിച്ചിടുന്നിതു [illegible]

ശീലവതി—ഭാഗ്യത്താൽ പ്രിയസഖിക്കു മേൽക്കുമേൽ ശ്രേയസ്സു കാണപ്പെടുന്നു. മഹാപതിവ്രതയായും പൂജ്യയായുമിരിക്കുന്ന അനസൂയയുടെ ദൎശനം പുണ്യവശാലേ ലഭിക്കയുള്ളു.

സീതാ— (അത്ഭുതത്തോടുകൂടി) എനിക്കു വളരെ സന്തോഷമുണ്ട്, അതിനാൽ നോം ഗമിക്കുക.

(എന്നു എല്ലാസ്ത്രീകളും പോയി)

രാവണൻ—കഷ്ടം! ആ സുന്ദരി നേത്രമാൎഗ്ഗത്തെ അതിക്രമിച്ചുവോ?

*കണ്ടില്ലക്ഷിതിപുത്രിതന്റെശശിപോൽചന്തംകലൎന്നാനനം
കണ്ടില്ലക്കുളുൎക്കൊങ്കമൊട്ടുമരയുംമററൊന്നുചൊല്ലേണ്ടുഞാൻ।
തണ്ടാർസായകവാളുപോലെവിലസുംകേശത്തെമാത്രംമുദാ
കണ്ടേൻദൃഷ്ടിമററരംഗവുമഹോകാണ്മാൻതുനിഞ്ഞീലമേ॥൨൫

വിദ്യുജ്ജിഹ്വൻ—സാരണന്റെ കൈകളിൽ വളകളെക്കൊടുത്ത കൈ തിരിച്ചെടുക്കുമ്പോൾ അവളുടെ ആ കരപല്ലവത്തെ കണ്ടില്ലെ?

രാവണൻ— ഭാഗ്യത്താൽ അങ്ങ ഓൎമ്മപ്പെടുത്തി.

* കിളിക്കൊക്കുപോലെനഖങ്ങൾതുടുത്തും
വളഞ്ഞുംവിരിഞ്ഞംബുജംപോൽപ്രകാശം।
വളന്നുള്ളതൽപാണിപൊന്മോതിരത്താൽ
വിളങ്ങുന്നതീക്ഷിച്ചതോൎക്കുന്നുഞാനും॥ (൩൨)

എന്നു മാത്രമല്ല-

* മന്നംഞാൻകൊണ്ടുവന്നുള്ളമരികളിഹവാണീടിലും
സ്വൎഗ്ഗലോകേ
ചെന്നാലുംരാജകന്യാജനമരികിൽവസിച്ചാലു
മില്ലെങ്കിലുംകിം।
മിന്നുംപൊൻകങ്കണത്താൽവിലസികമലഗർവ്വത്തെ
നീക്കുന്നതാമി-
ത്തന്വംഗീകൈപിടിച്ചാൽദശമുഖനവരെക്കൊണ്ടു
പിന്നെന്തുകാൎയ്യം॥ (൩൩)

വിദ്യുജ്ജിഹ്വൻ—രാമവേഷം ധരിച്ചാൽ തിരുമനസ്സിലെക്കു ഇത സാധിപ്പാൻ പ്രയാസമെന്താണ?

രാവണൻ— * നരവേഷത്തെധരിപ്പതു
മരുതാത്തവയേതുമിതിനെക്കാൾ।
പരിചോടുചെയ്യുംരാവണ
നരിവയർമണിയെദ്രുതംലഭിപ്പാനായ്॥ (൩൪)

അങ്ങ വിശ്വാമിത്രവേഷം ധരിപ്പാനായിരുന്നെട്ടെലും.

വിദ്യുജ്ജിഹ്വൻ—ഞാൻ വിശ്വാമിത്രവേഷം ധരിച്ചുവെല്ലൊ സാരണൻ ലക്ഷ്മണവേഷത്തേയും ധരിക്കും.

സാരണൻ—മഹൎഷിമാരുടെ മാഹാത്മ്യം വിചാരിച്ചാലവസാനമില്ലാത്തതു തന്നെ. എന്തെന്നാൽ-

* കളമൊഴിയാളുടെകാഞ്ചന
വളകളെയെൻകൈകൾകൊണ്ടുവാങ്ങുകയാൽ।
കളവല്ലെൻമേനിയെയു-
ള്ളളവുംകാണ്മാനിനിക്കുമിഹവഹിയാ॥ (൩൫)

(സമീപത്തിൽ നോക്കീട്ടു) ബന്ധുജനങ്ങളെ കാണ്മാനുള്ള സന്തോഷത്താൽ കന്യകമാർ ഈ ചിത്രപടത്തെ മറന്നു പോയൊ, എന്നാൽ ഇതിനെ മഹാരാജാവിന്നുകൊടുക്കാം. (എന്ന ചിത്രപ

ടത്തെ എടുത്ത) ഇതാ അവളുടെ വളകൾ ഇതാ ചിത്രപടം

(എന്ന രാവണനു കൊടുക്കുന്നു).

വിദ്യുജ്ജിഹ്വൻ—മഹാരാജാവേ! കണ്ടാലും. രാക്ഷസാന്ധം കരണരത്നം പതിച്ചിട്ടുള്ള വളകളെയും രാമരൂപം എഴുതപ്പെട്ട ചിത്രപടത്തെയും.

രാവണൻ—

* നളിനാക്ഷിസീതയെമറച്ചിരുന്നപൊൻ
വളരണ്ടുമോക്കിലതിനിന്ദ്യമാമിദം।
കളവാണിമാനസഹരൻെറമേനിയാ-
ലൊളിവാന്നചിത്രപടവുംവിനിന്ദ്യമാം॥ (൩൭)

സാരണൻ—വളരെ പറഞ്ഞിട്ടെന്താണ, ഈ വളകളെ ധരിച്ചുകൊണ്ട തിരുമേനിയേയും കാണുന്നില്ല.

വിദ്യുജ്ജിഹ്വൻ— എന്നാൽ ഇതിനെ വിമാനത്തിൽ തന്നെ ഗൂഢമായി വെക്കണം ഇതിനാൽ എപ്പോഴെങ്കിലും വല്ല ഉപയോഗവും ഉണ്ടാകും.

(സാരണൻ അപ്രകാരം ചെയ്യുന്നു.)

രാവണൻ—(ആലോചിച്ച)

* മിത്രത്തെവഞ്ചിച്ചമഹംമനുഷ്യ
ഗാത്രംമഹാനിന്ദ്യമതുംധരിച്ചും।
അത്രാദരേണാനുഭവിപ്പനിപ്പോൾ
ധാത്രീസുതാവേളിമഹോത്സവത്തെ ॥ (൩൮)

(എന്ന എല്ലാവരും പോയി.)

* ഇങ്ങിനെ രണ്ടാമങ്കം. *

ജാനകീപരിണയം.

മലയാളനാടകം

മൂന്നാമങ്കം.

(അനന്തരം മാരീചൻ പ്രവേശിക്കുന്നു.)

മാരീചൻ—(ഓമ്മയോടുകൂടി)

* പെട്ടെന്നശ്ശിശ്ശുരാമനെയ്തൊരുശരക്കാററിന്റെചുററിങ്കലാ-
പ്പെട്ടെന്മേനിയിലുള്ളസന്ധികളുലഞ്ഞേററംവലഞ്ഞേഷഞാൻ ।
വട്ടംചുററിനഭസ്സിലോട്ടുമളവിൽച്ചെന്നാഴിതന്നുള്ളിലാ-
പ്പെട്ടിട്ടിങ്ങിന്നെന്നൂറുയോജനജവാൽദ്ദൂരത്തുപൊങ്ങീടിനേൻ ॥ (൧)

അത്ഭുതം! ക്ഷത്രിയക്കുട്ടിയുടെ പരാക്രമത്തിന്നെതിരില്ല,

എന്തുകൊണ്ടെന്നാൽ-

* പൊട്ടുന്നനവെവിൽവലിച്ചധികതീക്ഷ്ണമമ്പൊന്നവൻ
വിടുന്നളവുസേനചത്തുടനെവീണേരീക്ഷിച്ചഹോ ।
മിടുക്കന്നെതിമായിയാകിയസുബാഹുമേഘങ്ങളി-
ന്നിടസ്സൂടനൊളിച്ചൊളിച്ചഹഹഹന്തചത്തീടിനാൻ ॥ (൨)

എന്നുമാത്രമല്ല,

* ബാണക്കാററുകളാൽ ബലാന്വിതനവൻവേഗേന മായാഭവം
രേണുക്കൂട്ടമകററിതാടകയെമുൻകണ്ടോരുനേരംദ്രുതം ।
ഏണാക്ഷീതിഷ്ഠഗ്രസ്യയാൽഗ്രണമിഴുത്തീടുന്നകൈവിട്ടതൽ
ബാണംതാൻസ്വയമാസ്സേറിച്ചവളെയുംഛേദിച്ചഹാതൽക്ഷണം

(ശോകാവേഗത്തോടുകൂടി)

ഹാ അമ്മെ താടകെ! ഹാ പുത്രവത്സലെ! ഹാ സഹസ്രഗജ ബലാന്വിതെ! നിന്നക്കൂടി ക്ഷത്രിയക്കുട്ടിയാൽ അപ്രകാരം ഭവിച്ചത തടുക്കുവാൻ പാടില്ലാത്ത ദൈവകല്പിതം തന്നെ.

* എന്നമ്മെ! കരയുന്നൊന്നിക്കുവിളികേളെങ്ങോട്ടുപോയദ്യ്രനീ
(കോപത്തോടുകൂടി)
മുന്നെന്നപ്രിയകാരിയാംനൃപവടോ! ഞാൻനിന്നെവിട്ടീടുമൊ
(വ്യസനത്തോടുകൂടി)
മുന്നിൽത്തന്നെമരിച്ചുകഷ്ടമിഹമേധിങ്ങാംസുബാഹോ!ഭവാൻ
(ചിന്താശ്വാസത്തോടുകൂടി)
ഇന്നുംവത്സകരാള! പോയതുഭവാനെങ്ങെന്നറിഞ്ഞീലഞാൻ
(അനന്തരം കരാളൻ പ്രവേശിക്കുന്നു)

കരാളൻ—* പോരിൽപേടിച്ചതുംഭാഗ്യാൽ
ദൂരത്തോടിയതുംതഥാ।
ഘോരരാമാസ്ത്രമേല്ക്കാതെ
പാരംഭാഗ്യാൽപിഴച്ചുഞാൻ॥ (൫)

എന്നാൽ രാമബാണത്താൽ ഗ്രഹിക്കപ്പെട്ട ആ മാരീചൻ ജീവിക്കുന്നുണ്ടൊ ഇല്ലയൊ എന്ന ഞാൻ അറിയുന്നില്ല.

എന്തുകൊണ്ടെന്നാൽ,

* പരത്തിക്കൈക്കാലുംമുടിചിതറിവാളുംപരിചയും
കരഭ്രംശാൽവീണുംമണിമകുടമൂരിച്ചിതറിയും।
മരുത്തിൻവേഗത്താൽജലദമിവകാകുത്സശിശുവിൻ
ശരത്താൽമാരീചൻദ്രുതമിഹപറന്നാനെവിടെയൊ॥ (൬)

ഒരുസമയം മഹേന്ദ്രശൈലത്തിൻെറ താഴ്വരയിലൊ സമുദ്രത്തിൻെറ തിരമാലകളിലൊ വീണിരിക്കാം. അതിനാൽ ഞാൻ അദ്ദേഹത്തിനെ അന്വേഷിച്ചുകൊണ്ടു ഈ മഹേന്ദ്രപവ്വതത്തെ പ്രാപിക്കയും ചെയ്തു. എന്തുകൊണ്ടെന്നാൽ,

* തിങ്ങീടുംപവ്വതത്തിൻകൊടുമുടിശിലയിൽചെന്നടിച്ചാശുചിന്നിപ്പൊങ്ങുംവെഞ്ചാമരംപോൽവിലസുമരുവിയാറിങ്ങുവീഴുന്നദിക്കിൽ।
എങ്ങുംകുഞ്ജത്തിൽവാഴുംകരികളുടെമുഖാൽഭ്രഷ്ടമാകുംബിസത്തിൻ
പൊങ്ങുംഗന്ധങ്ങൾചേരുംതടമതിലിഹസിംഹങ്ങൾഗജ്ജിച്ചിടുന്നു

അത്രയുമല്ല,

* കരികൾമൃഗാധിപൻപ്രഹരമേറുകഠോരശിരസ്സുടഞ്ഞുടൻ
പരിഗളിതങ്ങളാംരുധിരമിശ്രിതമുത്തുകളാൽവനസ്ഥലേ।
അരുണനിറംവരുത്തിനിജഘീൽകൃതിയാൽദ്രുതമങ്ങുപാഞ്ഞിടും
കരടികളിൻനിനാദമധികംപരിചോടുവളത്തിടുന്നിതു॥ (൭)

(മുൻഭാഗത്തുനോക്കീട്ട്) ആയ്യനായമാരീചൻ സമുദ്രത്തിൽ മുങ്ങിപ്പൊങ്ങിവന്നപോലെ കാണപ്പെടുന്നു. എന്തുകൊണ്ടെന്നാൽ,

* അടിയുമതുപോലുള്ളകൃത്യംതിരിച്ചുമരകതമായ്
പടമതുനനഞ്ഞിട്ടുംപറഞ്ഞിട്ടതിൽചെറുചണ്ടികൾ ।
മുടിയിൽനരച്ചേനൊട്ടിക്കൊണ്ടിമ്മഹേന്ദ്രമഹാദ്രിതൻ
കടകമതിൽമാരീചൻനിഷ്പുണ്ഡിതാമമമുന്നിലായ്॥ (൯)

മാരീചൻ—(കരാളനെകണ്ടിട്ട ആശ്ചര്യത്തോടുകൂടി) കരാള! നീ ജീവിച്ചിരിക്കുന്നുവോ എന്നാൽ അടുത്തുവാ എന്നെ ആലിംഗനം ചെയ്ക.

കരാളൻ—ആര്യമാരീച! അങ്ങെ ഭാഗ്യത്താൽ രാമബാണം മോചിച്ചു. (എന്ന ബാഷ്പത്തോടുകൂടി ആലിംഗനം ചെയ്യുന്നു.)

മാരീചൻ—വത്സ! ഞാൻ എന്തുപറയട്ടെ.

* രാമൻഞാണൊലിയമ്പുപോംധ്വനിശരംമാരീചനെത്തള്ളിയെ-
ന്നാമോദിച്ചുനിലിമ്പർചൊന്നവചനംവാരാശിതൻനിസ്വനം ।
സാമുദ്രാഗ്നിയിൽവീണജന്തുനിരയിൻകോലാഹലാരാവമെ-
ന്നീമുഞ്ചൊന്നവസവ്വവുംപരിചിനോടൊന്നിച്ചുകേട്ടേനഹം॥(൧൦)

അനന്തരം,

*എന്നുക്കെല്ലാരുവീഴ്ചകൊണ്ടുചിതറുംഭംഗങ്ങളാൽമുക്തമായ്
നന്നായ്വ്യക്തമതാംരസാതലമതിൻമാർഗ്ഗത്തിലുൾപ്പെട്ടുഞാൻ ।
എന്നെത്തൽക്ഷണമമ്പിയങ്ങടിയിൽനിന്നമ്മാർഗ്ഗമാർഗ്ഗേല്ലുമേൽ
തന്നംബുക്കൾവരുന്നവേഗമതിനാൽമേല്പോട്ടുപൊങ്ങിച്ചിതു॥(൧൧)

കരാളൻ—നല്ലത മഹാസമുദ്രമെ! നല്ലത. നീ സത്യമായിട്ടും രാവണമഹാരാജാവിൻെറ പ്രതാപത്തെ ഭയപ്പെട്ടതന്നെയാണ അദ്ദേഹത്തിൻെറ അനുചരനായ മാരീചനെ രക്ഷിച്ചത.

മാരീചൻ—(പശ്ചാത്താപത്തോടുകൂടി)കരാള!എന്തുപറയട്ടെ.

* ഈ മണ്ണാഴിവനങ്ങളുംമലകളുംപേടിക്കുമാറേററവും
ശ്രീമാൻരാവണനെത്രയോകരുണയാവാഴുന്നുഭൃത്യോമയി
ഈമന്ദൻസ്വജനംനശിച്ചുളവിലും പൊയ്യല്ലദാസീനനായ്
സ്വാമിക്കേവമടിക്കടിസ്വയമഹോദൂഷ്യേർവളക്കുന്നുഞാൻ॥(൧൨)

കരാളൻ—ആര്യ! അങ്ങിനെയല്ല. ആ ക്ഷത്രിയക്കുട്ടി ബലവാനാണെങ്കിലും അവനെ മായാപ്രയോഗം കൊണ്ട സംഹരിക്കണം, എന്തുകൊണ്ടെന്നാൽ അവനെ കൊല്ലാതെ തിരികെച്ചെന്നാൽ നമ്മളെ മഹാരാജാവ ബഹുമാനിക്കയില്ല. എന്നുമാത്രമല്ല ആ ദുഷ്ടനായ വിശ്വാമിത്രമുനിയും ക്ഷീണിക്കാത്ത ആ ക്ഷത്രിയക്കുട്ടിയോടുകൂടി ചെന്ന രാമവേഷംധരിച്ചിരിക്കുന്ന മഹാരാജാവിന്ന സീതാവിവാഹത്തിങ്കൽ വിഘ്നത്തെയുമുണ്ടാക്കും. താടക പറഞ്ഞി

ട്ടില്ലേ? "മഹാരാജാവ രാമവേഷംധരിപ്പാൻ ഒരുങ്ങിട്ടുണ്ട" എന്ന

മാരീചൻ—അതുകൊണ്ടല്ലേ വിശ്വാമിത്രമുനി തന്റെ കൂടെയുള്ളവരോടൊന്നിച്ച ആശ്രമത്തിലൊക്ക വരുന്നതിനെ മുടക്കേണ്ടതായി വന്നത.

കരാളൻ—അങ്ങ ബുദ്ധികൊണ്ട അതിന്നുപായം കണ്ടുവൊ?

മാരീചൻ—(അല്പം ആലോചിച്ച) ഉവ്വ.

കരാളൻ—എങ്ങിനെയാണ?

മാരീചൻ—ഇങ്ങിനെ (എന്ന കാതിൽ പറയുന്നു)

കരാളൻ—(ചിരിച്ച) അങ്ങെക്ക ഇതിപ്പോഴും എളുപ്പത്തിൽ സാധിക്കുന്നതാണ, എന്തുകൊണ്ടെന്നാൽ.

* ക്ഷിപ്രംമായയാജാനകി
യപ്രിയമാകണ്യചാടിയാലഘനൌ।
തൽപ്രേമാധിക്യത്താ
ലൊപ്പംരാമൻപതിക്കുമത്തിയ്യിൽ॥ (൩൩)

അനന്തരം പുത്രശോകത്താൽ മോഹിക്കപ്പെട്ട ദശരഥരാജാവിനെ ആശ്വസിപ്പിച്ചുകൊണ്ട ആ രാജാവിനോടുകൂടി വിശ്വാമിത്രമുനിയും അയോദ്ധ്യയ്ക്കുതന്നെ തിരിയെച്ചെല്ലും. എന്നാൽ ആ മുനിയുടെ സമീപത്തിൽ വെച്ചല്ലാതെ തന്നെ മായയെ പ്രയോഗിക്കേണ്ടതാണ.

മാരീചൻ—നീ പറഞ്ഞതു ശരിയാണ. എന്നാൽ ആ രാമാദികൾ ചെന്നടിക്കലെക്ക നോം ചെല്ലുക. (എന്നചുററിനടക്കുന്നു)

കരാളൻ—(മുൻഭാഗത്തു നോക്കീട്ട) വിശ്വാമിത്രാശ്രമത്തിൽനിന്ന അര യോജന ദൂരമുള്ള കൌശികീനദീതീരത്തിൽ കൂടാരം അടിച്ച ദശരഥരാജാവ വസിക്കുന്നുവൊ. എന്തുകൊണ്ടെന്നാൽ

* തേരിൽചേൎത്തശ്വശബ്ദാസഹവനമഹിഷം
കൊമ്പുകൊണ്ടാശ്രുകുത്തി
ക്കോരുംപുററിന്നുപൊങ്ങുന്നഹികളുടെവിഷം
ചേൎന്നഹുല്ക്കാരമെങ്ങും॥
ഭേരീശബ്ദാൽമദിക്കുംകപികളിഹകളിക്കുന്നതും
കൌശികീതൻ
തീരേസേനാഗജംതിന്നിഹകുശകബളം
വീണതുംകണ്ടിടുന്നു॥ (൩൪)

മാരീചൻ—എന്നാലിപ്പോൾ ഈ സ്ഥലത്തിൽനിന്ന രാമനെ ദൂരത്തിലാക്കണം.

(അണിയറയിൽ)

* ക്ഷീണാപ്പൂണ്ടുകിടക്കുമച്ഛനൊടുണർത്തിക്കാതെയുംകുത്രചിൽ
ക്ഷീണംതീർപ്പതിനാശുചെന്നസഹജന്മാരോടുചൊല്ലാതെയും
ബാണംവില്ലുമെടുത്തുകാട്ടിനുജവാൽപാഞ്ഞാസ്സമിട്ടേകനായ്
ക്ഷോണീന്ദ്രാത്മജനായരാമനധുനാപോകുന്നുനായാട്ടിനായ് ॥ ൧൭

അതിനാലിപ്പോൾ രാമഭദ്രന്റെ പരിജനങ്ങളും സൈന്യങ്ങളും പിന്നാലെതന്നെ കാട്ടിലെക്കു ചെല്ലേണ്ടതാണു, ഞാനും ഇതാ പിറകെ പോകുന്നു.

കരാളൻ—രാമന്റെ സ്നേഹിതനായ പിംഗളനെന്ന ബ്രാഹ്മണക്കുട്ടിയാണൊ ഇങ്ങിനെ ഘോഷിക്കുന്നതു.

മാരീചൻ—(സന്തോഷത്തോടുകൂടി) ഭാഗ്യത്താൽ നമുക്കു നല്ലതരം കിട്ടി. വത്സകരാള! പിംഗളൻ ചെല്ലുന്നതിന്നു മുമ്പായിട്ടു നീ മായകൊണ്ടു അവന്റെ രൂപത്തെ ധരിച്ചു 'എന്നെക്കാട്ടാന പിടിച്ചു' എന്നു നിലവിളിച്ചുകരഞ്ഞു ഇഷ്ടനാണെന്നുള്ള സ്നേഹംകൊണ്ടു പിറകെ ഓടിവരുന്ന രാമനെ വളരെ ദൂരത്തിൽ മറ്റൊരു കാട്ടിലെക്കാകർഷിച്ചുകൊണ്ടു ചെല്ലു, ഞാനും വിശ്വാമിത്രമുനിയുടെ ശിഷ്യനായ കാശ്യപന്റെ രൂപത്തെ ധരിച്ചു രാമൻനിമിത്തം വിരഹവേദനയെ അനുഭവിക്കുന്ന സീതയെ മായകൊണ്ടു അവനുകാണിച്ചുകൊടുത്തു നമ്മുടെ അഭിപ്രായം പോലെ കാര്യംസാധിക്കാം.

(എന്നു രണ്ടുപേരും പോയി.)

ഇങ്ങിനെ പൂർവ്വാംഗം

(അനന്തരംശരചാപങ്ങളെധരിച്ചുകൊണ്ടു"രാമൻ"പ്രവേശിക്കുന്നു)

രാമൻ—

കണ്ടേൻഞാണൊലിയാൽനിറഞ്ഞവിപിനേധീരോദ്ധതംകോപമുൾ
ക്കൊണ്ടാരണ്യഗജംഗമിപ്പതുമുലഞ്ഞോടുന്നതുംകേകികൾ ।
കണ്ടേൻസ്ഥൂലശശംതിരിച്ചതിരുഷാസിംഹങ്ങൾനോക്കുന്നതും
കണ്ടേൻഞാൻബഹുകാലമായിമൃഗയാലീലാവിനോദങ്ങളെ ॥ (൧൮)

എന്നുമാത്രമല്ല. ഇവിടെ -

*തേമ്പെയ്യുംമൊഴിമാർകടാക്ഷമധികംകാംക്ഷിച്ചിട്ടുംവണ്ണമീ-
മാൻപൈതങ്ങൾഭയത്തിനാലുടനുടൻനോക്കുന്നനോട്ടങ്ങളാൽ ।
ആമ്പൽപ്പൂക്കൾനിറഞ്ഞപോലെവിപിനേതോന്നുന്നിതിൻഭംഗിയെ
ത്തുമ്പില്ലാത്തകിരാതരൊട്ടറിയുമോചാരത്തുവാണീടിലും ॥ (൧൯)

(ആഗ്രഹത്തോടുകൂടി)

*വല്ലാതുള്ളഭയത്തിനാൽമൃഗശിശുക്കൂട്ടങ്ങളിൻ കണ്ണിൽനി-
ന്നുല്ലാസത്തൊടുമെത്രഭംഗിയിലിതാനോട്ടങ്ങൾപോരുന്നുവോ ।
സല്ലീലംക്ഷിതിപുത്രിയങ്ങിനെകളിപ്പിക്കുന്നതൻകണ്മുന-
ത്തെല്ലിൻഭംഗിമനോജ്ഞമാകുമിതിനെക്കാളെന്നുതോന്നുന്നുമേ॥ ൧൮

(അണിയറയിൽ)

അയ്യോ! സ്നേഹിത രാമഭദ്ര! ഞാൻമരിക്കാറായി.

രാമൻ—(കേട്ടിട്ടു സംഭ്രമത്തോടുകൂടി) ജനസഞ്ചാരമില്ലാത്ത ഈ വനത്തിൽ ഒരുത്തൻ എന്നെ വിളിച്ചു കരയുന്നപോലെ കേൾക്കുന്നു (എന്നു ശരചാപങ്ങളോടുകൂടി വേഗത്തിൽ നടക്കുന്നു).

(പിന്നെയും അണിയറയിൽ)

ദുഷ്ടനായ ഈ മദഗജം തുമ്പിക്കൈകൊണ്ടു എന്നെ വലിച്ചു കൊല്ലുവാൻ തുടങ്ങുന്നു.

രാമൻ—പിംഗളൻ കരയുന്നപോലെയിരിക്കുന്നു.

(വേഗത്തിൽ ചുററി നടന്നു) ഓ: കഷ്ടം! കഷ്ടം!

*വൻകാട്ടിൻനടുവിങ്കൽഞാൻപ്രിയജനംവേർപെട്ടുവന്നിങ്ങിനേ
മുൻകാണാത്തമൃഗത്തെനോക്കിമരുവുന്നേരത്തുതാനേകനായ് ।
ശങ്കിക്കാതെവരുന്നപിംഗളനെഹാചുററിദൃതംതുമ്പിയാൽ
തൻകുംഭത്തിനകത്തുകൊണ്ടിഹഗജംമണ്ടുന്നുസംഭ്രാന്തിയാൽ ൧൯

(പിന്നെയും അണിയറയിൽ)

അയ്യോ: പുത്രവാത്സല്യമുള്ള പിതാവെ! ഞാൻ മരിക്കാറായി. അയ്യോ: ഭാഗ്യമില്ലാത്ത മാതാവെ! മൃത്യുവിൻെറവായിൽ കൊടുപ്പാനായിട്ടു നീ എന്നെ പ്രസവിച്ചു. അയ്യോ: സ്നേഹിത രാമഭദ്ര! നിനക്കു എൻെറമേലുള്ള സ്നേഹബന്ധം അവസാനത്തിൽ ഭയങ്കരമായിട്ടു ഭവിച്ചു.

രാമൻ—(വ്യസനത്താൽ സ്തംഭിച്ചുകൊണ്ടു) ഭയപ്പെടേണ്ട! ഭയപ്പെടേണ്ട! ഇതാ ഞാൻ വന്നു. (എന്നു അടുത്തു ചെന്നിട്ടു) അഹോ: കഷ്ടം! ഉദാസീനത, അന്യ്ചെല്ലാത്ത ദിക്കിലായല്ലൊ ഗജം. (വില്ലിനെ പിൻവലിച്ചു മുൻഭാഗത്തു നോക്കീട്ടു) ഗജത്തിനെകാണ്മാനുമില്ലല്ലൊ. (വിചാരത്തോടുകൂടി ദീർഘശ്വാസം വിട്ടു)

* ഇരിക്കട്ടേനോക്കാമഹമിഹഗജംപോയവഴിയെ-
ത്തെരിക്കെന്നോരാൽചെന്നിട്ടുവഴിവിടീക്കാംസഖിയെയും ।
സ്ഫുരിക്കുന്നുമണ്മേലടിശിലയിലില്ലെങ്കിലുമതും
ധരിക്കാംഗന്ധത്താലളികളെവിളിക്കുംമദജലൈഃ॥ (൨൦)

(എന്നു ചുററി നടന്നുകൊണ്ടു നോക്കീട്ടു)

*കാററാലാടീട്ടുമുഞ്ഞിൻകലികനിരനിറഞ്ഞുള്ളകുഞ്ജത്തിൽവീണ-
ങ്ങുററത്തിൽഘോഷമാൎന്നുള്ളരുവിയിലിഹശബ്ദിച്ചുകാരണ്ഡവങ്ങൾ
ചുററുംവാണീട്ടുമഭ്രേസ്ഥടമിതളയിൽവാഴുന്നസൎപ്പത്തിനെക്ക-
ണ്ടേററംപേടിച്ചുനോക്കുംമൃഗനയനസമൂഹങ്ങളാൽനീലവൎണ്ണം ൧൦

എന്നാൽ ആ ഗജവും ഇവിടെ തന്നെ ഉണ്ടായിരിക്കണം. അതിനാൽ ഈ വഴിക്കു നോക്കട്ടെ (എന്നു നോക്കി സന്തോഷത്തോടുകൂടി) ഭാഗ്യത്താലിവിടെത്തന്നെ ആനയാൽ പിടിച്ചു മോചിക്കപ്പെട്ട പിംഗളൻ മോഹിച്ചപോലെ കിടക്കുന്നു.

(അനന്തരം മോഹാലസ്യത്തെ നടിച്ചു, കല്ലിന്മേൽ കിടന്നുകൊണ്ടു, പിംഗളവേഷം ധരിച്ചു കരാളൻ പ്രവേശിക്കുന്നു.)

രാമൻ—(അടുത്തുചെന്നു) സ്നേഹിത! ആശ്വസിക്കു. ആശ്വസിക്കു.

(എന്നു വസ്ത്രത്തിന്റെ തലകൊണ്ടു വീശിക്കൊടുത്തുകൊണ്ടു)

* ഹാവനുമോഹംമൂടുന്നു
വേവിക്കുന്നുള്ളിലെന്നെമാൽ ।
ഏവംനീഭുവിൽവീണെന്നിൽ
ഭാവിക്കുന്നെന്തുചെയ്യുവാൻ॥ (൧൧)

കരാളൻ— [ആത്മഗതം] രാവണമഹാരാജാവിന്നു എന്തിഷ്ടമാസ്ഥിരുമൊ അതു ചെയ്യാൻ തന്നെ. (പണിപ്പെട്ടു കണ്ണുമിഴിച്ചു) [പ്രകാശം] പ്രിയസഖനായ രാമഭദ്രനൊ?

രാമൻ— അതെ.

കരാളൻ—(ആശ്വസിച്ചു) സ്നേഹിത! അങ്ങയുടെ നായാട്ടു കാണ്മാനുള്ള കൌതുകത്താൽ ഞാൻ പിന്നാലെ വരുമ്പോൾ മാൎഗ്ഗമദ്ധ്യത്തിൽവെച്ചു എന്നെ മദഗജം പിടിച്ചു. അനന്തരം-

* നിന്നുടെഞാണൊലിപോൽഹരി
തന്നുജ്ജിതഗജ്ജിതംശ്രവിച്ചപ്പോൾ ।
എന്നെയുമഥഞാൻകരിയെയു
മൊന്നുമറിഞ്ഞില്ലമോഹിച്ചേൻ॥ (൧൨)

രാമൻ—എന്നാൽ ഞാൻ വിചാരിക്കുന്നു സിംഹത്തിന്റെ ശബ്ദം കേട്ടു ഭയപ്പെട്ടു ഗജത്തിന്റെ തുമ്പിക്കയ്യിൽനിന്നു ഭാഗ്യത്താലങ്ങു വീണിരിക്കും എന്നു, അതിനാൽ അങ്ങുന്നു നല്ല നിഴലും തണുപ്പുമുള്ള ഇരഞ്ഞിവൃക്ഷത്തിന്റെ ചുവട്ടിലിരുന്നു ക്ഷീണം തീക്കു.

കരാളൻ—നായാട്ടിനാൽ ക്ഷീണിച്ചിരിക്കുന്ന അങ്ങും അല്പനേരം ഇവിടെ ഇരുന്നു ക്ഷീണം തീൎക്കേണ്ടതാണു.

എന്തുകൊണ്ടെന്നാൽ-

* എങ്ങുംതിങ്ങിനവൃക്ഷസംഘമതിനാലിക്കാടഹോശ്യാമളം
മങ്ങാതുള്ളരവിന്ദമോടുമൊഴുകുന്നുണ്ടഗ്രഭാഗേനദീ।
തിങ്ങുംശൈത്യസുഗന്ധമുള്ളവനവാതത്താൽഹൃദന്തേമദം
പൊങ്ങീടുന്നകുയില്ക്കുലംമധുരമായ്ക്കൂകുന്നിതെല്ലാടവും॥(൨൪)

രാമൻ—ഈ പ്രദേശം ഏററവും മനോഹരമായിരിക്കുന്നു. അതിനാൽ ഇവിടെ തന്നെ നോം പരിജനങ്ങൾ പോരുന്നതു വരെ വസിക്കുക.

കരാളൻ— [ആത്മഗതം] "മാരീചൻ പോരുന്നതു വരെ" എന്നാണ പറയേണ്ടത. [പ്രകാശം] അങ്ങിനെയാകട്ടെ.

രാമൻ—ഭാഗ്യത്താലങ്ങെ ക്ഷേമത്തോടുകൂടി കാണാറായി.

* ഇല്ലെന്നാലിഹനീമമപ്രിയമതായുള്ളോരുഭൂകന്യകാ
കല്യാണോത്സവമങ്ങുപോകുമതിരിക്കട്ടേമമസ്നേഹിത!।
ചൊല്ലെന്നോടുഭവാൻമരിക്കിലതിനാലുണ്ടാംമഹാസങ്കടം
വല്ലാതെൻഹൃദിമന്മമങ്ങിനെപിളർക്കാതെന്നെവിട്ടീടുമോ?॥(൨൫)

കരാളൻ— [ആത്മഗതം] ഈ രാഘവശിശു തനിക്ക സീതാവിവാഹം നിശ്ചയിച്ചിട്ടുണ്ടെന്ന ധരിച്ചിരിക്കുന്നുവൊ. [പ്രകാശം] സ്നേഹിത! അങ്ങിനെയല്ല, അങ്ങ എന്നെ കുറിച്ചുള്ള വ്യസനത്താൽ വിവാഹത്തിന്നു വിമുഖനായി എങ്കിൽ ആ ജാനകി ജീവിക്കയില്ല.

രാമൻ— (ആഗ്രഹത്തോടുകൂടി) സ്നേഹിത! കാശ്യപന്റെ ആ വാക്ക സത്യമാണൊ? എന്തെന്നാൽ അങ്ങുന്ന എന്നോടിങ്ങിനെ പറഞ്ഞില്ലെ.

*"മുന്നംജാനകിതാനുറങ്ങുമള്ളവിൽസ്വപ്നേമനോജ്ഞൻഭവാൻ
തന്നെക്കാട്ടുകകൊണ്ടുനിങ്കലധികംപ്രേമത്തെബന്ധിച്ചവൾ।
കന്നൽക്കണ്ണിതളിക്കിടക്കയിലഹോകഷ്ടംശയിച്ചാളിമാർ
തന്നാശ്വാസവചസ്സിനാലൊരുവിധംജീവിച്ചിരിക്കുന്നിതു"(൨൬)
എന്ന.

കരാളൻ—(കേൾക്കാത്തവിധത്തിൽനടിച്ച) [ആത്മഗതം] മാരീചൻ ഇനിയും വന്നില്ലെല്ലൊ. (എന്ന വിചാരിക്കുന്നു.)

രാമൻ—സ്നേഹിത! കാശ്യപന്റെ ആ വാക്ക സത്യമാണൊ. (എന്നുംമററും രണ്ടാമതും ചോദിക്കുന്നു.)

കരാളൻ—കാശ്യപനെന്നത ആരാണ?

രാമൻ—അങ്ങെക്ക മറന്നു പോയൊ? അദ്ദേഹം വിശ്വാമിത്രമഹർഷിയുടെ ശിഷ്യനാണെന്ന അങ്ങുന്നല്ലെ എന്നോടു പറഞ്ഞത.

കരാളൻ—(പേടിച്ച വിറച്ച) [ആത്മഗതം] അഹോ: ഉദാസീനത. എന്തെന്നാൽ മാരീചനെ കുറിച്ചുള്ള വിചാരംകൊണ്ടു പ്രകൃതത്തിന്ന വിപരീതമായിട്ട ഞാൻ ചോദിച്ചുപോയി. ഇനി ഇങ്ങിനെ ആക്കാം. [പ്രകാശം] അദ്ദേഹത്തിനെ ആര മറന്നിരിക്കുന്നു, എന്നാൽ മദഗജം പിടിച്ച വിചാരത്താൽ ഞാൻ അസ്വാധീനനായിരിക്കുന്നു. കാശ്യപന്റെ ആ വാക്കുകൂടി അസത്യമായി ഭവിക്കുമൊ? അങ്ങു കേൾക്കു.

*പട്ടാലുള്ളകിടക്കവിട്ടവൾകിടന്നീടുന്നുപൂമെത്തമേൽ
വിട്ടുംകാഞ്ചനകങ്കണങ്ങളെബിസംചാൎത്തുന്നുഹസ്തങ്ങളിൽ।
പാട്ടുണ്ടെങ്കിലുമാശ്ശുനിന്റെചരിതംകേട്ടാൽമനസ്സൌഖ്യമി-
പ്പാട്ടിൽസീതയെയെന്തുചൊൽവതുഭവാനാക്കിലയോസാമ്പ്രതം ൨൭

രാമൻ—[ആത്മഗതം] എന്റെ നിമിത്തം ആ സുന്ദരിയുടെ അവസ്ഥ ഇപ്രകാരമായ്തീൎന്നുവൊ. [പ്രകാശം] സ്നേഹിത! പരിഹസിച്ചതു മതി!

കരാളൻ—[ആത്മഗതം] ഇവന്റെ മനസ്സ പ്രകൃതത്തിന്ന അനുസരിച്ച തന്നെ ഇരിക്കുന്നു. അതുകൊണ്ടിങ്ങിനെ പറയാം. [പ്രകാശം] എന്റെ വാക്കിൽകൂടി അങ്ങെക്ക വിശ്വാസമില്ലെ?

ഇപ്പോൾ-

* കളികുറിസഖീസ്സോല്ലാസസന്തോഷവുംസമധാരണം
കളിയിൽമതിയുംവിട്ടുംനിന്നെസ്മരിച്ചുകരഞ്ഞഹോ।
കിളിമൊഴിഗ്ഗുരുശ്വാസാൽ ചുണ്ടുംവരണ്ടഥശയ്യമേൽ
നളിനവദനംകയ്മേൽവെച്ചുംസദാമരുവുന്നിതു॥ (൨൮)

രാമൻ—[ആത്മഗതം]

* എന്നുടെഹൃദയത്തെസ്സഖി
തന്നുടെയീവാക്കുഹന്തകാമത്താൽ।
ഒന്നുചലിപ്പിക്കുന്നു
ചന്ദ്രികയാൽസന്ധ്യയാഴിയെപ്പോലെ॥ (൨൯)

കരാളൻ— എന്നുമാത്രമല്ല ഇങ്ങിനെകൂടി കാശ്യപൻ പറഞ്ഞിട്ടുണ്ടു.

രാമൻ—എങ്ങിനെ?

കരാളൻ—

* ചന്തത്തോടുവിരിഞ്ഞിടുംകുമുദിനീമൊട്ടിന്റെഗന്ധംകല-
ൎന്നന്തിക്കാററുവരുന്നനേരമലസാപാംഗീഭൃശംദീനയായ്।
ചിന്താലബ്ധനതാംഭവാനെവിരവോടാലിംഗനംചെയ്തഹോ
സന്തോഷിച്ചുകഴിച്ചിടുന്നുശശിയാൽശോഭിച്ചരാവൊക്കയും(൩൦)

രാമൻ—(രോമാഞ്ചത്തോടുകൂടി) [ആത്മഗതം]

* സുന്ദരിസങ്കല്പത്താ-
ലെന്നെപ്പുണരുന്നുവെന്നുകേൾക്കുമ്പോൾ।
എന്നുടെചിത്തംകൊതികൊ-
ണ്ടൊന്നുതുളുമ്പെന്നപോലെവിള്ളുന്നു॥ (൩൭)

അതിനാലല്ലെ. ഇപ്പോൾ-

* ധീരത്വവുംസപദിനാണവുമെൻെറചിത്ത-
താരിന്നഹോപഴുതുകിട്ടുകമൂലമായി।
ചോരുന്നുമുന്നമൊരുനാളുമണഞ്ഞിടാത്ത
താരമ്പനംവ്യസനവുംബതചെന്നിടുന്നു॥ (൩൮)

കരാളൻ—സ്നേഹിത! എന്താമിണ്ടാതിരിക്കുന്നത?

രാമൻ—(ധൈൎയ്യത്തോടുകൂടി) [പ്രകാശം] ഇങ്ങിനെ സ്ത്രീവൎത്തമാനം പറഞ്ഞിട്ടെന്താണ.

കരാളൻ— (ചിരിച്ചു)

* ചോദിച്ചുനീസുമുഖിതൻചരിതത്തെമുന്നെ
മോദിച്ചുകേട്ടുപുളകോൽഗമമോടുപിന്നെ।
എന്തെന്നെനീയൊടുവിലദ്യതടുത്തുമെല്ലെ?
ചെന്താർശരാൎത്തിപിടിയാത്തവരാരുമില്ലെ॥ (൩൯)

രാമൻ—(ലജ്ജയോടുകൂടി) [ആത്മഗതം] ഇവൻ എൻെറ ചാപലത്തെ അറിഞ്ഞുവൊ ചീത്ത ഹൃദയമെ! നീയെന്തിൽ പ്രവേശിക്കുന്നു?

*മുന്നംസ്വപ്നേപികണ്ടില്ലഹമസമശരൻമായയോഎന്നുതോന്നും
തന്വീരത്നത്തെയെന്നാകിലുമവൾമദനാസ്ത്രങ്ങളാലപ്രകാരം।
ഖിന്നത്വംപൂണ്ടുവാഴുന്നതുമമചെവിയിൽകേൾക്കയാലാശു ചിത്തം
തന്നിൽചേരുന്നുലജ്ജാത്ഭുതകുതുകഭയാനന്ദശോകങ്ങളിപ്പോൾ ( )

[പ്രകാശം] സ്നേഹിത! ഇനിക്ക അങ്ങെ അറിയിച്ചുകൂടാത്തതെന്താണ, എന്നാൽ ആ സ്ത്രീയെ ഇനിക്ക ലഭിപ്പാൻ പ്രയാസമാണെന്നു വിചാരിച്ചു ഞാൻ നിഷേധിക്കുന്നതാണ.

കരാളൻ—[ആത്മഗതം] ഇവന്ന അവളിൽ അനുരാഗത്തെ ഒരു വിധത്തിലുറപ്പിച്ചു. [പ്രകാശം] അങ്ങെന്തിനാണ വിചാരപ്പെടുന്നത? വിശ്വാമിത്രമഹൎഷിതന്നെ ആ കാൎയ്യം നടത്തുവാൻ ഒരുമ്പെട്ടിരിക്കുന്നു.

രാമൻ—[ആത്മഗതം] പിംഗളനെന്താണ അസംബന്ധമായിട്ടു പറയുന്നത, [പ്രകാശം] സ്നേഹിത! അങ്ങെക്കെങ്ങിനെ മനസ്സിലായി?

കരാളൻ—[ആത്മഗതം] ഇവനിത മനസ്സിലായിട്ടില്ലേയൊ. [പ്രകാശം] എല്ലാം കാശ്യപനാണ പറഞ്ഞത.

(അണിയറയിൽ)

തോഴി! മൃണാളങ്ങളെ കൊണ്ടു വരു.

കരാളൻ—[ആത്മഗതം] മാരീചൻ മായാപ്രയോഗത്തെ ആരംഭിച്ചുവൊ.

(അനന്തരം മായയിൽ മറഞ്ഞുകൊണ്ട മാരീചൻ പ്രവേശിക്കുന്നു.)

മാരീചൻ—

*തന്വീസീതയുമാളിമാരുമവർചെയ്തീടുന്നകർമ്മങ്ങളും
നന്നായേതുവിധത്തിലെങ്കിലതുപോൽസൃഷ്ടിച്ചുഞാൻമായയാൽ।
എന്നാൽതാതവിനാശമെന്നകപടാൽസീതക്കുചാടീടുവാ-
നെന്നായ്ക്കുട്ടിയധ്വാത്മവഹ്നിയിതുതാൻരാമന്നുചാടീടുവാൻ॥(൩൭)

അതിനാൽ ഇപ്പോൾ താടകാ വധത്തിന്ന പ്രതിക്രിയയും രാവണ മഹാരാജാവിൻെറ അഭീഷ്ടവും സാധിച്ചപോലെയായി (നാലുഭാഗത്തും നോക്കീട്ട) ഇവിടെ ഇരഞ്ഞിവൃക്ഷത്തിൻെറ ചുവട്ടിൽ പിംഗളവേഷം ധരിച്ചിട്ടുള്ള കരാളനാൽ കൂട്ടികൊണ്ടുവരപ്പെട്ട രാമൻ വസിക്കുന്നപോലെ കാണുന്നു.

രാമൻ— ഇങ്ങിനെയല്ലെ കാശ്യപനങ്ങുന്ന എന്നോടു പറഞ്ഞത, "യാഗത്തിന്ന നിങ്ങളെ ക്ഷണിപ്പാനായി വിശ്വാമിത്ര മഹർഷി വന്നിരിക്കുന്നു" എന്ന.

മാരീചൻ—(ശങ്കയോടുകൂടി) [ആത്മഗതം] ഇവൻ കാശ്യപനായിരിക്കുമൊ, എന്തുകൊണ്ടെന്നാൽ 'കാശ്യപനായ അങ്ങുന്ന' എന്ന രാമൻ വിളിക്കുന്നു, പിംഗള വേഷം ധരിക്കുന്നതു കൊണ്ട ഇവന്ന പ്രയോജന മെന്താണ? എന്നാലിപ്പോൾ സമീപത്തിലുള്ള കദളീവനത്തിൽ മറഞ്ഞുനിന്നുകൊണ്ട ക്രമത്തിലതിനെ മനസ്സിലാക്കണം.

(എന്ന മറഞ്ഞു നില്ക്കുന്നു).

കരാളൻ—[ആത്മഗതം] യാഗത്തിന്ന ക്ഷണിപ്പാനായിട്ട വിശ്വാമിത്രമുനി വന്നിരിക്കുന്നു എന്നാണിവൻ ധരിച്ചിരിക്കുന്നത. [പ്രകാശം] സ്നേഹിത! ഇങ്ങിനെ പറയരുതെ! ഇത വിശ്വാമിത്രമഹർഷിയുടെ വ്യാജമാണ.

മാരീചൻ—(കേട്ടിട്ട ഭയത്തോടുകൂടി) കഷ്ടം! സ്പഷ്ടമായിട്ട തന്നെ ഈ കുട്ടി പറഞ്ഞുവെല്ലൊ, തന്നെക്കുറിച്ച കാശ്യപൻ എന്നു വിളിക്കുന്നതിനെ നിഷേധിച്ചുകൊണ്ട താൻ പിംഗള വേഷം ധ

രിച്ചത വിശ്വാമിത്രമഹൎഷിയുടെ വ്യാജമാണ എന്ന, അതിനാൽ ഞാൻ വിചാരിക്കുന്നു, കാശ്യപൻെറ വേഷം ധരിച്ച ചതിപ്പാൻ തുടങ്ങുന്ന എന്നെ വേർതിരിച്ച കാണിപ്പാൻ വേണ്ടി വിശ്വാമിത്രൻ ചെയ്ത പണിയാണിത.

(പിന്നെയും അണിയറയിൽ)

തോഴി! ഇതാ ഞാൻ മൃണാളങ്ങളെ കൊണ്ടുവന്നു.

രാമൻ—ഹെ: ദക്ഷിണഭാഗത്തിൽ സംസാരിക്കുന്ന പോലെ കേൾക്കുന്നു. അത ആരാണ?

കരാളൻ—(എല്ലാടത്തും നോക്കീട്ട) [ആത്മഗതം] ഇനിയും കണ്ടില്ലെല്ലൊ കാശ്യപ വേഷം ധരിച്ച മാരീചനെ അതിനാലിത മായാ പ്രയോഗമല്ല. [പ്രകാശം] വനഭൂമികളിൽ വനദേവതകൾ കളിക്കുന്നതായിരിക്കാം.

മാരീചൻ—സത്യമായിട്ടും ഇവൻ കാശ്യപൻ തന്നെ, അല്ലെങ്കിൽ എൻെറ മായാപ്രയോഗത്തെ അറിഞ്ഞിരുന്നിട്ടും കൂടി "ഇവർ സീതയുടെ സഖികളാണ" എന്ന എന്തുകൊണ്ട പറയുന്നില്ല? (ആലോചിച്ച) കരാളൻ എവിടെ പോയി എന്ന എൻെറ മനസ്സ തപിക്കുന്നു.

അല്ലെങ്കിൽ * പിംഗളന്തൻെറരൂപംപൂ
ണ്ടിങ്ങുപോരുംകരാളനെ ।
ചൊല്ലിലക്ഷ്മണനെക്കൊണ്ടു
കൊല്ലിച്ചുകൌശികൻദ്ധ്രുവം ॥ (൩൩)

ഇരിക്കട്ടെ ഈ രാമകാശ്യപന്മാർ രണ്ടുപേരെയും മായയാൽ സംഹരിച്ചേക്കാം. ഇതുതന്നെ സുബാഹുവിൻെറ എന്നപോലെ കരാളൻെറയും വധത്തിന്ന പ്രതിക്രിയയായിട്ട ഭവിക്കും.

രാമൻ—സ്നേഹിത! ഈ വള്ളിക്കുടിലിൽ ഗൂഢമായി തന്നെ നോം വൃക്ഷങ്ങളുടെ ഇടയിൽ മറഞ്ഞുനിന്ന നൊക്കുക.

(എന്ന ശരചാപങ്ങളെടുത്തുകൊണ്ട ഉത്ഥാനം ചെയ്യുന്നു).

കരാളൻ—അങ്ങിനെ തന്നെ (എന്ന പിന്നാലെ ചെല്ലുന്നു)

മാരീചൻ— * ഉരുഭയവുംമമകൊതിയും
ഗരളംകക്കുന്നസൎപ്പശിശുപോലെ ।
ശരചാപങ്ങളെടുത്തൊരു
സ്മരസുന്ദരനായരാമനേകുന്നു ॥ (൩൪)

ഇരിക്കട്ടെ ഇവന്ന ഇങ്ങിനെ കാണിച്ചു കൊടുക്കാം

(എന്ന ധ്യാനം നടിക്കുന്നു).

രാമൻ—(മുൻഭാഗത്തു നോക്കീട്ട വിസ്മയത്തോടുകൂടി)

*വീണുള്ളശ്രുകണംചേൎന്നമഷിയുണ്ടൊരത്തുമദ്ധ്യത്തിലും
കാണാകുന്നിതുശീരചന്ദനമണിഞ്ഞിട്ടുള്ളരേണുക്കളെ ।
ദ കാണെല്ലാടമുണങ്ങി വിണ്ടബിസ മാല്യാദ്യങ്ങളുണ്ടീവിധം
കാണുംപല്ലവമെത്തയേതൊരലസാപാംഗീകിടന്നുള്ളതൊ? ॥ (ന-വൃ)

കരാളൻ—വിരഹതാപമുള്ള ഒരു സ്ത്രീ നമ്മുടെ സല്ലാപം കേൾക്കയാൽ ലജ്ജിച്ചു മറെറാരു ദിക്കിൽ ചെല്ലുമ്പോൾ അവളാലുപേക്ഷിക്കപ്പെട്ടതായിരിക്കാം ഈ മെത്ത.

(പിന്നെയും അണിയറയിൽ)

തോഴി! ഇവളുടെ സ്തനങ്ങളിൽ മൃണാളങ്ങളെ വെക്കു ഈ പാവത്തിന്റെ സന്താപം വലുതായിരിക്കുന്നുവെല്ലൊ.

രാമൻ—സ്നേഹിത! അങ്ങയുടെ ഊഹം ശരിയായി.

കരാളൻ—[ആത്മഗതം] മാരീചൻ വല്ലേടത്തും മറഞ്ഞുനിന്ന മായയെ പ്രയോഗിക്കുന്നുവൊ, അല്ലെങ്കിൽ ഇതു പരമാൎത്ഥമായിരിക്കുമൊ, ഇരിക്കട്ടെ നോക്കാം [പ്രകാശം] സ്നേഹിത! നോം കുറെ കൂടി മുൻഭാഗത്തു ചെല്ലുക.

രാമൻ—അങ്ങിനെ തന്നെ (എന്നു ചുററി നടന്നു) തുടുത്ത വസ്ത്രത്താൽ സ്തനങ്ങളെ മറച്ചും, തളിൎത്തിട്ടുള്ള അശോകലത പോലെയും, ഇരിക്കുന്ന ഒരു സ്ത്രീ പുതുതായി മുറിക്കപ്പെട്ട ആനക്കൊമ്പു പോലെ വെളുത്തിരിക്കുന്ന മൃണാളങ്ങളെ കൊണ്ടു വരുന്നു ഇവളാരാണ?

കരാളൻ—(വ്യസനത്തോടുകൂടി) [ആത്മഗതം]

* സുന്ദസ്ത്രീതൻപുത്രനെക്കണ്ടതില്ലി-
ങ്ങിന്നദ്ദേഹംകാശ്യപാകാരനായി ।
വന്നീടുമ്പോൾകണ്ടുസൌമിത്രിദുഷ്ടൻ
കൊന്നൂനൂനംകൌശികൻതന്റെവാക്കാൽ ॥ (ന-ൻ)

ഇരിക്കട്ടെ ഇപ്പോൾ വ്യസനിപ്പാൻ സമയമല്ല. [പ്രകാശം] സ്നേഹിത! ഇങ്ങിനെ പരസ്ത്രീദൎശനം ചെയ്തിട്ടെന്താണ? പരിജനങ്ങൾ നമ്മെ തിരയുമായിരിക്കും, അതിനാൽ നോം അങ്ങോട്ടു ചെല്ലുക.

മാരീചൻ—(വ്യസനത്തോടുകൂടി) ഇവൻ കാശ്യപൻ തന്നെ നിശ്ചയം. എന്തുകൊണ്ടെന്നാൽ ഇവൻ രാമനു വൈമുഖ്യത്തെ ഉണ്ടാക്കുന്നു, ഇരിക്കട്ടെ ഇവന്റെ മനസ്സിനെ അറിക്കാം.

(എന്നു ധ്യാനം നടിക്കുന്നു.)

രാമൻ—സ്നേഹിത! നോക്കു, നോക്കു,

* എണ്ണുംകാഞ്ചനവാഴയാൽവിലസുമിക്രീഡാചലംശോഭനം
മങ്ങാതുള്ളരവിന്ദമോട്ടമൊഴുകീട്ടന്നുസമീപേനദീ।
ഭംഗ്യാതെല്ലവിടന്നിട്ടം പുതിയമാമ്പൂകൊത്തിനാൽപ്പൂർണ്ണമായ്
ഭൃംഗധ്വാനമനോജ്ഞമാംകുടിലുമിച്ചോലയ്ക്കടുത്തുണ്ടിതാ॥(൪൦)

അവിടെക്ക തന്നെ ഈ സ്ത്രീമൃണാളങ്ങളെ കൊണ്ടു പോകുന്നു.

കരാളൻ—ഈ നിർമ്മാണം മനോഹരമായിരിക്കുന്നു. അതിനാൽ ഇതിനെ നോക്കട്ടെ. (എന്നു തിരിഞ്ഞു വരുന്നു.)

മാരീചൻ—(ഗർവ്വത്തോടുകൂടി) എടൊ കാശ്യപ! ഇവിടെ വെച്ച മാരീചൻ നിൻെറ കഥ കഴിക്കും.

(പിന്നെയും അണിയറയിൽ)

തോഴി! മൃണാളങ്ങളെ വെച്ച കഴിഞ്ഞു രാമച്ചത്തിൻെറയും ചന്ദനത്തിൻെറയും രസങ്ങളാൽ ഇവളെ നനക്കു.

കരാളൻ—[ആത്മഗതം] ഈ കന്യകകളുടെ സല്ലാപം മധുരമായിരിക്കുന്നു, അടുത്തു ചെന്നു കാണട്ടെ അല്ലെങ്കിൽ കാണേണ്ട!

* അരക്കർവംശത്തിനുമായയിങ്കൽ
ഗുരിക്കനായുള്ളൊരുതാടകേയൻ।
മരിക്കയാലൊന്നിനുമില്ലധൈര്യ്യ
മൊരിക്കലുംമേഹൃദിദുഃഖമൂലം॥ (൪൧)

[പ്രകാശം] സ്നേഹിത! നോക്കു, നോക്കു, എന്താണു ഈ ആലാപമെന്നു.

രാമൻ—(അടുത്തു ചെന്നു കണ്ടിട്ടു) പിംഗള! ഒരുപോലെ വയസ്സും സൌന്ദര്യ്യ സമ്പത്തുമുള്ള ഈ കന്യകകൾ എവരാണ?

(അനന്തരം തളിക്കിടക്കയിൽ കിടന്നു കൊണ്ടു മായാസീതയും, സഖികളും, പ്രവേശിക്കുന്നു.)

ഒരുസഖി—താമരയിലകൊണ്ടു നീ ഇവൾക്കു വീശികൊടുക്കു.

മറെറാരു സഖി—നീയും ചന്ദനരസങ്ങളെ ഇവളുടെ സ്തനങ്ങളിൽ തേക്കു.

കരാളൻ—(കണ്ടിട്ടു) [ആത്മഗതം] വിശേഷസൌന്ദര്യ്യമുള്ള ഈ കന്യക ഏതാണ? സീതയെപ്പോലുള്ള രൂപത്തോടുകൂടി വിരഹതാപത്തെ അനുഭവിക്കുന്നു. അതിനാൽ ഞാൻ വിചാരിക്കുന്നു മാരീചൻെറ മായാപ്രയോഗമാണ എന്നു, ഇരിക്കട്ടെ നോക്കാം.

[പ്രകാശം] * കിളിമൊഴിമാരിവർസുരപുര
നളിനാക്ഷികളോഭുജംഗകന്യകളോ।
കളിയാൽസ്ത്രീവടിവാന്നൊരു
നളിനശരൻവിജയവൈജയന്തികളോ॥ (൪൨)

രാമൻ—(അത്ഭുതത്തോടുകൂടി) സ്നേഹിത! നോക്കു ഇവരുടെ നടുവിൽ-

* വ്യോമക്കാറേററുമിന്നൽക്കൊടിയൊരുവിധമ-
ക്കാറിൽനിന്നങ്ങുവേർപെ-
ട്ടീമന്നേൽവീണുരൂപത്തൊടുകിസലയത-
ല്പത്തിൽവാഴുന്നനൂനം।
അല്ലെങ്കിൽ
ശ്രീമൂക്കണ്ണൻെറകോപാഗ്നിയിൽനിജകണവൻ
വെന്തുമൂലംവിയോഗാൽ
വ്യമെയ്യേററംചടച്ചിട്ടിവിടെരതികഴിക്കുന്നുവോ
കാലമിപ്പോൾ॥ (൪൩)

കരാളൻ—സ്നേഹിത! ഞാൻ കാണുന്നുണ്ട.

* ക്ഷീണിച്ചങ്ങലസത്വമാന്നതനുവുംപേടിച്ചനോട്ടങ്ങളും
കാണുമ്പോൾബിസമെന്നപോലെവിളറീട്ടുള്ളോരുഗണ്ഡങ്ങളും।
ഏണാക്ഷീമണിതൻകഠോരതവെടിഞ്ഞീടുംകുചദ്വന്ദ്വവും
കാണിക്കുന്നുനമുക്കുകോമളതയാൽകാമൻെറകയ്യൂക്കിനെ॥ (൪൪)

മാരീചൻ—(സന്തോഷത്തോടുകൂടി) ഇപ്പോളിവിടെ ഈ കാശ്യപനോടുകൂടി ക്ഷത്രിയക്കുട്ടി മാരീചൻെറ മായാവലയിലകപ്പെട്ടു നിശ്ചയം.

* അതിനാലദ്യസൌമിത്രി
ഹതനായകരാളനാൽ।
അതിമാൽവന്നതിവരെ
ചതിയിൽകൊന്നുകററുവൻ॥ (൪൫)

(എന്ന പിന്നെയും ധ്യാനം നടിക്കുന്നു.)

രാമൻ—ഇതു പൂൎവ്വസ്ഥിതിയിലല്ലാതെ വേറെ വിധമായി കാണപ്പെടുന്നു. എന്തുകൊണ്ടെന്നാൽ-

* ഒട്ടുംഭാജനസംസ്ഥമാംതയിർകുടിക്കുന്നില്ലഹോശാരികാ
തട്ടിൽക്കുട്ടിയബീജമിക്കിളിമടിച്ചീടുന്നുഭക്ഷിക്കുവാൻ।
വിട്ടുംനല്ലമൃണാളകന്ദമകലെപ്പാൎക്കുന്നുചെന്നന്നവും
മട്ടോലുംമൊഴിദുഃഖമോൎത്തുസുഖമത്തിയ്യുകൾക്കുംധ്രുവം॥ (൪൬)

കരാളൻ—[ആത്മഗതം] ഇപ്പോൾ മനസ്സിലായി മാരീചൻെറ മായാപ്രയോഗമാണെന്നു. [പ്രകാശം] സ്നേഹിത! വിശ്വാമിത്രാശ്രമത്തിൻെറ സമീപപ്രദേശമായതുകൊണ്ടു ഇവൾ ജാനകിയായിരിക്കാം.

രാമൻ—[ആത്മഗതം] ഇത ചേച്ചയായിരിക്കുന്ന അവളുടെ അവസ്ഥ ഇപ്രകാരമാണെന്നല്ലെ കാശ്യപൻപറഞ്ഞത.[പ്രകാശം] ഉണ്ടാവാൻ സംഗതിയില്ലാത്ത കാൎയ്യത്തെ എന്തിന്ന പറയുന്നു.

(അനന്തരം കാശ്യപൻ പ്രവേശിക്കുന്നു.)

കാശ്യപൻ—

* ഉദാരസുഗശരീരമാംരഘുവരന്റെ ചിത്തദത്തഞാൻ
വിദേഹനൃപകന്യയിൽസപദിപിംഗളൻമൂലമായ് ।
സദാസ്ഥിരമമന്ദ്രിനേൻഗുരുതടസ്ഥനാംകൌശികൻ
തദാജ്ഞയതുമാദരാലൊരുവധംനിവൃത്തിച്ചുഞാൻ॥ (൪൭)

(ആലോചിച്ച) നായാട്ടിന്ന ചെന്നിരിക്കുന്ന രാമന്റെ വൎത്തമാനത്തെ അറിഞ്ഞില്ലല്ലൊ. അതുകൊണ്ടല്ലെ മറൊരു ദിക്കിലന്വേഷിപ്പാൻ പോയ പിംഗളൻ എന്നെ വേർ പെട്ടത. ഇരിക്കട്ടെ മുമ്പെ ചെന്നിട്ടില്ലാത്ത ഈ മാകന്ദവനത്തിൽ പ്രവേശിച്ച അന്വേഷിക്കാം. (എന്ന ചുററി നടക്കുന്നു)

കരാളൻ—(കാശ്യപനെ കണ്ടിട്ട സന്തോഷത്തോട്ടു കൂടി) [ആത്മഗതം] കാശ്യപവേഷം ധരിച്ചിരിക്കുന്ന ഈ മാരീചനല്ലെ രാമന്ന ഈ മായാപ്രയോഗത്തെ കാണിച്ചു കൊടുക്കുന്നത. [പ്രകാശം] സ്നേഹിത! ഉണ്ടാവാൻ സംഗതിയില്ലാത്ത കാൎയ്യമെന്ന പറയുന്നതെന്താണ? സീതാവൃത്താന്തത്തെ അറിയുന്ന കാശ്യപൻ ഇതാ കാണപ്പെടുന്നു. ഞാൻ അങ്ങയുടെ സമീപത്തിൽ അദ്ദേഹത്തിനെ കൂട്ടിക്കൊണ്ടു വരാം. (എന്ന പോയി)

രാമൻ—(ദീൎഘശ്വാസം വിട്ട)

* കുശികതനയശിഷ്യൻകാശ്യപൻമന്മഥാൎത്ത്യാ
കൃശതരതനുവാമിക്കന്യതാൻസീതയെന്ന ।
വിശദമതുള്ളമേതോന്നില്ലെയോയെന്നുചിത്തേ
ഭൃശമിഹപറിതാപാൽസൌഖ്യമില്ലപ്പുവുംമേ॥ (൪൮)

മാരീചൻ—പിംഗളവേഷം ധരിച്ചിരുന്ന ആ കാശ്യപൻ രാമനെ വിട്ട ദൂരത്തു പോയൊ, എന്നാൽ ഞാൻ നിശ്ചയിച്ചിരുന്ന പോലെ അവന്റെ രൂപത്തെ ധരിച്ച ക്രമത്തിലവന്റെ ചേഷ്ടിതങ്ങളെ പ്രകാശിപ്പിക്കാം. (എന്ന ധ്യാനം നടിക്കുന്നു)

സീതാ—* എന്നുടെതാപംപോയി-
ല്ലിന്നിശ്ശിശിരോപചാരമതുകൊണ്ടും ।
നന്നായ്മഴകൊണ്ടെങ്ങിനെ
വന്നിടുംപകലിലാമ്പലെക്കുസുഖം?॥ (൪൯)

(എന്ന കരയുന്നു)

രാമൻ—ഹെ: ഇതെന്താണ!

* പുത്തൻനൽസുധയെന്നപോൽമധുരമാസ്വിണാനിനാദത്തിനോ-
ടൊത്തുള്ളോരലസാക്ഷികണ്ണമതിൽനിന്നുണ്ടാകുമീഭാഷിതം ।
എത്തുമ്പോൾമമകാതിചാശ്രുഹൃദയേമോഹംവളൎക്കുന്നിതി-
ന്നത്യന്തംമധുവെക്കുടിക്കിലതിനാലുണ്ടാംമദംപോലഹോ॥ (൫൦)

(അനന്തരം മാരീചൻ കാശ്യപവേഷം ധരിച്ചു പ്രവേശിക്കുന്നു.)

മാരീചൻ—ഞാനിപ്പോൾ സമീപത്തിൽ ചെല്ലട്ടെ. [ആത്മഗതം] പിംഗളവേഷം ധരിച്ചിരുന്ന കാശ്യപൻ പോയിരിക്കുന്ന ഈ സമയത്തിൽ കപടത്താൽ രാമനെ സംഹരിക്കാം.

(എന്നു വിചാരിച്ചുകൊണ്ടു ചുററി നടക്കുന്നു.)

രാമൻ—ആശ്ചൎയ്യം! സൌന്ദൎയ്യത്തെ അനുസരിച്ചിരിക്കുന്നു വാക്കു, അതിനെ അനുസരിച്ചിരിക്കുന്നു സൌന്ദൎയ്യവും.

എങ്ങിനെയെന്നാൽ-

* മണ്ടുംഭൂരത്തിലിന്നാൻമിഴിയുടെനയനംകാണ്കിലക്കാമബാണം
കണ്ടാൽകൊങ്കത്തടത്തെക്കനകകമലമൊട്ടിങ്കലാക്കുള്ളമോദം ।
വണ്ടുംകണ്ടാലൊളിക്കുംകുറുനിരയെജഗന്മോഹനാത്മംസ്മരൻതാ-
നുണ്ടാക്കീട്ടുള്ളമായാതരുണിമണിയിതെന്നിങ്ങുതോന്നുന്നുചിത്തേ॥()

മാരീചൻ—(ചിരിച്ചു) [ആത്മഗതം] "മാരീചനുണ്ടാക്കീട്ടുള്ള മായാതരുണി" എന്നാണ പറയേണ്ടത.

രാമൻ—(നോക്കീട്ടു) കാശ്യപനിതാ വരുന്നു. എന്നാൽ ഇദ്ദേഹത്തെ കാണ്മാൻ എന്റെ മനസ്സു ലജ്ജിക്കുന്നു.

(എന്നു മുഖം താഴ്ത്തുന്നു)

മാരീചൻ—[ആത്മഗതം] ഇവനല്ലെ താടകാ വധം ചെയ്ത മഹാ പാപിയായ ക്ഷത്രിയക്കുട്ടി.

* പാപീ ചേതസി പൂൎണ്ണധൈൎയ്യമതിനാൽദുൎദ്ധൎഷനായേററവും
രൂപംപൂണ്ടൊരുവീരമാകിയരസംപോൽഗൎവ്വമുള്ളോരിവൻ ।
രൂപംകൊണ്ടിഹകണ്ണുകൾക്കമൃതമാമെന്നാലുമെന്നക്ഷിയിൽ
ദീപജ്വാലകലൎന്നിയുള്ളമിഴിയിൽപോലേററമേകുന്നമാൽ॥ (൫൨)

ഇവനെ എപ്പോഴാണ അഗ്നിയിൽ ചാടിപ്പാനിടവരുന്നത. (അടുത്തുചെന്നു) [പ്രകാശം] കുമാരനായ രാമഭദ്രൻ വിജയിയായി ഭവിക്കട്ടെ.

രാമൻ—(മുഖംപൊക്കീട്ടു) എന്താഹെ: കാശ്യപനാകുന്നുവൊ

മാരീചൻ—(ശങ്കയോടുകൂടി) [ആത്മഗതം] എന്റെ കപടം ഇവന്നു മനസ്സിലായിരിക്കുമൊ (ആലോചിച്ചു) അതുണ്ടാകയില്ല

എന്നാൽ എന്നെ പരമാൎത്ഥ കാശ്യപനാണെന്നു വിചാരിച്ചു "പിംഗളരൂപം ത്യജിച്ചു പിന്നെ സ്വരൂപത്തെ ധരിച്ചതെന്തിനു" എന്നു ചോദിക്കുകയാണെന്നു തോന്നുന്നു. ഇരിക്കട്ടെ ഇങ്ങിനെ പറയാം. [പ്രകാശം] ഞാൻ കപടമില്ലാത്ത മഹൎഷി ശിഷ്യനല്ലെ.

രാമൻ—[ആത്മഗതം] ഇദ്ദേഹത്തെ പിംഗളൻ കണ്ടിരിക്കും നിശ്ചയം, എന്തുകൊണ്ടെന്നാൽ ഇദ്ദേഹത്തിന്റെ ഈ വാക്കുകൊണ്ടു ഇവൾ സീത തന്നെ എന്നു അറിയിക്കപ്പെടുന്നു. [പ്രകാശം] ഇവൾ തന്നെയൊ സീതാ?

മാരീചൻ—[ആത്മഗതം] പിംഗളവേഷം ധരിച്ചിരുന്നവൻ കാശ്യപനല്ല, അതുകൊണ്ടുതന്നെയാണ ഇവൻ "നീ കപടമില്ലാത്തവനാണെങ്കിൽ എങ്ങിനെ പിംഗളവേഷം ധരിച്ചു"? എന്നു ചോദിക്കാഞ്ഞത. [പ്രകാശം] ആ സീത തന്നെയാണിവൾ.

രാമൻ—(സന്തോഷത്തോടുകൂടി) [ആത്മഗതം] മനസ്സെ! നീ കൃതാൎത്ഥമായി കൃതാൎത്ഥമായി. [പ്രകാശം] സ്നേഹിത! ഇവളെക്കുറിച്ചു പിംഗളനും ഇങ്ങിനെതന്നെ പറഞ്ഞു.

മാരീചൻ—[ആത്മഗതം] അവൻ പരമാൎത്ഥ പിംഗളൻ തന്നെയാണ, കരാളനെ ലക്ഷ്മണൻ കൊന്നിരിക്കും നിശ്ചയം. ഇനി ഞാനെന്തു ചെയ്യേണ്ടു. [പ്രകാശം] പിംഗളൻ എവിടെ പോയി?

രാമൻ—[ആത്മഗതം] പിംഗളൻ ഇദ്ദേഹത്തിനെ കണ്ടു സംസാരിച്ചിട്ടില്ല നിശ്ചയം, ഇതെങ്ങിനെ [പ്രകാശം] അങ്ങിതാ വരുന്നു എന്നു എതിരേല്ക്കുവാൻ പോയി, അവനെ മുമ്പേത്തെപ്പോലെ കാട്ടാന പിടിച്ചിരിക്കുമൊ?

മാരീചൻ—(സന്തോഷത്തോടുകൂടി) [ആത്മഗതം] പിംഗളന്റെ വേഷം ധരിച്ചിരുന്നത കരാളൻ തന്നെ. ഞാൻ അകാരണമായിട്ടു സംഭ്രമിച്ചു. [പ്രകാശം] ഈ മാകന്ദവനത്തിലവനെ ഞാൻ കണ്ടില്ലെല്ലൊ. (എന്നു ധ്യാനം നടിക്കുന്നു)

കാശ്യപൻ—(മുൻഭാഗത്തു കുറെ ദൂരത്തിൽ നോക്കീട്ടു) ചില സഖികളാൽ ചൂഴപ്പെട്ടിരിക്കുന്ന ജാനകി ഇവിടെ പല്ലവതല്പത്തിൽ കിടന്നുകൊണ്ടു ശീതോപചാരങ്ങളാൽ തന്റെ മന്മഥതാപത്തെ കളയുന്നുവൊ? ആശ്ചൎയ്യം! ഇതെങ്ങിനെ, അവൾ ഇവിടെനിന്നു അര യോജന ദൂരമുള്ള വിശ്വാമിത്രാശ്രമത്തിലാണെല്ലൊ വസിക്കുന്നത. എന്നാലിവൾ സീതയോടു തുല്യ രൂപമുള്ള മറ്റൊരു സ്ത്രീയായിരിക്കാം, (പിന്നെ പിൻഭാഗത്തു നോക്കീട്ടു ഭയത്തോടുകൂടി) അഹോ: കഷ്ടം! വലുതായ കുഴിയിൽ ഉണങ്ങിയ വിറകുകളിട്ടു

ജ്വലിപ്പിക്കപ്പെട്ടഅഗ്നി കനലായിട്ടും അരികിലുള്ള വലിയ കല്ലി നാൽ മറയ്ക്കപ്പെട്ടും കാണപ്പെടുന്നു. അതിനാൽ ഞാൻ വിചാരി ക്കുന്നു വിരഹതാപാധിക്യത്തെ സഹിപ്പാൻ വഹിയാത്ത ഈ കന്യ ക തനിക്കു ചാടുവാനായിട്ട ഈ അഗ്നിയെ തയ്യാറാക്കിയതാണെന്നു, ഇരിക്കട്ടെ പിംഗളൻ വരികയൊ രാമനെ കാണുകയൊ ചെയ്യുന്ന തുവരെ ഞാൻ ഇവിടെ വൃക്ഷത്തിൽ മറഞ്ഞു നിന്നുതന്നെ നോക്കാം

(എന്നു നോക്കിക്കൊണ്ടു നില്ക്കുന്നു)

(അനന്തരം പിംഗളൻ പ്രവേശിക്കുന്നു.)

പിംഗളൻ—നായാട്ടിന്നൊരുമ്പെട്ട സ്നേഹിതനെ ഇപ്പോളെ വിടെ കാണും. (നാലു ഭാഗത്തും നോക്കീട്ട സന്തോഷത്തോടുകൂടി)

*ബാണംകൊണ്ടുപിളൎന്നപന്നികരടിവ്യാഘ്രാദിയിൻചോരയാൽ
കാണിക്കപ്പെട്ടമെൻസഖാരഘുവരൻചെന്നോരുമാൎഗ്ഗേണഞാൻ।
ക്ഷീണംപൂണ്ടൊരുകാട്ടിൽനിന്നുമറുകാട്ടിൽപുക്കനേരത്തിതാ
കാണാകുന്നിതിനിക്കുകാശ്യപനെമൽഭാഗ്യത്തിനാൽസാമ്പ്രതം॥൫൭

അതുകൊണ്ട എൻെറ സ്നേഹിതനും ഇവിടെ തന്നെ ഉണ്ടാ യിരിക്കും, വസന്ത കാലത്തോട്ട വേർപെട്ട മന്ദമാരുതൻ സഞ്ചരി ക്കുമാറില്ലല്ലൊ; ഭാഗ്യത്താലിതാ കാശ്യപൻെറ സമീപത്തിൽ തന്നെ-

* പാണൌശരംവില്ലുമെടുത്തുതോളിൽ
തൂണീരവുംപൂണ്ടിഹമഞ്ജുവട്ടിൽ।
കാണുന്നുദൎപ്പാദിമുമൊത്തകാന്ത്യാ
വാണീട്ടമീരാമനെഞാനിദാനീം॥ (൫൮)

(എന്നു സമീപത്തിൽ ചെല്ലുന്നു).

മാരിചൻ—(കണ്ടിട്ട) [ആത്മഗതം] പിംഗള വേഷം ധരി ച്ച കരാളനിതാ വരുന്നു. [പ്രകാശം] സ്നേഹിത! പിംഗളനിതാ വന്നിരിക്കുന്നു.

രാമൻ—(നോക്കീട്ട) സഖെ! പിംഗള! അങ്ങു പറഞ്ഞത ശ രിയാണെന്നു തന്നെ ഞാനിപ്പോഴും വിചാരിക്കുന്നു.

പിംഗളൻ—[ആത്മഗതം] എന്താണിദ്ദേഹം അകാരണമാ യിട്ടിങ്ങിനെ എന്നോട്ട പറയുന്നത, [പ്രകാശം] സ്നേഹിത! അങ്ങെ യുടെ വാക്കിൻെറ അൎത്ഥം ഇനിക്കു മനസ്സിലായില്ല.

മാരിചൻ—(പിംഗളനെ ആലിംഗനം ചെയ്തു) [സ്വകാൎയ്യമാ യിട്ട] കരാള! ഭാഗ്യത്താൽ ഞാൻ നിന്നെ ജീവനോട്ട കൂടി കാണു ന്നു, എന്തുകൊണ്ടെന്നാൽ ഇതുവരേയും പിംഗളവേഷം ധരിച്ചത

കാശ്യപനാണെന്നും നിന്നെ ലക്ഷ്മണൻെറ അമോഘമായ ബാണം കൊന്നിരിക്കുമെന്നും ശങ്കിച്ചിട്ട എൻെറ മനസ്സ സഹിപ്പാൻ പാടില്ലാത്ത വ്യസനത്തിൽ മുങ്ങിയിരുന്നു.

പിംഗളൻ—(ചിരിച്ച) [ആത്മഗതം] കാശ്യപനും രാമനെക്കാൾ അസംബന്ധം പറഞ്ഞു തുടങ്ങിയൊ [പ്രകാശം] അങ്ങ എന്താണ പറഞ്ഞത? ഒരിക്കൽ കൂടി പറയു.

(മാരീചൻ ഭയപ്പെട്ട കൊണ്ട നില്ക്കുന്നു).

രാമൻ—സഖേ പിംഗള! ഞാൻ ഈ സ്ത്രീയെ ഉദ്ദേശിച്ചാണ പറയുന്നത. (എന്ന പിഥിയം കൊണ്ടു കാണിച്ച കൊടുക്കുന്നു).

പിംഗളൻ—[ആത്മഗതം] ഇവൾ സീതയാണൊ വിരഹതാപത്താൽ പല്ലവമെത്തയിൽ കിടന്നു കൊണ്ടും സഖികളാലാദരിക്കപ്പെട്ടും വൃക്ഷങ്ങളുടെ ഇടയിൽ കൂടി കാണപ്പെടുന്നു, അതുകൊണ്ട ഇവൾ ഇപ്രകാരമുള്ള സ്ഥിതിയിലായിരിക്കുന്നു എന്ന ഞാൻ മുമ്പെ പറഞ്ഞിട്ടുള്ളതിനെ സ്നേഹിതൻ ഇനിക്ക ഓൎമ്മപ്പെടുത്തിയതാണ. (ആലോചിച്ച) ആശ്ചൎയ്യം! ഇതെങ്ങിനെ, അവൾ അരയോജന ദൂരമുള്ള വിശ്വാമിത്രാശ്രമത്തിലല്ലെ വസിക്കുന്നത.

(എന്ന അത്ഭുതപ്പെട്ട നോക്കിക്കൊണ്ടു നില്ക്കുന്നു).

മാരീചൻ—[ആത്മഗതം] ഇവൻ കരാളനല്ല പരമാൎത്ഥ പിംഗളൻ തന്നെ കഷ്ടം! കഷ്ടം!

* മുന്നംകരാളനെക്രൂരൻ
കൊന്നുലക്ഷ്മണനെന്നുഞാൻ ।
എന്നുള്ളിലാശുശങ്കിച്ചേ
നിന്നേരമതുതീൎച്ചയായ് ॥ (൧൭)

അല്ലെങ്കിൽ കരാളൻ പിംഗളവേഷം ധരിച്ച വല്ലേടത്തും ചെന്നിട്ടുണ്ടായിരിക്കാം, ഇരിക്കട്ടെ ഇപ്പോൾ വ്യസനിപ്പാൻ സമയമല്ല, മായയാൽ രാമൻെറ കഥ കഴിക്കേണമെല്ലൊ [പ്രകാശം] സ്നേഹിത! കരയുന്ന ഈ സുന്ദരിയെ നോക്കു.

രാമൻ—ഞാൻ കാണുന്നുണ്ട.

* വക്ത്രേന്ദുപീയൂഷകണങ്ങളായും
നേത്രാബ്ജതേന്തുള്ളികളായുമുള്ള ।
ധാത്രീസുതാബാഷ്പകണങ്ങൾകണ്ട
മാത്രത്തിലെൻഹൃത്തുരുകുന്നുകഷ്ടം ॥ (൧൮)

(മാരീചൻ ധ്യാനം നടിക്കുന്നു)

ഒരു സഖി—* അന്നതിസുഖമല്ലല്ലിനി
ക്കെന്നതുപോൽജാനകിക്കുവന്നീടും ।
എന്നുകരത്താൽതൊട്ടമോ
നന്നായിട്ടിന്ദുപോലെദാശരഥി ॥ (൫൬)

രാമൻ— * ക്ഷിതിമകൾസഖിതന്റെ ചാരുവാംവാ
ക്കിതുപുളകത്തെവളത്തിട്ടുന്നിതെൻമേൽ ।
പുതുമഴസലിലംകദംബവൃക്ഷ
ട്ടതിൽമുകുളത്തെവളത്തിടുന്നപോലെ ॥ (൫൭)

പിംഗളൻ—(ആലോചിച്ച്) [ആത്മഗതം] ഇവൻ കാശ്യപ നല്ല, എന്നാൽ ഞാനിങ്ങിനെ വിചാരിക്കുന്നു,

* പൊയ്യല്ലതാടകയെയാശ്രൂഹനിച്ചമൂല
മിയ്യാളരക്കനതിമായിനിറഞ്ഞകോപാൽ ।
പൊയ്യായജാനകിയെയിങ്ങിനെകാട്ടിയെന്തോ
ചെയ്യുന്നതിന്നുതുനിയുന്നരഘൂത്തമങ്കൽ ॥ (൫൮)

അതുകൊണ്ടു തന്നെ യാണ ഇവൻ അസംബന്ധമായിട്ടെന്തോ അല്പം പറഞ്ഞ പിന്നെ ചോദിച്ചിട്ടും പറയാതിരിക്കുന്നത എന്നുമാത്രമല്ല ഭയത്താലിളകുന്ന നേത്രങ്ങൾ കൊണ്ടു നോക്കുകയും ചെയ്യുന്നു, അതിനാലിങ്ങിനെ പറയാം [പ്രകാശം] സ്നേഹിത! രാമഭദ്ര! ഇവൾ സീതയല്ല, ഇവർ അവളുടെ സഖികളുമല്ല, ഈ കാട്ടിൽ അവർ വരുന്നതിന്ന സംഗതിയുമില്ല, എന്നാലിത മായയാണെന്നിനിക്കുതോന്നുന്നു.

രാമൻ—[ആത്മഗതം] ഇവന്റെ വാക്ക പൂർവ്വാപരവിരുദ്ധമായിരിക്കുന്നുവെല്ലൊ, ഇവൻ "സീതയാണിവൾ" എന്ന ഉറപ്പായി പറഞ്ഞ സീതാവൃത്താന്തം അറിവുള്ള കാശ്യപനെക്കൂട്ടി കൊണ്ടു വരുവാനല്ലെ പോയത, സഖീ ജനസഹിതയായിരിക്കുന്ന ഈ ജാനകി എങ്ങിനെ മായയായിട്ട ഭവിക്കും? [പ്രകാശം] കാശ്യപ! പിംഗളന്റെ വാക്കിനെ കേട്ടില്ലെ ?

മാരീചൻ—(രാമനോട) [സ്വകാൎയ്യമായിട്ട]

* സുന്ദന്റെഭാൎയ്യയെഹനിച്ചഭവാനെവേഗം
കൊന്നീടുവാൻകപടപിംഗളനായിവന്നും ।
വന്നന്യദിക്കിലഥ കൊണ്ടു ഗമിപ്പതിന്നാ-
യുന്നുന്നരക്കനിവനെന്നുനിനച്ചിടുന്നേൻ ॥ (൬൦)

രാമൻ—അങ്ങ പറഞ്ഞത ശരിയാണ, പിംഗളനിവിടെ വന്നാൽ പിന്നെ ഇവന്ന ഗതിയെന്താണ?

മാരീചൻ—താടകയ്ക്കും സുബാഹുവിന്നും എന്തു ഗതി ഭവിച്ച്വൊ അതു തന്നെ.

രാമൻ—അതങ്ങിനെ തന്നെ.

പിംഗളൻ—[ആത്മഗതം] ഇവൻ കാശ്യപനാണെന്നു വിചാരിച്ച സ്നേഹിതൻ ഇവൻെറ വാക്കുകളെ കേൾക്കുന്നു [പ്രകാശം] സ്നേഹിത! എന്നെ കൂടാതെ അങ്ങ് എങ്ങിനെ ഇവൻെറ വാക്കുകളെ കേൾക്കുന്നു.

രാമൻ—(പിരിയം ഇളക്കിക്കൊണ്ട) സ്വകാൎയ്യ വാക്കുകളെ രാക്ഷസനെയും അറിയിക്കുമാറുണ്ടൊ?

പിംഗളൻ—(ഭയത്തോടും വ്യസനത്തോടും കൂടി) [ആത്മഗതം] ഇദ്ദേഹം എന്നെ അന്യനാണെന്നു മാത്രമല്ല രാക്ഷസനാണെന്നുകൂടി വിചാരിക്കുന്നു, കാശ്യപരൂപം ധരിച്ച കൎണ്ണത്തിലുപദേശിക്കുന്ന ഈ രാക്ഷസനാൽ ഞാൻ ഹതനായി കഷ്ടം! [പ്രകാശം] സ്നേഹിത! ഈയുള്ളവൻെറ പരമാൎത്ഥത്തെ പരിശോധിക്കണെ.

(എന്നു മുഖം വാടിക്കൊണ്ടു നില്ക്കുന്നു)

(മാരീചൻ ധ്യാനം നടിക്കുന്നു.)

സീതാ—ഭാഗ്യഹീനയായ ഇനിക്കു അതു ദുൎല്ലഭമാണെല്ലൊ.

രാമൻ—

* നല്ലോരുജ്വലകാന്തിയോടുപടതല്ലീടുന്ന നിൻകണ്ണന-
ത്തെല്ലാൽകാമശരാൎത്തിപൂണ്ടുവലയുന്നെന്നെക്കടാക്ഷിക്കുകിൽ ।
അല്ലിത്താർമുകുളത്തിനൊത്തമുലകൊണ്ടേററംവിളങ്ങുംനിന-
ക്കില്ലൊട്ടുംതടവിന്നുമൽകരതലസ്പൎശംലഭിച്ചീടുവാൻ॥ (നൃഹ)

മാരീചൻ—[ആത്മഗതം] ഇവന്നു ഇവളിലനുരാഗം ഉറപ്പായിരിക്കുന്നു. അതുകൊണ്ട എളുപ്പത്തിലെൻെറ അഭീഷ്ടം സാധിക്കാം. [പ്രകാശം] സ്നേഹിത! സീതയുടെ ആഗ്രഹത്തെ അങ്ങ സാധിപ്പിക്കേണ്ടതാണ.

രാമൻ—സ്നേഹിത! കേൾക്കു.

*ഇക്കാട്ടിൽകണ്ടനാരീ (ആശ്ചൎയ്യത്തോടുകൂടി)
മമദയിതയതാംസീതയായ്വന്നുവെന്നാ-
ലിക്കാർവേണിക്കുകാമജ്വരവുമധിക-(സന്തോഷാനുരാഗങ്ങളോടുകൂടി
മെൻമൂലമായുത്ഭവിച്ചു ।
ഇക്കാലംതൽപ്രശാന്തിക്കൊരുവഴി (രോമാഞ്ചത്തെ അഭിനയിച്ചു)
മമസംസ്പൎശമെന്നുംശ്രവിച്ചേൻ
തക്കംനന്നെങ്കിലുംമേഹൃദിഭയമിതിനിസ്ത്രീയെവേൾക്കായ്കമൂലം ന്നഃ

(മാരീചൻ ധ്യാനം നടിക്കുന്നു.)

മറെറാരു സഖി—എങ്ങിനെ ദുല്ലഭമാകും വിശ്വാമിത്രമഹഷി നിന്റെ വല്ലഭനായിരിക്കുന്ന അദ്ദേഹത്തിനെ വേഗം കൂട്ടിക്കൊണ്ടു വരുമെല്ലൊ.

രാമൻ—ഈ സംഗതി പിംഗളൻ പറഞ്ഞ ഞാൻ കേട്ടിട്ടുണ്ട.

പിംഗളൻ—മായാവിലാസത്തിന്റെ അന്യോന്യമുള്ള സംബന്ധം അത്ഭുതമായിരിക്കുന്നു—

മാരീചൻ—സ്നേഹിത! ഇവന്റെ വാക്കിനെ കേട്ടില്ലെ?

രാമൻ—കാശ്യപ! ഇവന്റെ വാക്കിനെ കേൾക്കേണ്ട.

കാശ്യപൻ— സത്യമായി സീതയുടെ സഖികൾ തന്നെ അന്യോന്യം സംസാരിക്കുന്നു.

പിംഗളൻ—എന്നാൽ എന്റെ ഹൃദയം ഒട്ടും വിശ്വസിക്കുന്നില്ല.

(മാരീചൻ ധ്യാനം നടിക്കുന്നു.)

ഒരു സഖി—തോഴി! ഇരിക്കട്ടെ. ഇവളെ രാവണനും ചോദിക്കുന്നു, അതിനാലാണ ഇവൾക്ക ഇത്ര മനോദുഃഖം.

കാശ്യപൻ—ഇതൊരു പൊളിയാണ. എന്തുകൊണ്ടെന്നാൽ ഇതുവരെയും രാവണൻ ജനക മഹാരാജാവിനോട സീതയെ ചോദിച്ചിട്ടില്ല.

രാമൻ—രാവണനും ചോദിക്കുന്നു എന്നത നിന്ദ്യമായിരിക്കുന്നു

പിംഗളൻ—[ആത്മഗതം] ഇത യോജിക്കുന്നില്ല എന്നാൽ ഇതിനെ സ്നേഹിതനോട്ട പറവാൻ ഇനിക്ക പ്രയാസമാണെ എന്തുകൊണ്ടെന്നാൽ ഇദ്ദേഹത്തിനു കൂടി ഞാൻ രാക്ഷസനായിട്ടു തന്നിരിക്കുന്നു. [പ്രകാശം] ഈയുള്ളവന്റെ പരമാത്ഥത്തെ പരിശോധിക്കണെ.

രാമൻ—(കേൾക്കാത്ത വിധം നടിച്ചു) രാവണനും ചോദിക്കുന്നു എന്നത നിന്ദ്യമായിരിക്കുന്നു (എന്ന പിന്നെയും പറയുന്നു).

മാരീചൻ—അതുകൊണ്ട ദോഷമെന്തുള്ളു? സ്വതന്ത്രനായിട്ടുള്ളവന്നും ഒരു ദിക്കിൽ തടസ്ഥമുണ്ടായെക്കാം.

സീതാ—(കണ്ണീരോടുകൂടി) എന്നെ രാവണനും ചോദിക്കുന്നുണ്ടൊ, എന്നാൽ അച്ഛൻ എന്നെ കൊടുത്തുവെങ്കിൽ ഞാൻ വിഷം കുടിക്കും അല്ലെങ്കിൽ അഗ്നി പ്രവേശം ചെയ്യും.

രാമൻ (ആനന്ദത്തോടും അനുശയത്തോടും കൂടി)

* കൊതിതരുണിതന്നിൽതാ
നതിയായന്യങ്കലില്ലതെല്ലമഹൊ!
അതിനാലാകൎഷിക്ക
നിത്തുമതിമുഖിയെന്റെമാനസംപ്രേമ്ണാ॥

(എന്ന നോക്കികൊണ്ടു നില്ക്കുന്നു.)

കാശ്യപൻ—(കരാളനെകണ്ടിട്ട സന്തോഷത്തോടുകൂടി) ഇതാ പിംഗളൻ എൻെറ സമീപത്തു വരുന്നു. എടൊ! പറയു! നായാട്ടിന്നു ചെന്ന രാമഭദ്രനെ കണ്ടുകിട്ടിയൊ?

(കരാളൻ പ്രവേശിച്ച) കണ്ടുകിട്ടുക മാത്രമല്ല അങ്ങുപദേശിച്ച തന്നവഴിക്ക അവനെ മറെറാരു കാട്ടിൽനിന്ന ഈ കാട്ടിൽ കൊണ്ടുവരികയും ചെയ്തു. എന്നാൽ അല്പനേരം അങ്ങെ കാണായ്കയാൽ വിശ്വാമിത്രൻ ലക്ഷ്മണനെകൊണ്ടെ അങ്ങെ കൊല്ലിച്ചിരിക്കും എന്നശങ്കിച്ച എൻെറമനസ്സ എങ്ങിനെയായിത്തീൎന്നുഎന്ന ഞാനറിയുന്നില്ല.

കാശ്യപൻ—(ആലോചിച്ച) [ആത്മഗതം] പിംഗളവേഷം ധരിച്ചിരിക്കുന്ന ഇവനാരാണ? ലക്ഷ്മണൻെറ ശത്രുക്കളിലൊരുവനായ ഇവൻ എന്നെയും തൻെറ വകക്കാരിൽ ഒരുവനാണെന്ന ധരിച്ചിരിക്കുന്നു, എൻെറ വേഷത്തെ ധരിച്ചിരിക്കുന്നതാരായിരിക്കാം? ഇരിക്കട്ടെ മനസ്സിലാക്കാം [പ്രകാശം] രാമഭദ്രനിപ്പോൾ എവിടെയിരിക്കുന്നു.

കരാളൻ—[ആത്മഗതം] ഇദ്ദേഹം രാമൻെറമേൽ മനസ്സ വെച്ചിരിക്കുന്നതു കൊണ്ടാണ എന്നെ ആശ്വസിപ്പിക്കാഞ്ഞത. [പ്രകാശം] സീതയെനോക്കിക്കൊണ്ടെ ഈ മാവിൻചുവട്ടിലിരിക്കുന്നു.

കാശ്യപൻ—ഇവൾ തന്നെയാണ സീതാ എന്ന നീ അറിയുന്നുണ്ടൊ?

കരാളൻ—(ചിരിച്ച) അങ്ങിനെ ഞാൻ പറയുന്നു എങ്കിലും അങ്ങയുടെ മായയാണെന്ന ഞാൻ അറിയുന്നുണ്ടെ.

* ചൊറുംവിദ്യുജ്ജിഹ്വൻ
മററും മയ നിന്ദ്രജിത്തുശംബരനും ।
പററില്ലാരുംതാടക
പെററഭവാനോടുമായകൊണ്ടോൎത്താൽ ॥ (൱൮)

കാശ്യപൻ—(ഉദ്വേഗത്തോടുകൂടി) [ആത്മഗതം] ഇവൻ മാരീചൻെറ അനുചരനായ ഒരുരാക്ഷസനായിരിക്കണം. മാരീചനും എൻെറ വേഷം ധരിച്ച ഒരു ദിക്കിലിരുന്ന മായയെ പ്രയോഗിക്കുന്നു എന്നിപ്പോൾ മനസ്സിലായി.

* കലചെയ്യുമഹോമാമി-
പ്പുലരുകെന്തുചെയ്യുഞാൻ ।
പുലിമുന്നിലകപ്പെട്ട
കലജീവിപ്പതെങ്ങിനെ? ॥ (൱൯)

(എന്ന മനസ്സുകൊണ്ടാലോചിച്ച മൂൎഛിക്കുന്നു)

കരാളൻ—ആശ്വസിക്കു, ആശ്വസിക്കു, മാതാവായ താടകയെ കുറിച്ചു വ്യസനിച്ചത മതി മതി, ക്ഷത്രിയക്കുട്ടിയുടെ പരാക്രമത്തെ വിചാരിച്ചതും മതി മതി (എന്ന ആശ്വസിപ്പിക്കുന്നു).

കാശ്യപൻ—(ആശ്വസിച്ച എഴുനീററ തൊഴുതുകൊണ്ടു)

* മാരീചനല്ലഞാൻസ്വാമിൻ
ഘോരരാക്ഷസ!നമോസ്തുതേ ।
തെല്ലെന്നിൽകൃപചെയ്യേണം
നല്ലകീർത്തിലഭിക്കനീ ॥ (൩൧)

കരാളൻ—ഇവൻ ബ്രാഹ്മണക്കുട്ടി തന്നെ യാണൊ, കഥയില്ലാത്ത ഞാൻ ഇവൻ മാരീചനാണെന്ന വിചാരിച്ചു അപ്രകാരം പറഞ്ഞു പോയി (വ്യസനത്തോടു കൂടി)

* മുന്നംമാരീചനെക്രൂരൻ
കൊന്നുലക്ഷ്മണനെന്നഞാൻ ।
എന്നുള്ളിലാശു ശങ്കിച്ചേ-
നിന്നേരമതുതീച്ചയായ് ॥ (൩൨)

അയ്യോ: അനേകമായാപ്രയോഗങ്ങൾ ശീലമുള്ള മാരീച! (എന്ന പകുതി പറഞ്ഞ) ഞാനിങ്ങിനെ കരഞ്ഞിട്ടു പ്രയോജനമെന്താണ, (കോപത്തോടും ഗർവ്വത്തോടും കൂടി) എട: എട: സുമിത്രാഗർഭത്തെ വഷളാക്കിയ ക്ഷത്രിയക്കുട്ടി! (എന്ന പറഞ്ഞ ആലോചിച്ചു) കഷ്ടം! എന്റെ ഈ കോപം അവനോടെങ്ങിനെ പറയും,

* രാമൻപോലതിബലവാൻ
സൌമിത്രിയുമങ്ങശക്യനിക്ഷിപ്പാൻ ।
ആമാരീചവധത്തിനു
നാമിവനെപ്പകരമിന്നുകൊന്നീടാം ॥ (൩൩)

(എന്ന കാശ്യപന്റെ കണ്ഠത്തെ പൊട്ടിക്കുവാൻ തുടങ്ങുന്നു)

(കാശ്യപൻ വേർപെടുത്തീട്ടു രാമനിരിക്കുന്ന മാവിൻചുവട്ടിലെക്കോടുന്നു).

(കരാളൻ കാശ്യപന്റെ പിറകെ ഓടുന്നു)

കാശ്യപൻ— * എന്നെക്കൊൽവാൻബലമൊടു
വന്നൊരുമാരീചസേവകനരക്കൻ ।
പിന്നിലടുക്കുന്നിതുചാ-
ഞ്ഞെന്നെപ്പാലിക്കരാമ!പാലിക്ക ॥ (൩൪)

രാമൻ—കാശ്യപൻ കരയുന്നപോലെ തോന്നുന്നു. സ്നേഹിത! ഭയപ്പെടേണ്ട ഭയപ്പെടേണ്ട (എന്ന അടുത്തു ചെല്ലുന്നു)

മാരീചൻ—സ്നേഹിത! കാശ്യപനായ ഞാനരികത്തില്ലെ? നോക്കു, ആര കരയുന്നതായിട്ടാണ അങ്ങ വിചാരിക്കുന്നത?

(കരാളൻ കാശ്യപനെ കടന്നോടി 'എന്നെക്കൊൽവാൻ' എന്ന ശ്ലോകത്തെ പറഞ്ഞുകൊണ്ട രാമനെ ആലിംഗനം ചെയ്യുന്നു)

രാമൻ—(മാരീചനോട) സ്നേഹിത! പിംഗളനിതാ വന്നു.

മാരീചൻ—(സന്തോഷത്തോടുകൂടി) [ആത്മഗതം] ഇവൻ തന്നെ കരാളൻ ഇവന്റെ പിന്നാലെ കാശ്യപൻ വരുന്നു. [പ്രകാശം] സ്നേഹിത! എന്റെ വേഷം ധരിച്ചിരിക്കുന്ന മാരീചനെ നോക്കു.

കാശ്യപൻ—സ്നേഹിത! രാമഭദ്ര! എന്റെ വേഷം ധരിച്ച, അങ്ങയുടെ സമീപത്തിൽ നില്ക്കുന്ന മാരീചനാണ മായകൊണ്ട സീതയെ കാണിച്ച അങ്ങെ ഭ്രമിപ്പിക്കുന്നത.

കരാളൻ—(സന്തോഷത്തോടുകൂടി) [ആത്മഗതം] ഭാഗ്യത്താൽ മാരീചൻ കാശ്യപവേഷം ധരിച്ചുകൊണ്ടിവിടെ ജീവിച്ചിരിക്കുന്നു. [പ്രകാശം] എന്റെ വേഷം ധരിച്ച മുഖം വാടി നില്ക്കുന്ന ഇവനാരാണ?

മാരീചൻ—ഇവൻ രാക്ഷസനാണെന്ന മുമ്പെതന്നെ സ്നേഹിതനും തീച്ചപ്പെടുത്തിയിരിക്കുന്നു.

പിംഗളൻ—(കാശ്യപന്റെ സമീപത്തിൽ ചെന്ന) സഖേ! കാശ്യപ! അങ്ങയുടെ വേഷം ധരിച്ചിരിക്കുന്ന ഈ മാരീചൻ സ്വകാൎയ്യമായിട്ട എന്നെ കരാള! എന്ന വിളിച്ചു. അതുകൊണ്ട എന്റെ വേഷം ധരിച്ച, രാമനെ ആലിംഗനം ചെയ്തിരിക്കുന്ന, ഇവൻ കരാളൻ തന്നെ.

രാമൻ—എന്തുകൊണ്ടാണ ഇവൻ കാശ്യപനെ മാരീചനെന്നും, സഖികളോടുകൂടിയ സീതയെ മായയെന്നും, ഈ പിംഗളനെ കരാളനെന്നും പറയുന്നത? ആശ്ചൎയ്യമാശ്ചൎയ്യം! !

* രണ്ടുപേർകാശ്യപന്മാരു
മുണ്ടുപിംഗളയുഗ്മവും।
രണ്ടാളെന്നിസ്തരിവരിൽ
രണ്ടാളിഹനിശാചരർ॥ (൬൦)

കരാളനും, മാരീചനും,—(പിംഗളനെയും, കാശ്യപനെയും, കുറിച്ച)

* ഇവർനിശിചരരാണിവരെ-
ജ്ജവമൊടുകൊൽവാൻസഖേ! ശ്രമിച്ചാലും।

(രാമൻ കോപത്തോടുകൂടി വില്ലിൽ ശരം തൊടുക്കുന്നു)

കാശ്യപൻ— *ആവതുമോക്ഷണമേതും
ചെവതിനിതുതാടകേയമായസഖേ!॥ (൬൧)

രാമൻ—[ആത്മഗതം] ഇതെങ്ങിനെ?

* എണ്ണുന്നേനിവർവാക്കിനാൽപ്രിയസഖന്മാരെന്നുഞാനല്പമാം
വണ്ണംമാമകമാനസത്തിലിവരെക്കാണുമ്പൊളുണ്ടീഷ്യയും।
തിണ്ണംരാക്ഷസരെന്നുഞാനെവരിലമ്പെയ്യാൻതുടങ്ങുന്നുവോ
കണ്ണേററംദയയോടുകൂടിയവരിൽചെല്ലുന്നുമേസാമ്പ്രതം॥ (വെ)

(എന്നു ആലോചിച്ചു നില്ക്കുന്നു)

മാരീചൻ—[ആത്മഗതം] ഇവനിവരിൽ ബാണത്തെ അയപ്പാൻ മടിക്കുന്നുവോ ഇരിക്കട്ടെ (എന്നു ധ്യാനം നടിക്കുന്നു)
(ഒരു സഖി സംഭ്രമത്തോടുകൂടി പൊടുന്നനവെ തിര നീക്കി പ്രവേശിച്ചു) നാമെല്ലാവരും നശിച്ചുപോയെല്ലൊ. നശിച്ചുപോയെല്ലൊ.

എല്ലാസ്ത്രീകളും—(സംഭ്രമിച്ചുകൊണ്ടു) തോഴി! പറയു, പറയു, നമുക്കെന്താണു അത്യാപത്തു വന്നതു?

സീതാ—(ഉദ്വേഗത്തോടു കൂടി മെത്തയിൽനിന്നു അല്പം എഴുനീററു) പറയു, പറയു, എന്റെ ഹൃദയം ഉന്മൂലനം ചെയ്യപ്പെട്ടതു പോലെയിരിക്കുന്നു.

വന്ന സഖി—അയ്യോ! നാമെല്ലാവരും നശിച്ചു പോയെല്ലൊ ആ അപ്രിയത്തെ ഞാനെങ്ങിനെ പറയേണ്ടു?

എല്ലാസ്ത്രീകളും—എന്താണു അപ്രിയം? പറയു, പറയു, അതു കേട്ടിട്ടു ഇപ്പോൾ വേണ്ടുന്ന പ്രതിവിധി ചെയ്യാം.

വന്ന സഖി—മററെന്തു പറവാനുള്ളു?

(എന്നു കണ്ണീരൊലിപ്പിച്ചുകൊണ്ടു)

*തന്നീടേണംതവമകളെയിങ്ങെന്നുരാത്രിഞ്ചരേന്ദ്രൻ
വന്നർത്ഥിച്ചാൻജനകനുടനേനൽകയില്ലെന്നുചൊന്നാൻ।

എല്ലാസ്ത്രീകളും—(ഉദ്വേഗത്തോടു കൂടി) താതജനകങ്കൽ രാവണൻ എന്തു അപ്രിയം ചെയ്തു?

വന്ന സഖി—(ഉദ്വേഗത്തോടും ഗല്ഗദത്തോടുംകൂടി)

*അന്നേരംഹാജനകനൃപനെക്കൊന്നുകോപാൽദശാസ്യൻ
വന്നിടുന്നുണ്ടിവിടെബലമായ്തോഴിയെക്കൊണ്ടുപോവാൻ॥(മെ-)

സീതാ—എന്തു ചെയ്യേണ്ടു (സംഭ്രമിച്ചു എഴുനീററോടുന്നു)

സഖികൾ—അത്യാപത്തു, അത്യാപത്തു, എന്തു ചെയ്യേണ്ടു എന്തു ചെയ്യേണ്ടു? (എന്നു സീതയുടെ പിറകെ ഓടുന്നു)

രാമൻ—(സംഭ്രമിച്ചു അടുത്തു ചെന്നു) ജാനകി! രാവണൻ പിടിച്ചു കൊണ്ടുപോകുമെന്നു ഭയപ്പെടേണ്ട!

* കൊന്നിടാനീരാക്ഷസന്മാരെവേഗാ-
ലിന്നേതസ്ത്രംകാർമ്മുകേവെച്ചവോഞാൻ ।

കരാളൻ—(ഭയപ്പെട്ട, മാരീചനോട) [സ്വകാൎയ്യമായിട്ട] ഈ ക്ഷത്രിയക്കുട്ടി എന്തു ചെയ്വാൻ ഭാവിക്കുന്നു? നോമിപ്പോളെന്താണ ചെയ്യേണ്ടത?

മാരീചൻ—(കരാളനോട) [സ്വകാൎയ്യമായിട്ട] ഇവൻ പറയുന്നത ബ്രാഹ്മണക്കുട്ടികളെ ഉദ്ദേശിച്ചാണ.

രാമൻ— * കൊന്നീടാമീയമ്പിനാൽമൈഥിലേന്ദ്രൻ
തന്നെക്കൊന്നോരാശരാധീശനെത്താൻ॥ (൨൭)

കാശ്യപൻ—ജനക മഹാരാജാവിങ്കൽ അപ്രിയം ചെയ്തു എന്ന വിചാരിപ്പാൻ സംഗതി എന്താണ, എന്തുകൊണ്ടെന്നാൽ-

* ജനകൻപ്രിയസഖനെന്നോ-
ൎത്തനവരതംരാവണൻമടിക്കുന്നു ।
തനുജയെയാചിപ്പാനായ്
പുനരെങ്ങിനെയീവിധംപ്രവൃത്തിക്കും॥ (൨൮)

കരാളൻ—(മാരീചനോട) [സ്വകാൎയ്യമായിട്ട] പല പ്രകാരത്തിലും വിപരീതം പറയുന്ന ഈ ബ്രാഹ്മണക്കുട്ടിയെ കൊല്ലേണ്ടതാണ.

മാരീചൻ—[സ്വകാൎയ്യമായിട്ട] അതിരിക്കട്ടെ നോക്കു.

*ദംഭോളിക്കൊത്തഹസ്താഹതിയതുസഹിയാതോടുമൈരാവതത്തിൻ
പിമ്പിൽത്തുങ്ങുന്നവാലിൽക്കുതുകമൊടുപിടിച്ചങ്ങിഴച്ചുംസുരാണാം ।
ഡംഭംതീൎത്താശരേന്ദ്രൻവധമപിലഘുവെന്നുള്ളിലോൎക്കുന്നരാമൻ
ഡിംഭൻജേതവ്യനാരാൽയുധിദൃഢമതിനാലാകവേനാംനശിച്ചു നെ

പിംഗളൻ—സംശയമെന്താണ?

(കരാളനും മാരീചനും പിംഗളകാശ്യപന്മാരുടെ വചനത്താൽ ഭയപ്പെട്ട അന്യോന്യം മുഖം നോക്കുന്നു.)

മാരീചൻ—[പ്രകാശം]*ഇവർനിശിചരരാണിവരെ-
ജ്ജവമൊടുകൊൽവാൻസഖേ!ശ്രമിച്ചാലും ।

(എന്ന ധ്യാനം നടിക്കുന്നു)

കാശ്യപൻ— * ആവതുമോൎക്കണമേതും
ചൈവതിനിതുതാടകേയമായസഖേ!॥ ൨

സീതാ—ഈ വലിയ കല്ലിന്മേൽ കേറി വൃക്ഷങ്ങൾ തമ്മിൽ മുട്ടീട്ടുണ്ടായ ഈ കാട്ടുതിരുവിൽ ഞാൻ ചാടീട്ട അച്ഛന്റെ മര

ണത്താൽ സംഭവിച്ചിട്ടുള്ള മഹാ ദുഃഖത്തെയും ആ മഹാ പുരുഷ നിലുള്ള അതിരാഗത്താൽ ഇനിക്കുണ്ടായിരിക്കുന്ന മന്മഥതാപത്തെയും ശമിപ്പിക്കുന്നുണ്ട്. (എന്നു പോയി)

പിംഗളനും കാശ്യപനും—[ആത്മഗതം] ഇതു മാരീചന്റെ മായാപ്രയോഗംകൊണ്ടു സംഭവിച്ചതാണൊ. [പ്രകാശം]

* ആവതുമോൎക്കണമേതും
ചെവതിനിതുതാടകേയമായസഖേ! । (൭॥)

രാമൻ—ഇനി ഇവിടെ ആലോചിപ്പാനെന്തുള്ളു?

* സുന്ദരിജാനകിദഹനൻ
തന്നിൽചാടാനുറച്ചതിസ്നേഹാൽ ।
എന്നെന്നിനച്ചൊരുവാക്യം
ചൊന്നതുമമ്മങ്ങളെപ്പിളൎക്കുന്നു॥ (൮)

കരാളൻ—സ്നേഹിത! മായാപ്രയോഗമാണെന്നിവൻ പറഞ്ഞോട്ടെ.

* ഇവർനിശിചരരാണിവരെ-
ജ്ജവമൊടുകൊൽവാൻസഖേ!ശ്രമിച്ചാലും॥ (൯)

സഖികൾ—തോഴി! ജാനകി! താതജനകൻ നിമിത്തമുണ്ടായ ദുഃഖം നമുക്കെല്ലാവൎക്കും ഒരുപോലെ തന്നെ. നീ എന്തുകൊണ്ടു മുമ്പെ ഓടി ചെല്ലുന്നു? നിന്നെ ആശ്രയിച്ചിരിക്കുന്ന ഞങ്ങളെ നീയല്ലെ രക്ഷിക്കേണ്ടതു? അല്ലെങ്കിൽ നിന്നെ പിരിഞ്ഞ ദുഃഖവും ഞങ്ങൾക്കു ദുസ്സഹമായിട്ടു തീരും, അയ്യോ: കഷ്ടം! അയ്യോ: കഷ്ടം! അഗ്നിയിൽ ചാടിപ്പോയെല്ലൊ ജാനകി. അയ്യോ: സഖീജനവത്സലേ! അയ്യോ: ജനക വംശമംഗളദീപികേ! (എന്നു പകുതി പറഞ്ഞു) നോം ഇങ്ങിനെ കരഞ്ഞിട്ടെന്താണ. ഇതുകൊണ്ടു നമ്മുടെ ദുഃഖം ശമിക്കയില്ലല്ലൊ, അതിനാൽ നമ്മളും പ്രിയസഖി ചാടിയ അഗ്നിയിൽ തന്നെ ചാടുക. (എന്നു പോയി)

രാമൻ—(ശരത്തെ പിൻവലിച്ചു) അഹോ കഷ്ടം!

* കഷ്ടം!പൊട്ടിമമാഗ്രഹദ്രുമമഹോഭൂമിക്കലങ്കാരവും
നഷ്ടംവന്നുനശിച്ചുസൎവ്വജയിയാംകാമൻമദംസൎവ്വവും ।
സ്രഷ്ടാവിന്നുടെകീൎത്തിതിന്നുജനതാനേത്രോത്സവംസൎവ്വവും
ഭ്രഷ്ടംജാനകിതാതശോകമതിനാലഗ്നൌപ്രവേശിക്കയാൽ॥(൰)

മാരീചൻ—[ആത്മഗതം] ഇവന്റെ വ്യസനാഗ്നിയെ ഞാൻ വൎദ്ധിപ്പിക്കാം. [പ്രകാശം] ഇവളഗ്നിയിൽ ചാടിപ്പോയൊ. അയ്യോ! ദേവയജനസംഭവേ! അയ്യോ! ജനകവംശനന്ദിനി! അ

യ്യോ! ത്രിഭുവനൈക സൌന്ദൎയ്യശാലിനി! അയ്യോ! രാമമയൈക ജീവിതേ! അയ്യോ! ജാനകി! നിനക്കുകൂടി ഇപ്രകാരം ഭവിച്ചു എന്നുള്ള ദൈവദുൎവ്വിലാസത്തെ ഞാനെന്തു പറയട്ടെ.

(എന്നു മൂൎച്ഛയെ നടിക്കുന്നു)

കരാളൻ—(മാരീചനെക്കുറിച്ചു)കാശ്യപ!ആശ്വസിക്ക.ആശ്വസിക്ക.

രാമൻ—കാശ്യപൻതന്നെ ഒന്നാമതായി മോഹിച്ചുവൊ.

(ശോകാവേഗത്തോടുകൂടി)

* ചൊല്ലാൎന്നാഴിയിൽവീഴ്കയോവിഷമഹംഭക്ഷിക്കയോദേഹമി-
ന്നെല്ലാംകുത്തിമുറിക്കയോമലയിൽനിന്നുക്കോട്ടുഞാൻവീഴ്കയോ,

കരാളൻ—[ആത്മഗതം] എട: എട: ക്ഷത്രിയക്കുട്ടി! താടകയോടോ സുബാഹുവിനോടോ ചോദിക്ക. [പ്രകാശം] (മാരീചനോട) കാശ്യപ! നമുക്കിനി ഗതി എന്താണ?

മാരീചൻ—(ആശ്വസിച്ചു) സ്നേഹിതനെന്തു ചെയ്യുന്നുവൊ അതുതന്നെ.

രാമൻ—

* മല്ലാക്ഷീമണിസീതയോടുമൊരുമിച്ചഗ്നൌപ്രവേശിക്കയോ-

മാരീചൻ—[ആത്മഗതം] അങ്ങിനെ ചെയ്യു. അതിനായിട്ടാണ എന്റെ ഈ പണിയെല്ലാം. [പ്രകാശം] സ്നേഹിത! സീതയ്ക്കുള്ള പ്രേമാധിക്യത്തിന്ന ഇതുകൂടി മതിയാകയില്ല.

രാമൻ—

* അല്ലാതെങ്ങിനെതീരുമെന്നുടെമനോദുഃഖംമഹാദുസ്സഹം (വൃഷ)

പിംഗളനും കാശ്യപനും—[സ്വകാൎയ്യമായിട്ടു] കഷ്ടം! കഷ്ടം! ഈ രാക്ഷസന്മാരുടെ മായാപ്രയോഗം അത്ഭുതപ്പെടത്തക്കതുതന്നെ എന്തുകൊണ്ടെന്നാൽ നമ്മെക്കൂടി സ്നേഹിതന്നു വിശ്വാസമില്ലാതായെല്ലൊ. (എന്നു വിഷാദത്തെ നടിക്കുന്നു)

രാമൻ—(വ്യസനത്തോടും ആശ്ചൎയ്യത്തോടും കൂടി)

* മെയ്യേററംകൃശമായുമിന്ദുകലപോൽശോഭിച്ചുമിന്നാളിമാർ
ചെയ്യുന്നോരുപചാരമാൎന്നുതളിരാം തല്പത്തിൽവാണങ്ങിനെ ।
അയ്യോ! ഏതൊരുനാരിയെൻമിഴിയിണയ്ക്കാനന്ദമുണ്ടാക്കിയൊ
പൊയ്യല്ലീവിധമായിയിത്തരുണിയെന്നേതൽസഖേദുസ്സഹം॥ വൃഷ

അതിനാൽ ഞാൻ അസിപോലെ നീലവൎണ്ണമുള്ള ഈ കല്ലിന്മേൽ കേറി എന്റെ അഭിപ്രായംപോലെ പ്രവൃത്തിക്കുന്നുണ്ട.

(എന്നു കല്ലിന്മേൽ കാൽ വെക്കുന്നു)

പിംഗളനും, കാശ്യപനും,—[സ്വകാൎയ്യമായിട്ടു] അഹോ രാക്ഷ

സൻ നൊമ്മെ വഞ്ചിച്ചു. നോമിപ്പോളെന്തു ചെയ്യേണ്ടു. ഇതിനെ താതവിശ്വാമിത്രനോടു പറവാൻ ആരാണുള്ളത? എന്നാൽ അദ്ദേഹം പ്രതിക്രിയ ചെയ്യാൻ ശക്തനാകും.

(എന്നു നോക്കിക്കൊണ്ടു നില്ക്കുന്നു)

മാരീചൻ—[ആത്മഗതം] എന്റെ മനോരഥം സാധിച്ചു പോലെയായി (എന്നു സന്തോഷപാരവശ്യം നടിച്ചു) [പ്രകാശം]

* ചലമിഴിസീതയൊടൊപ്പം
ജ്വലനേ ചാടാനൊരുച്ചതാടകയെ ।
കലചെയ്തപാപിരാമൻ
ശിലയിൽകേറീകരാള! കാണ്കഭവാൻ ॥ (വൃന്ദ.)

(കരാളൻ പിരിയമിളക്കി ഹുങ്കാരം ചെയ്തു അരുതരുത എന്നു ശിരഃകമ്പത്താൽ സംജ്ഞകാണിക്കുന്നു)

(പിംഗളൻ കാശ്യപന്റെ കയ്യിൽ തല്ലി ചിരിക്കുന്നു)

കാശ്യപൻ—സ്നേഹിത രാമഭദ്ര! അങ്ങു കേട്ടില്ലേ ? അങ്ങയുടെ കാശ്യപന്റെ വാക്കിനെ.

രാമൻ—(സംശയിച്ചു) ഇവനെങ്ങിനെ പറഞ്ഞു?

(എന്നു തിരിഞ്ഞു വരുന്നു)

മാരീചൻ—[കരാളനോട സ്വകാൎയ്യമായിട്ടു] സന്തോഷം കൊണ്ടു പരവശനായ എന്റെ ചിത്തമുഖത്തിൽ നിന്നു ഇങ്ങിനെ പുറപ്പെട്ടുപോയി. കരാള ! ഇനി നോം എന്താണു ചെയ്യേണ്ടത?

കരാളൻ—വേറെ എന്താണു ചെയ്യാനുള്ളത? മണ്ടിപ്പോട്ടമായിട്ടോടുകതന്നെ.

(അണിയറയിൽ)

ജയിപ്പതാക വത്സ! രാമചന്ദ്ര! ജയിപ്പതാക.

(എല്ലാവരും ആശ്ചൎയ്യത്തോടുകൂടി നോക്കുന്നു.)

കരാളനും, മാരീചനും,—[സ്വകാൎയ്യമായിട്ടു]

* ചൊല്ലാൎന്നഗ്നിയിൽസീതതന്റെപിറകേചാടീടുവാൻരാഘവൻ
കല്ലിന്മേൽപദമൊന്നുവെച്ചളവിലക്കല്ലങ്ങുസാരംഗിയിൽ ।
അല്ലൊക്കുംകുചമോടുമുന്നതകുചത്തോടുംമരത്തോലുടു-
ത്തുല്ലാസാലൊരുതാപസത്തരുണിയായ്ത്തീൎന്നീടിനാളത്ഭുതം ॥ (ശാൎ)

ഇതെങ്ങിനെ ? (എന്നു ആലോചിക്കുന്നു)

രാമൻ—ആരാണിത, മാതാവായ കൌസല്യപോലെ എന്നെ വിളിക്കുന്നു.

(അനന്തരം മുനിപത്നി പ്രവേശിക്കുന്നു.)

മുനിപത്നി—

* കോപംകൊണ്ടെൻകണവനൊരുനാൾതന്നാശാപേനകല്ലിൻ
രൂപംപൂണ്ടിട്ടുതുമുതൽമഹാദിനയായ്യാഴമെൻെറ ।
പാപംതീൎന്നുതവപാദരജസ്സേൽക്കയാലിന്നുമുൻപോൽ
രൂപംപൂണ്ടേൻരഘുകുലശിരോരത്നമേ!ഞാനഹല്യാ ॥ (൫൭)

രാമൻ—[ആത്മഗതം] വിശിഷ്ടനായ വിശ്വാമിത്ര മഹൎഷിയുടെ മുഖത്തിൽനിന്ന ഈ കഥയെ ഞാൻ പലപ്പോഴും കേട്ടിട്ടുണ്ട്, [പ്രകാശം] ഭഗവതി! ദശരഥപുത്രനായ ഈ രാമൻ നമസ്കരിക്കുന്നു.

അഹല്യാ—ഉണ്ണീ! ദീൎഘായുസ്സായ്ഭവിക്ക!

പിംഗളനും, കാശ്യപനും,—(അടുത്തു ചെന്ന) മാതാവെ! ശതാനന്ദ ജനനിയായി അതി വിശിഷ്ടയായ ഭവതിയെ ഞങ്ങൾ നമസ്കരിക്കുന്നു.

അഹല്യാ—ബാലകന്മാരെ! നിങ്ങൾക്ക അഭീഷ്ടം സിദ്ധിക്കട്ടെ

രാമൻ—മാതാവെ! ഇവർ ആരാണ?

അഹല്യാ—പിംഗളനും, കാശ്യപനും, തന്നെ. എന്നാൽ-

* ഇവൻരിപുകരാളനാണിവനരാതിമാരീചനാ-
ണിവന്നുമിവർമായയാലിവിടെവന്നുമോഹിച്ചുനീ ।
(എന്ന കൈകൊണ്ടു കാണിച്ചു കൊടുക്കുന്നു)

(കരാളനും, മാരീചനും, ഭയപ്പെട്ട മൃഗരൂപം പൂണ്ടോടുവാൻ തുടങ്ങുന്നു.)

അഹല്യാ—ഉണ്ണീ! രഘുനന്ദന!

* ജവേനഹരിണങ്ങളായിവർകുതിച്ചുമണ്ടുന്നിതാ
ഭവാൻനിശിതബാണമെയ്തിവരെസംഹരിച്ചീടുക ॥ (൫൮)

രാമൻ—(കോപത്തോടുകൂടി) എട! എട! ദുഷ്ടന്മാരായ രാക്ഷസാധമന്മാരേ! എവിടെക്കോടുന്നു: നില്ക്കുവിൻ. (എന്ന പോയി)

പിംഗളനും, കാശ്യപനും,—നിഷ്കളങ്കമായ ജ്ഞാനത്താൽ പ്രപഞ്ച സ്വരൂപത്തെ അറിഞ്ഞും, സനാതനഗുരുവായ ഗൌതമ മഹൎഷിയുടെ ധൎമ്മപത്നിയായും, ഇരിക്കുന്നഹേ! മാതാവേ!

*നീയുംദൈവവശാൽസ്വരൂപമധുനാപ്രാപിച്ചുദൈവേച്ഛയാൽ
പോയിനിൻവചനേനരാത്രിചരരെക്കൊന്നീടുവാൻരാമനും ।
പോയിട്ടുള്ളൊരുജീവനുംവിധിവശാൽഞങ്ങൾക്കുവന്നുക്ഷണാൽ
ശ്രേയസ്സങ്ങനുകൂലനായവിധിനൽകീടുന്നുലോകൎക്കഹോ ॥ (൫൯)

അഹല്യാ—വത്സന്മാർ പറഞ്ഞത ശരിയാണ്, ബാലകന്മാരേ! നിങ്ങൾ കുറേ മുമ്പിൽ ചെന്നു നോക്കുവിൻ.

ൻ *

*ശ്രീരാമൻതങ്കരത്താൽഗ്ഗുണമുടനെവലിച്ചോരുനേരത്തുചക്രാ-
കാരംപൂണ്ടുള്ളവില്ലിന്നുതിറിയശരമേററാശു ചത്തക്കരൊളൻ।
പാരിൽതൻരൂപമോടുംമൃഗവടിവുവെടിഞ്ഞഗ്നിയാൽദഗ്ദ്ധതാലം
പോലംവീഴുന്നപോൽവീണമരപരിഷകൾക്കേററമേകുന്നമോദം॥൮൮
എന്നുമാത്രമല്ല. * മായകൊണ്ടാശു കാണാതെ
പോയിമാരീചനെന്നിതാ।
ശരംവില്ലിനൊടുത്തിങ്ങു
വരുന്നുരഘുനന്ദനൻ॥ (൮൯)

(അനന്തരം മേല്പ്രകാരമുള്ള രാമൻ പ്രവേശിക്കുന്നു)

രാമൻ—മാതാവെ! ഭാഗ്യത്താൽ അതി വിശിഷ്ടയായ ഭവതിയാൽ ഞങ്ങൾ അനുഗ്രഹിക്കപ്പെട്ടു.

അഹല്യാ—ഉണ്ണി! കൌസല്യാനന്ദന!
*ആത്തന്മാൎക്കൊരുബന്ധുവാംരഘുപതേ! മല്പാപജാലങ്ങളെ
തീൎത്തുനിൻപദപത്മധൂളിയിനിഞാൻമുമ്പോലെസംശുദ്ധയായ്।
ഭൎത്താവാകിയഗൌതമന്നുവിരവിൽശുശ്രൂഷചെയ്യേണമെ-
ന്നോൎത്തീടുന്നിതതിന്നുനീയനുവദിക്കേണംദയാവാരിധേ!॥ (൯൦)

രാമൻ—അങ്ങിനെ യാകട്ടെ, ഭവതിക്കു നമസ്കാരം,

അഹല്യാ— * ഭൂകന്യകയെനീവേൾക്ക
കാകുത്സ്ഥശിരോമണേ!।
ലോകമെല്ലാംഭവാൻപാലി
ക്കാകവേകൊന്നുരക്കരെ॥ (൯൧) (എന്നു പോയി)

രാമൻ—(പശ്ചാത്താപത്തോടുകൂടി) (പിംഗളകാശ്യപന്മാരെ കുറിച്ചു) സ്നേഹിതന്മാരെ! നിങ്ങളുടെ മുഖത്തെ നോക്കുവാൻ ഞാൻ ലജ്ജിക്കുന്നു,

പിംഗളനും, കാശ്യപനും,— ഈ വിഷയത്തിൽ തെറ്റുള്ളതു മാരീചമായയ്ക്കാണു,

രാമൻ—ഇതു സത്യം തന്നെ,
* മാതാവെക്കലചെയ്കയാൽകുപിതനാംമാരീചനെന്മുന്നിലായ്
സീതാരൂപമിവന്നുമിപ്പൊഴുതഹോകാണിച്ചുതൻമായയാൽ।
ചേതസ്സിൽപരമാത്ഥമെന്നുകരുതീട്ടോരോന്നനുഷ്ഠിച്ചുഞാ
നേതൽസ്നേഹിതരായനിങ്ങളൊഴിയെക്കണ്ടീട്ടുമില്ലാരുമെ॥ ൯൨

അതുകൊണ്ടിതിനെ നിങ്ങൾ വെളിപ്പെടുത്താതിരിക്കണം,

കാശ്യപൻ—സാധാരണമനുഷ്യരോടങ്ങിനെതന്നെ, എന്നാൽ ഭഗവാനായ കൌശികമഹൎഷിയോടങ്ങിനെയല്ല, എന്തുകൊണ്ടെന്നാൽ, അദ്ദേഹം ഈ വിധമുള്ള മായാപ്രയോഗത്തിൽ ചെ

യ്യേണ്ടുന്ന പ്രതിവിധിയെ ഉപദേശിച്ചു തരും,

രാമൻ—അങ്ങു പറഞ്ഞതു ശരിയാണു,

(അണിയറയിൽ)

* ചെന്നാരാസ്സിൻകുമാരൻ കരടി പുലികളെ
കൊന്നുചെന്നോരുമാസ്സും
വന്നിമ്മാസ്സുംതടുക്കുംവലിയഹരികളെ
ക്കൊൽകകുന്തങ്ങളാലെ ।
മുന്നങ്ങോട്ടുംഗജത്തിൻവഴിപിടികൾ
ഭയപ്പെട്ടുമണ്ടുന്നുവേഗാൽ
ചെന്നാക്കൊല്ലുകളിക്കുംഹരിണതതികളെ
ക്കാക്കെമിണ്ടാതെമോദാൽ ॥ (൪൨)

രാമൻ—എന്റെ ആശ്രിതന്മാരായ ജനങ്ങൾ എന്നെ അ
ന്വേഷിച്ചു വരുന്ന ഘോഷമാണിതു,

പിംഗളൻ—ഇതു ശരിതന്നെ, എന്തുകൊണ്ടെന്നാൽ ഇപ്പോൾ

* ഇക്കാട്ടിൽസിംഹനാദശ്രവണഭയമിയന്നോട്ടുമക്കുഞ്ജരത്തിൻ
ഹീൽക്കാരംകേട്ടുമണ്ടുംകരടിയെകപികണ്ടങ്ങിളക്കുന്നുചില്ലി ।
ദിക്കെല്ലാംകുന്തമേറുകൊള്ളൊരുമൃഗരിപുവായിന്നുവീണട്ടകത്തിൻ
ഗ്ഗന്ധംവ്യാപരിച്ചുംതുടുതുടെവിലസുംകാട്ടുനാനാപ്രകാരം ॥ (൪൪)

കാശ്യപൻ—അതങ്ങിനെതന്നെ,

പിംഗളൻ—സ്നേഹിതന്റെ നായാട്ടുകൊണ്ടു, സമയം അതി
ക്രമിക്കുന്നു.

രാമൻ—(എല്ലാടത്തും നോക്കീട്ടു) ദിവസത്തിന്റെ യൌവന
കാലം വളൎന്നു തുടങ്ങിയൊ?

* രക്ഷസ്സായെന്നപോലെത്തരുനിഴൽപഥികൻ
കാലിലങ്ങാശ്രയിക്കു-
ന്നിക്ഷിപ്പാനാശയെല്ലാമിവരവിഗഗനാഗ്രത്തി
ലേറുന്നവേഗാൽ ।
വീക്ഷിക്കുന്നില്ലകാന്താപ്പ്രിതതളിരിനെയിക്കോകിലാ
ദാഹമൂലം
പക്ഷംകൊണ്ടല്പവീശുന്നിതുമധുകരവുംക്ലാന്തയാം
കാന്തയെത്താൻ ॥ (൪൫)

അതിനാൽ നോമിപ്പോൾ കൂടാരത്തിലെക്കുതന്നെ ചെല്ലുക.

(എന്നു എല്ലാവരും പോയി)

* ഇങ്ങിനെ മൂന്നാമങ്കം. *

ജാനകീപരിണയം.

മലയാളനാടകം.

നാലാമങ്കം.

(അനന്തരം ഗന്ധൎവ്വൻ പ്രവേശിക്കുന്നു)

ഗന്ധൎവ്വൻ—ഇപ്പോൾ-

* സൈന്യത്തോടുസുബാഹുരാക്ഷസകരാളന്മാരെയുംരാഘവൻ
സുന്ദരസ്ത്രീയെയുമിങ്ങയച്ചിത്തുഹനിച്ചെന്നന്തകപ്രേരിതം ।
സന്ദേശംചെവിചേൎന്നനേരമിത്തുതാൻരക്ഷോവിനാശക്കളി-
യ്ക്കൊന്നാംവേഷമതിൻപ്രവേശമിതിചിന്തിക്കുന്നുദേവേശ്വരൻ॥ ൧

അതിനാലല്ലെ, സന്തുഷ്ടനായും നിഖിലദേവന്മാരുടെ ശിരോരത്നകാന്തികളാലലങ്കരിക്കപ്പെട്ട പാദപത്മങ്ങളോടുകൂടിയും ഇരിക്കുന്ന ദേവേന്ദ്ര മഹാരാജാവ, എന്നോടു കല്പിച്ചത. "എടോ ചിത്രാംഗദ! സ്വജനങ്ങളുടെ മരണം കേട്ടിട്ട ഇപ്പോൾ രാവണൻ എന്തു പ്രവൃത്തിക്കുന്നു എന്ന, ലങ്കയിൽ ചെന്ന താൻ അന്വേഷിച്ചറിയണം" എന്ന (ആലോചിച്ച)

* എത്രസ്നേഹംഭവിക്കുന്നു
വൃത്രവൈരിക്കുരാമനിൽ ।
അത്രയല്ലേറുമേപക്ഷെ
വക്ത്രനിൽദ്രോഹബുദ്ധിയും॥ (൨)

അങ്ങിനെയാകട്ടെ. മായകൊണ്ട രാക്ഷസവേഷം ധരിച്ചിട്ടുള്ള ഇനിക്ക, നാലുഭാഗത്തും രക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഈ രാക്ഷസരാജധാനിയിൽ പ്രയാസമെന്നിയേ പ്രവേശിക്കുവാൻ കഴിയും. (മുൻഭാഗത്തു നോക്കീട്ട) ആരാണിരാക്ഷസി? എന്റെ നേരിട്ടു തന്നെ വരുന്നു. ഇവളുടെ-

* വട്ടത്തിൽകുക്ഷിപൊങ്ങിത്തലമുടിയൊരു
ചാൺനീണ്ടുചെമ്പിച്ചവക്രി-
ച്ചുഷ്ട്രാസ്യംപോലെവക്ത്രംമുലബാഹുകൃശ
മൊന്നൊന്നുപാരംതടിച്ചും ।
കഷ്ടംകയ്യോപെരുമ്പാമ്പിനിണഗജപദം
പോലെകാൽതന്നിമിത്തം
ദുഷ്ടസ്ഥാനേഷുഭൂഷാമണികളിവളിൽ
വാഴുന്നുഹാകഷ്ടമോൎത്താൽ॥ (൩)

(അനന്തരം രാക്ഷസി പ്രവേശിക്കുന്നു)

രാക്ഷസി—(ചിത്രാംഗദനോട) ഭദ്ര! അങ്ങ ആരാണ? കരാളനൊ അല്ലെങ്കിൽ വേറെ ഒരുത്തനൊ?

ഗന്ധൎവ്വൻ—[ആത്മഗതം] സംസാരിപ്പാനിവൾതന്നെ വഴി കാണിച്ചു തന്നു. [പ്രകാശം] കരാളൻ തന്നെ.

രാക്ഷസി—(അത്ഭുതത്തോടുകൂടി) നീകല്ലുപോലെ ഇരിക്കുന്നുവെല്ലൊ, എന്നാൽ നിന്റെ ഭാൎയ്യയായ ഗൃദ്ധ്രമുഖി കരഞ്ഞുകൊണ്ടിരിക്കുന്ന രാക്ഷസികളുടെ മദ്ധ്യത്തിലിരുന്ന "എന്റെ ഭൎത്താവ രാമ ബാണമേറ്റു മരിച്ചു" എന്ന മാറത്തടിച്ചു ഇപ്പോഴും കരഞ്ഞു കൊണ്ടിരിക്കുന്നു.

ഗന്ധൎവ്വൻ—[ആത്മഗതം] അവൾ കരാളന്റെ ഭാൎയ്യയാണ. അതിനാൽ ഇത ഉചിതം തന്നെ. [പ്രകാശം] അവളോടാരാണ ഈ സംഗതിയെ പറഞ്ഞത?

രാക്ഷസി—ആൎയ്യനായ മാരീചൻ രാവണ മഹാരാജാവിനെ കാണായ്കയാൽ പ്രഹസ്തൻ മുതലായ മന്ത്രികളോട തന്റെ മാതാവായ താടകയേയും, സുബാഹുവിനേയും, സ്നേഹിതനായ കരാളനേയും, രാമൻ ഏകനായിട്ട സംഹരിച്ചു എന്ന പറഞ്ഞു, മാതാവ മരിച്ചതിനാൽ വ്യസനിച്ചുകൊണ്ട തപസ്സ ചെയ്യാനായി ഗോകൎണ്ണക്ഷേത്രത്തിന്നു പോയി. അനന്തരം എല്ലാവരും ഈ വൎത്തമാനം അറിഞ്ഞു.

ഗന്ധൎവ്വൻ—രാവണ മഹാരാജാവ ഇവിടെ ഇല്ലയോ?

രാക്ഷസി—ഇല്ല: ഇല്ല: അതുകൊണ്ടാണ "നീ വിദ്യുജ്ജിഹ്വന്റെ ഗൃഹത്തിൽ ചെന്ന ആൎയ്യപുത്രൻ എവിടെ പോയിയെന്ന അറിഞ്ഞു വാ" എന്ന ദേവിയായ മണ്ഡോദരി എന്നെപറഞ്ഞയച്ചത. ഞാൻ അവിടെ ചെന്നിട്ടും വിദ്യുജ്ജിഹ്വനെ കണ്ടില്ല, എന്നാൽ അദ്ദേഹത്തിന്റെ ഭാൎയ്യയായ മായാവതി എന്നോടിങ്ങിനെ ഒന്ന പറഞ്ഞു.

ഗന്ധൎവ്വൻ—എന്താണത പറയു.

രാക്ഷസി—അത ഗോപ്യമാണെല്ലൊ. എങ്ങിനെ ഞാൻ പറയേണ്ടു. എന്നാൽ ജനകരാജാവിനെ സ്നേഹമുള്ള ജനം ഈ ദ്വീപാന്തരത്തിലുണ്ടാവാൻ സംഗതിയില്ലെല്ലൊ, അതുകൊണ്ടു പറവാൻ വിരോധമില്ല. എന്നാൽ കേട്ടുകൊള്ളു. വിശ്വാമിത്രവേഷം ധരിച്ച വിദ്യുജ്ജിഹ്വനോടും ലക്ഷ്മണവേഷം ധരിച്ച സാരണനോടുംകൂടി മായകൊണ്ട ലങ്കേശ്വരൻ രാമവേഷം ധരിച്ചു, സീതയെ

വിവാഹം ചെയ്വാൻ വേണ്ടി ജനകരാജാവിനെ വഞ്ചിപ്പാൻ പോയിരിക്കുന്നു.

ഗന്ധൎവ്വൻ—ഇതു യോജിപ്പായിരിക്കുന്നു, സീതയ്ക്കു രാമന്റെ മേലുള്ള അനുരാഗം ലോക പ്രസിദ്ധമാണെല്ലൊ.

രാക്ഷസി— (സന്തോഷിച്ചു) നീ കരാളനാണെങ്കിൽ ഞാൻ ഒന്നാമതായി ചെന്നു ശൂൎപ്പമുഖിയോട ശുഭവൎത്തമാനത്തെ പറഞ്ഞു സമ്മാനം വാങ്ങിക്കട്ടെ.

ഗന്ധൎവ്വൻ—അകാരണമായിട്ടെന്തിനു നീ സന്തോഷിക്കുന്നു? ഞാൻ കരാളനല്ല വേറെ ഒരുത്തനാണ.

രാക്ഷസി—(വ്യസനത്തോടുകൂടി) കരാളൻ മരിച്ചതസത്യംതന്നെയൊ?

ഗന്ധൎവ്വൻ—അതിലെന്താണ സംശയം.

രാക്ഷസി—എന്റെ മോഹം നിഷ്ഫലമായി. നീ പിന്നെ ആരാണ?

ഗന്ധൎവ്വൻ—ഞാൻ വിഭീഷണന്റെ അനുചരനാണ.

രാക്ഷസി—അങ്ങിനെയാകട്ടെ, ദേവിയായ മണ്ഡോദരിയുടെ കല്പനയെ അനുഷ്ഠിപ്പാനായി ഞാൻ സമീപത്തിൽ ചെല്ലട്ടെ.

(എന്നു പോയി)

ഗന്ധൎവ്വൻ—ഞാനും രാവണന്റെ പ്രവൃത്തിയെ ഒന്നാമതായി ജനകരാജാവിനോടറിയിച്ചു പിന്നെ ദേവേന്ദ്രമഹാരാജാവിനോടുണൎത്തിക്കുന്നുണ്ട്. (എന്നു പോയി)

ഇങ്ങിനെ പൂൎവ്വാംഗം.

(അനന്തരം ജനകരാജാവും ശതാനന്ദമഹൎഷിയും പ്രവേശിക്കുന്നു)

ജനകൻ—

*വന്നെന്നോടുദശാനനൻമകളെയാചിക്കുന്നതിൻമുന്നമേ
കന്നൽക്കണ്ണിയെനൽകണംരഘുവരന്നെന്നുള്ളൊരെൻവാഞ്ഛയെ ।
നന്നായ്ക്കൌശികാത്മജൻമുനിഫലിപ്പിച്ചീടുമോഇല്ലയോ-
യെന്നേവംചിരകാലമായ്മനസിഞാൻഖേദിച്ചിടുന്നേൻഭൃശം ॥ (൪)

ശതാനന്ദൻ—ജനകമഹാരാജാവെ! വിചാരപ്പെടേണ്ട, കുശികവംശാലങ്കാരഭൂതനായ ആ വിശ്വാമിത്രമഹൎഷിയുടെ മാഹാത്മ്യത്തെ നമുക്കു അറിഞ്ഞുകൂടേ.

*ക്ഷാത്രാകാരംസ്വവൎണ്ണംനിജകഠിനതപോവഹ്നിയാലങ്ങുരുക്കി
തീൎത്തുബ്രാഹ്മണ്യമാംഭൂഷണമതിനെധരിച്ചുള്ളഗാധേസ്തനൂജൻ ।
പേൎത്തുംസ്വൎഗ്ഗത്തെനിൎമ്മിച്ചുളവതിനെ മുടക്കീടുവാനാസ്സുരന്മാർ
ചേൎത്തിക്കൈക്കൊണ്ടുമൊപ്പംതൊഴുതതഖിലരുംപണ്ടഹോകണ്ടതില്ലേ ॥

അതുകൊണ്ട സീതാ രാമന്മാരുടെ വിവാഹം നടന്നാലും രാവണൻ എന്തു ചെയ്യുമോ എന്ന നമുക്ക ശങ്കിപ്പാനിടയില്ല.

എന്തുകൊണ്ടെന്നാൽ-

* വിശ്വാമിത്രൻമുനീന്ദ്രൻരഘുവരനുമുദാജൃംഭകാദ്ധ്യസ്ത്രമന്ത്രം
നിശ്ശേഷംനൽകിമുന്നുള്ളനുപമബലമങ്ങേററവുംതാൻവളൎത്തി।
വിശ്വംമൂന്നുംജയിച്ചുള്ളൊരുകരബലമുള്ളാശരേന്ദ്രൻറൊനാശം
നിശ്ശങ്കംചെയ്യതിന്നുംരഘുവരനുമിടുക്കേററമുണ്ടാക്കുമെല്ലൊ॥ (൩)

(അനന്തരം വിശ്വാമിത്രവേഷംധരിച്ചു വിദ്യുജ്ജിഹ്വനോടും ലക്ഷ്മണവേഷം ധരിച്ചു സാരണനോടും കൂടി രാമവേഷം ധരിച്ചു രാവണൻ പ്രവേശിക്കുന്നു).

രാവണൻ—

* നന്നായ്ത്താടകയും സുബാഹുവുമഹോമാരീചനുംകൂടിഞാൻ
മുന്നംചൊന്നൊരുകാൎയ്യമങ്ങിനെയനുഷ്ഠിച്ചീടുമേനിൎണ്ണയം।
എന്നാലുംക്ഷിതിജാവിവാഹമതിനായ്ത്തുഷ്ണ്യൻെറത്രപത്തെഞാൻ
നന്നായിന്നുധരിച്ചുമെൻെറഹൃദയംപാരംചലിക്കുന്നിതു॥ (൪)

വിദ്യുജ്ജിഹ്വൻ—മഹാരാജാവേ! അകാരണമായിട്ടെന്താണ അങ്ങ അധൈൎയ്യപ്പെടുന്നത?

* വില്ലുംബാണവുമേന്തിസാരസദളംപോലുള്ളനേത്രങ്ങളും
ചൊല്ലാൻനംബുദതുല്യമായനിറവുംപൂണ്ടുള്ളനിന്നെക്ഷണാൽ।
മല്ലാക്ഷീമണികണ്ടുരാമനിതുതാനെന്നോൎത്തുഗാഢത്മത-
ക്കല്ലുംമുത്തുമിണച്ചുപോൽതവഗളേചേൎക്കുംമധൂകസ്രജം॥ (൫)

രാവണൻ—ഞാൻ അത്രത്തോളമാഗ്രഹിക്കുന്നില്ല. എന്നാൽ-

* വേണിക്കുമക്കാഞ്ചനമുദ്രമിന്നും
പാണിക്കുമെൻ കണ്ണെതിരായിമുന്നം।
എണാക്ഷിതൻമററുസമസ്തദേഹം
കാണേണമെന്നുണ്ടുമനസ്സിൽമോഹം॥ (൬)

സാരണൻ—

* തണ്ടാർസായകകാന്തപോലെസുമുഖീമാല്യത്തെമോദേനകൈ-
കൊണ്ടേന്തീട്ടരികത്തുനിന്നെവരണംചെയ്യാൻവരുംപോൾഭവാൻ।
കണ്ടിട്ടങ്ങിനെകാൽമുതൽതലവരെസ്വാമിൻഭവല്ലോചനം
രണ്ടിപ്പോൾസഫലങ്ങളാക്കുകഗുഹേചെന്നിട്ടുമററുള്ളതും॥ (൧൦)

രാവണൻ—(പൊടുന്നനവെ നോക്കീട്ടു) നോം ജനകരാജാവിൻെറ വാസസ്ഥലത്തെ പ്രാപിച്ചുവെല്ലൊ.

* തങ്കക്കൈതപ്പൂവിനു
സങ്കാശനിറംകലൎന്നജാനകിയെ ।
ശങ്കവെടിഞ്ഞിഹകാണാം
ശങ്കരജടയിൽശശാങ്കകലപോലെ ॥ (൧൧)

(പ്രതീഹാരി പ്രവേശിച്ച്)

പ്രതീഹാരി—മഹാരാജാവു ജയിപ്പൂതാക.

ജനകൻ—ജീമൂതക! അറിയിപ്പാനുള്ളതറിയിക്ക.

പ്രതീഹാരി—രാമലക്ഷ്മണന്മാരോടുകൂടി വിശിഷ്ടനായ വിശ്വാമിത്രമഹൎഷി ദ്വാര ദേശത്തിലെഴുന്നെള്ളിയിരിക്കുന്നു.

ജനകൻ—(സന്തോഷത്തോടുംവിനയത്തോടുംകൂടി)സ്വാമിൻ ശതാനന്ദമഹൎഷേ! ത്രിശങ്കു ലോകത്തിന്റെ നൂതന സൃഷ്ടികൎത്താവായും, പൂജ്യനായുമിരിക്കുന്ന വിശ്വാമിത്രമഹൎഷിയെ അങ്ങുന്നു തന്നെ അൎഘ്യാദികൊണ്ടു പൂജിച്ചു രഘുകുമാരന്മാരോടു കൂടി ഇപ്പോൾ കൂട്ടിക്കൊണ്ടു വരേണ്ടതാണ.

ശതാനന്ദൻ—അങ്ങിനെ തന്നെ. (എന്നു പോയി)

ജനകൻ— * ഇന്നെന്തുചെയ്യട്ടുമിതെങ്ങിനെ?രാഘവന്മാ-
രൊന്നിച്ചു ഗാധിതനയൻഭവനേവരുമ്പോൾ ।
ഒന്നെന്റെചിത്തമിളകുന്നിതുതണ്ടിൽമത്സ്യം
ചെന്നങ്ങുമുട്ടിയസരോരുഹമെന്നപോലെ ॥ (൧൨)

(അനന്തരം ശതാനന്ദനും, രാമലക്ഷ്മണവിശ്വാമിത്ര വേഷധാരികളായ രാവണ സാരണ വിദ്യുജ്ജിഹ്വന്മാരും പ്രവേശിക്കുന്നു)

ശതാനന്ദൻ, വിശ്വാമിത്രാദികളാണെന്നു, വിദ്യുജ്ജിഹ്വാദികളെ ജനകരാജാവിന്നു കാണിച്ചു കൊടുക്കുന്നു.

ജനകൻ—(ആസനത്തിൽനിന്നു എഴുനീററ) ഭഗവൻ, വിദേഹ കുലത്തിൽ ജനിച്ച സീരധ്വജനായ ഞാൻ നമസ്കരിക്കുന്നു.

വിദ്യുജ്ജിഹ്വൻ—ജനകമഹാരാജാവായഅങ്ങെക്കക്ഷേമംഭവിക്കട്ടെ.

സാരണൻ—(രാവണനോട) [സ്വകാൎയ്യമായിട്ടു]

* സ്വാമിന്നീഭൂമിപാലന്നു
ക്ഷേമംതാനേവരില്ലെയോ ।
ഭൂമിപുത്രിയെനീവേട്ടു
ജാമാതാവായ്ഭവിക്കുമേ ॥ (൧൩)

രാവണൻ—(സന്തോഷത്തോടുകൂടി) അതങ്ങിനെ തന്നെ.

(വിദ്യുജ്ജിഹ്വൻ ജനകനെ വന്ദിപ്പാനായി രാവണനോട വിരിയംകൊണ്ടു സംജ്ഞ കാണിക്കുന്നു)

രാവണൻ—[സ്വകാൎയ്യമായിട്ടു] (സാരണനോട)

* എന്നെക്കുപ്പിട്ടുവാനായ്സമയമഖിലദിക്കാലരും
നോക്കിവാഴ്-
ന്നെന്നല്ലിന്നാൾവരെക്കുംപ്രണയകലഹമാണുള്ള
കാലത്തുപോലും।
സൌന്ദര്യംചേന്നമണ്ഡോദരിയുടെചരണത്തിങ്കലും
ഞാൻനമിച്ചി-
ല്ലിന്നവ്വണ്ണംവിളങ്ങുന്നഹമിവനെനമിച്ചീട്ടുവാൻ
ലജ്ജിയാതൊ॥ (൫൪)

സാരണൻ— [ആത്മഗതം] ഹൃദയത്തിൽ ദുരഹങ്കാരം നിറഞ്ഞിരിക്കുന്ന ഈയാൾക്കു സീതയെ ലഭിക്കുന്ന കാൎയ്യം ഇനിയും നിശ്ചയിക്കാറായില്ല,

[സ്വകാൎയ്യമായിട്ടു പ്രകാശം] മഹാരാജാവെ! ആരംഭിച്ച കാൎയ്യത്തിന്നു വിപരീതമനുഷ്ഠിക്കുന്നതു തിരുമനസ്സിലെക്കു ഉചിതമല്ല,

രാവണൻ—പിതാവെ! ദശരഥപുത്രനായ ഞാൻ നമസ്കരിക്കുന്നു.

സാരണൻ—(അപ്രകാരം തന്നെ പറയുന്നു).

ജനകൻ—ബാലകന്മാരെ! നിങ്ങൾ ദീൎഘായുസ്സുകളായ്വിപ്പിൻ.

ശതാനന്ദൻ—ഭഗവൻ വിശ്വാമിത്ര മഹൎഷേ!

* പ്രമാണചേഷ്ടാദികളാൽ
സമന്മാർരണ്ടുപേരപി।
രാമനാരിവരിൽചൊൽക
സ്വാമിൻ! ലക്ഷ്മണനാരിതിൽ?॥ (൫൫)

വിദ്യുജ്ജിഹ്വൻ—[ആത്മഗതം] ഒരുത്തനുമല്ല. [പ്രകാശം]

*അനുജനിലതിമാത്രംസ്നേഹമുൾക്കൊണ്ടുപുത്തൻ
ഘനസദൃശനിറംപൂണ്ടുള്ളവൻരാമഭദ്രൻ।
കനകസമനിറംപൂണ്ടഗ്രജന്തങ്കലേററം
വിനയമൊടുവസിക്കുംബാലകൻലക്ഷ്മണൻതാൻ॥ (൫൬)

രാവണൻ—[സ്വകാൎയ്യമായിട്ടു] (സാരണനോടു) എന്തുകൊണ്ടാണ ജനകൻ ജാനകിയെ വരുത്തുവാൻ താമസിക്കുന്നതു?

സാരണൻ—[ആത്മഗതം] അഹോ! മൂഢ് ജനാഗ്രഗണ്യനായ ഈയാൾക്കെന്തൊരു കൊതിയാണു, ഇയ്യാളിപ്പോൾ തന്നെയല്ലെ ജനകനെ കണ്ടതു. [സ്വകാൎയ്യമായിട്ടു പ്രകാശം] മഹാരാജാവെ! തിരുമനസ്സുകൊണ്ടു അല്പം നേരം ക്ഷമിക്കണെ—

ശതാനന്ദൻ—ഭഗവൻ! കൌശിക മഹൎഷേ!

രാവണൻ—[സ്വകാൎയ്യമായിട്ടു] (കോപത്തോടുകൂടി)

* സുന്ദന്റെസൂനുവാധികൌശികനെക്ഷണേന
കൊന്നോരുനേരമിഹകൌശികനെന്നനാമം ।
നന്നായവൻചടിവുപൂണ്ടൊരിവങ്കലാശു
വന്നാശ്രയിച്ചുദ്ധമെന്നുനിനച്ചിടുന്നേൻ ॥ (൧൭)

സാരണൻ—[സ്വകാര്യമായിട്ട] ജാനകീ വിവാഹത്തിന്ന.

ശതാനന്ദൻ—

* ഗുരുതരമാംതപസ്സാഹചെയ്തുനിജാത്മജവാഞ്ഛയാവയ-
സ്സറുപതിനായിരംദശരഥനുകഴിഞ്ഞളവീശ്വരേച്ഛയാൽ ।
വരഗുണയുക്തരായ്സുഗതിനാലുതനൂജർവിഭണ്ഡകാത്മജൻ
ചരുമഹസാജനിച്ചതുമഹാകൌതുകത്തെവളത്തിഞങ്ങളിൽ ॥ (൧൮)

വിദ്യുജ്ജിഹ്വൻ—[ആത്മഗതം] ഇവൻ അഹല്യാപുത്രനല്ലെ

* സുന്ദാത്മജൻരാമനെമാർഗ്ഗമദ്ധ്യേ
കൊന്നീടിനാനെന്നതുകെട്ടിവന്ന ।
ഇന്നല്പമുണ്ടായ്വരുമത്രരാമൻ
തന്നുദ്ഭവേകൌതുകമെത്രയുണ്ടാം ॥ (൧൯)

[പ്രകാശം] നിങ്ങൾക്കമാത്രമല്ല സന്തോഷം, എല്ലാജനങ്ങൾക്കും സന്തോഷം തന്നെ.

രാവണൻ—[സ്വകാര്യമായിട്ട]സാരണ! ജാനകീവിവാഹമെന്ന അമൃതുപോലുള്ള അക്ഷരങ്ങളെ നീ കേൾപ്പിക്കുന്നു.എന്റെ ഹൃദയം വിശ്വാമിത്രന്റെയും കൂടെ പോരുന്നവരുടേയും വരവിനെ തടുപ്പാൻ താടകയാൽ കഴിയുമൊ ഇല്ലയൊ എന്നു വിചാരിച്ച ചഞ്ചലമായിരിക്കുന്നു. (ആലോചിച്ച)

*അല്പായുസ്സാംമനുഷ്യപ്പരിഷയെവെറുതേനീയെതൃക്കേണ്ടവത്സ!
കെല്പുണ്ടെന്നാകിലുംകള്ളമരരൊടമർചെയ്യുന്നുമുന്നംസുരഷ്ഠി ।
ജല്പിച്ചാനെങ്കിലുംഞാൻദശരഥനെഹനിച്ചെങ്കിലന്നെങ്ങിനേയി-
ന്നുല്പാദിക്കുന്നുരാമൻപുനരവനിമകൾക്കാശചേരുന്നതാരിൽ ॥ (൨൦)

സാരണൻ—[സ്വകാര്യമായിട്ട] നാരദന്റെ വാക്കിനാൽ തിരുമനസ്സുകൊണ്ട മനുഷ്യരോട യുദ്ധം ചെയ്യേണ്ടെന്നുവെച്ച ദശരഥനെവിട്ടുകളഞ്ഞു എന്നുള്ളത ഉചിതം തന്നെ, എന്നാൽ കേട്ടാലും

*ഏററംഘോരംതപസ്സുചെയ്തതിമുദിതപുരാരാതിയോടസ്ത്രമന്ത്രം
മുററുംജ്യോതിസ്വരൂപംപരിചിനൊടുപഠിച്ചേററവുംശൌര്യവാനായ്
മറെറല്ലാക്ഷത്രിയന്മാരുടെവധനിപുണൻഭാർഗ്ഗവൻദൈത്യസംഘേ
ചെററുതോററംകാട്ടിയോരിട്ടശരഥനെവൃഥാവിട്ടതിന്നെന്തുമൂലം ॥ (൨൧)

രാവണൻ—(സന്തോഷത്തോടും ഉത്സാഹത്തോടും കൂടി) [സ്വകാൎയ്യമായിട്ടു] നീ നല്ലവണ്ണം ഓൎമ്മപ്പെടുത്തി. എന്നാൽ പ്രിയ സ്നേഹിതനായ അദ്ദേഹത്തിനെക്കൊണ്ടുതന്നെ പുത്രന്മാരോടു കൂടി ദശരഥനെ സംഹരിപ്പിക്കാമെല്ലൊ.

സാരണൻ—[സ്വകാൎയ്യമായിട്ടു]താടകാമുതലായവർ രാമ വിശ്വാമിത്രന്മാരെ കൊന്നിട്ടില്ലെങ്കിലല്ലെ.

ജനകൻ—ഭഗവൻ! വിശ്വാമിത്രമഹൎഷേ!

* മന്നൻപുത്രിരഥന്നുമക്കളുവായപ്പോളുദോകാതിനും
നന്നായുത്സവമായിതിപ്പോളിവരെക്കണ്ടെൻറനേത്രത്തിനും।
എന്നാലെന്മകൾതന്നെരാമനധുനാവേട്ടീടുകിൽസാദരം
വന്നീടുംമമമാത്രമല്ലനിമിവംശത്തിന്നുംനിത്യോത്സവം॥ (൨൨)

അതിനാൽ വിശിഷ്ടനായ അങ്ങുന്ന ഇപ്പോൾ തന്നെ യാഗദീക്ഷയിൽ പ്രവേശിച്ചാലും, ഞങ്ങളും പുത്രിയുടെ വിവാഹമംഗളത്തിന്നായ്ക്കൊണ്ടു ആരംഭിക്കാം.

സാരണൻ—[സ്വകാൎയ്യമായിട്ടു] (രാവണനോട) തിരുമനസ്സുകൊണ്ടു വിവാഹം ചെയ്താലും നിത്യോത്സവം തന്നെ.

രാവണൻ—സംശയമെന്താണ—

വിദ്യുജ്ജിഹ്വൻ—[ആത്മഗതം] ഇതെന്താണ വന്നുകൂടിയത. ഇരിക്കട്ടെ ദോഷമെന്തുള്ളു. വിശ്വാമിത്രനെ രാക്ഷസന്മാർ കൊന്നു എങ്കിലെല്ലാം യോജിക്കും ഇല്ലെങ്കിൽ ഞങ്ങൾ അന്തൎദ്ധാനം ചെയ്യേണ്ടതു തന്നെ.

രാവണൻ—എൻെറ അഭിപ്രായവും അങ്ങിനെ തന്നെ.

ശതാനന്ദൻ—മഹാരാജാവെ! ലക്ഷ്മണന്ന ഊൎമ്മിളയേയും, കൊടുക്കണം.

വിദ്യുജ്ജിഹ്വൻ—[സ്വകാൎയ്യമായിട്ടു] സാരണ! തൻെറ വരവും സഫലമായ്തീരും. എൻെറ വരവ നിഷ്ഫലം തന്നെ.

സാരണൻ—[സ്വകാൎയ്യമായിട്ടു] അങ്ങിനെയല്ല-

* കുടമൊത്തകിടുള്ളപസ്തുളോട-
ങ്ങിടചേൎന്നാത്മജശിഷ്യരോടുമിപ്പോൾ।
ഉടനിമ്മുനിതൻെറപത്നിയാഗം
തുടരുമ്പോൾതവഭാൎയ്യയായ്ഭവിക്കും॥ (൨൩)

വിദ്യുജ്ജിഹ്വൻ—[സ്വകാൎയ്യമായിട്ടു] (സാരണനോട) എന്തെടൊ വൃദ്ധസ്ത്രീയെ ഇനിക്ക ഭാൎയ്യയാക്കി സങ്കല്പിച്ച താനെന്നെ പരിഹസിക്കുന്നു?

ജനകൻ—ഭഗവൻ! ശതാനന്ദമഹർഷേ! അത്രമാത്രമല്ല എന്നാൽ എന്റെ അനുജനായ കുശധ്വജൻ മിഥിലാനഗരത്തിൽനിന്ന,

* അതികുതുകാൽശത്രുഘ്നനു
മതുപോൽഭരതന്നുമേകുവാനായി।
ശ്രുതകീർത്തിമാണ്ഡവികളാം
സുതകളെയിങ്ങോട്ടയച്ചിരിക്കുന്നു॥ (൨൮)

രാവണൻ—[സ്വകാൎയ്യമായിട്ടു] സാരണ! കഥയില്ലാത്ത ഞാൻ ഭരത ശത്രുഘ്നന്മാരുടെ വേഷം ധരിപ്പിച്ച വേറെ രണ്ടു പേരെയും കൂടി കൂട്ടിക്കൊണ്ടു വന്നില്ലല്ലൊ.

സാരണൻ—[സ്വകാൎയ്യമായിട്ടു] വിദ്യുജ്ജിഹ്വൻ വന്നിട്ടുണ്ടെങ്കിലും വിശ്വാമിത്രവേഷം ധരിക്കയാൽ ഉപയോഗമില്ലാതായി എന്നു പറയട്ടെ.

ശതാനന്ദൻ—ഭഗവൻ! വിശ്വാമിത്ര മഹർഷേ! ദശരഥമഹാരാജാവിനെ ഭരത ശത്രുഘ്നന്മാരോടുകൂടി കൂട്ടിക്കൊണ്ടുവന്നില്ലെ?

സാരണൻ—[സ്വകാൎയ്യമായിട്ടു] (രാവണനോട) ഞാൻ മുമ്പെതന്നെ പറഞ്ഞുവെല്ലൊ. "ദശരഥരാജാവിനെ ഭാൎയ്യാപുത്രന്മാരോടുകൂടി ക്ഷണിച്ച കൊണ്ടുവരുവാൻ വിശ്വാമിത്രമഹർഷി പോയിരിക്കുന്നു" എന്ന, വിദ്യുജ്ജിഹ്വൻ അതിന്നനുരൂപമായിട്ടാലോചന ചെയ്തില്ല.

രാവണൻ—[സ്വകാൎയ്യമായിട്ടു] അതിരിക്കട്ടെ. ഇപ്പോൾ നോം ജാനകിയെ കാണ്മാൻ ഉത്സാഹിക്കുക.

വിദ്യുജ്ജിഹ്വൻ—ദശരഥമഹാരാജാവ പരിവാരങ്ങളോടുകൂടി ക്ഷീണത്താൽ വഴിയിൽ താമസിക്കുന്നു.

ജനകൻ—ആരാണവിടെ.

(പ്രതിഹാരി പ്രവേശിച്ച) മഹാരാജാവ കല്പിക്കണെ.

ജനകൻ—പൂജ്യനായ വിശ്വാമിത്രമഹർഷിയുടെ പാദങ്ങളെ വന്ദിപ്പാനായിട്ട കന്യകകളെ കൂട്ടിക്കൊണ്ടു വരു.

പ്രതിഹാരി— കല്പനപോലെ (എന്ന പോയി)

രാവണൻ—[സ്വകാൎയ്യമായിട്ടു] സാരണ! ദൈവം തന്നെ എന്റെ മേൽ കൃപ ചെയ്തു. (ആഗ്രഹത്തോടുകൂടി)

* വന്നാലിപ്പൊഴുതാശുജാനകിയഹോരാമൻശരീരത്തിനൊ-
ത്തെന്നംഗപ്രഭകണ്ടുകൌതുകമിയന്നേററംപ്രസാദിച്ചവൾ।
ഉന്നിദ്രാംബുജപത്രഭംഗിയെജയിച്ചീടുംകടാക്ഷങ്ങളെ-
ച്ചിന്നംപ്രേമരസങ്ങളോടുടനടൻകോരിച്ചൊരിഞ്ഞീടുമെ(൨൯)

(അണിയറയിൽ)

* വിദ്യുജ്ജിഹ്വൻഭവിച്ചു കുശികതനയനായ്മായയാൽ
സാരണൻതാൻ
സദ്യസ്സൌമിത്രിയായാൻദശമുഖനിവരോടൊത്തഹോ
രാമനായി।
അദ്യതല്പുത്രിപാണിഗ്രഹണമതുകൊതിച്ചിങ്ങു
വന്നീടിനാനെ-
ന്നിദ്ധാരത്തിങ്കലുള്ളോർജനകനെയുടനേചെന്നു-
ണത്തിപ്പിനിപ്പോൾ॥ (൨൩)

(എല്ലാവരും കേൾക്കുന്നു)

രാവണൻ—[സ്വകാര്യമായിട്ട](വിദ്യുജ്ജിഹ്വനോട) (നടുങ്ങലോടുകൂടി) നമ്മുടെ ഈ പ്രവൃത്തിയെ ജനകനോട ആരാണ അറിയിക്കുന്നത? ഇത വേറെ ആരും അറിഞ്ഞിട്ടില്ലല്ലൊ.

വിദ്യുജ്ജിഹ്വൻ—[സ്വകാര്യമായിട്ട] (പേടിച്ചു വിറച്ചുകൊണ്ട) മഹാരാജാവെ! ഈ അത്ഭുതത്തെ ഞാനെന്തു പറയട്ടെ, എന്റെ ഭാൎയ്യയെ കൂടാതെ മററാരാലും ഈ വൃത്താന്തം അറിയുവാൻ കഴിയുന്നതല്ല.

സാരണൻ—[ആത്മഗതം] ഏതു ദുഷ്ടനാണ ഞങ്ങളുടെ പ്രവൃത്തിക്ക വിഘ്നമുണ്ടാക്കിയത. [പ്രകാശം]ശതാനന്ദമഹർഷേ! ആരാണിങ്ങിനെ ഘോഷിക്കുന്നത എന്ന അന്വേഷിക്കേണ്ടതാണ.

ശതാനന്ദൻ—[ആത്മഗതം] രാമലക്ഷ്മണ വിശ്വാമിത്ര വേഷധാരികളായ്വന്നിട്ടുള്ള ഇവർ രാവണ സാരണ വിദ്യുജ്ജിഹ്വന്മാരാണൊ. [പ്രകാശം] ലക്ഷ്മണ! അന്വേഷിക്കാം.

ജനകൻ—(വിചാരത്തോടുകൂടി) [ആത്മഗതം]

* എന്നാഗ്രഹംഫലിപ്പിപ്പാൻ
വന്നുകൌശികമാമുനി।
എന്നുമോദിച്ചിരുന്നേൻഞാൻ
വന്നുകൂടിയതന്യഥാ॥ (൨൪)

[പ്രകാശം] ആരാണവിടെ.

(പ്രതിഹാരി പ്രവേശിച്ചു) മഹാരാജാവ കല്പിക്കണേ.

ജനകൻ—ഇങ്ങിനെ പറഞ്ഞത ആരാണെന്ന അന്വേഷിക്ക.

പ്രതിഹാരി— മഹാരാജാവെ! വേറെ എന്താണ അന്വേഷിപ്പാനുള്ളത.

* അരുളിഗിരമിവണ്ണംഞങ്ങളോടാശ്രുദിവ്യൻ
പുരുഷനൊരുവനിപ്പോൾവ്യോമമാർഗ്ഗേണപോയാൻ।
പരിചൊടിതരരാകംരാമസൌമിത്രിമാരോ-
ടൊരുകുശികതനൂജൻഭൂപ! വേറെവരുന്നു॥ (൨൯)

ജനകൻ—ശതാനന്ദമഹർഷേ! ഇതെങ്ങിനെ?

ശതാനന്ദൻ—[സ്വകാര്യമായിട്ടു] (ജനകനോട) ഇങ്ങിനെ പറഞ്ഞത ഇന്ദ്രദൂതനായിരിക്കാം. എന്നാൽ വന്നവരുടേയും വരുന്നവരുടേയും സ്വരൂപത്തെ ക്രമേണ മനസ്സിലാക്കാം. [പ്രകാശം] (വിദ്യുജ്ജിഹ്വനോട) ഭഗവൻ! വിശ്വാമിത്രമഹർഷേ! ഇതെങ്ങിനെ?

വിദ്യുജ്ജിഹ്വൻ—[ആത്മഗതം] റോന്തുകാരനാൽ കള്ളന്മാർ എന്നപോലെ വിശ്വാമിത്രനാൽ ഞങ്ങൾതടുക്കപ്പെട്ടു. [പ്രകാശം] ഞങ്ങളുടെ വേഷം ധരിച്ചിട്ടുള്ള രാക്ഷസന്മാർ വരട്ടെ. ഞങ്ങൾ മറ്റൊരു സ്ഥലത്തിൽ മാറി നിൽക്കാം.

രാവണൻ—[സ്വകാര്യമായിട്ടു] (സാരണനോട) ക്ഷത്രിയക്കുട്ടി താടകാദികളെ കൊന്നിരിക്കുമൊ?

സാരണൻ—[സ്വകാര്യമായിട്ടു] അതുണ്ടാകയില്ല.

* പോരിൽകൊല്ലുവതിന്നായ്
മാരീചസുബാഹുതാടകാദികളെ।
പോരുംരാഘവനെങ്കിൽ
പോരുമവൻനമ്മെയാകവേകൊൽവാൻ॥ (൩൦)

രാവണൻ—[സ്വകാര്യമായിട്ടു] (വിദ്യുജ്ജിഹ്വനോട) നോമെന്താണ ചെയ്യേണ്ടത?

വിദ്യുജ്ജിഹ്വൻ—[സ്വകാര്യമായിട്ടു] (രാവണനോട) നോം തിരസ്കരണിവിദ്യകൊണ്ടദേഹത്തെ മറച്ച എല്ലാം കണ്ടിട്ട ഉചിതം പോലെ പ്രവൃത്തിക്കാം.

രാവണൻ—അങ്ങ പറഞ്ഞത ശരിയാണ.

ജനകൻ—[സ്വകാര്യമായിട്ടു] (ശതാനന്ദനോട) ഇവർ പരിഭ്രമത്തോടുകൂടി തമ്മിൽ തമ്മിൽ മന്ത്രിക്കുന്നു. അതിനാൽ ഇവർ രാക്ഷസന്മാരായിരിക്കാമെന്ന ഞാൻ വിചാരിക്കുന്നു.

ശതാനന്ദൻ—എന്റെയും ഊഹം അങ്ങിനെ തന്നെ.

വിദ്യുജ്ജിഹ്വൻ—ജനകരാജാവെ! എന്തിന ആലോചിക്കുന്നു. ഞങ്ങൾ ഇപ്പോൾ മറ്റൊരു സ്ഥലത്ത മാറി നിൽക്കാമെന്ന പറഞ്ഞുവെല്ലൊ. നിങ്ങൾ രാവണനെ വേണ്ടപോലെ സൽക്കരിക്കണെ. എന്നാൽ അവനോട കന്യകയെ തരാമെന്ന പറഞ്ഞുപോകരുത.

ജനകൻ—അങ്ങിനെതന്നെ.

(എന്നു കൈ കൂപ്പിഎഴുനീററ വഴി കാണിച്ചു കൊടുക്കുന്നു)

(രാവണാദികൾ എഴുനീററ പോയി തിരസ്കരണിവിദ്യകൊണ്ടു ദേഹത്തെ മറച്ചു അധിക ദൂരത്തിലല്ലാതെ പ്രവേശിക്കയും ചെയ്തു)

ശതാനന്ദൻ—മഹാരാജാവെ ഇപ്പോൾ വന്നിരിക്കുന്ന വിശ്വാമിത്രാദികളേയും ഉചിതംപോലെ അൎഘ്യാദികളാൽ പൂജിച്ചു ഞാൻ കൂട്ടിക്കൊണ്ടു വരാം. (എന്നു പോയി)

(അനന്തരം രാമലക്ഷ്മണന്മാരോടുകൂടിവിശ്വാമിത്രൻപ്രവേശിക്കുന്നു)

വിശ്വാമിത്രൻ—[ആത്മഗതം]

*നന്നായ്രാമനുസീതയിൽപ്രണയമേറ്റംവളൎന്നിടേണ-
മന്യോന്യംപ്രിയമുള്ളനാരിപുരുഷന്മാർചേരുകിൽശ്ലാഘ്യമാം।
മുന്നേരാമനെനിദ്രയിൽജനകജാകണ്ടിട്ടുതൊഴീജനം
തന്നാൽസേവിതയാസ്സദാപിതല്പിരിൽക്ഷീണിച്ചുവാഴുന്നിതു॥ (൩൦)

എന്നുമാത്രമല്ല ജൃംഭകാസ്ത്രം മുതലായ ദിവ്യാസ്ത്രമന്ത്രസമൂഹങ്ങളെ രാമനും ലക്ഷ്മണനും ഞാൻ ഉപദേശിച്ചു കൊടുത്തതു നന്നായിരിക്കുന്നു. എന്തുകൊണ്ടെന്നാൽ സ്വജനങ്ങളെ വധിച്ചതുകൊണ്ടും, സീതാവിവാഹം നിമിത്തമായിട്ടും, ത്രൈലോക്യത്തെ ജയിച്ച മഹാ ബലവാനായിരിക്കുന്ന രാവണൻ അതി കോപിഷ്ഠനായാലും, അവന്റെ പരാക്രമം ഇവരിൽ ഫലിക്കയില്ല. അത്രയുമല്ല,

* നിശിചരരതിമായായുക്തരെന്നോൎത്തിദാനീം
ദശരഥനെവെടിഞ്ഞിട്ടുത്തൊനാശ്രമത്തിൽ।
ശശിസുമുഖിവിവാഹംവിഘ്നഹീനംനടത്താൻ
ദശരഥസുതരോടുംവേഗമോടോടിവന്നേൻ॥ (൩൧)

[പ്രകാശം] വത്സന്മാരായ ഹേ! രാമലക്ഷ്മണന്മാരെ! നിങ്ങൾ ജനകരാജാവിങ്കൽ വളരെ വിനയമുള്ളവരായിരിക്കണം. എന്തുകൊണ്ടെന്നാൽ—

* നന്നായ്സ്വംഗിച്ചുപനിഷത്തിനെയാജ്ഞ്യവല്ക്യ
നെന്നുള്ളതൻഗുരുവിൽനിന്നുടനിമ്മഹീശൻ॥
തന്നുള്ളിൽനിന്നുഭവദുഃഖമൊഴിച്ചുമൂലം
മുന്നുള്ളയോഗിവരരാലപിപൂജ്യനല്ലൊ॥ (൩൨)

രാമലക്ഷ്മണന്മാർ—ഞങ്ങൾ അങ്ങിനെ തന്നെ ഇരിക്കാം.

ലക്ഷ്മണൻ—ഭഗവൻ! മഹൎഷേ! ഈ രാജാവിന്നു കരികൊണ്ടുഴപ്പെട്ട യാഗഭൂമിയിൽ നിന്നുത്ഭവിച്ചു സീതയെന്നു പേരായ ഒരു കന്യകയുണ്ടെന്നു അത്യത്ഭുതമായിട്ടു കേൾക്കുന്നു.

വിശ്വാമിത്രൻ—ശരിതന്നെ.

രാമൻ—[ആത്മഗതം] (ഓൎമ്മയോടുകൂടി)

* ചെന്നത്തന്വംഗിവീണാളനലനിലതുഞാൻ
മായയാണെന്നറിഞ്ഞി-
ട്ടെന്നുള്ളംവിട്ടുപോയില്ലിതുവരെയുമഹോ
ശോകകോപങ്ങളേതും ।
എന്നല്ലീ മൈഥിലേന്ദ്രൻവധമൊരുകളവെ-
ന്നാലുമോൎത്തിങ്ങു ചിത്തം
തന്നിൽതോന്നുന്നുയുദ്ധേദശവദനഗളം
പത്തുമൊന്നിച്ചറുപ്പാൻ ॥ (൩൩)
എന്നുമാത്രമല്ല.

*നന്നാസ്സീതാവിവാഹംകുശികസുതമുനീന്ദ്രൻനടത്തീടുവാനായ്
വന്നിപ്പോൾയാഗമാണെന്നൊരുകപടവഴിക്കെന്നെബന്ധുക്കളോടും
ഇന്നേവംകൊണ്ടുപോകുന്നിതുദൃഢമതിനാലെന്മനസ്സെങ്ങിനേയാ-
ണൊന്നോൎത്തങ്ങാശ്വസിക്കുന്നിതുബതതെളിയുന്നുണ്ടുമോദിച്ചിടുന്നു ॥

[പ്രകാശം] ഭഗവൻ! മഹൎഷേ! വേറെ ഇങ്ങിനെ കൂടി ഒര ത്ഭുതം കേൾക്കുന്നുവെല്ലൊ. എന്തെന്നാൽ മഹാതപസ്വിയായ ജ നകമഹാരാജാവിന്റെ ഗൃഹത്തിൽ സകല സുരാസുരവീരന്മാരാൽ കൂടി ജ്യാരോപം ചെയ്യാൻ കഴിയപ്പെടാത്തതായും, ഗിരിവരപ്രമാ ണമായും, ഉള്ള ശ്രീപരമേശ്വര ചാപത്തെ വെച്ച പൂജിക്കുന്നുഎന്ന.

വിശ്വാമിത്രൻ—(ചിരിച്ച)ഇതുംഉണ്ട.(എല്ലാവരുംചുററിനടക്കുന്നു)

ശതാനന്ദൻ—(പ്രവേശിച്ച) മഹാരാജാവെ! ഇതാ മഹാ ത്മാവായ വിശ്വാമിത്രമഹൎഷി ഇതാ ദശരഥരാജ കുമാരന്മാർ!

ജനകൻ—[ആത്മഗതം] പുരോഹിതൻ ഇവരെ വേഷത്തി ന്റെ അവസ്ഥപോലെ കാണിച്ച തന്നതാണ. [പ്രകാശം] നമു ക്ക വളരെ സന്തോഷം (എന്ന ഉചിതംപോലെ ഉപചരിച്ച എല്ലാ വരെയും ആസനങ്ങളിലിരുത്തുന്നു)

ശതാനന്ദൻ—[ആത്മഗതം] ഇവർ രാക്ഷസന്മാരായാലും വേണ്ടതില്ല. എങ്കിലും ഇങ്ങിനെ പറകതന്നെ.
[പ്രകാശം] ഭാഗ്യത്താലാണ മഹാത്മാവായ വിശ്വാമിത്രമഹൎഷി രാമലക്ഷ്മണന്മാരോടുകൂടി ഇവിടെ എഴുന്നെള്ളിയത.

ജനകൻ—[ആത്മഗതം] ഞാനും ശതാനന്ദനെ അനുസരി ച്ച പറഞ്ഞേക്കാം.

[പ്രകാശം]

ഭാഗ്യത്താലൃശ്യശൃംഗന്മുനിയെദശരഥൻതൻഗൃഹേകൊണ്ടുവന്നാൻ
ഭാഗ്യത്താലന്മുനീന്ദ്രൻദശരഥനെയജിപ്പിച്ചുപുത്രാൎത്ഥമായി।
ഭാഗ്യത്താ ലുത്ഭവിച്ചു ദശരഥനടനേനാലുപേർനന്ദനന്മാർ
ഭാഗ്യത്താലെൻസമീപേദ്രുതമിവരെഭവാൻകൊണ്ടുപോന്നുമഹേഷേ॥

രാവണൻ—(വിദ്യുജ്ജിഹ്വനോട) ഇവൻ പരമാൎത്ഥ ബുദ്ധിയോടുകൂടിയായിരിക്കുമൊ? ഇങ്ങിനെ പറയുന്നത.

വിദ്യുജ്ജിഹ്വൻ—ജനകന്ന നമ്മളിൽ തന്നെയാണ പരമാൎത്ഥബുദ്ധി എന്ന തോന്നുന്നു.

വിശ്വാമിത്രൻ—അതങ്ങിനെ തന്നെ. എന്നാൽ വത്സനായ ശതാനന്ദനും പ്രിയ സുഹൃത്തായ ജനകരാജാവും ഒാൎമ്മയോടുകൂടി ഇതിനെ കേൾക്കണം.

ജനകനും ശതാനന്ദനും—ഞങ്ങൾ തയാറായിരിക്കുന്നു.

രാവണൻ—ദുഷ്ടനായ ഈ കൌശികാധമൻ എന്താണ പറവാൻ ഭാവിക്കുന്നത?

വിദ്യുജ്ജിഹ്വൻ—ഒരു സമയം വഴിയിൽ തടുത്ത നമ്മുടെ പരിജനങ്ങളെ തോല്പിച്ചു വന്നു എന്നായിരിക്കണം.

സാരണൻ—അല്ലെങ്കിലെങ്ങിനെയാണ അവരെ തോല്പിക്കാതെ ഇവന്നിവിടെ വരുവാൻ കഴിയുന്നത?

വിശ്വാമിത്രൻ—

*ദാരാപത്യസമേതപംക്തിരഥനെക്കൊണ്ടിങ്ങുയാഗത്തിനായ്
പോരുമ്പോൾപഥിതാടകാപൊടിചൊരിഞ്ഞെന്നെത്തടുത്താളുടൻ

രാവണൻ—(സന്തോഷത്തോടുകൂടി) ആൎയ്യയായ താടകാ നല്ലവണ്ണം ഉത്സാഹിച്ചു.

വിദ്യുജ്ജിഹ്വൻ—അവളെ തോല്പിച്ചതല്ലെ കേൾക്കേണ്ടത

രാവണൻ—(വൈലക്ഷ്യത്തോടുകൂടി) സന്തോഷ പാരവശ്യത്താൽ രാമലക്ഷ്മണന്മാരോടുകൂടി വിശ്വാമിത്രൻ വന്നതിനെ കൂടി ഞാൻ മറന്നു പോയി.

വിശ്വാമിത്രൻ—

*പെണ്ണെന്നുണ്ണിമടിക്കവേസപദിമുടൻചാപാൽതെറിച്ചു ശരം

രാവണൻ—ഈ താപസാധമന്ന, ഈ ക്ഷത്രിയ കുട്ടിയിൽകൂടി മാഹാത്മ്യമുണ്ടാക്കുവാനുള്ള യത്നം എത്രയാണ.

സാരണൻ—(ശങ്കയോടുകൂടി) അതിൽപിന്നെ ഉണ്ടായത എന്താണെന്ന കേൾക്കുക.

വിശ്വാമിത്രൻ—

*തിണ്ണംചെന്നതുമാർപിളൎന്നസമയംതന്നേമരിച്ചാളവൾ॥ (൩൬)

ജനകൻ—[സ്വകാൎയ്യമായിട്ടു] (ശതാനന്ദനോട) ഈ രാക്ഷസൻ താൻ ധരിച്ച രൂപത്തിൽ വിശ്വാസമുണ്ടാക്കുവാനായിട്ടാണ ഈ കഥയെ വൎണ്ണിക്കുന്നത, നിശ്ചയം,

ശതാനന്ദൻ—[സ്വകാൎയ്യമായിട്ടു] ശേഷവും കേൾക്കുക.

ജനകൻ—[പ്രകാശം]

* ഊക്കാലായിരമാനയൊ-
ടൊക്കുന്നവളെവിടെബാലനിവനെവിടെ।

രാവണൻ—ജനകൻ നല്ലവണ്ണം ആക്ഷേപിച്ചു.

ശതാനന്ദൻ—

* ആകെന്തസാദ്ധ്യമാൎക്കുരു
മോക്ഷവിഭോ!ദൈവയോഗമുണ്ടെങ്കിൽ॥ (൩൬)

വിദ്യുജ്ജിഹ്വൻ—ഈ ദുഷ്ടനായ ശതാനന്ദൻ സ്ഥാപിക്കുന്നു.

സാരണൻ—അയ്യൊ താടകെ! സ്ത്രീയെന്നറിഞ്ഞിട്ടുകൂടി കഥയില്ലാത്ത രാമൻ നിന്നെ കൊല്ലാതെ വിട്ടില്ലേ.

രാവണൻ—(ശങ്കയോടുകൂടി) അവരുടെ കൂടെയുള്ളവരെന്തു ചെയ്തു, എന്ന മനസ്സിലായില്ല.

ജനകൻ—പിന്നെയൊ.

വിശ്വാമിത്രൻ—അനന്തരം സുബാഹു പ്രഭൃതികളായ രാക്ഷസന്മാർ രാമഭദ്രന്റെ നേരെ എതൃത്തു വന്നു.

രാവണൻ—താടകാവധത്തെ അവർ സഹിച്ചുകൊണ്ടിരിക്കുമൊ.

സാരണൻ—വീരനെന്നു നടിക്കുന്ന ക്ഷത്രിയ കുട്ടി അവരെ കൂടി ജയിച്ചിരിക്കുമൊ.

വിശ്വാമിത്രൻ—കേട്ടാലും വേറെ എന്താണ.

* കൊന്നിട്ടുള്ളകബന്ധവുംതലകളുംപോരാതെമാംസങ്ങളെ
തിന്നുംകൊണ്ടുകഴുക്കളുംനരികളുംചുററുംകളിക്കുംവിധം।
മുന്നിൽകണ്ടസുബാഹുതന്നെയുമവൻസൈന്യത്തെയുംശീഘ്രമായ്
കൊന്നുംകൊണ്ടുകളിച്ചുരാമവിശിഖംയുദ്ധാങ്കണത്തിൽതദാ॥(൩൭)

ശതാനന്ദൻ—(ജനകനോട) [സ്വകാൎയ്യമായിട്ടു]ഈ സ്ഥിതിയിൽഇവരുടെ വിഷയത്തിലെങ്ങിനെയാണഅങ്ങാലോചിക്കുന്നത?

ജനകൻ—[സ്വകാൎയ്യമായിട്ടു](ശതാനന്ദനോട) പുത്രിയെ പന്തയത്തിൽ ജയിക്കുന്നവന്നു കൊടുപ്പാനായി നിശ്ചയിക്കണമെന്ന.

ശതാനന്ദൻ—[സ്വകാൎയ്യമായിട്ടു] പന്തയമെങ്ങിനെ?

ജനകൻ—[സ്വകാൎയ്യമായിട്ടു] ശിവചാപത്തെ ആരോപണം ചെയ്യുന്നതു തന്നെ.

ശതാനന്ദൻ—(പരിഹാസത്തോടുകൂടി മന്ദഹാസം ചെയ്തു)
[സ്വകാൎയ്യമായിട്ടു]

* മുന്നംസേവയ്ക്കുവന്നുള്ളമരപരിഷയാൽ
പൂൎണ്ണമായുംതടത്തിൽ
പൊന്നുംകുന്നൊത്തഭൂതാദികളനവധി
വാണീടുമീശാചലത്തെ ।
നന്നായ്തൻകൈകൾകൊണ്ടങ്ങിനെനഭസി
കളിപ്പിച്ചലങ്കാധിനാഥ-
ന്നിന്നെന്തുള്ളൂ?പ്രയാസംത്രിപുരഹരധനുസ്സിങ്കൽ
ഞാണേററുവാനായ്॥ (൩൯)

ജനകൻ—[സ്വകാൎയ്യമായിട്ടു] ഭഗവൻ! ശതാനന്ദ മഹൎഷേ! അങ്ങയോട ഞാനുണ്ടായിട്ടുള്ളതു പറയാം.

* സുരചാരണഗന്ധൎവ്വാ
സുരരാക്ഷസസിദ്ധരാരുമീവില്ലിൽ ।
ജ്യാരോപംചെയ്യ്വതിനായ്
പോരായെന്നെന്നൊടീശനരുളിപുരാ॥ (൪൦)

ശതാനന്ദൻ—[സ്വകാൎയ്യമായിട്ടു] എന്നാലിത പന്തയമായിട്ട നിശ്ചയിക്കാവുന്നതാണ.

വിദ്യുജ്ജിഹ്വൻ—എല്ലാവരെയും കൊന്നതായിട്ട വിശ്വാമിത്രൻ പറയുന്നുവെല്ലൊ.

സാരണൻ—ഇത സത്യമാണൊ, മായാവികളായ മാരീചാദികളെ തോല്പിപ്പാനാരാലും കഴിയുന്നതല്ലെല്ലൊ.

ലക്ഷ്മണൻ— * മാരീചനെജ്ജ്യേഷ്ഠനയച്ചബാണം
ദൂരേണവട്ടത്തിലുടൻനഭസ്സിൽ ।
തിരിച്ചുകൊണ്ടോടിവെടിഞ്ഞുവോസം
ഹരിച്ചുവോയെന്നറിവില്ലപിന്നെ॥ (൪൧)

രാവണൻ—(കോപദീൎഘശ്വാസത്തോടുകൂടി)
*ഇന്നെൻഭൃത്യജ്ജനത്തിലഗ്നിചുടുമോസൂൎയ്യൻതപിപ്പിക്കുമോ
പിന്നെക്കാററിഹതട്ടുമോളവനമീഞാനദ്യരക്ഷിക്കയിൽ ।
സുന്ദസ്ത്രീയെയുമസ്സുബാഹുവെയവൻസൈന്യത്തൊടുംരാഘവൻ
കൊന്നുംവാഴ്വതിനുംമുനീന്ദ്രനവനെക്കാപ്പാനുമുത്സാഹമൊ॥ (൪൨)
(എന്ന എഴുനില്ക്കുവാൻ തുടങ്ങുന്നു)

വിദ്യുജ്ജിഹ്വൻ—(തടുത്തുകൊണ്ട) മഹാരാജാവെ! തിരുമനസ്സുകൊണ്ട ക്ഷണനേരം ക്ഷമിക്കണെ, ഇനിമേൽ നടക്കുന്നതു കൂടി കാണുക.

ജനകൻ—[ആത്മഗതം] എന്റെ ഹൃദയത്തിന്ന പ്രസാദമു ണ്ടാകുന്നു.[പ്രകാശം] രഘുകുമാരൻ മാരീചനെ ഓടിച്ചുകളഞ്ഞുവൊ?

വിശ്വാമിത്രൻ—ഉവ്വ.

സാരണൻ—[ആത്മഗതം] കഷ്ടം!

* കരബലമിലങ്കേശന്നു
പരിപൂർണ്ണമതായിരുന്നിതിതുവരെയും ।
തരണിയെരാഹുകണക്കെ
ഒരുഭാഗമിവൻകുറച്ചുദ്ധമതിന്നെ॥ (൪൮)

രാവണൻ—(പല്ലുകടിച്ചുകൊണ്ടു) ഞാനിക്ഷത്രിയക്കുട്ടിയെ വിടില്ല.
*കൈലാസംപൊക്കിയോരെന്നിരുപതുകരവുംപോയതില്ലെന്നുമാശാ
പാലന്മാരുക്കടക്കംശരസഹിതനിഷംഗങ്ങളുണ്ടിന്നുപത്തും ।
കാലൻഗർവ്വംകളഞ്ഞുള്ളിതുമറികമയൻതന്നവേലാണിനിക്കി-
ക്കാലംഞാൻക്ഷുദ്രമാരെപ്പറകപടയിലെന്നുന്നിലാരുണ്ടെതൃപ്പാൻ൪൯

വിദ്യുജ്ജിഹ്വൻ—വിരൽകൊണ്ടെളുപ്പത്തിൽ മിടിച്ചു കൊല്ലാ വുന്ന മനുഷ്യക്കുട്ടിയോടുകൂടി തിരുമനസ്സുകൊണ്ടെന്തിനിത്ര കലശ ലായിട്ടു കോപിക്കുന്നു?

ശതാനന്ദൻ—രഘുകുമാരൻ മഹാ പരാക്രമശാലി തന്നെ.

ലക്ഷ്മണൻ—അതുകൊണ്ടല്ലെ.

* ഗുരുവാംകൌശികമാമുനി
വരനിജ്ജ്യേഷ്ഠനുമങ്ങിനെയിനിക്കും ।
പരിചോടുപദേശിച്ചു
തരസാദിവ്യാസ്ത്രമന്ത്രജാലത്തെ॥ (൫൦)

വിദ്യുജ്ജിഹ്വൻ—തിരുമനസ്സുകൊണ്ടു ലക്ഷ്മണന്റെ വാക്കി നെ കേട്ടുവൊ?

രാവണൻ—ഇതുകൊണ്ടു നാം ഭയപ്പെടുമൊ.

സാരണൻ—ആദ്യംമുതൽക്കേ വിശ്വാമിത്രൻ തന്നെയാണ നമ്മെ ദ്രോഹിക്കുന്നത.

വിശ്വാമിത്രൻ—[ആത്മഗതം] ജനകനും ശതാനന്ദനും എ ന്നെയും ഈ ബാലകന്മാരേയും വേറെ വിധമായി വിചാരിക്കുന്ന പോലെ തോന്നുന്നു. അതിനാൽ ഇവരെ മായാവികളായ രാക്ഷ സന്മാർ മുമ്പേതന്നെ വഞ്ചിച്ചിരിക്കുമൊ, ഇരിക്കട്ടെ. [പ്രകാശം] രാജൻ! ജനക! വത്സ! ശതാനന്ദ! നിങ്ങൾ എന്തൊ എന്നോ ടു പറവാൻ വിചാരിക്കുന്നപോലെ തോന്നുന്നു. അതെന്താണ? പറയുവിൻ.

(ജനകൻശതാനന്ദനോട സംജ്ഞ കാണിക്കുന്നു.)

ശതാനന്ദൻ—

* ആരെങ്കിലുംജഗതിരാജസുതൻഗുണാത്തെ
മാരാരിവില്ലിനെവളച്ചതിലേററിയെങ്കിൽ ।
പാരാതവന്നതിമുദാഖിലസൽഗുണങ്ങൾ
ചേരുന്നതൻമകളെയിജ്ജനകൻകൊടുക്കും ॥ (൪൩)

വിശ്വാമിത്രൻ—(ചിരിച്ച്) നിങ്ങൾക്കു ഞങ്ങളിൽ കൂടി അവിശ്വാസം, അല്ലെങ്കിൽ മഹാ ശക്തികളായും മായാബലംകൊണ്ടു പല രൂപങ്ങളേയും എളുപ്പത്തിൽ ധരിക്കുന്നവരായുമുള്ള രാക്ഷസന്മാരുടെ ഇടയിൽ ആക്കാരിൽ വിശ്വാസമുണ്ടാകുന്നു, അതുകൊണ്ടു പരമേശ്വരചാപത്തെ ആരോപണം ചെയ്വാനായിട്ട വരുത്തുക.

ജനകൻ—ശതാനന്ദമഹർഷേ! അങ്ങുന്നതന്നെ ശിവ ചാപത്തെ ഉപചരിച്ച ഇവിടെ വരുത്തണം.

ശതാനന്ദൻ—അങ്ങിനെതന്നെ (എന്നു പോയി)

രാവണൻ—

* ശങ്കരഗിരിയെയെടുത്തു-
ള്ളെൻകൈകൾക്കുംപ്രയാസമായുള്ള ।
ശങ്കരവില്ലുകുലപ്പാൻ
ശങ്കവൃഥാബാലനേഷമതിയാമൊ ॥ (൪൬)

വിദ്യുജ്ജിഹ്വൻ—കഷ്ടം! കഷ്ടം! കഥയില്ലാത്ത ജനകൻ എന്താണിങ്ങിനെ പ്രതിജ്ഞ ചെയ്തുത, പരമേശ്വര ചാപത്തെ കുലപ്പാൻ ത്രൈലോക്യത്തിലൊരുത്തനുമില്ലല്ലൊ.

രാവണൻ—(ആകാശത്തിൽ നോക്കി സീതയെ ഉദ്ദേശിച്ച്) അയ്യൊ! ഭാഗ്യഹീനയായ ജാനകി!

* എന്നിഷ്ടൻപുത്രിയെന്നോൎത്തഹമഥബലമാ-
യ്ക്കൊണ്ടുപോയീലനിന്നെ
നിന്നെച്ചോദിച്ചതില്ലിന്നൃപനൊടൊരുനരൻ
തന്നെമോഹിക്കയാൽനീ ।
എന്നാൽവേളിക്കരാമൻവടിവിയലുമിനി-
ക്കീവിധംപന്തയത്താൽ
നിന്നെക്കിട്ടാതെയായ്മററൊരുവനും—
എന്താണങ്ങോട്ട പറയേണ്ടത. കഷ്ടം! കഷ്ടം!
* ഇനിനീവേളിയില്ലാതിരിക്കും ॥ (൪൭)

സാരണൻ—തിരുമനസ്സിലെക്കു ഇവളുടെമേൽ ദയയുണ്ടെങ്കിൽഇപ്പോളിവളെ തസ്കരിച്ചുതന്നെകൊണ്ടുപോകേണ്ടതായിട്ടതീന്നു.

ശതാനന്ദൻ—(പ്രവേശിച്ച) പരമേശ്വരചാപത്തെ ഇതാ കൊണ്ടുവന്നിരിക്കുന്നു. (എന്ന ഇരിക്കുന്നു)

വിശ്വാമിത്രൻ—ഉണ്ണി! രാമഭദ്ര! അതിനെ നോക്കു.

രാമൻ—ഗുരുവിൻെറ കല്പനപോലെ

(എന്ന എഴുനീററ വില്ലിൻെറ സമീപത്തിൽ ചെല്ലുന്നു.)

രാവണൻ—എന്തു, ഇവൻ ഭയപ്പെടാതെതന്നെ അടുത്തു ചെല്ലുന്നു.

വിദ്യുജ്ജിഹ്വൻ—ഒരു സമയം ഇവനിതിനെ ആരോപണം ചെയ്യുമൊ.

സാരണൻ—ഒരുസമയം ഇവൻ സീതയെവേൾക്കുകയും ചെയ്യുമൊ.

(അനന്തരം അല്പദൂരം മുമ്പിലായിനടക്കുന്ന പ്രതിഹാരിയാൽ കൂട്ടിക്കൊണ്ടു വരപ്പെട്ടവരായും രക്തവസ്ത്രത്താൽ ദേഹത്തെ മറച്ചും ഇരിക്കുന്ന സീതയും മററുള്ള കന്യകകളും പ്രവേശിക്കുന്നു.)

സീതാ—വത്സകളേ! മഹാനുഭാവനായ വിശ്വാമിത്രമഹർഷി വന്നിട്ടുണ്ടു, അദ്ദേഹത്തെ നോം വന്ദിക്കേണ്ടതാണ.

രാമൻ—[ആത്മഗതം]ഇതെങ്ങിനെ.

* നൂനംസുധപോൽകാതി-
നാനന്ദംനൽകിടുന്നകിളിവാക്കാൽ ।
ഞാനനുഭവിച്ചമായാ
ജാനകിവചനത്തെയോൎക്കുന്നേൻ ॥ (൪൯)

ഊൎമ്മിളാ—ജ്യേഷ്ഠത്തിയായ ജാനകിയുടെ വാക്കിനെ നിങ്ങൾ കേട്ടില്ലെ?

രാമൻ—(കണ്ടിട്ട) [ആത്മഗതം] ഇവൾ തന്നെയൊ സാക്ഷാൽ ജാനകി.

* ഇന്ദൌസൌമ്യതയുണ്ണിനുള്ളരുചി-
യുദ്യാനത്തിലുള്ളാഗ്രഹം
നന്നായ്രാത്രിയതിൻെറശീഘ്രഗമനം
മന്ദാനിലേശൈത്യവും ।
പിന്നെക്കേൾവിരസംകുയിൽദ്ധ്വനിയി-
ലെന്നുള്ളെൻസുഖംകാണ്മതിൻ
മുന്നേകണ്ടൊരുസുന്ദരാംഗിയെയിതാ
കാണുന്നുഞാൻസാമ്പ്രതം ॥ (൫൦)

അതിനാലിവളെ കൈകൾകൊണ്ടു ദൃഢമായിട്ട ബന്ധിക്കേണ്ടതാണ. (ആലോചിച്ച)

ശ്രീപരമേശ്വരചാപാ-
രോപണമാംപന്തയംനിവൃത്തിച്ചാൽ।
ഭൂപുത്രിയെബന്ധിക്കാം
കൈപാശത്താലതെന്നിയേവഹിയാ। (൫൩)

(എന്ന വേഗത്തിലടുത്തു ചെന്ന വില്ലിനെ നോക്കുന്നു.)

മാണ്ഡവീ—ജ്യേഷ്ഠത്തി! ജാനകി! വിശ്വാമിത്രമഹൎഷി രണ്ടു രാജകുമാരന്മാരെ കൂട്ടിക്കൊണ്ടു വന്നിട്ടുണ്ടെന്നു കേൾക്കുന്നു.

സീതാ—അതെ.

മാണ്ഡവി—അവരിൽ ഒരു കുമാരൻ ഏതൊ ഒരു കന്യകയുടെ മനസ്സിനെ അപഹരിച്ചിരിക്കുന്നുഎന്നും കേൾക്കുന്നു.

സീതാ—(അസൂയയോടു കൂടി) ഹും എന്നു പറയുന്നു. മിണ്ടാതെ വരു, (എന്ന ലീലാകമലംകൊണ്ടു അടിക്കുന്നു.)

ഊൎമ്മിളാ—(ചിരിച്ചു) ഹേ സീതേ! നിന്റെ ഈ പ്രവൃത്തികൊണ്ടു മാണ്ഡവി പറഞ്ഞതിനെ നീ എന്തിനാണു നിന്റെ മേൽ വലിച്ചിടുന്നതു.

സീതാ—അസംബന്ധം പറയുന്ന ഊൎമ്മിളെ! നീ ദൂരത്തുപോ.

ശ്രുതകീൎത്തി—ഹേ സീതേ! നീ എന്തിനാണിതിൽ ഇങ്ങിനെ കോപിക്കുന്നതു? അങ്ങിനെയാണെങ്കിൽ നീ തന്നെ പറയു. ഈ കന്യകകളിൽ വെച്ചാരാണുപിന്നെ സ്വപ്നത്തിൽ കാമസുന്ദരനായ ഒരു ക്ഷത്രിയ കുമാരനെ കണ്ടിട്ടു വേനക്കാലത്തിൽ പ്രവാഹം ക്രമേണ ചുരുങ്ങുന്ന മലഞ്ചോലപോലെ ദിവസംതോറും ചടച്ചുവരുന്നതു? ആരുടെ ദേഹമാണു പിന്നെ ചാല്പുകൊണ്ടു ഉടനെ നനസ്സപ്പെട്ട സ്വൎണ്ണപ്പാവപോലെ വെളുത്തിരിക്കുന്നതു? ആരാണു പിന്നെ വിജനമായും മനോഹരമായുമുള്ള ഉദ്യാനമദ്ധ്യത്തിൽ പഴുത്തിരിക്കുന്ന വലിയ ഫലങ്ങളുടെ ഭാരത്താൽ കൊമ്പുകൾ താണിട്ടുള്ള മാതളച്ചെടികളാൽ ഉള്ളിൽ പ്രവേശിപ്പാൻ പ്രയാസമായും നല്ല തണലും ഭംഗിയുമുള്ള തെങ്ങുന്തോട്ടത്താൽ അലങ്കരിക്കപ്പെട്ടും ഇരിക്കുന്ന പിച്ചക വള്ളിക്കുടിലിൽ തണുപ്പുള്ള തളിരുകളാൽ ഉണ്ടാക്കപ്പെട്ട മെത്തയിൽ കിടന്നുകൊണ്ടും, രാമച്ചത്തിന്റെയും ചന്ദനത്തിന്റെയും രസങ്ങളാൽ നനസ്സപ്പെട്ട രണ്ടു കുചതടങ്ങളിലും പുതിയ ചന്ദ്രക്കലപോലെ മനോഹരങ്ങളായ അല്ലിത്തണ്ടുകളാൽ ഉണ്ടാക്കപ്പെട്ടമാലകളെ ഏടവിടാതെ അണിഞ്ഞുകൊണ്ടും, അരികിലിരിക്കുന്ന സഖികളുടെ കൈകൾകൊണ്ടു വീശുന്ന താമരയില വിശറിയിൽ നിന്ന അതി ശീതമായ്വരുന്ന മന്ദവായുവിനെ ഏററുകൊ

ണ്ടും, ദിവസങ്ങളെ കഴിച്ചു കൂട്ടുന്നത? എന്നുമാത്രമല്ല, ആരാണ പിന്നെ പ്രഭാതത്തിലുണൎന്നിട്ട സഖികളോട സ്വകാന്തമായിട്ടിങ്ങിനെ പറയുന്നത?

മാണ്ഡവീ—ശ്രുതകീൎത്തി! പറയു: പറയു: എങ്ങിനെയാണ പറയുന്നത?

സീതാ—ശ്രുതകീൎത്തിയാണങ്ങിനെ പറയുന്നത.

ശ്രുതകീൎത്തി—

* വല്ലപ്പോളങ്ങുറക്കംവരികിലുടനെയെൻ
മുന്നിലായ്രാമനപ്പോൾ
മെല്ലെസ്വപ്നേ വരുന്നുണ്ടരികിലവനിരു-
ന്നേഷനിൻദാസനെന്നും।
ചൊല്ലുന്നു,കൊങ്കമൂടുന്നൊരുപുടവയെ
നീക്കുന്നു,ഞാൻചില്ലികോപാൽ
തെല്ലാട്ടുമ്പോൾതൊഴുന്നു,കപടമൊടുമുഖേ
ചുംബനംചെയ്തിടുന്നു॥ (ഒ൨) എന്ന

(ഊൎമ്മിളയും മാണ്ഡവിയും സീതയുടെ മുഖത്തെ നോക്കുന്നു.)

സീതാ—[ആത്മഗതം] (അധികലജ്ജയോടുകൂടി) ഇവൎക്ക എന്റെ സകല വൎത്തമാനവും മനസ്സിലായി. ഇനി എന്താണ വഴി [പ്രകാശം] (ധൈൎയ്യത്തോടുകൂടി) നിങ്ങളെയല്ല ഇപ്പോൾ ശകാരിക്കേണ്ടത, എന്നാൽ പരിഹാസശീലയായും, എന്റെ സഖിയായുമുള്ള ആ ശീലവതിയെ തന്നെയാണ, എന്തുകൊണ്ടെന്നാൽ അവൾ ശ്രുതകീൎത്തി കുട്ടിയാണെന്നുവിചാരിച്ചു കളിയാക്കുവാൻ വേണ്ടി "സീതാ ഒരുപുരുഷനിൽആഗ്രഹിച്ചവൾപോലെചടച്ചും വെളുത്തും പല്ലവശയനത്തിൽ കിടന്നുകൊണ്ടും അങ്ങിനെ ഇരിക്കുന്നു ഇങ്ങിനെയിരിക്കുന്നു" എന്ന അനുചിതങ്ങളായ വാക്യങ്ങളെ എപ്പോഴും ഉപദേശിച്ചുകൊണ്ടുതന്നെ ഇരിക്കുന്നു.

മാണ്ഡവി—(മുൻഭാഗത്തുനോക്കീട്ട) ഇതെങ്ങിനെ? പാതാളരന്ധ്രതുല്യമായിരിക്കുന്ന ഇരിമ്പുപെട്ടിയുടെ ഉള്ളിൽ കിടക്കുന്നതായും നിത്യവുംഅൎച്ചനം ചെയ്യുന്നതുകൊണ്ടുപറ്റിയിരിക്കുന്ന ചന്ദനബിന്ദുക്കളാൽ മനോഹരമായും ഉള്ള ശ്രീപരമേശ്വര ചാപത്തെ ഇവിടെ കൊണ്ടു വന്നിരിക്കുന്നു. അതിന്റെ സമീപത്തിൽ തന്നെ കാണുന്നവൎക്ക ബാലചന്ദ്രനെന്ന പോലെ നേത്രാനന്ദത്തെ കൊടുക്കുന്ന സൌന്ദൎയ്യത്തോടും കനക മാലയാൽ ബന്ധിക്കപ്പെട്ടും മനോഹരമായുമിരിക്കുന്ന ശിഖണ്ഡകത്തോടും, സന്ധ്യാസമയത്തിൽ വിരിഞ്ഞ നീലോല്പലത്തിന്റെ ഉള്ളിലുള്ള ദളംപോലെ ശ്യാമളമായ

ദേഹത്തോടും, കണ്ണുത്തോളം നീണ്ടും താമരദളംപോലെ മനോഹരങ്ങളായും വിശാലങ്ങളായും അരികിൽ തുടുത്തുമിരിക്കുന്ന നേത്രങ്ങളോടും,ആനക്കുട്ടിയുടെതുമ്പിക്കൈപോലെ നീണ്ടും തടിച്ചുമിരിക്കുന്ന ബാഹുദണ്ഡങ്ങളോടുംകൂടി ഈ ആശ്രമ ഭൂമിക്കലങ്കാര ഭൂതനായി കാണപ്പെടുന്ന ഇവനാരാണ്?

സീതാ—(നോക്കീട്ട) [ആത്മഗതം] എന്താണിത, ഇവന്റെ ആകൃതി സ്വപ്നത്തിൽ കാണപ്പെട്ട ആ പ്രിയജനത്തിന്റെ ആകൃതിക്കൊത്തിരിക്കുന്നു, അതിനാലെന്റെ ആഗ്രഹം സഫലമായതുപോലെ തോന്നുന്നു, ഇവന്റെമേലത്യാഗ്രഹത്തോടു കൂടിയിരിക്കുന്ന എന്നെ, ത്രൈലോക്യത്തെ ജയിച്ച വീരനാണെങ്കിലും കാമദേവൻ സ്ത്രീ ജനങ്ങളോടെതൃക്കുന്നതിനാലുണ്ടാകുന്ന ദുഷ്കീൎത്തിയെ ആലോചിക്കാതെ ശരങ്ങളെ ചൊരിഞ്ഞുകൊണ്ടു ബാധിക്കുന്നു. ചന്ദ്രനും സമുദ്രവാസത്താൽ സിദ്ധിച്ചിട്ടുള്ള കാളകൂടവിഷത്തെ കളങ്കമാണെന്നുള്ള വ്യാജത്താൽ വഹിച്ചുകൊണ്ടു എന്നെ തപിപ്പിക്കുന്നു, മന്ദവായുവും ദക്ഷിണദിക്കിലുള്ള പരിചയത്താൽ പകൎന്നിട്ടുള്ള യമന്റെ ക്രൂരതയോടു കൂടി എന്റെ പ്രാണനെ അപഹരിപ്പാനായി സഞ്ചരിക്കുന്നു,

(എന്ന എല്ലാകന്യകകളോടുംകൂടി നോക്കിക്കൊണ്ടു നില്ക്കുന്നു.)

ശതാനന്ദൻ—മഹാരാജാവെ! കണ്ടാലും ഈ രഘുകുമാരൻ-

ജനകൻ—

* നോക്കുന്നുധൃഷ്ടമഞ്ഞൂർഭടരുടെവലിയാൽശബ്ദമാന്നെട്ടുചക്രം
തൂക്കീട്ടുംവണ്ടിയിന്മേൽവിലസിടുമൊരയഃപെട്ടിയുൾചേൎന്നചാപം ।

വിശ്വാമിത്രൻ— *ചൊക്കിക്കൈകൊണ്ടുനിൎത്തുന്നിതുഭൂവികളിയായ്

ലക്ഷ്മണൻ— *താഴ്ത്തിത്താണാശ്രുകെട്ടുന്നു

ജനകൻ—(സന്തോഷാശ്ചൎയ്യങ്ങളോടുകൂടി)

* ഊക്കോടൊന്നങ്ങിഴുക്കുന്നിതു

ശതാനന്ദൻ— * കിമിഹകഥിക്കേണ്ടുപൊട്ടിച്ചുവെല്ലോ॥ (മെ-)

ജനകൻ—(ആശ്ചൎയ്യത്തോടുകൂടി)

*ഈരാമാകൎഷണത്താൽത്രുടിതഹരധനുസ്സിന്റെപാരിച്ചഘോഷം
ഘോരംകല്പാന്തമേഘധ്വനിയൊടുസമമെങ്ങുംമുഴങ്ങുന്നഭീത്യാ ।
പാരംമൂൎച്ഛിച്ചിട്ടുന്നുഭ്രൂവമുടനെപതിച്ചങ്ങെണീക്കുന്നുസൎവ്വസ്ഥ-
ന്മാരായെന്താണിതെന്നോൎത്തഖിലരുമധികംവിസ്മയിക്കുന്നുലോകേ।

ശതാനന്ദൻ—[സ്വകാൎയ്യമായിട്ട] (ജനകനോട)

* കുശികസുതനിവന്താൻനിൻസുഹൃത്താംമുനീന്ദ്രൻ
ശിശുവരരിവർതന്നേരാമസൌമിത്രിമാരും ।
നിശിചരരിഹമുന്നേവന്നപേർമൂന്നുമെന്നായ്
ഭൃശമവനിപമൌലേ!തീച്ചയായില്ലേ?യിപ്പോൾ ॥ (൭൭)

ജനകൻ—[സ്വകാൎയ്യമായിട്ട] തീച്ചയായി.

ശതാനന്ദൻ—[സ്വകാൎയ്യമായിട്ട] ഭാഗ്യത്താൽ നോം മായാസമുദ്രത്തിൽനിന്നും, മനോരഥസമുദ്രത്തിൽനിന്നും കരകേറി.

വിശ്വാമിത്രൻ—ജനകരാജാവെ! കേട്ടാലും.

* രാമൻഞാണവലിച്ചൊടിച്ചഹരചാപത്തിന്റെഠാൽകാരമി
വ്യോമത്തിങ്കലശേഷഭീതികരമായെങ്ങുംമുഴങ്ങുംവിധൌ ।
ധീമാനാംവിധിവായടച്ചുദ്ധമായ്രക്ഷിക്കവാൻകാന്തയെ
വാമാംഗംമുറുകെപ്പിടിച്ചഗിരിശൻനൂനംവലങ്കയ്യിനാൽ ॥ (൭൮)

ജനകൻ—ഇത സത്യംതന്നെ.

വിദ്യുജ്ജിഹ്വൻ—ഈ ക്ഷത്രിയക്കുട്ടി മഹാബലവാൻ തന്നെ എന്തുകൊണ്ടെന്നാൽ,

* പണ്ടുണ്ടായുള്ളൊരത്യത്ഭുതതരമപുരയുദ്ധത്തിൽ
വക്ത്രങ്ങൾപത്തും
കൊണ്ടൊന്നിച്ചിട്ടശാന്ത്യൻവിഭുവധികരുഷാ
ചെയ്തചണ്ഡാട്ടഹാസം ।
ഉണ്ടായ്വിശന്തികാതിന്നതുപൊഴുതതിമാലിന്നതോ-
ടൊത്തിരിക്ക-
ന്നുണ്ടിശ്രീകണ്ഠചാപത്തിനെരഘുശിശുപൊട്ടിച്ച
പൊങ്ങുന്നശബ്ദം ॥ (൭൯)

സാരണൻ—വിദ്യുജ്ജിഹ്വനെന്താണ വൎണ്ണിക്കുന്നത? ഭഗവാനായ ശ്രീ പരമേശ്വരന്റെ ചാപത്തെ മുറിച്ചത മഹാരാജാവിന്റെ മനോരഥമൂലച്ഛേദമല്ലേ?

രാവണൻ—(വിദ്യുജ്ജിഹ്വനോട) (കോപത്തോടുകൂടിചിരിച്ച)

* ശ്രീകണ്ഠൻവില്ലൊടിച്ചിട്ടവനിമകളെയീ
രാഘവൻവേൾക്കമിപ്പോ
ളേകീടുംമൈഥിലൻതാനതിനുമനുവദി
ച്ചീടുമിഗ്ഗാധിസൂനു ।
ഭൂകന്യാവേളിമോഹിച്ചിതരവടിവിയ
ന്നിങ്ങുഹോവന്നപോലെ
പോകുംഞാനെങ്ങിനേയെൻപുരമതിലിഹനീ
യെന്തുചിന്തിച്ചിടുന്നു? ॥ (൮൦)

വിദ്യുജ്ജിഹ്വൻ—[ആത്മഗതം] ഈ രാവണൻ വളരെ കോപിച്ചിരിക്കുന്നു, അതിനാൽ ഇവനെ അനുസരിച്ചിരിക്കാം, [പ്രകാശം] ഈ സമയത്തിലുചിതമായ പ്രവൃത്തി ഇന്നതാണെന്ന എല്ലാം അറിവുള്ള തിരുമനസ്സിലെക്ക ഞാൻ ബോധിപ്പിക്കെണമെന്നില്ലെല്ലൊ.

രാവണൻ—എന്നാൽ കേൾക്ക,

*കൊന്നീടേണംമദനുചരരെക്കൊന്നിനിക്കുള്ളിൽവൈരം
തന്നുള്ളോരിദ്ദശരഥസുതൻതന്നെയൊന്നാമതായി ।
എന്നിച്ചൻതാൻജനകനൃപനെന്നാലുമീവഞ്ചനത്താൽ
കൊന്നിട്ടിപ്പോളിവനെയുമുടൻസീതയെക്കൊണ്ടുപോണം॥ (൫൯)

സാരണൻ—ഇങ്ങിനെയാണെങ്കിൽ-

* കയ്യിലുള്ളഗദകൊണ്ടുമാറിടമടിച്ചുടച്ചുനരബാലകൻ
മെയ്യിലുള്ളപുതുമാംസമായിട്ടുമൊരുപ്പിലിട്ടതുസമേതമായ് ।
അയ്യ: ഞാൻജനകകണ്ണമിപ്പൊഴുതുവാളിനാലുടനറുത്തഹോ
ചെയ്യുവൻരുധിരപാനമാശുളമതിന്നുകല്പനതരേണമെ ॥ (൬൦)

വിദ്യുജ്ജിഹ്വൻ—[ആത്മഗതം] ഈ രാമൻ വിശ്വാമിത്രനാൽ ഉപദേശിക്കപ്പെട്ട സകല ദിവ്യാസ്ത്രമന്ത്രങ്ങളോടുകൂടിയും മഹാഗംഭീരപരാക്രമശാലിയായുമിരിക്കുന്നു, അതിനാലിവന്റെ മുമ്പാകെ യുദ്ധത്തിൽ രാവണമഹാരാജാവു കൂടിനില്ക്കുവാൻ ശക്തനാകയില്ല, പിന്നെ ഈ സാരണന്റെ കഥ പറവാനുണ്ടൊ, [പ്രകാശം] ഛീ: മൂഢ! എന്തചിലക്കുന്നു? മഹാരാജാവെ! പ്രസാദിച്ചല്പം കേൾക്കേണമെ,

രാവണൻ—മന്ത്രികളിൽ ഞാൻ വിനയമുള്ളവനാണ,

വിദ്യുജ്ജിഹ്വൻ—* ആലോചിയാതുള്ളൊരുകർമ്മവല്ല
കാലത്തിലുംദുഃഖടമായ്ഭവിക്കും ।
ആലോചനാപൂർവ്വകമായതെങ്കിൽ
കാലാന്തരേമംഗളമേററമേകും॥ (൬൧)

അതുകൊണ്ടിപ്പോൾ *രാമനെയെങ്ങിനെകൊല്ലാം
ഭൂമകളെക്കിട്ടുമെങ്ങിനെയിതെല്ലാം ।
ആമാല്യവദാദികളൊടു
നാമാലോചിച്ചുചെയ്യവേണ്ടവിധം॥ (൬൨)

രാവണൻ—ഇങ്ങിനെയാണെങ്കിൽ നോംപുഷ്പകവിമാനത്തിൽ കേറി വേഗം ലങ്കാപുരത്തിൽ തന്നെ ചെല്ലുക, ഈ ജാനകീദശനസന്തോഷംകൊണ്ടിപ്പോൾ പ്രയോജനമെന്താണ, ഇവളെ ബ

ലാൽകാരത്താൽ കൊണ്ടുപോകേണ്ടതാണെന്ന തീച്ചപ്പെട്ടില്ലേ,

(എന്ന സാരണ വിദ്രുജിഹ്വന്മാരോടു കൂടി പോയി)

ജനകൻ— (സന്തോഷവിനയങ്ങളോടുകൂടി)

* അമ്പിലെൻകാൎയ്യസിദ്ധിക്കായ്
വൻപ്രയത്നങ്ങൾചെയ്തതിൽ
മുമ്പനാംഗാധിവംശേന്ദോ!
കുമ്പിടുന്നുഭവാനെഞാൻ ॥ (൱൨)

ശതാനന്ദൻ—ഭഗവൻ വിശ്വാമിത്രമഹൎഷേ!

* ക്ഷിതിജയെരാമനനൽകാം
കുതുകാലിലക്ഷ്മണനുമൂൎമ്മിളയെ ।
ശ്രുതകീൎത്തിയെശത്രുഘ്നനു
മതുപോൽഭരതനുമിന്നുമാണ്ഡവിയെ ॥ (൱൩)

വിശ്വാമിത്രൻ—കൊള്ളാം, കൊള്ളാം,

സീതാ—[ആത്മഗതം] എന്റെ മനോരഥവല്ലഭനായ ഇദ്ദേഹം ശ്രീപരമേശ്വര ചാപത്തെ, ആനക്കുട്ടി കരിമ്പിനെ എന്ന പോലെ, ക്ഷണത്തിൽ പൊട്ടിച്ചുവൊ? ആശ്ചൎയ്യമാശ്ചൎയ്യം! [പ്രകാശം] ഊൎമ്മിളേ! ഇതെന്താണ?

ഊൎമ്മിളാ—ഹാ! കഷ്ടം! കഷ്ടം! ഈ രഘുകുമാരനാൽ മുറിക്കപ്പെട്ട പരമേശ്വരചാപത്തിന്റെ, പ്രളയകാലമേഘഗൎജ്ജിതംപോലെ ഭയങ്കരമായ ശബ്ദത്താൽ നോം പേടിച്ചു വിറച്ചും, അന്യോന്യം കൈകൾകൊണ്ടു ദേഹത്തെ മുറുകെ പിടിച്ചും, നേത്രാരവിന്ദങ്ങളെ അടച്ചുംകൊണ്ട, ഈ ഒരു ക്ഷണനേരത്തെ അതി പ്രയാസത്താൽ കഴിച്ചു കൂട്ടി.

മാണ്ഡവി—അതുകൊണ്ട നോം വിശ്വാമിത്ര മഹൎഷിയുടെ പാദവന്ദനം ചെയ്തിട്ട അന്തഃപുരത്തിലെക്കുതന്നെ ചെല്ലുക.

ശ്രുതകീൎത്തി—അങ്ങിനെ ചെയ്യുക.

ജനകൻ—(ആനന്ദ സ്നേഹ ബഹുമാനങ്ങളോടു കൂടി) വരു: വരു: ഉണ്ണി! രാമഭദ്ര!

* ദിനകരകുലമൌലേ!മൽപ്രതിജ്ഞാംബുരാശി-
ക്കനുപമഭുജവീൎയ്യംപൂണ്ടഹേകൎണ്ണധാര! ।
തനുവിൽമഹിതമല്പംയൌവനംചേൎന്നനീയെൻ
തനയയുടെമഹത്തായുള്ളമുൻജന്മപുണ്യം॥ (൱൪)

(രാമൻ മുഖം താഴ്ത്തി വിശ്വാമിത്രസമീപത്തിലിരിക്കുന്നു.)

പ്രതിഹാരി—ഇതാ കന്യകകൾ വന്നിരിക്കുന്നു.

സീതാ—(നോക്കീട്ട) ഇതാ പരമേശ്വര ചാപത്തെ മുറിച്ചാളി വിടെ തന്നെയിരിക്കുന്നു, എന്റെ കയ്യും കാലും ഭയത്താൽ വേണ്ടപോലെ പ്രസരിക്കുന്നില്ല.

(എന്ന മാണ്ഡവിയുടെ അരികിൽ മറഞ്ഞുകൊണ്ടു ഗമിക്കുന്നു)

രാമൻ—[ആത്മഗതം]

*കന്നൽകണ്ണിയെനോക്കുവാൻകുതുകമോടോടീടുമെൻകണ്ണിനെ-
ച്ചെന്നിട്ടാശ്ശുതടുത്തിടുന്നുവിനയംപാരംഗുരോസ്സന്നിധൌ ।
നന്നായിട്ടിവൾകാലിലുള്ളമണിമഞ്ജീരസ്വനംകാതുകൾ-
ക്കിന്നേററംസുഖമേകിടുന്നിതതിനാൽഞാൻധന്യനായീലയൊന്നുമ

ഊർമ്മിളാ—[ആത്മഗതം] പരമേശ്വര ചാപഭഞ്ജനം ചെയ്ത ഇദ്ദേഹത്തിന്റെ സമീപത്തിൽ ഉരുക്കിയ തങ്കംപോലെ ഗൌര വർണ്ണമായും, മനോഹരമായും, ഉള്ള ദേഹത്തോടുകൂടിയ ലക്ഷ്മണൻ ഇരിക്കുന്നുവൊ, ഇദ്ദേഹത്തിനെ കണ്ട നേരത്തിൽ എന്റെ മനസ്സ കാമദേവന്നു കളിപ്പാനുള്ള മാൻ കുട്ടിയായി തീൎന്നു. ഇതെങ്ങിനെ

(എന്ന ജനകന്റെ സമീപത്തിൽ ചെല്ലുന്നു.)

ലക്ഷ്മണൻ—[ആത്മഗതം]

* ചരടാലെയെന്നതുകണക്കെന്നുനമീ
വരമഞ്ജുഭാഷിണികടാക്ഷമാലയാൽ ।
പരിചോടിഴുത്തമമചിത്തമിങ്ങുപിൻ
തിരിയുന്നതില്ലപുനരെന്തുചെയ്വുഞാൻ ॥ (൩൭)

(എന്ന പരാങ്മുഖനായിരിക്കുന്നു.)

ജനകൻ—മഹാനുഭാവനായ ഈ കൌശികമഹൎഷിയെ വത്സകൾ നമസ്കരിക്കുവിൻ.

കന്യകകൾ—ആൎയ്യ! താതപാദങ്ങളിൽ ഞങ്ങൾ നമസ്കരിക്കുന്നു.

വിശ്വാമിത്രൻ—വത്സകൾക്കു അഭീഷ്ടം സിദ്ധിക്കട്ടെ.

(കന്യകകൾ കുറച്ചു മാറി നിൽക്കുന്നു.)

വിശ്വാമിത്രൻ—ഞാനിപ്പോൾ തന്നെ യാഗമാരംഭിക്കാം. മഹാരാജാവെ! അങ്ങും പ്രതിജ്ഞയെ നടത്തുക.

ജനകൻ—എടൊ! പ്രതിഹാരി! അധികാരികളോടു പറയു.

*ദ്വാരദേശമതിലെങ്ങുമാശ്രുകുലവാഴഭംഗിയൊടുനാട്ടണം
ചോരിൽവെങ്കിളികളിട്ടഗാരമതിൽനല്ലചിത്രമെഴുതിടണം।
തോരണങ്ങൾസുമമാലകൊണ്ടിഹവിതാനവുംപുരിനിറയ്ക്കണം
ചാരുസാമ്പ്രതമെടുത്തുകൂടിതനയാവിവാഹസുമഹോത്സവം॥ (൩൮)

പ്രതിഹാരി—കല്പനപോലെ (എന്ന പോയി)

(അണിയറയിൽ)

* വിരവിൽനിജപുരത്തിങ്കൽനിന്നാശ്രമേ
ധരണിപതിവരൻകോസലേശൻമുദാ।
പരിജനയുതനായ്വന്നിരിക്കുന്നതൽ-
തുരഗകരികളാൽതിങ്ങിയെങ്ങുംക്ഷമാ॥ (൩൯)

ജനകൻ—ഭഗവൻ! വിശ്വാമിത്രമഹർഷേ! ദേവവ്രതനാണ ഇങ്ങിനെ പറയുന്നത. അതുകൊണ്ട പുരോഹിതനായ ഈ ശതാനന്ദമുനിയോടും, രാമലക്ഷ്മണന്മാരോടും, വത്സകളായ സീതാദികളോടുംകൂടി നോം തന്നെ ചെന്ന ചിരന്തന സ്നേഹിതനായിരിക്കുന്ന ദശരഥമഹാരാജാവിനെ വിനയത്തോടുകൂടി എതിരേറ്റു സൽകരിക്കേണ്ടതാണ.

വിശ്വാമിത്രൻ—അങ്ങിനെയാകട്ടെ.

ജനകൻ—ഹേ: ദേവവ്രത! അന്തഃപുരസ്ത്രീജനങ്ങളോടുകൂടി വന്നിരിക്കുന്ന ദശരഥ മഹാരാജാവിനെ സൽകരിപ്പാനായ്ക്കൊണ്ട നമ്മുടെ അന്തഃപുരസ്ത്രീജനങ്ങളേയും വഴിയേ കൂട്ടിക്കൊണ്ടു വരു.

(എന്ന എല്ലാവരും പോയി)

* ഇങ്ങിനെ നാലാമങ്കം. *

ജാനകീപരിണയം.

മലയാള നാടകം.

അഞ്ചാമങ്കം.

(അനന്തരം വിരാധൻ പ്രവേശിക്കുന്നു.)

വിരാധൻ—*ജനസ്ഥാനേവാഴുംമുനികളുടെരക്ഷാൎത്ഥമുടനെ
ഹനിച്ചീടാംരാത്രിഞ്ചരരെഇതിരാമൻെറശപഥം।
കനക്കുംകോപാൽകേട്ടഥസഖിഖരൻരാമനെജവം
ഹനിപ്പാനായെന്നെപ്പരിചിനൊടയച്ചാൻവനഭുവി॥

(ഗൎവ്വത്തോടുകൂടി മന്ദഹാസം ചെയ്തു.)

* ബലവാൻരാക്ഷസരാജാ
ബലമേറുംഖരനപാക്കിലവനെക്കാൾ।
ബലമുണ്ടതിലുംലവണനു
ബലമുണ്ടെതിലുംനമുക്കസമനേവൻ॥ (൨)

എന്നാൽ രാവണൻ കേകസിയുടെ പുത്രനായതുകൊണ്ടു, ലങ്കാരാജ്യത്തിൽ രാജാവായിരിക്കുന്നത നമുക്കു സമ്മതം തന്നെ. (വിചാരിച്ചു) അത്ഭുതം! അത്ഭുതം!

* കിമന്യചൊല്ലേണ്ടതുരാഘവൻെറ
ഹിമാദ്രിപോലേററമുറച്ചധൈൎയ്യം।
സമസ്തരാംരാത്രിചരക്കുമൊന്നി-
ച്ചുമൎദ്ദമേകുന്നിതിവൻപ്രതിജ്ഞാ॥ (൩)

അതിനാലിപ്പോൾ ഖരൻ പറഞ്ഞിട്ടില്ലെങ്കിൽ തന്നെയും ഞാനിവനെ ശാസിക്കേണ്ടതാണ. ഞാനിപ്പോൾ കോകിലരൂപം ധരിച്ചു ഇവനെ കാണുകയും ചെയ്തു, ഇവനിതാ സീതയോടു കൂടി സംസാരിച്ചുകൊണ്ടു വിജനമായും, മനോഹരമായും, വിരിഞ്ഞിട്ടുള്ള മൊട്ടുകളോടുകൂടിയ വലിയ ഇരഞ്ഞി വൃക്ഷങ്ങൾകൊണ്ടു നല്ല നിഴലും തണുപ്പുമുള്ളതായും, ഇരിക്കുന്ന ഉയൎന്ന പൎവ്വതതടത്തിലുള്ള ശിലാതലത്തിൽ വസിക്കുന്നു. ലക്ഷ്മണനും ചന്ദനവാടികാ സമീപത്തിലുള്ള പൎണ്ണശാലയുടെ ദ്വാരദേശത്തിൽ ആവനാഴികളും ചാ

പഞ്ചബാണങ്ങളും വെച്ചുകൊണ്ടും, ഉറയിൽനിന്നു വാളിനെ ഊരി പിടിച്ചുകൊണ്ടും, ഉറപ്പായിട്ടാകാശത്തെ നോക്കുന്നു. അഹോ! ഇവന്റെ ഗാംഭീര്യമെങ്ങിനെയിരിക്കുന്നു, ധൈര്യത്തോടും ഉറപ്പോടും കൂടിയുള്ള സ്ഥിതിയെങ്ങിനെയിരിക്കുന്നു, (ബുദ്ധിക്ഷയത്തോടുകൂടി.)

*കയ്യൂക്കേറെവുമുള്ളലക്ഷ്മണനെയുംകൂടിജ്ജയിച്ചീടുവാൻ
വയ്യെല്ലോമമരാഘവന്റെകഥയെച്ചൊല്ലേണമോപിന്നെഞാൻ।
പൊയ്യായിട്ടതുകൊണ്ടുരാമവടിവാന്നിപ്പോളഹംസീതയെ
പയ്യെക്കട്ടഥകൊണ്ടുചെന്നുരഹസിക്രീഡിക്കുവൻസൌഖ്യമായ്॥ (൪)

* പിരികിൽകാന്തയെരാമനു
മരണംവരുമഗ്രജൻനശിച്ചെങ്കിൽ।
വരുമഥലക്ഷ്മണനുംമൃതി
ഖരനുള്ളഭിലാഷവുംഫലിച്ചീടും॥ (൫)

അതുകൊണ്ട, സീതാഏകാകിനിയായി പുറത്തെക്ക പോരുന്നതിനെ കാത്തുകൊണ്ട, ഞാൻ അതി ദൂരമില്ലാത്ത ഈ കോവിദാരവനത്തിൽ വസിക്കാം. ഇവിടെ ജടായുവിനെ കാണ്മാനുമില്ല, അവൻ ജ്യേഷ്ഠനായ സമ്പാതിയെവന്ദിപ്പാൻപോയിരിക്കും നിശ്ചയം. (മുൻഭാഗത്തു നോക്കീട്ട) ഇവളാര, ലങ്കാദ്വീപത്തിൽ നിന്ന വന്നിരിക്കുന്ന ശൂൎപ്പണഖയൊ, ഇരിക്കട്ടെ രാവണമഹാരാജാവിന്റെ ക്ഷേമ വൎത്തമാനത്തെ ചോദിക്കാം. (എന്ന ചുററിനടക്കുന്നു)

(അനന്തരം ശൂൎപ്പണഖാ പ്രവേശിക്കുന്നു.)

ശൂൎപ്പണഖാ—"പഞ്ചവടിയിൽതാമസിക്കുന്ന രഘുകുമാരന്റെ പത്നിയായ ജാനകിയെ ഇനിക്ക വേണ്ടി നീ അപഹരിച്ചു കൊണ്ടു വാ" എന്ന അഗ്രജനായ രാവണമഹാരാജാവ എന്നെ അയച്ചിരിക്കുന്നു. നത്തിന്റെ രൂപം ധരിച്ചു ഞാൻ, ഭൎത്തൃസമീപത്തിലിരിക്കുന്ന ആ സീതയെ കാണുകയും ചെയ്തു. എന്നാലവളെ എങ്ങിനെയാണ അപഹരിപ്പാൻ കഴിയുന്നത എന്ന ഞാൻ ആലോചിക്കുന്നു, അല്ലെങ്കിൽ ഇതിരിക്കട്ടെ.

* ശ്യാമനായുല്പലംപോലെ
കാമനെപ്പോൽമനോജ്ഞനാം।
രാമനെക്കണ്ടനേരംമേ
കാമൻകട്ടമനസ്സിനെ॥ (൬)

അതിനാൽ സീതാരൂപത്തെ ധരിച്ചു ഞാൻ, ഏകാകിയായി പുറത്തുപോരുന്ന രാമനെ ദൂരത്തു വെച്ചു പിടിച്ചു, ഹേമകൂടപൎവ്വതത്തിൽ കൊണ്ടുപോയി ഇവനോടുകൂടി ഇഷ്ടംപോലെ ക്രീഡിക്കുന്നുണ്ട. (എന്ന ചുററി നടക്കുന്നു)

വിരാധൻ—ഹേ: ശൂൎപ്പണഖേ! നീ സുഖമായി വരുന്നുവൊ?

ശൂൎപ്പണഖാ—വിരാധനൊ, ആൎയ്യ! അങ്ങെക്ക സൌഖ്യം തന്നെയല്ലെ?

വിരാധൻ—രാവണ മഹാരാജാവിന്ന ക്ഷേമമല്ലെ?

ശൂൎപ്പണഖാ—ക്ഷേമമുണ്ടാകും. നിൎവ്വിചാരനായിട്ടിരുന്നുവെങ്കിൽ,

വിരാധൻ—[ആത്മഗതം] എന്താണ അദ്ദേഹത്തിന്ന വിചാരം. [പ്രകാശം] രാക്ഷസന്മാരെ കൊല്ലുവാനായി രാമൻ ചെയ്ത ശപഥത്തെ മഹാരാജാവ കേട്ടുവൊ?

ശൂൎപ്പണഖാ—കേൾക്കയും ചെയ്തു, മേൽവേണ്ടത മന്ത്രികളോടുകൂടി ആലോചിക്കയും ചെയ്തു, അകമ്പനനെന്ന ചാരൻമുഖാന്തരം മററാക്കും അറിവാൻ പാടില്ലാതെ എന്തൊ ഒരു വൎത്തമാനം ഖരനോടു പറവാനായിട്ട അയക്കുകയുംചെയ്തു.

വിരാധൻ—[ആത്മഗതം] അതുകൊണ്ടായിരിക്കാം ഖരനെന്നെ ബഹുമാനത്തോടു കൂടി ഇങ്ങിനെ വിളിച്ചു പറഞ്ഞയച്ചത. [പ്രകാശം] രാക്ഷസന്മാരെ ശിക്ഷിപ്പാൻ തന്നെയാണ ഈ ക്ഷത്രിയ കുമാരന്മാർ വന്നിരിക്കുന്നത, എന്ന തോന്നുന്നു.

ശൂൎപ്പണഖാ—അങ്ങു കേൾക്കണെ, മഹാരാജാവ തന്നെയാണ ഈ അനൎത്ഥത്തെ ഉണ്ടാക്കി തീൎത്തത.

വിരാധൻ—(ആദരത്തോടുകൂടി) കേൾപ്പാൻ ഞാൻ തയാറായിരിക്കുന്നു.

ശൂൎപ്പണഖാ—ജനകനെന്ന പേരായ ഒരു രാജൎഷി ഉണ്ട.

വിരാധൻ—ഞാനറിയും, ശിവഭക്തനായതുകൊണ്ട അദ്ദേഹത്തിൻെറമേൽ മഹാരാജാവിന്ന വളരെ സ്നേഹമാണ.

ശൂൎപ്പണഖാ—അദ്ദേഹത്തിൻെറ പുത്രിയായ സീതാ രാമനിൽ അനുരക്തയായിരിക്കുന്നു, എന്നറിഞ്ഞ മഹാരാജാവ രാമവേഷം ധരിച്ച അവളെ വിവാഹം ചെയ്വാനായിട്ട പോയിരുന്നു.

വിരാധൻ—[ആത്മഗതം] അവളിൽ എൻെറ മനസ്സ ചെന്നപോലെ അദ്ദേഹത്തിൻെറ മനസ്സും ചെന്നിരിക്കും, [പ്രകാശം] പിന്നെയൊ.

ശൂൎപ്പണഖാ—അനന്തരം സീതാവിവാഹത്തിങ്കൽ ശിവചാപാരോപണത്തെ ജനകൻ പന്തയമായി നിശ്ചയിച്ചു.

വിരാധൻ—രാക്ഷസനായതുകൊണ്ട മഹാരാജാവിന്ന അത സാദ്ധ്യമാകുന്നതല്ലല്ലൊ.

ശൂൎപ്പണഖാ—അതുകൊണ്ടു തന്നെ രാജപുത്രനായ രാമൻ സീതയെ വിവാഹം ചെയ്തു.

വിരാധൻ—പിന്നെയൊ.

ശൂൎപ്പണഖാ—അനന്തരം, സഹിപ്പാൻ പാടില്ലാത്ത കോപം കൊണ്ടും, അസൂയകൊണ്ടും, ലജ്ജകൊണ്ടും, അനുരാഗംകൊണ്ടും, പരവശനായിട്ട എന്റെ ഭ്രാതാവ ലങ്കാപുരത്തിൽ വന്ന മാല്യവാൻമുതലായ മന്ത്രികളോടുകൂടി ആലോചിച്ച ഒരു കാൎയ്യം നിശ്ചയിച്ചു.

വിരാധൻ—പിന്നെയൊ.

ശൂൎപ്പണഖാ—അനന്തരം ശിവഭക്തനായ പരശുരാമനെ ശിവചാപത്തെ മുറിച്ച വൎത്തമാനത്തെ അറിയിച്ച കോപത്തെ ഉണ്ടാക്കി അദ്ദേഹത്തിനെ രാമവധത്തിന്നായി പറഞ്ഞയച്ചു.

വിരാധൻ—പരശുവിനെ ധരിച്ചിരിക്കുന്ന അദ്ദേഹം സകല ക്ഷത്രിയന്മാരേയും വധിക്കാമെന്ന ചെയ്ത പ്രതിജ്ഞയാകുന്ന സമുദ്രത്തിന്റെ കര കണ്ടാളല്ലെ, പിന്നെയൊ.

ശൂൎപ്പണഖാ—അനന്തരം വീരനായ ആ രഘുകുമാരൻ കോപിച്ച പരശുരാമങ്കൽ നിന്ന മഹാവിഷ്ണു ചാപത്തോടുകൂടി ശക്തിയേയും ഗ്രഹിച്ച പുണ്യലോകഗതിയെ തടുത്ത അദ്ദേഹത്തിന്റെ മദത്തെ അടക്കി.

വിരാധൻ—(വിഷാദത്തോടും അത്ഭുതത്തോടും കൂടി)

* മുന്നംരാവണഗൎവ്വം
തന്നുടെകൈകൊണ്ടുതീൎത്തൊരജ്ജുനനെ।
കൊന്നവനെവെന്നരാഘവ-
നെന്നാൽത്രൈലോക്യവുംജയിച്ചിതവൻ॥ (൬)

പിന്നെയൊ.

ശൂൎപ്പണഖാ—അനന്തരം മഹാരാജാവിനാലയക്കപ്പെട്ട വിദ്ദ്യുജ്ജിഹ്വൻ മുതലായവർ മന്ധരയിലും, കൈകേയിയിലും, ദശരഥമഹാരാജാവിങ്കലും, ചെന്നാവേശിച്ചു.

വിരാധൻ—പിന്നെയൊ.

ശൂൎപ്പണഖാ—അനന്തരം "മുമ്പെ ഭൎത്താവു തന്നിട്ടുള്ള രണ്ടു വരങ്ങളിൽ ഒന്നിനാൽ രാമനു വനവാസവും, മറ്റൊന്നിനാൽ ഭരതനു രാജ്യാഭിഷേകവും, നൽകുവാനായി ഭൎത്താവിനോടപേക്ഷിക്കണം" എന്ന മന്ധരയുടെ നിൎബ്ബന്ധത്താൽ കൈകേയി അങ്ങിനെ തന്നെ എന്ന കോപാഗാരത്തിൽ പ്രവേശിച്ചു.

വിരാധൻ—പിന്നെ എന്താ നിശ്ചയിച്ചത, അപ്രകാരം ആ കൈകേയിയാൽ അപേക്ഷിക്കപ്പെട്ട ആ ദശരഥരാജാവ വൃദ്ധനാണെങ്കിലും ഭാൎയ്യയിലുള്ള ആഗ്രഹം നിമിത്തം പുത്രനെ വനത്തിന്നയച്ചു അല്ലെ.

ശൂൎപ്പണഖാ—അനന്തരം വനത്തിന്ന പുറപ്പെട്ട രാമൻെറ പിന്നാലെ ലക്ഷ്മണനും സീതയും പുറപ്പെട്ടു. പിന്നെ തൻെറ ദേഹത്തിൽ നിന്ന രാക്ഷസാവേശം വേർപെട്ടപ്പോൾ ദശരഥമഹാരാജാവ പുത്രവിയോഗത്തെ അറിഞ്ഞു, പുത്രസ്നേഹത്താൽ പ്രാണനെ ത്യജിച്ചു.

വിരാധൻ—മഹാരാജാവു ദശരഥനെ മരിപ്പിച്ചുവൊ? പിന്നെയൊ.

ശൂൎപ്പണഖാ—അനന്തരം അനുജന്ന രാജ്യാധികാരം ഉചിതമല്ല, എന്ന ഭരതൻ വനത്തിൽ വന്ന അപേക്ഷിച്ചപ്പോൾ രാമൻ തൻെറ പ്രതിനിധികളായിട്ട മിതിയടികളെ കൊടുത്ത ഭരതനെ അയോദ്ധ്യയ്ക്കു തന്നെ അയച്ചു.

വിരാധൻ—വൎത്തമാനമെല്ലാം മനസ്സിലായി. ഇതിലെന്താണ അനൎത്ഥമുള്ളത? മഹാരാജാവ രാമനെ വനത്തിലാക്കി അവൻെറ പ്രഭുശക്തിയെ കളഞ്ഞു. പ്രഭുശക്തിയില്ലെങ്കിൽ മന്ത്രശക്തിയും, ഉത്സാഹശക്തിയും, എങ്ങിനെ ഉണ്ടാകുന്നു? ഇങ്ങിനെയുള്ള മഹാരാജാവിൻെറ പ്രവൃത്തി വളരെ ശ്ലാഘ്യമായിരിക്കുന്നുവെല്ലൊ. നീ പിന്നെ ഇവിടെ വന്നത എന്തിനാണ?

ശൂൎപ്പണഖാ—സീതയെ പിടിച്ചു കൊണ്ടു വരേണമെന്ന മഹാരാജാവ എന്നെ അയച്ചതാണ.

വിരാധൻ—[ആത്മഗതം] അവളെ വിരാധൻ പിടിച്ചുകൊണ്ടു പോകുമെല്ലൊ. [പ്രകാശം] ഇത നിനക്ക സാധിക്കയില്ല.

ശൂൎപ്പണഖാ—[ആത്മഗതം] സീതയുടെ രൂപം ധരിച്ചു രാമനെ പിടിച്ചുകൊണ്ടു പോയി ക്രീഡിപ്പാനാണെല്ലൊ എൻെറ ഉത്സാഹം, ഇരിക്കട്ടെ. ഇങ്ങിനെ പറയാം, [പ്രകാശം] അതുകൊണ്ടുതന്നെയാണ ഞാൻ ലങ്കാപുരത്തിന്നു പോകുവാൻ തുടങ്ങുന്നത.

വിരാധൻ—[ആത്മഗതം] (സന്തോഷത്തോടുകൂടി) എൻെറ പ്രകൃത കാൎയ്യത്തിന്ന നേരിട്ട വലുതായ വിഘ്നം തീൎന്നുവെല്ലൊ. [പ്രകാശം] അങ്ങിനെ ചെയ്യു.

ശൂൎപ്പണഖാ—അങ്ങെന്തിനാണ രാമാശ്രമത്തിൻെറ സമീപത്തിൽ വന്നിരിക്കുന്നത?

വിരാധൻ—രാമനെ കൊല്ലുവാനായിട്ട ഖരനെന്നെ അയച്ചിരിക്കുന്നതാണ.

ശൂൎപ്പണഖാ—[ആത്മഗതം] കഷ്ടം! എൻെറ വല്ലഭനെ കൊല്ലുവാനൊ നീ വന്നത, പോടാ പോ. [പ്രകാശം] ഇത അങ്ങെക്കും സാധിക്കയില്ല.

വിരാധൻ—[ആത്മഗതം] അതുകൊണ്ടിനിക്കെന്താണ, എന്തെന്നാൽ ഞാൻ ജാനകിയെ പിടിച്ചുകൊണ്ടു പോവാനാണ വിചാരിക്കുന്നത, ഇരിക്കട്ടെ ഇങ്ങിനെ പറയാം. [പ്രകാശം] അതുകൊണ്ടു തന്നെ ഞാൻ ഇവിടെ കണ്ടതുപോലെ പറവാനായിട്ട ഖരസമീപത്തിലെക്ക പോകുന്നു.

ശൂൎപ്പണഖാ— [ആത്മഗതം] ഭാഗ്യത്താൽ എന്റെ പ്രകൃത കാൎയ്യത്തിന്നുള്ള വിഘ്നം തീൎന്നു. [പ്രകാശം] എന്നാൽ അങ്ങയുടെ ഇഷ്ടംപോലെ ചെയ്യാൻ ചെല്ലുക.

(എന്ന രണ്ടു പേരും പോയി.)

* ഇങ്ങിനെ പൂൎവ്വാംഗം. *

(അനന്തരം മേൽപറയപ്പെട്ടപോലെ രാമനും സീതയും പ്രവേശിക്കുന്നു.)

രാമൻ—അയി! പ്രിയേ!

* കന്നൽക്കണ്ണി! ഗിരീന്ദ്രസാരമഗജാകാന്തന്റെ ചാപത്തെയും
കന്ദൎപ്പൻറ്റഥമെന്നിലാശു ചൊരിയുംപൂബാണവൎഷത്തെയും ।
ധന്യേ! ഭാൎഗ്ഗവരാമനുള്ളൊരുബലാഹംകാരവുംതീൎത്തുഴം
നിന്നെക്കിട്ടിയിനിക്കുസുന്ദരിമഹായത്നത്തിനാൽജാനകി!॥ (൮)

(സീതാ മന്ദഹാസത്തോടു കൂടിയിരിക്കുന്നു.)

രാമൻ—

* പരഭൃതരവംകേട്ടിട്ടേററംമട്ടത്തൊരുകാതുകം-
ക്കരിവയർമണേ!നൽകീടല്ലംസുഖംമൃദുവാക്കിനാൽ ।
പരിചിലിടയിൽപൊങ്ങുംവണ്ടിൻനിനാദമനോജ്ഞമാം
സരസിരുഹവുംനാണിക്കട്ടേതപദീയമുഖത്തിനാൽ॥ (൯)

സീതാ—(സ്നേഹത്തോടുകൂടി) ആൎയ്യപുത്ര! മററാരാലും സാദ്ധ്യമല്ലാത്ത പരമേശപരചാപഭഞ്ജനവും പരശുരാമ ഗൎവ്വശമനവും അങ്ങ ചെയ്തതിനെ വിചാരിച്ചു, വിചാരിച്ചു, എന്റെ മനസ്സ അത്ഭുതത്താലിപ്പോൾ പരവശമായി തീൎന്നിരിക്കുന്നു, അതുകൊണ്ട ക്ഷണനേരം പ്രസാദിക്കണെ,

രാമൻ—എങ്കൽനിന്നുതന്നെ യാതൊന്നു ഭവതിപ്രസാദത്തെ അപേക്ഷിക്കുന്നത, ഇനിക്ക കൊപകാരണമൊന്നുമില്ലെല്ലൊ എന്നാൽ കേൾക്കുക,

* മുന്നംസിദ്ധിച്ചരാജ്യത്തിനെഗ്ഗുരുവചനാൽ
വിട്ടഹോകാട്ടിൽവന്നേ-
നെന്നെത്താനോൎത്തുദുഃഖിച്ചഹഹസുരപുരേ
ചെന്നുതാതൻമഹാത്മാ ।
ഇന്നേവംദുഷ്ടരക്ഷോമൃഗപരിവൃതമാംകാട്ടിലാ
ശ്വാസമെന്നാൽ
നിന്നൊന്നിച്ചുള്ളവാസംമധുമൊഴി!മമതീൎക്കുന്നിതി
ദ്ദുഃഖമെല്ലാം ॥ (൧൦)

സീതാ—നാഥ! അങ്ങയുടെ സമീപത്തിൽ വസിക്കുന്നതു കൊണ്ടുതന്നെ ഇനിക്കു നഗരത്തിലുള്ളതിനെക്കാൾ അരണ്യത്തിൽ സൌഖ്യമുണ്ടാകുന്നു,

രാമൻ—അതങ്ങിനെ തന്നെ ഇതു നോക്കു,

* കെട്ടാൽവേഗേനവണ്ടിൻകളരവമിളമാൻ
കണ്ണിമാർപാട്ടുമോടും
കാട്ടാനക്കൂട്ടമാട്ടുംചെവിയടിരവമോടൊക്കുമോ
വാദ്യഘോഷം ।
കൂട്ടിച്ചേൎത്തുള്ളപുത്തൻതളിരതിമൃദുവാം
മെത്തയേക്കാൾമനോജ്ഞം
കാട്ടിൽതാനേപഴുക്കുംഫലമതിസുഖദം
നാട്ടിലുള്ളൂണിനെക്കാൾ ॥ (൧൧)

സീതാ—ആൎയ്യപുത്ര! വിചിത്രങ്ങളായ മൃഗങ്ങളും പക്ഷികളുമുള്ള ഈ വനമാണു എന്റെ മനസ്സിന്നു ഏററവും രുചിക്കുന്നതു,

രാമൻ—ഭവതി പറഞ്ഞതു ശരിതന്നെ,

* നന്നായ്നീണ്ടൊരുപീലിയുള്ളമയിൽവാഴുന്നു
കടമ്പിന്റെമേൽ
തിന്നീടുന്നുതൃണത്തെദീൎഘതരമാംകണ്ണുള്ള
മാൻശാബകേ ।
ചെന്നീസല്ലകിശാഖയിൽകരിയുരച്ചീടുന്നു
കുംഭത്തിനെ-
ക്കന്നൽകണ്ണിധരാസുതേ!വനമിതാൎക്കേകില്ല
മോദത്തിനെ ॥ (൧൨)

എന്നു മാത്രമല്ല,

* നിൻകേശത്തിനൊടൊത്തഭംഗിമയിലിൻനൽ
പീലികൾക്കില്ലയൊ?
നിൻകണ്ണിന്നുസമാനഭംഗിയെവഹിക്കുന്നില്ലെ?
നോട്ടത്തിൽമാൻ ।
നിൻകൊങ്കത്തടഭംഗിമത്തകരിതൻകുംഭത്തി
നങ്ങില്ലെയൊ?
തങ്കൽച്ചേൎത്തിതുനിൻെറഭംഗിയെവനശ്രീയെന്നു
തോന്നുന്നുമെ ॥ (൧൩)

സീതാ—(അനുരാഗത്തോടുകൂടി) [ആത്മഗതം] ആൎയ്യപുത്രൻ എന്നെ വൎണ്ണിച്ചുതുടങ്ങി അതിനാൽ ഞാനിദ്ദേഹത്തിൻെറ മനസ്സിനെ മറെറാന്നിൽ പ്രവേശിപ്പിക്കട്ടെ, [പ്രകാശം] ആൎയ്യപുത്ര! പുതിയ മൃണാള സമൂഹം പോലെ വെളുത്തും മനോജ്ഞങ്ങളായുമുള്ള ദംഷ്ട്രങ്ങൾകൊണ്ടു ഭയങ്കരമായ പരന്നമുഖത്തോടുകൂടിയും, പൂൎണ്ണിമാചന്ദ്രൻെറ കിരണങ്ങളൊടൊത്തിരിക്കുന്ന ദേഹകാന്തിയോടുകൂടിയും കളിക്കുന്ന ഇവ എന്തു മൃഗങ്ങളാണ്? ചന്ദ്രോദയ സമയത്തിൽ ക്ഷോഭിക്കപ്പെട്ട ക്ഷീരസമുദ്രത്തിൻെറ തിരമാലകളുടെ പരസ്പര സംഘട്ടനത്താൽ സംഭവിച്ച നുരക്കട്ടപോലെ ധവളങ്ങളായും ചഞ്ചലങ്ങളായും ദീൎഘങ്ങളായുമുള്ള വാലുകളോടും എററവും ഇളകുന്ന നേത്രങ്ങളോടുംകൂടി ഓടുന്ന ഇവ എന്തുമൃഗങ്ങളാണ്?

രാമൻ—ഹേ: ജനകനന്ദിനി! ഈ കളിക്കുന്നവ സിംഹക്കുട്ടികളാണ, അവയെ കണ്ടു പേടിച്ചോടുന്ന ഇവ ചമരികളാണ, നോക്കു ഇപ്പോൾ–

* ക്രീഡിക്കുംബാലസിംഹങ്ങളെചമരികൾപേടിച്ചു,
മിക്കാസരത്തെ
ച്ചാടിപ്പൊത്തിന്നിഴുത്തുംപുലി,രുരുവൊട്ടു
പോരാടിയുംപന്നിഘോരം ।
ആടത്തേൻചെന്നെടുക്കുന്നളുവിളകിയതേനീച്ച
വക്ത്രേകടിച്ചി
ട്ടാടൽപ്പെട്ടുംകരഞ്ഞുംകപികൾ,ളിഹവനേ
കണ്ണിനേകുന്നുമോദം ॥ (൧൪)

സീതാ—(നോക്കീട്ടു) സത്യം തന്നെ, തിമിശവൃക്ഷത്തിൻെറ കൊമ്പുകളിൽ തൂങ്ങുന്ന വളരെ തേനുള്ള വലിയ തേനാടകൾ തേനീച്ചകളുടെ ബാധകൊണ്ടു വാനരന്മാൎക്കു ലഭിക്കുന്നില്ല,

രാമൻ—അതെ: അതെ:

സീതാ—തൻകാൎയ്യം നോക്കുന്ന ജനങ്ങളുടെ സ്വഭാവം ഇങ്ങിനെയാണ, ഒരുത്തൻ സമ്പാദിച്ചതിനെ മറെറാരുത്തൻ അനുഭവിക്കുന്നു, എന്തെന്നാൽ ഈ തേനീച്ചകളാൽ സമ്പാദിക്കപ്പെട്ട തേനിനെ സമൎത്ഥനായ മനുഷ്യൻ എടുത്ത അനുഭവിക്കുന്നുവെല്ലൊ,

രാമൻ—[ആത്മഗതം] ഞാൻ തൻകാൎയ്യം നോക്കുന്നവനല്ലെന്ന എന്നെക്കുറിച്ചിവൾക്കുള്ള അഭിപ്രായമാണിത, [പ്രകാശം] ഒരുത്തൻ സമ്പാദിച്ചതിനെ മറെറാരുത്തൻ അനുഭവിക്കുന്നത ഭാഗ്യം കൊണ്ടാണ, കണ്ടാലും,

* സുധയൊടുസമമായതേനിനേനി
നാധരദളങ്ങളിൽവെച്ചിട്ടനുകാമൻ ।
വിധുമുഖി! ബലമായെടുത്തുബാലേ!
മധുമൊഴി! ഞാനതിനെക്കുടിപ്പതില്ലെ?॥ (൧൭)

സീതാ—[ആത്മഗതം] ആൎയ്യപുത്രന്റെ വാക്ക അതിക്രമിക്കുന്നു. (എന്ന ലജ്ജിച്ച തല താഴ്ത്തിയിരിക്കുന്നു)

രാമൻ—[ആത്മഗതം] എന്റെ ഈ വാക്കിനാൽ ഇവളിപ്പോൾ മനോഹരമാകുംവണ്ണം ലജ്ജിക്കുന്നു- എന്തുകൊണ്ടെന്നാൽ-

* രോമാഞ്ചത്താൽവിലസിനഗണ്ഡത്തോടും
പ്രേമഞ്ചിന്നും സ്ഫുടനയനാന്തത്തോടും ।
ശ്രീമത്താകുംനിജമുഖപത്മംപോലെ
കാമംമേചിത്തവുമിവൾതാഴ്ത്തീടുന്നു॥ (൧൮)

എന്നാലിവൾക്ക മറെറാന്നിനെ കാട്ടിക്കൊടുക്കാം,
[പ്രകാശം] ജാനകി! നോക്കു,

*നിൻഗണ്ഡൂഷമധുക്കളാൽനനവിതിന്നില്ലെങ്കിലുംകേസരം
ഭംഗ്യാനല്പസുമങ്ങളെത്തവധരിപ്പാനായ്സ്പൃഹിക്കുന്നുതാൻ ।
എങ്ങുംവ്യാപ്തമായിട്ടൊരിവയിൻഗന്ധത്തിനാലാകവെ
തിങ്ങിച്ചേൎന്നളിജാലമങ്ങനുകരിച്ചീടുന്നുനിൻവേണിയെ॥ (൧൯)

സീതാ—[ആത്മഗതം] സ്വപ്നങ്ങളിലും, സങ്കല്പാവസ്ഥകളിലും, ആൎയ്യപുത്രൻ ഏതേതുവിധം ചാടുവാക്യം മുതലായ പ്രവൃത്തികളാൽ എന്നെ അനുവൎത്തിച്ചിരുന്നുവൊ ആ വിധം തന്നെ ഇപ്പോൾ പ്രത്യക്ഷത്തിൽ അനുവൎത്തിക്കുന്നു എന്നത, ആശ്ചൎയ്യമാശ്ചൎയ്യം!

[പ്രകാശം] ആൎയ്യപുത്ര! അങ്ങ കാണുന്നില്ലെ? ഗ്രീഷ്മാവസാനത്തിങ്കലുണ്ടാകുന്ന പുതിയ മേഘംപോലെ ശ്യാമളമായും കോമളമായുമുള്ള നിറത്തോടുകൂടിയും, ഇടതിങ്ങി പ്രകാശിച്ചമിരിക്കുന്ന പൂങ്കൊത്തുകൾകൊണ്ട ശോഭിക്കപ്പെട്ട ഈ അതസീവൃക്ഷം ഈ പ്രദേശത്തെ അലങ്കരിക്കുന്നുവെല്ലൊ.

രാമൻ—[ആത്മഗതം] ഇവൾ ഉക്തി പ്രത്യുക്തികൾകൊണ്ടു എന്നെ നല്ലവണ്ണം അനുകരിക്കുന്നു. [പ്രകാശം] വനദൎശനത്തിങ്കൽ സന്തോഷമുള്ള ഹേ! ജാനകി!

* ലോലാക്ഷി! ശ്വേതരക്താസിതഹരിതപിശംഗാ-
ഭധാതുക്കളെങ്ങും
ചാലെഭംഗ്യാവിരിഞ്ഞംബുജസഹിതമല-
ഞ്ചോലയുംകാണ്മിതിങ്കൽ,
ലീലാകോപേന ചുററിദ്രുതമുപരിപറ-
ന്നീടുമിഹംസശബ്ദം
ബാലേ!നിൻസ്വൎണ്ണകാഞ്ചീകളരവമൊ-
ട്ടൊക്കുന്നതല്ലല്ലി? ചണ്ഡി!॥ (൧൭)

സീതാ—[ആത്മഗതം] (വിസ്മയത്തോടുകൂടി) ആൎയ്യപുത്രൻ പണ്ടു വനത്തിന്നു പുറപ്പെട്ട സമയം ഒരുമിച്ചെന്നെയും കൂട്ടിക്കൊണ്ടുപോകേണമെന്നു ഞാൻ പിന്നെയും പിന്നെയും ചെയ്തപേക്ഷയെ ഇദ്ദേഹം നിഷേധിച്ചതുകൊണ്ടു ഞാൻ കോപിച്ചു ഭ്രൂഭംഗത്തോടുകൂടിഅധിക്ഷേപിച്ചു, അരഞ്ഞാൺ ശബ്ദിക്കാത്തക്കവണ്ണം വേഗത്തിലന്തഃപുരത്തിന്ന പോകുവാനാരംഭിച്ചു, അതിനെ ഇപ്പോളാൎയ്യപുത്രൻ ഇനിക്കോൎമ്മപ്പെടുത്തുന്നു, ഇരിക്കട്ടെ ഇങ്ങിനെ പറയാം,
[പ്രകാശം] നാഥ! അങ്ങയുടെ ബാഹുദണ്ഡത്തെ ആശ്രയിച്ചിരിക്കുന്ന ഇനിക്ക ഈ കാട്ടിൽ എല്ലാ അത്ഭുതവും നിൎഭയമായി കാണ്മാൻ കഴിയുന്നതാണ–എന്തുകൊണ്ടെന്നാൽ– അങ്ങ ജനസ്ഥാന വാസികളായ താപസന്മാൎക്ക രാക്ഷസന്മാരുടെ ഇടയിൽ നിന്ന അഭയ പ്രദാനം ചെയ്തുവെല്ലൊ.

രാമൻ—(കേട്ടിട്ട ദൂരത്തിൽ നോക്കിക്കൊണ്ട)

* പുലിതന്നുടെതോൽധരിച്ചുമാന-
ത്തലയെക്കുത്തിയെടുത്തശൂലമോടും।
വലുതായൊരുകോവിദാരകാട്ടിൽ
പലഭക്കാരധുനാകടന്നിടുന്നു॥ (൧൮)

ലക്ഷ്മണൻഇതറിയുന്നില്ല.

(അനന്തരം ലക്ഷ്മണൻ പ്രവേശിക്കുന്നു)

ലക്ഷ്മണൻ—കോവിദാരവനത്തിൽ പ്രവേശിക്കുന്ന ഈ രാക്ഷസനാരാണ, ഇരിക്കട്ടെ ഇവനെ നിഗ്രഹിക്കണം.

(എന്ന ആയുധം എടുക്കുന്നതായി നടിക്കുന്നു)

സീതാ—(മററാരേടത്തു നോക്കീട്ട) ആൎയ്യപുത്ര! ഇത കോവിദാരവനമല്ല കൎണ്ണികാരവനമാണ, ഇത രാക്ഷസനുമല്ല നോക്കു

നോക്ക, ദംഷ്ട്രങ്ങൾകൊണ്ട ഭയങ്കരമായ മുഖവും ചൎമ്മകെൾപോലെ വലുതായ കുചങ്ങളെക്കാൾ പൊങ്ങി ഉയൎന്നാടിയുള്ള ദീൎഘമായ ഉദരവും, കണ്ടാലറയ്ക്കുന്ന സ്വരൂപവും, വഹിച്ചിരിക്കുന്ന ഒരു രാക്ഷസിയാണ പ്രവേശിക്കുന്നത.

രാമൻ—ഭവതി എവിടെ നോക്കുന്നു? ഇവിടെയല്ലെ ഞാൻ പറഞ്ഞത.

സീതാ—(നോക്കീട്ട) അങ്ങ തന്നെയാണെല്ലൊ പ്രവേശിക്കുന്നത, രാക്ഷസനല്ല.

രാമൻ—[ആത്മഗതം] ഇവൾ എന്നെ രാക്ഷസനായി നിൎദ്ദേശിച്ച പരിഹസിക്കുന്നു. (നോക്കീട്ട) [പ്രകാശം] ആശ്ചൎയ്യമാശ്ചൎയ്യം! രണ്ടാമതു നോക്കുമ്പോഴെക്ക രാക്ഷസൻ എന്റെ രൂപത്തെ ധരിച്ചിരിക്കുന്നു.

സീതാ—(നോക്കീട്ട) (ആശ്ചൎയ്യത്തോടുകൂടി) കണ്ണികാരവനത്തിൽ പ്രവേശിച്ച ഈ രാക്ഷസിയും എന്റെ രൂപത്തെ ധരിക്കുന്നു, ആൎയ്യപുത്ര! നോക്ക.

രാമൻ—(നോക്കീട്ട) (ആശ്ചൎയ്യത്തോടുകൂടി) ഇങ്ങിനെ നമ്മുടെ രൂപം ധരിക്കുന്നതുകൊണ്ട ഇവൎക്ക പ്രയോജനമെന്താണ?

സീതാ—നോം ഈ പൎവ്വതശിഖരത്തിൽ നിന്നിറങ്ങി നോക്കുക.

രാമൻ—അങ്ങിനെയല്ല എന്തുകൊണ്ടെന്നാൽ, ഇവിടെ ഇരിക്കുന്ന ജനത്തിന്ന ഒരു യോജനെക്കുൾപ്പെട്ട വസ്തുക്കളെല്ലാം കാണ്മാൻ കഴിയും.

ലക്ഷ്മണൻ—(പിന്നെനോക്കീട്ട അത്ഭുതത്തോടുകൂടി) കഷ്ടം! കഷ്ടം! രാക്ഷസനെ നിഗ്രഹിപ്പാനാഗ്രഹിച്ച, ആയുധങ്ങളോടുകൂടി ഞാനിവിടെ വന്നത നിഷ്ഫലമായി തീൎന്നു, എന്തുകൊണ്ടെന്നാൽ- ആ രാക്ഷസൻ ഒരു ദിക്കിൽ മറഞ്ഞു പോയി, എന്നുമാത്രമല്ല രാക്ഷസവധം ചെയ്യാമെന്നു പ്രതിജ്ഞചെയ്തിട്ടുള്ള ജ്യേഷ്ഠൻ തന്നെ അവനെ കൊല്ലുവാനൊരുമ്പെട്ടിരിക്കുന്നു എന്നു തോന്നുന്നു,

എന്തെന്നാൽ,

*ഹേമപുംഖമൊടുകങ്കപത്രമതുചേൎത്തൊരസ്ത്രമൊരുകയ്യിലും
വാമപാണിയതിൽഹേമപട്ടമിയലുന്നചാപവുമെടുത്തിതാ।
മാമകാഗ്രജനയച്ചകണ്ണുകളെയങ്ങുമിങ്ങുമിഹരാക്ഷസൻ
താൻമറഞ്ഞതറിവാൻഭ്രുവംബെതനടന്നിടുന്നുവിപിനസ്ഥലേ॥൨൦

(ആലോചിച്ച) ജ്യേഷ്ഠത്തിയായ ജാനകിയെവിടെ, ജ്യേഷ്ഠനും ജ്യേഷ്ഠത്തിയും കൂടിയാണെല്ലൊ പൎവ്വതത്തിന്റെ മുകളിൽ കേറിച്ചെന്നത, ജ്യേഷ്ഠൻ തനിച്ച എങ്ങിനെ ഇറങ്ങി വന്നു,

(മേല്പെട്ട നോക്കീട്ട അത്ഭുതത്തോട്ട കൂടി)

* മലമേലിരഞ്ഞിനിഴലികലായിതാ
ജലദത്തിനൊത്തനിറമുള്ളൊരഗ്രജൻ ।
അലസാതെതന്നെമരുവുന്നുമിന്നൽപോൽ
വിലസുന്നസീതയൊടുചേൎന്നിതെങ്ങിനെ,॥ (൨൧)

എന്നാലിവൻ മായകൊണ്ട ജ്യേഷ്ഠന്റെ രൂപത്തെ ധരിച്ച ഒരു രാക്ഷസനായിരിക്കണം, ലതകൾകൊണ്ട തിങ്ങിയിരിക്കുന്ന ഈ കാട്ടിലെ മറെറാരു മാൎഗ്ഗത്തിൽകൂടി മറഞ്ഞുകൊണ്ട ഞാൻ പിറകെ ചെന്ന നോക്കുന്നുണ്ട, (എന്ന ചുററി നടക്കുന്നു)

(അനന്തരം രാമവേഷം ധരിച്ച വിരാധൻ പ്രവേശിക്കുന്നു)

വിരാധൻ—(നോക്കീട്ട) ജാനകി കൎണ്ണികാരവനത്തിൽനിന്ന സമീപത്തിലുള്ള ചമ്പകവനത്തിലെക്ക പോകുന്നുവൊ,

(എന്ന അടുത്തുചെന്ന നോക്കുന്നു)

(അനന്തരം സീതാരൂപംധരിച്ച ശൂൎപ്പണഖാ പ്രവേശിക്കുന്നു)

ശൂൎപ്പണഖാ—ഞാൻ ഈ വനത്തിൽ തന്നെ ചമ്പകപ്പൂക്കളെ അറുത്തുകൊണ്ട നിൽക്കാം, രഘുകുമാരനും ഇവിടെ തന്നെ വരും. (എന്ന പൂപ്പറിക്കുന്നതായി നടിക്കുന്നു)

വിരാധൻ—(നോക്കീട്ട) [ആത്മഗതം] എററവും അതിശയമായിരിക്കുന്നരൂപലാവണ്യമുള്ള ഇവളാണ ജാനകീ.(ആശ്ചൎയ്യത്തോടുകൂടി) ഇത ബ്രഹ്മാവിന്റെ അപൂൎവ്വ സൃഷ്ടിയാണ, അല്ലെങ്കിൽ-

*മേലേമേഘസമൂഹമുണ്ടതിനുകീഴേണാങ്കബിംബംതഥാ
ചാലേചപലചാരുമായഗഗനത്തിന്മേൽഗിരിദ്വന്ദ്വവും ।
മൂലംമേലിലതായവാഴകൾമണൽത്തിട്ടിന്നുതാഴത്തുമു-
ണ്ടാലോചിക്കിലിതംഗജൻപുതിയതായ്സൃഷ്ടിച്ചതാംനിശ്ചയം൨൨

അതിനാൽ ഏതുവിധവും രാമനൊ, ലക്ഷ്മണനൊ, ഇവിടെ വരുന്നതിന്നു മുമ്പേതന്നെ ഇവളെ പിടിച്ചുകൊണ്ടു പോകേണം,

ശൂൎപ്പണഖാ—(നോക്കീട്ട) എന്റെ മനസ്സിനെ അപഹരിച്ച രാമൻ ഇവിടെ അഭിമുഖനായിട്ടുതന്നെ വരുന്നുണ്ട, ഇവൻ-

* സുരുചിരതരന്മാരായിട്ടുഞ്ഞനേകയുവാക്കളെ
സരസിജഭവൻസൃഷ്ടിച്ചുണ്ടായകൈപരിപാകമൊ, ।
നിരവധികമാ പൂൎവ്വംപുണ്യംജനാക്ഷികൾചെയ്തതി-
ന്നൊരുസമയമീവൎണ്ണംരൂപംധരിച്ചിഹവന്നതൊ,॥ (൨൩)

അതിനാലിവനെ ഉപായത്താൽ പിടിച്ചുകൊണ്ടുപോകേണം.

(എന്ന നോക്കിക്കൊണ്ട പൂവ്വറുക്കുന്നതായി നടിക്കുന്നു.)

വിരാധൻ—(അടുത്തു ചെന്ന) ഹേ: ജനക നന്ദിനി!

* നല്ലചമ്പകപുഷ്പസന്നിഭഗാത്രി! ചമ്പകപൂക്കളിൽ
തെല്ലുമോഹമുദിച്ചിടുന്നു നിനക്കു സാമ്പ്രതമെങ്കിലൊ ।
ചൊല്ലുനിന്നുടെമുന്നിലുള്ള വിഹാരദാസനൊടാശ്ശു നീ
മല്ലികാമുകുളാഭചാരുരദേ! ശ്രമപ്പെടവേണ്ടടൊ ॥ (൨൪)

ശൂൎപ്പണഖാ—(സന്തോഷത്തോടുകൂടി) [ആത്മഗതം] ഇവനെന്നെ സീതയാണെന്നു വിചാരിക്കുന്നു, ആശ്ചൎയ്യമാശ്ചൎയ്യം! !

* പുതിയമുണാളജാലമതുതിന്നതിമാംസളമാ
യതിമധുരംഗഭീരമരയന്നമതിൻധ്വനിപോൽ ।
ക്ഷിതിപതിസൂനുതന്നതിമനോഹരകണ്ഠരവം
ശ്രുതിയിലൊഴിച്ചിടുന്നിതു സുധാരസമിന്നുമമ ॥ (൨൫)

ഇരിക്കട്ടെ, ശങ്കകൂടാതെ അപഹരിപ്പാനായിട്ടു ഇങ്ങിനെ പറയാം, [പ്രകാശം] ആൎയ്യപുത്ര! ഇവിടെ നിന്നു അധികം ദൂരമില്ലാത്ത ആ സ്ഥലത്തിൽ മന്മഥന്റെ മഹാപ്രതാപസൂചകങ്ങളായ വിരിഞ്ഞ ചമ്പകപ്പൂക്കൾ നില്ക്കുന്നു, അതിനാൽ നോം അവിടെച്ചെന്നു അതുകളെ അറുക്കുക.

(എന്നു ദൂരത്തിൽ ചെല്ലുന്നു.)

വിരാധൻ—[ആത്മഗതം]

* പ്രേമമകൃത്രിമം പരിചിലങ്ങിനെതിങ്ങിയുമാൎയ്യപുത്ര! യെ-
ന്നീമതിനേർമുഖീ ചിതറിടുന്നമൃതോടുമുരച്ചഭാഷിതം ।
മാമകകാതുചേൎന്നളവുമാൻശിശുപോലുടനെന്റെമാനസം
കാമകിരാതകൻവലയിലങ്ങിനെപെട്ടുവലഞ്ഞിടുന്നിതു ॥ (൨൬)

ആകട്ടെ, അന്യസ്ഥലത്തിൽ പോകുന്നതു, ഇവളെ ശങ്കകൂടാതെ അപഹരിപ്പാനുപയോഗപ്പെടും, [പ്രകാശം] സുശീലയായ നിന്റെ ഇഷ്ടംപോലെയാകട്ടെ. (എന്നു പിന്നാലെ ചെല്ലുന്നു)

ലക്ഷ്മണൻ—ഈ ചമ്പകവനത്തിനുള്ളിൽ ആൎയ്യേഷ്ഠത്തിയായ ജാനകി സംസാരിക്കുന്നുവൊ, ഇരിക്കട്ടെ നോക്കാം, (എന്നു അല്പം നടന്നിട്ടു) ഇതെങ്ങിനെ,

* കരത്തിലൊരു പത്മിനീയിലവളച്ചുടൻ കുമ്പിളായ്
ധരിച്ചു വനവായുവാലിളകുമാറു വസ്ത്രാഞ്ചലം ।
തരത്തിലഥ ചെന്നിടുന്നിതിഹ ചമ്പകപ്പൂക്കളെ
പറിപ്പതിനു പൂൎവ്വജൻദയിതയായ പൃത്ഥ്വീസുതാ ॥ (൨൭)

എന്നാലിവളും ഒരു രാക്ഷസിയായിരിക്കാം നിശ്ചയം,

(എന്നു നോക്കിക്കൊണ്ടു നില്ക്കുന്നു.)

സീതാ—ആൎയ്യപുത്ര! നോക്കു: നോക്കു: എന്റെ അനുജനായ ലക്ഷ്മണൻ വില്ലിനേയും തോളിൽ തൂണീരത്തെയും ധരിച്ചു, വാളി

നെ കയ്യിൽ പിടിച്ചിളക്കിക്കൊണ്ടു ഈ രാക്ഷസനെ അഞ്ഞാണ എന്നു വിചാരിച്ച പിന്തുടരുന്നു.

രാമൻ—ഹേ: സുമുഖി! അവൻ മറഞ്ഞുകൊണ്ടാണ പിന്തുടരുന്നതു, അതിനാൽ രാക്ഷസനാണെന്ന അറിഞ്ഞിരിക്കും നിശ്ചയം.

വിരാധൻ—[ആത്മഗതം] എന്റെ മുന്നിൽ നടക്കുന്ന ഈ ജാനകി—

* ചെന്താരൊത്തുള്ളപാദങ്ങളിലിളകിന
മഞ്ജീരശബ്ദങ്ങളാൽചേൎന്നു
ചന്തംചിന്തുംമഹത്താംജഘനമതിലരഞ്ഞാണ
മാട്ടുംസ്വനത്താൽ।
എന്തോഎന്മാനസത്തിൽകളമൃദുമൊഴിയാൾ
ചെയ്തുകൊണ്ടെന്നെയിപ്പോൾ
പന്തൊക്കുംകൊങ്കയുള്ളോരിവൾപരവശനാക്കുന്നു
മറെറന്തുചൊൽവൂ॥ (൮൯)

[പ്രകാശം] ഹെ: സുന്ദരി! ഈ കാട്ടിനകത്ത എത്ര ദൂരംവരെ പോകുന്നു?

ശൂൎപ്പണഖാ—[ആത്മഗതം] എവിടെ ചെന്നാൽ ഇനിക്ക ആരും കാണാതെ നിന്നെ പിടിച്ച കൊണ്ടുപൊകുവാൻ കഴിയുമൊ, അതുവരെ, [പ്രകാശം] ആൎയ്യപുത്ര! ആ സ്ഥലം ഇതാ മുൻഭാഗത്തായി അതുകൊണ്ട ക്ഷണനേരം ക്ഷമിക്കണെ.

രാമൻ—രാക്ഷസി രാക്ഷസനെ ദൂരത്തിൽ കൂട്ടിക്കൊണ്ടു പോകുന്നപോലെ കാണപ്പെടുന്നു.

സീതാ—ലക്ഷ്മണനും പിന്നാലെ പോകുന്നുണ്ട,

വിരാധൻ—[ആത്മഗതം] ഇവൾ—

* പേടമാൻപോലെനോക്കുന്നുചൊല്ലുന്നുപെൺകോകില-
ത്തോടുതുല്യംനടക്കുന്നുഹംസാംഗനയ്ക്കൊപ്പമായ്।
കേടകന്നുജ്വലിക്കുന്നുമിന്നൽക്കൊടിയ്ക്കൊപ്പമാ-
യീടവേചന്ദ്രലേഖയ്ക്കുതുല്യംചലിക്കുന്നിതു॥ (൯൦)

എന്നാലേതുവിധമാണ ഇവളെ പിടിച്ച കൊണ്ടു പോകേണ്ടതു, രാമനിരിക്കുന്ന സ്ഥലത്തിൽ നിന്ന ദൂരത്തിൽവന്നുവെല്ലൊ [പ്രകാശം]

* ജവമൊടുവിടരുംനൽചമ്പകപ്പൂക്കളേനീ
യിവിടെയുടനറുത്തീടട്ടെയെന്നോടുകൂടി।
എവിടെയിനിവനേ നീഹന്തപോകുന്നുദൂര-
ത്തവിടെനിശിചരന്മാർ സഞ്ചരിക്കുന്ന ദിക്കാം॥ (൯൧)

ലക്ഷ്മണൻ—ജ്യേഷ്ഠന്റെ രൂപം ധരിച്ച രാക്ഷസൻ ഇവളെ സീതയാണെന്നു വിചാരിച്ച അപഹരിപ്പാൻ തുടങ്ങുന്നുവൊ,

ശൂൎപ്പണഖാ—[ആത്മഗതം] ഞാനാരാണ, രാക്ഷസിയല്ലെ, [പ്രകാശം] രാക്ഷസന്മാരെ വധിപ്പാനായി അങ്ങു പ്രതിജ്ഞചെയ്തിട്ടുള്ളതുകൊണ്ട, അങ്ങയുടെ മുമ്പിൽ എനിക്ക ഭയമില്ല.

ലക്ഷ്മണൻ—[ആത്മഗതം] ഈ രാക്ഷസിയും ജ്യേഷ്ഠത്തിയായ ജാനകിയെന്നപോലെ ജ്യേഷ്ഠനെ പാട്ടിലാക്കുവാൻ വേണ്ടിചേഷ്ടയായിട്ട സംസാരിക്കുന്നു, ഇവൾക്കിങ്ങിനെ രൂപം ധരിക്കുന്നതുകൊണ്ട പ്രയോജനമെന്താണ, ഒരുസമയം സുന്ദരനായ ജ്യേഷ്ഠനിൽ അനുരാഗം സംഭവിച്ചിട്ട,വഞ്ചിച്ച ക്രീഡിപ്പാൻ വിചാരിക്കുന്നതായിരിക്കാം.

വിരാധൻ—[ആത്മഗതം] ഞാനിങ്ങിനെ പ്രതിജ്ഞചെയ്തിട്ടില്ലെല്ലൊ, ഹേ: സുന്ദരി! എന്നാൽ-

* കൌണപവധത്തിനിഹസത്യമതുചെയ്തു
ക്ഷോണിപതിസൂനുരഘുബാലകനവന്റെ ।
പ്രാണസമയാംതരുണി!നിന്നെയുമെടുത്തി-
ട്ടേണമിഴി!പോകുമുടനിന്ദുവദനേ!ഞാൻ॥ (൩൧)

[പ്രകാശം] * അതിലെന്തൊരുഹാനിയുള്ളുപാൎത്താൽ
ക്ഷിതികന്യേ!മുനികൾക്കുശത്രുവായ
അതി ദുഷ്ടഖരാദിയെസ്സസൈന്യം
മതിയാകില്ലെ?വധിപ്പതിന്നെടോഞാൻ॥(൩൨)

ലക്ഷ്മണൻ—(ചിരിച്ചുകൊണ്ട)ഈ രാക്ഷസൻ ജ്യേഷ്ഠനെന്നപോലെ സംസാരിക്കുന്നു,

ശൂൎപ്പണഖാ—[ആത്മഗതം] (ആവേശത്തോടുകൂടി) ഇവനെന്റെ ഭ്രാതാവിനെ ആ വിധം ചെയ്യുമെന്നുള്ളതുകൊണ്ട എന്റെ മനസ്സ ഭയപ്പെടുന്നു, [പ്രകാശം]

* വല്ലഭ!രാവണനെക്കാൾ
തെല്ലല്ലെല്ലോഖരനുബലമോൎത്താൽ ।
കൊല്ലുവതിന്നവനെഭവാൻ
കില്ലെന്നിയെസത്യമെങ്ങിനേചെയ്തു?॥ (൩൩)

ലക്ഷ്മണൻ—പരമാൎത്ഥബുദ്ധിയാൽ ജ്യേഷ്ഠന്റെ മനസ്സറിവാനായി ചോദിക്കുന്നു, ഇവൾ സത്യമായിട്ടും രാക്ഷസിതന്നെ.

സീതാ—ഇവർ അന്യോന്യം സംസാരിക്കുന്നപോലെ കാണപ്പെടുന്നു,

രാമൻ—അതെ:

വിരാധൻ—[ആത്മഗതം] ഈ സംഗതി ഇനിക്ക രാമനോട്ട ചോദിപ്പാനുള്ളതാണ, അതിനെതന്നെ ഇവളെന്നോട്ട ചോദിക്കുന്നു, ഇരിക്കട്ടെ ഇങ്ങിനെ പറയാം, [പ്രകാശം] പരശുരാമനെ ജയിച്ച എന്റെറ പരാക്രമത്തെ നീ അറികയില്ലെ?

ലക്ഷ്മണൻ—ഈ ഉത്തരം ഉചിതമായി.

ശൂൎപ്പണഖാ—[ആത്മഗതം] അതുകൊണ്ടുതന്നെയാണ അഞ്ഞൊരുമിച്ച ക്രീഡിക്കുന്ന എന്നെ കൊല്ലുവാൻ സ്വജനങ്ങളിലൊരുത്തനും മതിയാകയില്ലെന്നു ഞാൻ വിചാരിക്കുന്നത, [പ്രകാശം] ശരിതന്നെ, ശരിതന്നെ,

(എന്ന പൂവ്വറുക്കുന്നതായി നടിക്കുന്നു)

വിരാധൻ—[ആത്മഗതം]

* മേല്പെട്ടേററംമലൎന്നംവദനസരസിജംഭംഗിയിൽ
പൊങ്ങിയുംകൈ
യല്പംമേലേവലിഞ്ഞുംമുലകൾവളവുക്കൂടാതെയും
മദ്ധ്യഭാഗം।
അല്പംവസ്ത്രംകിഴിഞ്ഞുംപദവിരലുകൾകൊണ്ടൂന്നിയും
ഭൂമിയിന്മേൽ
നില്പിപ്പത്മാക്ഷിതൻേറമമമനമതിലൎപ്പിച്ചുവോ-
യെന്നുതോന്നും॥ (൩൪)

[പ്രകാശം] ഹേ: പ്രിയതമേ! പൂവ്വറുക്കുന്ന ഈ സാഹസപ്രവൃത്തിയെ മതിയാക്ക, മതിയാക്ക, എന്തുകൊണ്ടെന്നാൽ, ഇതു നിമിത്തം ഭവതി ഏററവും ക്ഷീണിക്കുന്നു, (ആഗ്രഹത്തോടുകൂടി)

എന്നാൽ-

* സുമമിനിയുമറുക്കാംകുംകുമംചേൎന്നഗണ്ഡേ
സുമുഖി!മൃഗമദത്താൽചെയ്തൊരിപ്പത്രലേഖം
അമിതസുഷമനൽകുന്നില്ലയോ? നിൻമുഖത്തിൽ
ശ്രമജലകണമേററിട്ടായതുംമായുമെല്ലൊ॥ (൩൫)

ശൂൎപ്പണഖാ—(ലജ്ജയോടുകൂടി ചിരിച്ചു) [ആത്മഗതം] ഈ രഘുകുമാരന്റെ വാക്യം എന്നെ ക്രീഡിപ്പാനായി പ്രേരണം ചെയ്യുന്നു, [പ്രകാശം] ഹേ മാനദ! ഞാൻ വളരെ ക്ഷീണിച്ചിരിക്കുന്നു, എങ്കിലും ഇനിക്ക മോഹം വളരെയുണ്ട പൂവ്വറുക്കുവാൻ.

ലക്ഷ്മണൻ— * രാക്ഷസിയെക്ഷിതിമകളായ്
രാക്ഷസനോൎത്തോതിടുന്നതൻമോഹം।
രാക്ഷസനെമ്ര്യേഷ്ടനതായ്
രാക്ഷസിയോതുന്നുത്തരംകഥിക്കുന്നു॥ (൩൬)

വിരാധൻ—അങ്ങിനെയാണെങ്കിൽ ഞാൻ തന്നെ പുഷ്പങ്ങളെ അറുക്കാം, (എന്ന പൂവ്വറുക്കുന്നതായി നടിച്ച)
ഹേ: ജനകരാജപുത്രി!

*ഞാന്തന്നേകൊമ്പുതാഴ്ത്തിക്കമലമുഖി!പണിപ്പെട്ടറുത്തെൻെറകയ്യാ
ലേന്തീട്ടുംചമ്പകപ്പൂക്കളെമുടിയിലണിഞ്ഞീടെടോകാന്തരാക്ഷി! ।
കാന്തേ!നീയോമ്മ്ക്കൂടാതുടനെമുടിയഴിച്ചീടൊലാചാരുശീലേ!
ക്കുന്തൽക്കെട്ടൊട്ടഴിഞ്ഞിക്കുസുമനിരകൾവീഴൊല്ലതാഴത്തുചുററും॥()

ശൂപ്പ്ണഖാ—(സന്തോഷാനുരാഗങ്ങളോടു കൂടി) [ആത്മഗതം] എൻെറ മനോരഥവല്ലഭനായ ഇവൻ എന്നെ ജാനകിയെന്നുവിചാരിച്ച പൂവ്വറുക്കുന്നതിനെ നിഷേധിക്കുന്ന നാട്യത്തിൽ തനിക്കു മോഹമുള്ള പ്രവൃത്തിക്കായിട്ടെന്നോടാവശ്യപ്പെടുന്നു, ഇവനെ ഏതുവിധമാണ പിടിച്ചുകൊണ്ടുപോയി ക്രീഡിക്കേണ്ടതു,[പ്രകാശം] ആയ്യപുത്ര! ഈ ഉയൎന്ന ചമ്പകവൃക്ഷത്തിൻെറ മുകളിലുള്ള കൊമ്പുകളിൽ നില്ക്കുന്ന മനോഹരങ്ങളായ പുഷ്പങ്ങളെ അങ്ങ എൻെറ മുതുകിൽ കേറിനിന്ന പൊട്ടിച്ചു തരണെ, അതുകളിലിനിക്കു വളരെ മോഹമുണ്ട.

ലക്ഷ്മണൻ—(ചിരിച്ച) ഇവനെ ജ്യേഷ്ഠനെന്നു വിചാരിച്ച രാക്ഷസി എടുത്തു കൊണ്ടുപോകുവാൻ വിചാരിക്കുന്നു.

വിരാധൻ—[ആത്മഗതം] ഇതിനിക്കൊരുത്തരം തന്നെ, [പ്രകാശം]

* എന്നുടെമുതുകിന്മേലേ
നന്നായ്ക്കേറീട്ടഭീഷ്ടമതുപോലേ ।
ഇന്ദുവദനേ! സുശീലേ!
സുന്ദരി!നീപ്പൂവ്വറുക്കെടോബാലേ!॥ (൩൨)
(എന്ന കുമ്പിട്ടു നില്ക്കുന്നു)

ലക്ഷ്മണൻ—ജ്യേഷ്ഠത്തിയെന്നു വിചാരിച്ച ഇവളെ എടുത്തുകൊണ്ടുപോകുവാൻ രാക്ഷസനും വിചാരിക്കുന്നു, ആശ്ചൎയ്യം! ഇതു വലുതായ കൌതുകമായിരിക്കുന്നു. അതിനാൽ പിന്നാലെ ചെന്ന മേൽനടക്കുന്നതും കാണട്ടെ. (എന്ന ചുററി നടക്കുന്നു)

ശൂപ്പ്ണഖാ—[ആത്മഗതം] ആകട്ടെ, ദോഷമെന്തുള്ളൂ. ഇവൻെറ മുതുകിൽ കേറി ഇവൻെറ ദേഹത്തെ കാലുകളാൽ ഇറുക്കി എടുത്തുകൊണ്ട ആകാശത്തിൽക്കൂടി ഞാൻ പോകുന്നുണ്ട.
(എന്നകേറുന്നു)

സീതാ—ആയ്യപുത്ര! ആരാണിത? ഇരുഭാഗത്തും മേഘങ്ങളാൽ പടൎന്ന വ്യാപിക്കപ്പെട്ട പവ്വതംപോലെ ദൂരത്തിൽനിന്ന ആകാശത്തിൽക്കൂടി വരുന്നു.

രാമൻ—(നോക്കീട്ട) ഹേ! ജാനകി! പിതൃതുല്യനായ ജടായു ജ്യേഷ്ഠനായ സമ്പാതിയെ ചെന്നു വന്ദിച്ചിട്ട വരികയാണ.

സീതാ—ആൎയ്യപുത്ര! നോക്കു: നോക്കു: ഈ രാക്ഷസി രാക്ഷസന്റെ മുതുകിൽ കേറി നില്ക്കുന്നു.

രാമൻ—(ആശ്ചൎയ്യത്തോടു കൂടി) ഇതെങ്ങിനെ, ജാനകി! നോക്കു: നോക്കു:

* ബാലേ!നിൻരൂപമാൎന്നുള്ളൊരുനിശിചരിയെത്തൻ
പുറത്തങ്ങെടുത്തൻ-
കോലംപൂണ്ടുള്ളരാത്രിഞ്ചരനഥഥപറക്കുന്നു
വേഗംനഭസ്സിൽ।
മേലേമേഘങ്ങളെത്തൻചിറകിളകിനകാററാ-
ലകററിത്തട്ടപ്പാൻ
പോലെത്താതൻജടായുസ്സടനിവനടെമുൻ
വന്നടുക്കുന്നുചിത്രം॥ (൩൯)

സീതാ—(ചിരിച്ചു) ആശ്ചൎയ്യമാശ്ചൎയ്യം! ഇവിടുന്നങ്ങോട്ടെങ്ങിനെയായി തീരുമെന്നറിയുന്നില്ല.

ലക്ഷ്മണൻ—ഏ: ജാനകീരൂപംധരിച്ച രാക്ഷസിയെ ജ്യേഷ്ഠന്റെരൂപംധരിച്ച രാക്ഷസൻ എടുത്തുമേല്പെട്ടുകൊണ്ടുപോയൊ, (മേല്പെട്ട നോക്കീട്ട) അവിടെക്കുതന്നെ താതജടായുവും വന്നടുക്കുന്നു എന്നുമാത്രമല്ല ജടായു അവനോടെന്താണ പറയുന്നത,

* "ചൊല്ലെടനീയാർസീതയെ
മെല്ലെക്കട്ടങ്ങുരാമവടിവോടും।
ചെല്ലുന്നുവേഗമിപ്പോൾ
കൊല്ലുംഞാൻനിന്നെനില്ലുനില്ലവിടെ"॥ (൪൦) എന്നൊ,

ഇദ്ദേഹം രാക്ഷസിയെ സത്യമായി സീതയെന്നു വിചാരിക്കുന്നു.

സീതാ—ഇവർ ആൎയ്യനായ ജടായുവിനെ കണ്ട ക്ഷണത്തിൽ ഭയപ്പെട്ടു ഭൂമിയിൽ വീണുപോയി.

രാമൻ—വത്സനായ ലക്ഷ്മണനും ഇവരുടെ നേരെ വാളിനെ കയ്യിൽ പിടിച്ചിളക്കിക്കൊണ്ട അടുത്തു ചെല്ലുന്നു.

ശൂൎപ്പണഖാ—(വിഷാദത്തോടുകൂടി) [ആത്മഗതം] ആ രാമന്റെരൂപംധരിച്ച, എന്നെ മോഹിപ്പിക്കുന്ന ഇവൻ വേറെ ഒരുത്തനാണ. അല്ലെങ്കിൽ മനുഷ്യനായ അവന്ന ഇത്ര വേഗത്തിൽ പൊങ്ങുവാനുള്ള സാമൎത്ഥ്യം എങ്ങിനെ ഉണ്ടാകും, [പ്രകാശം] എന്നെ എടുത്തു കൊണ്ടു പൊങ്ങിയ നീയാരാണ?

വിരാധൻ—[ആത്മഗതം] വൃദ്ധനായ ഈ ദുഷ്ടക്കഴു സീതാപഹരണത്തിൽ ഒരു വിഘ്നമായി തീൎന്നു. അഥവാ ഇവൾ സീതയല്ലെന്നും വരാം. എന്തുകൊണ്ടെന്നാൽ, ഞാൻ മേല്പെട്ടു പൊങ്ങുവാൻ ഭാവിക്കുന്നതിന്നുമുമ്പേതന്നെ അതിവേഗത്തിലിവൾ എന്നെ കാലുകളാലിറുക്കിയെടുത്തുകൊണ്ടാകാശത്തിലുയൎന്നുവെല്ലൊ, [പ്രകാശം]എന്നെകാലുകളാൽഎടുത്തുകൊണ്ടുപോയനീയാരാണ?

ലക്ഷ്മണൻ—(അടുത്തുചെന്നു) നിങ്ങൾ രണ്ടുപേരും രാക്ഷസനും രാക്ഷസിയും തന്നെ, അന്യോന്യം വഞ്ചിക്കപ്പെട്ടു പോയി.

ശൂൎപ്പണഖാ—(ഓൎമ്മയോടു കൂടി) നീ വിരാധനാണൊ?

വിരാധൻ—(ആലോചിച്ചു) നീ ശൂൎപ്പണഖയാണൊ?

ലക്ഷ്മണൻ—പരകളത്രത്തെ അപഹരിക്കുന്ന ദുരാത്മാവായ വിരാധ! നിന്റെ കഥ കഴിഞ്ഞുപോയി കഴിഞ്ഞുപോയി.

(എന്നു വിരാധനെ കൈകൊണ്ടു പിടിക്കുന്നു)

വിരാധൻ—(കോപത്തോടുകൂടി) വിടു: വിടു: (എന്നു കൈ തട്ടി തന്റെ രൂപത്തെ ധരിച്ചുനിന്നു ശൂലത്തെ ചുഴററുന്നു)

ശൂൎപ്പണഖാ—(തന്റെ രൂപത്തെധരിച്ചു ആവേഗത്തോടു കൂടി)അയ്യോ! ഉദാസീനതാ, ഉദാസീനതാ, ഈ വിരാധനെ ഒരു ഭാഗത്തു ലക്ഷ്മണനും മറെറാരു ഭാഗത്തു ജടായുവും തടുത്തെതൃക്കുന്നു,

(എന്നു കരയുന്നു)

ജടായു—(പ്രവേശിച്ചു) [ആത്മഗതം] ഇവൾ ശൂൎപ്പണഖയാണെല്ലൊ, ഇവളാണ സീതാരൂപംധരിച്ചിരുന്നത, [പ്രകാശം] ഉണ്ണി! ലക്ഷ്മണ! ഋഷികളെദ്രോഹിക്കുന്നദുഷ്ടനായഈവിരാധനെവിടരുതെ.

സീതാ—ഈ രാക്ഷസി തന്റെ രൂപത്തെ പ്രാപിക്കുന്നു, തന്റെ രൂപത്തെ പ്രാപിച്ചു ഈ രാക്ഷസനെ വത്സലക്ഷ്മണനും താതജടായുവും തടുത്തുകൊണ്ടെതൃക്കുന്നു.

രാമൻ—ദേവി! നോം ഭാഗ്യത്താൽ വൎദ്ധിക്കുന്നു,

എന്തുകൊണ്ടെന്നാൽ-

* തീക്ഷ്ണശരത്തെയയച്ചുമുറിച്ചുമിവന്റെകരത്തിലെശ്ശൂലമുടൻ
ലക്ഷ്മണനങ്ങുളജങ്ങളെതോൾവരെവെട്ടിവിളങ്ങിനവാളതിനാൽ ।
തൽക്ഷണമാനയെയെന്നതുപോൽകുഴിതന്നിൽമറിച്ചഥകല്ലുകളും
വൃക്ഷലതാദികൾകൂട്ടയുമിട്ടുതുതൂൎത്തിതുജാനകി! മാനവതി!॥ (൪൧)

സീതാ—ഇനിക്കു വളരെ സന്തോഷം, വളരെ സന്തോഷം,

ശൂൎപ്പണഖാ—(ശോകാവേഗത്തോടുകൂടി) അയ്യോ: വിരാധ! അയ്യോ: എന്റെ ഭ്രാതാവായ ഖരന്റെ പ്രിയസ്നേഹിത! അയ്യോ: ഖരവചനത്താൽ രഘുകുമാരനെ കൊൽവാൻ വന്ന നിന്നെ ഈ ല

ക്ഷ്മണൻ പുലിയെ കലമാനെന്നപോലെ കൊന്നുവെല്ലൊ, ആ ദശമുഖനാൽ അയക്കപ്പെട്ട ഇനിക്കും സീതയെ അപഹരിപ്പാൻ കഴിഞ്ഞില്ല, എന്നുമാത്രമല്ല ആ രഘുകുമാരനെ കാമിച്ച ഞാൻ സീതാരൂപത്തെ ധരിച്ചിട്ടും അവനെ ചെയ്യക്രീഡയ്ക്കായി ഹേമകൂടപർവ്വതശിഖരത്തിൽ കൊണ്ടുപോകുവാനും കഴിഞ്ഞില്ല, കേവലം നിന്റെ മരണത്തെമാത്രം കണ്ടുകൊണ്ട കണ്ണീരുകളാൽ ദേഹത്തെ നനച്ചു, ലജ്ജയോടുകൂടി ഞാൻ ഇങ്ങിനെ കരയുമാറായി,

(എന്ന കരയുന്നു)

ജടായു—ഉണ്ണി! ലക്ഷ്മണ! ഇവളുടെ വാക്ക കേട്ടില്ലെ, വത്സനായ രാമഭദ്രനെ ദ്രോഹിപ്പാൻ വന്ന ദുഷ്ടനായ വിരാധനെ നീ സംഹരിച്ചുവെല്ലൊ,

ലക്ഷ്മണൻ—രാവണവാക്കിനാൽ ജ്യേഷ്ഠത്തിയെ അപഹരിപ്പാൻ വന്ന ഈ രാക്ഷസിയേയും ഞാൻ വിരൂപയാക്കി തീൎക്കുന്നുണ്ട,

(എന്ന വാളെടുക്കുന്നു)

രാമൻ—നോക്ക: ജാനകി! നോക്ക:

* ബാലൻസൌമിത്രിവാൾകൊണ്ടഥനിശിചരിതൻ
മൂക്കുമെക്കാതുമൊപ്പം
ബാലേ!ഛേദിച്ചനേരത്തലറിയവൾകര-
ഞ്ഞേററമോടുന്നുമേലെ ।
നീലക്കാർവേണിസീതെ! രുധിരമിവൾശരീരത്തിൽ
നിന്നങ്ങുചിന്നി-
ച്ചാലേവീഴുന്നുപാരിൽജലധരമതിൽനിന്നിന്ദ്ര
കോപങ്ങൾപോലെ॥ (൪൨)

അതിനാൽ ആൎയ്യനായ ജടായുവിനെ വന്ദിപ്പാനും, വിജയിയായ വത്സലക്ഷ്മണനെ അഭിനന്ദിപ്പാനുമായി നോം ഈ പൎവ്വതശിഖരത്തിൽനിന്നിറങ്ങുക.

സീതാ—ആൎയ്യപുത്രന്റെ ഇഷ്ടംപോലെയാകട്ടെ.

(എന്ന രണ്ടുപേരും ഇറങ്ങുന്നതായി നടിക്കുന്നു)

ലക്ഷ്മണൻ—ഹേ: താത! പക്ഷിശ്രേഷ്ഠ! പൎവ്വതശിഖരത്തിൽനിന്ന ജ്യേഷ്ഠൻ ജ്യേഷ്ഠത്തിയോടുകൂടി ഇതാ ഇറങ്ങുന്നു, അതിനാൽ നമ്മളും പൎണ്ണശാലാദ്വാരത്തിലെക്ക തന്നെ ചെല്ലുക.

ജടായു—ഉണ്ണിയുടെഇഷ്ടംപോലെയാകട്ടെ, (എന്നചുററിനടക്കുന്നു)

രാമൻ—അയി പ്രിയതമേ!

*ശങ്കിക്കാതേബഹുവിഷമമാമിപ്രദേശത്തിലേത്തും
നിങ്കൈകൊണ്ടെൻകരമതുപിടിച്ചിങ്ങുവാമംഗലാംഗി! ।
വങ്കല്ലിന്മേലിരട്ടൊലപദംകണ്ടിനെച്ചാടിമെല്ലെ
തിങ്കൾക്കൊക്കംമുഖി!വരികകാൽവെക്കേടോമുള്ളുനോക്കി॥ (൪൩)

സീതാ—ആൎയ്യപുത്ര! താതജടായുവും, വത്സലലക്ഷ്മണനും, പൎണ്ണശാലാദ്വാരത്തിലെക്ക വരുന്നു.

രാമൻ—വല്ലേടത്തും നോക്കേണ്ടാ.

* ചേറുള്ളോരീവഴിയെവിട്ടങ്ങുതെല്ലുവളവെ-
നാലുമാവഴിഗമി-
ക്കാറിൽപടംനനയുമാജാനുപൊക്കതിനെ
മത്തേഭപ്പാരുഗമനേ! ।
കോറെല്ലുവക്രമതിൽവാനീരശാഖയത്തു
കൊണ്ടൊന്നുതാഴ്ത്തു തലയെ
കീറാതെമാതളമതിൽസക്തമാംപുടവ
നീവേർപെടുത്തുകധുനാ॥ (൪൪)

(സീതാ അപ്രകാരം ചെയ്തിട്ട രാമനെ പിന്തുടരുന്നു.)

ജടായു—ഉണ്ണി!

* മന്ദംജ്യേഷ്ഠനുവേണ്ടിക്കരുണയൊടുഭവാൻപൂൎവ്വരുക്കുന്നതായും
മുന്നംവെള്ളംകുടത്താൽജനകസുതയൊഴിച്ചാശ്രുവൎദ്ധിച്ചതായും ।
നന്നായ്ക്കേളീമയൂരംമൃഗമിവകളണഞ്ഞാശ്രമത്തിൻസമീപേ
നിന്നീടുംനീഡയുക്തംമരനിരയിതുനൽകുന്നുമേകൌതുകത്തെ॥ ൪൫

രാമൻ— *ക്ഷോണീകന്യേ!മലമുകളിൽനിന്നിങ്ങിറങ്ങീട്ടുപാരം
ക്ഷീണിച്ചു നിൻകവിളിലധുനാസ്വേദബിന്ദുക്കളേററം ।
കാണുന്നുനിന്മുഖമിതമൃതത്തുള്ളിയാൽഭംഗിയുള്ളോ-
രേണാങ്കൻതൻമദമുടനടക്കീടുമേസുന്ദരാംഗി!॥ (൪൬)

അതിനാൽ പൂങ്കൊത്തുകളുടെ സമൂഹത്താലലങ്കരിക്കപ്പെട്ട ചെറിയ ചൂതവൃക്ഷങ്ങളുടെ നിഴലുള്ള ഈ വനവാപീസമീപത്തിൽ ക്ഷീണം തീൎപ്പാനായി ക്ഷണനേരം ഇരിക്കുക.

സീതാ—ആൎയ്യപുത്ര! നോം മെല്ലെ പൎണ്ണശാലയ്ക്കുചെല്ലുക, അവിടെ വത്സലക്ഷ്മണനുംതാതജടായുവുംനമ്മുടെവരവിനെകാത്തുനില്ക്കുന്നു

രാമൻ—എന്നാൽ ഈ വഴിയിൽക്കൂടി പോകേണ്ടതാണ. ഇതിൽ-

* നല്ലംബുകണത്തെച്ചിതറിക്കൊണ്ടുടനെങ്ങും
ചൊല്ലാന്നൊരുകല്ഹാരസുഗന്ധത്തെവഹിച്ചും ।
മെല്ലേമദനാൎത്താഖിലകാരണ്ഡവശബ്ദം
മല്ലാക്ഷി!വളൎത്തിങ്ങിനെവീശുന്നിതുവായു । (൪൭)

(എന്നു ചുററിനടന്നു നോക്കീട്ടു) താത! ഗൃദ്ധ്രരാജ! പൂജ്യനായ അങ്ങെ ദശരഥപുത്രനായ ഞാൻ നമസ്കരിക്കുന്നു.

ജടായു—ഉണ്ണി! ദീർഘായുസ്സായ്ഭവിക്ക.

സീതാ—ആര്യ്യ! അങ്ങേക്കു നമസ്കാരം.

ജടായു—വത്സേ! വീരനായ ശിശു ഉണ്ടാകട്ടെ.

രാമൻ—(ലക്ഷ്മണനെ ആലിംഗനം ചെയ്തു) ഭാഗ്യത്താൽ വിജയിയായ ഉണ്ണിയെ ഞാൻ കാണുന്നു.

ലക്ഷ്മണൻ—എല്ലാം താതജടായുവിൻെറ അനുഗ്രഹം തന്നെ.

ജടായു—ഉണ്ണിയുടെ ജയത്തെ രാമഭദ്രൻ കണ്ടുവൊ?

രാമൻ—ഞങ്ങൾ പൎവ്വതശിഖരത്തിലിരുന്നു എല്ലാം കണ്ടു.

സീതാ—എന്നാൽ ആ രാക്ഷസൻെറയും രാക്ഷസിയുടേയും പേരും വാസസ്ഥലവും മനസ്സിലായില്ല.

ജടായു— ജനസ്ഥാനത്തിൽ സഞ്ചരിക്കുന്ന വിരാധനാണ ആ രാക്ഷസൻ.

* ആശരരീരേഴായിര
മീശനതിൽഖരനുമായിയൊരുഭാഗത്തും॥
ക്ലേശിപ്പിപ്പതുമുനികളെ
യാശുവിരാധൻതനിച്ചുമറുഭാഗത്തും। (൪൨)

ആ രാക്ഷസി ഖരൻെറ അനുജയായ ശൂൎപ്പണഖയാണ.

രാമൻ—വിരാധനെത്തന്നെയാണൊ ഉണ്ണി കൊന്നതു?

(എന്നു സ്നേഹബഹുമാനങ്ങളോടുകൂടി ലക്ഷ്മണനെ നോക്കുന്നു.)

(ലക്ഷ്മണൻ തല താഴ്ത്തി നില്ക്കുന്നു.)

ജടായു—അതെ.

രാമൻ—എൻെറ ഓഹരിക്കു മററുള്ള രാക്ഷസരെഎല്ലാം കൊല്ലേണ്ടതാണെന്നു തീൎച്ചപ്പെട്ടു.

ജടായു—ശൂൎപ്പണഖയുടെ വൈരൂപ്യത്തെ കണ്ടാൽ ഖരൻ കോപിച്ചു ഒരു മുഹൂൎത്തത്തിനുള്ളിൽ ഉണ്ണിയോടു യുദ്ധത്തിന്നു വരും.

രാമൻ—(ഉത്സാഹത്തോടുകൂടി) വരട്ടെ, ഹാനി എന്തുള്ളു.

ജടായു—ഞാനിപ്പോൾ കുഞ്ജവാൻ പൎവ്വതത്തിൻെറ ശിഖരത്തിൽ ചെന്നിരുന്നു ക്ഷീണം തീൎപ്പാൻ വിചാരിക്കുന്നു.

രാമൻ—ആര്യ്യൻെറ ഇഷ്ടംപോലെയാകട്ടെ.

ജടായു—ഇനിമേൽ ഉണ്ണി നല്ല ജാഗ്രതയോടുകൂടിയിരിക്കണം,

(എന്നു പോയി)

(അണിയറയിൽ)

* ഘോരംകേണംവിത്രപാനനമതിലൊഴുകും
ബാഷ്പമോടോടിവന്ന-
ഞ്ഞാരാൽപാരിൽപതിച്ചോരനുജയെഖരന-
ഞ്ഞാശ്വസിപ്പിച്ചുവേഗം।
പോരുന്നുസേനയോടുംസപദികുപിതനായ്
രാമനോടേററെത്തുപ്പാൻ
പോരെന്നെപ്പോലെകാണ്മാൻവരുവിനമരരേ!
മോഹമുള്ളോർകളെല്ലാം॥ (൪൯)

ലക്ഷ്മണൻ—യുദ്ധം കാണ്മാൻ സന്തോഷമുള്ള ബ്രഹ്മപുത്രനായ നാരദമഹർഷിയുടെ വാക്കാണിത, അതിനാൽ നോം തയാറായിരിക്കേണ്ടതാണ.

രാമൻ—ഞാൻ തയ്യാറായി തന്നെ ഇരിക്കുന്നു, എന്തുകൊണ്ടെന്നാൽ ഖരനെ സൈന്യത്തോടുകൂടി സംഹരിക്കുന്നത എൻെറകാഹരിയായിട്ട താതജടായുവിൻെറ സന്നിധിയിൽവെച്ച ഞാൻ തീച്ചപ്പെടുത്തിയെല്ലൊ. ഉണ്ണി ജാനകിയെ കൂട്ടിക്കൊണ്ടു പൎണ്ണശാലയിൽചെല്ലു.

സീതാ—ആൎയ്യപുത്ര! നല്ലവണ്ണം ജാഗ്രതയായിരിക്കണെ,

രാമൻ—സംശയമെന്താണ,

ലക്ഷ്മണൻ—ജ്യേഷ്ഠൻെറ ഇഷ്ടംപോലെയാകട്ടെ,

(എന്ന സീതയോടുകൂടി പോയി.)

(അണിയറയിൽ)

* മനുവംശജാതനായൊരു
മുനിവേഷംപൂണ്ടരാജപുത്രനെയും।
അനുജകളത്രങ്ങളെയും
സൈനികർവളയട്ടെശസ്ത്രപാണികളായ്॥ (൫൦)

രാമൻ—(സന്തോഷത്തോടുകൂടി ചിരിച്ച) ഖരൻ തന്നെ യാണൊ ഇങ്ങിനെ വന്നുപറയുന്നത, എടഃ എടഃ ദുഷ്ട! രാക്ഷസാധമ! നില്ല നില്ല, (എന്ന കവചത്തെ ധരിച്ച ചാപബാണങ്ങളേയും ആവനാഴിയേയും എടുത്ത ചുററിനടന്നുകൊണ്ട)

*എവരെഭവാനശിച്ചധികമസ്ഥിവെളുത്തിഹകണ്ടിടുന്നവൊ
എവർതവദുഷ്ടവൃത്തികൾസഹിച്ചതപസ്സിനെരക്ഷചെയ്യുവൊ।
അവരിൽമുദംവളൎത്തുചതിനായ്യുടയോടതിദുഷ്ട!നിന്നെഞാൻ
ജവമിഷുവാൽപിളൎന്നുയുധിപക്ഷിനിരക്കിരയാക്കുവൻഖര!॥ (൫൧)

(എന്ന എല്ലാവരും പോയി)

* ഇങ്ങിനെ അഞ്ചാമങ്കം. *

ജാനകീപരിണയം.

മലയാളനാടകം.

ആറാമങ്കം

(അനന്തരം അനലാ പ്രവേശിക്കുന്നു.)

അനലാ—(മുൻഭാഗത്തു നോക്കീട്ടു)

അച്ഛന്റെ മന്ത്രിയായ സമ്പാതി ഇതാ വരുന്നു,

(അനന്തരം സമ്പാതി പ്രവേശിക്കുന്നു.)

സമ്പാതി— സ്വാമിയായ കുമാരവിഭീഷണന്റെ പുത്രിയായ അനലാ ഇതാവരുന്നു, (അടുത്തചെന്നു) വത്സേ! അനലേ! നീ എവിടെ നിന്നാണ വരുന്നത?

അനലാ—വിദ്യുജ്ജിഹ്വന്റെ ഗൃഹത്തിൽ നിന്നാണ,

സമ്പാതി—നീ എന്തിനായിട്ടവിടെ പോയിരുന്നു?

അനലാ—ആൎയ്യനായ അമാത്യൻ കേട്ടാലും, രാവണമഹാരാജാവിന്റെ സഹോദരിയായ ശൂൎപ്പണഖയില്ലെ—

സമ്പാതി—(ചിരിച്ചു) 'അച്ഛൻപെങ്ങൾ' എന്നല്ലെ പറയേണ്ടത, അവളല്ലെ രാമനെ കാമിച്ചുനിമിത്തം ലക്ഷ്മണനാൽ വിരൂപയാക്കപ്പെട്ടത, അവളുടെ വാക്കിനാലല്ലെ, സൈന്യങ്ങളോടുകൂടി യുദ്ധത്തിന്നു ചെന്ന ഖരൻ രാമന്റെ ഭുജപരാക്രമാഗ്നിയിൽ പാററയായിതീൎന്നത,

അനലാ— അവളോടു എന്റെ സമീപത്തിൽ വച്ചു വിദ്യുജ്ജിഹ്വന്റെ ഭാൎയ്യയായ മായാവതി നാസികാ ഛേദം ചെയ്യാനുണ്ടായ കാരണത്തെ ചോദിച്ചു, ആ കഥാമദ്ധ്യത്തിൽ രാമന്റെ ആകൃതി ഇങ്ങിനെയാണ അങ്ങിനെയാണ എന്നു അവൾ പറകയും ചെയ്തു,

സമ്പാതി—പിന്നെയൊ,

അനലാ—പിന്നെ, വിദ്യുജ്ജിഹ്വൻ പണ്ടു കൊണ്ടു വന്നിട്ടുണ്ടായിരുന്ന രാമരൂപം വരെക്കപ്പെട്ട ഒരു ചിത്രപടം എന്റെ കയ്യിൽ മുമ്പെ തന്നിട്ടുണ്ടായിരുന്നു,

സമ്പാതി—പിന്നെയൊ,

അനലാ—അതിനെ രാമന്റെ രൂപം കാണ്മാനായിട്ട മടക്കി തരേണമെന്ന മായാവതി എന്നോടാവശ്യപ്പെട്ടു,

സമ്പാതി—പിന്നെയൊ,

അനലാ—അനന്തരം ഞാൻ ആ ചിത്രപടത്തെ മായാവതിക്ക മടക്കി കൊടുത്തുവരികയാണ,

സമ്പാതി—ആ ചിത്രപടം നിന്റെ കയ്യിലെന്തിനായിട്ടാണ തന്നിരുന്നത?

അനലാ—ആ ചിത്രപടം വിവാഹത്തിനുമുമ്പേ തന്നെ ജാനകിയാൽ എഴുതപ്പെട്ടതാണ, ഇപ്പോൾ ദീൎഘവിയോഗം വന്നിട്ടുള്ള ജാനകിക്ക ആശ്വാസത്തിന്ന വേണ്ടി ഞാനതിനെ വാങ്ങി കൊണ്ടുവന്ന ഇതുവരേയും കാണിച്ചുകൊടുത്തു,

സമ്പാതി—(വിചാരിച്ചു) ആശ്ചൎയ്യമാശ്ചൎയ്യം. !

* ധരണീസുതയെഹരിപ്പാൻ
ഹരിണത്തിൻരൂപമാൎന്നമാരീചന്നും ।
മരണംവരുത്തിരാവണ-
നരുണാത്മജനാകുമജ്ജടായുസ്സിന്നും ॥ (൧)

ഇനിമേൽ സീതയ്ക്ക ആശ്വാസത്തിനുള്ള ഉപായമെന്താണ? അവൾ ദീൎഘകാലപരിചയം കൊണ്ട പ്രിയസഖിയെപ്പോലെ നിന്നെ സ്നേഹിച്ചിരിക്കുന്നുവെല്ലൊ,

അനലാ—അതിനാലല്ലെ ഞാൻ ആശ്വാസത്തിനുപായമൊന്നും കാണായ്കയാൽ സീതയിനി ജീവിച്ചിരിക്കുമൊ ഇല്ലയൊ എന്ന ശങ്കിച്ചു ഭയപ്പെടുന്നത,

*ഹാരമററുടനതിൻമുത്തുകൾകണക്കെവീണനയനാംബുവിൻ
ധാരയാൽമുലനനച്ചുകണ്ണിണതുടച്ചുഹാമലിനചേലയാൽ ।
ചാരുചിത്രമതിലുള്ളവല്ലഭനെ നോക്കിയങ്ങിനെകഴിച്ചുതെ
സാരസാക്ഷിബതമാസമേഴമിഹശിംശപാതരുതലത്തിലായ് ॥ (൭൧)

സമ്പാതി—ബാലിയെ സംഹരിച്ചതിന്നു ശേഷം സ്വാമിയായ കുമാര വിഭീഷണന്നും മാല്യവാൻ മുതലായ മററുള്ളവൎക്കും സീതയെ തിരിയെ കൊടുക്കുന്നതു തന്നെയാണ മേലിലെക്ക ക്ഷേമമെന്ന അഭിപ്രായമായിരിക്കുന്നു.

അനലാ—രാവണമഹാരാജാവിനെ ജയിച്ച ബാലിയെക്കൂടി രാമൻ സംഹരിച്ചുവൊ?

സമ്പാതി—ഉവ്വ,

അനലാ—മഹാരാജാവിന്റെ അഭിപ്രായമെന്താണ?

സമ്പാതി—മഹാരാജാവിനെ കാണ്മാൻ മന്ത്രികളിലാൎക്കാണ സാധിക്കുന്നത? എന്തുകൊണ്ടെന്നാൽ, ഇപ്പോൾ-

* വരുണനേകിയൊരല്ലിമാലധരിച്ചനന്ദനവൃക്ഷങ്ങളിൻ
നിരകൾകൊണ്ടിഹവായുവാൽകൃതമായമെത്തയിൽവാണഥ।
സ്മരണചെയ്തസദാപിസീതയെമാനസേദശകന്ധരൻ
വരികതന്നെയുമില്ലഗേഹമതികൽനിന്നുവെളിക്കഹോ॥ (൩൨)

അതിനാൽ വീരനായും പ്രബലനായുമിരിക്കുന്ന ശത്രുവിനോട നേരിട്ടിരിക്കുന്ന വൈരത്തെ വിചാരിയ്ക്കാതേയും, മന്ത്രവിചാരമാരംഭിയ്ക്കാതേയും, വേണ്ടുന്ന പ്രവൃത്തികളെ അനുഷ്ഠിയ്ക്കാതേയുമിരിക്കുന്ന മഹാരാജാവിനോട ബാലിയെക്കൊന്ന വൎത്തമാനത്തെ വാക്കാൽ ബോധിപ്പിപ്പാൻ അസമൎത്ഥന്മാരായ മന്ത്രികൾ അദ്ദേഹത്തിനെ കാണിപ്പാൻ വേണ്ടി രാമകഥയെ സംബന്ധിച്ച ഒരു നാടകത്തെ ശുക്രമഹൎഷിയെക്കൊണ്ട ഉണ്ടാക്കിച്ചിരിക്കുന്നു,

അനലാ—ആ നാടകം എതുമുതൽ എതുവരെയാണ ഉണ്ടാക്കിച്ചിരിക്കുന്നത? പറയു,

സമ്പാതി—രാമന്റെ സീതാന്വേഷണം മുതൽ ബാലിവധത്തോളമാണ,

അനലാ—പിന്നെയൊ,

സമ്പാതി—അന്തഃപുരത്തിൽ സഞ്ചരിക്കുന്ന ആസന്നപരിചാരകനെക്കൊണ്ട ആ നാടകം കാണേണമെന്ന മഹാരാജാവിനെ അറിയിച്ചു, അതുകേട്ട മഹാരാജാവ അപ്സരസ്ത്രീകളാൽ പ്രയോഗിക്കപ്പെടുന്ന ആ നാടകത്തെ കാണ്മാനായി നൎമ്മസചിവനായ മഹാപാൎശ്വനെ മാത്രം കൂട്ടിക്കൊണ്ട സംഗീതശാലയ്ക്കകത്തു ദൈവേച്ഛയാൽ ചെന്നിരിക്കുന്നു.

അനലാ—അങ്ങിപ്പോൾ എവിടെയ്ക്കാണപോകുന്നത?

സമ്പാതി—സ്വാമിയായ കുമാരവിഭീഷണനും മന്ത്രികളും കൂടി ആടുവാൻ ശീലമുള്ള അപ്സരസ്ത്രീകളെ മഹാരാജാവിന്റെ സന്നിധിയിൽ കൂട്ടിക്കൊണ്ടുപോരുവാനായി എന്നെ അയച്ചതാകുന്നു.

അനലാ—ഇങ്ങിനെയാണെങ്കിൽ ഇപ്പോൾ ചിത്രത്തിലുള്ള ഭൎത്താവിന്റെ ദൎശനം കൂടി ഇല്ലാതിരിക്കുന്ന ജാനകിയും ഭൎത്തൃവേഷം ധരിച്ച അഭിനയിക്കുന്ന കഥാദൎശനംകൊണ്ടു മനസ്സിനെ വിനോദിപ്പിച്ചുകൊള്ളട്ടെ.

സമ്പാതി—അങ്ങിനെയാകട്ടെ, എന്നാൽ തിരസ്കരണീവിദ്യയുടെ പ്രഭാവത്താൽ ദേഹത്തെ മറച്ചുകൊണ്ടു കാണേണ്ടതാണ. അതിനെന്താണുപായം?

അനലാ—അതിനുപായമുണ്ട,

സമ്പാതി—അതെങ്ങിനെയാണ?

അനലാ—വിദ്യുജ്ജിഹ്വന്റെ ഭാൎയ്യയായ മായാവതി മുമ്പെ എന്റെ കയ്യിൽ രാക്ഷസാന്ധംകരണരത്നം പതിച്ചിട്ടുള്ള രണ്ടുവളകളെ തന്നിട്ടുണ്ട, അതുകളിൽ ഒന്ന സീതയുടെ കയ്യിലും മറ്റൊന്ന എന്റെ കയ്യിലും ഇട്ടുകൊണ്ട, ഞങ്ങൾ മറഞ്ഞുതന്നെ കണ്ടുകൊള്ളാം

സമ്പാതി—ഞാൻ ഈ രത്നവളകളെ മുമ്പേതന്നെ കേട്ടിട്ടുണ്ട. ഇതുകളെ ആദ്യം വിശ്വാമിത്രമുനി സീതയ്ക്കു കൊടുത്തു, പിന്നെ സാരണൻ സീതയോട സമ്മാനമായിട്ട വാങ്ങിച്ചു മഹാരാജാവിനു കൊടുത്തു, മഹാരാജാവ വിദ്യുജ്ജിഹ്വന്റെ കയ്യിൽ സൂക്ഷിപ്പാൻ കൊടുത്തു.

അനലാ—എന്നാൽ അങ്ങ സ്വാമികല്പനയെ അനുഷ്ഠിക്കുക ഞാനും ദീനയായ ആ ജാനകിയെ മനോവിനോദത്തിന്നായിട്ട സംഗീതശാലയിൽ കൂട്ടിക്കൊണ്ടുവരുന്നുണ്ട.

(എന്ന രണ്ടുപേരും പോയി.)

ഇങ്ങിനെ പൂൎവ്വാംഗം.

(അനന്തരം മഹാപാൎശ്വനോട കൂടി രാവണൻ പ്രവേശിക്കുന്നു.)

രാവണൻ—മഹാപാൎശ്വ! എന്തുകൊണ്ടാണ നാടകം കാണ്മാനായിട്ട എന്നെ മന്ത്രികൾ നിൎബ്ബന്ധിക്കുന്നത?

മഹാപാൎശ്വൻ—ജാനകീ നിമിത്തമായിട്ട മന്മഥതാപത്താൽ ഖിന്നനായിരിക്കുന്ന മഹാരാജാവിന്റെ മനസ്സിനെ വിനോദിപ്പിക്കുവാനായിട്ടാണ,

രാവണൻ—കൊള്ളാം എന്നാൽ കളിക്കാർ ആരംഭിച്ചുകൊള്ളട്ടെ,

* അന്തൎന്നാടകാരംഭം *

§ (അനന്തരം കളിക്കാരിൽ ഒരുവൻ പ്രവേശിച്ചു)

* തരുണിതരുണന്മാർചേരുമ്പോളവൎക്കുസുഖപ്രദൻ
സ്മരനിഹജയിക്കുന്നുവേർപെട്ടവൎക്കതിനിഷ്ഠുരൻ ।
പുരരിപുഹരൻകൂടിത്തന്മേലിവന്റെശരങ്ങളിൻ
വരവതുതടുപ്പാനായെല്ലോവഹിപ്പതുകാന്തയെ ॥ (൪)

രാവണൻ—ഇതു സത്യംതന്നെ

§ (നാന്ദിയുടെ അവസാനത്തിൽ)

§ സൂത്രധാരൻ— * കാണാഞ്ഞുകാദംബിനിയേനഭസ്സിൽ
കേണിസ്സരൽകാലമതിങ്കലേററം ।
ക്ഷീണിച്ചദേഹംമയിലങ്ങുകാട്ടിൽ
കോണിങ്കലുംകഷ്ടമുഴന്നിടുന്നു ॥ (൩)

രാവണൻ—ഞാൻ അപഹരിച്ചുകൊണ്ടുവന്നിട്ടുള്ള സീതയെ കാണാഞ്ഞു തിരയുന്ന ക്ഷത്രിയക്കുട്ടിയുടെ പ്രവൃത്തിയെ സൂചിപ്പിക്കുന്നപോലെ തോന്നുന്നു.

മഹാപാൎശ്വൻ—ഞാനും അങ്ങിനെതന്നെ വിചാരിക്കുന്നു.

§ (അണിയറയിൽ)

ഹാ: ഉണ്ണിലക്ഷ്മണ! ജാനകിയെ തിരയുന്ന എന്നാൽ ഈ പൎണ്ണശാല ശൂന്യയായിട്ടുതന്നേ കാണപ്പെടുന്നു.

§ സൂത്രധാരൻ—രാവണമഹാരാജാവിതിനെ കണ്ടുകൊള്ളട്ടെ ലക്ഷ്മണവേഷം ധരിച്ചിരിക്കുന്ന ഘൃതാചിയോടുകൂടി പുഞ്ജികസ്ഥലയെന്ന അപ്സരസ്ത്രീ സീതാന്വേഷണം ചെയ്യുന്ന രാമൻെറ വേഷം ധരിച്ചുകൊണ്ടു രംഗത്തിൽ പ്രവേശിക്കുന്നു (എന്നു പോയി)

* ഇങ്ങിനെ അന്തൎന്നാടക പ്രസ്താവനാ *

രാവണൻ—നാടകം നല്ലദിക്കിലായിട്ടാരംഭിച്ചു എന്തെന്നാൽ ഞാൻ അപഹരിച്ചുകൊണ്ടുവന്ന സീതയെ കാണാഞ്ഞിട്ടു, രാമൻ എന്തുചെയ്യുന്നു എന്നു ഇതിനാലറിയാവുന്നതാണു.

(അനന്തരം ഒരുകയ്യിൽ വളയിട്ടുകൊണ്ടു സീതാ പ്രവേശിക്കുന്നു)

സീതാ—തോഴി! അനലേ! ആ രാക്ഷസരാജാവിനാൽ അന്തഃപുരവനത്തിനുള്ളിൽ തടുത്തു വെക്കപ്പെട്ടും രക്ഷിതാവാരുമില്ലാതേയും ഇപ്പോഴും ദുസ്സഹമായ വ്യസനത്തോടുകൂടിയും ഇരിക്കുന്ന ഞാൻ നാടകപ്രയോഗത്തെ കാണ്മാൻ ശക്തയായിട്ടു ഭവിക്കുന്നില്ല, എങ്കിലും ആൎയ്യപുത്രൻെറ കഥയെ സംബന്ധിച്ചിട്ടുള്ളതാകയാൽ ഇനിയ്ക്കു സന്തോഷമുണ്ടു.

അനലാ—(പ്രവേശിച്ചു) എന്നാൽ നോം ഈ സംഗീത ശാലയ്ക്കകത്തിരുന്നുകൊണ്ടു കാണുക.

സീതാ—(ഭയത്തോടുകൂടി) തോഴി! പരകളത്രത്തെ പരിഗ്രഹിക്കുന്ന മഹാപാപിയായ രാക്ഷസരാജാവു ഇതാ അല്പദൂരത്തിലായി കാണപ്പെടുന്നു.

അനലാ—അതുകൊണ്ടെന്താണ? രാക്ഷസാന്ധംകരണ ര ത്നം പതിച്ച വളയെ ധരിച്ചിരിക്കുന്ന നമുക്ക ഇവിടെ ശങ്കിക്കാതെ തന്നെ വസിക്കാവുന്നതാണ, അല്പം ദൂരത്തിലായതുകൊണ്ട നമ്മുടെ വാക്കുകളെ അദ്ദേഹത്തിന്നും,അദ്ദേഹത്തിന്റെ വാക്കുകളെ നമുക്കും കേൾപ്പാൻ കഴിയുന്നതുമല്ല.

സീതാ—പണ്ട ആയോദ്ധ്യകമുനിവേഷം ധരിച്ചരാക്ഷസന്ന രാക്ഷസാന്ധംകരണ രത്നം പതിച്ച വളകളെ സമ്മാനമായി കൊടുത്തതിനാൽ ഇപ്പോൾ ഇനിക്ക ഞാൻ തന്നെ ഉപകാരംചെയ്തതായി വന്നു കൂടി

അനലാ—മഹർഷിയുടെ മാഹാത്മ്യം ആശ്ചര്യമാശ്ചര്യം! ! എന്തുകൊണ്ടെന്നാൽ ഇപ്പോൾ ഇനിക്ക നിന്നെക്കാണ്മാൻ പാടില്ല, എന്നുമാത്രമല്ല അന്ധയായവൾക്ക എന്ന പോലെ ഇനിക്കുകൂടി നിന്റെ ദേഹത്തെ തപ്പിഅറിയേണ്ടതായി തീൎന്നിരിക്കുന്നു.

സീതാ—നിന്നേയും അപ്രകാരംതന്നെ മററുള്ളരാക്ഷസന്മാർ കാണുകയില്ല, എന്തുകൊണ്ടെന്നാൽ ആ വളകളിൽ ഒന്നിനെ നിന്റെ കയ്യിൽ ധരിച്ചിട്ടുണ്ടല്ലൊ,

അനലാ—"നീ കൂടി നിന്നെ കാണുകയില്ലാ" എന്നാണ പറയേണ്ടത, എന്തുകൊണ്ടെന്നാൽ ഇനിക്കുംകൂടി എന്നെ കാണ്മാൻ കഴിയാതെ വന്നിരിക്കുന്നു.

സീതാ—വേഷംകെട്ടുന്ന അപ്സരസ്ത്രീകൾക്ക നോം ഏതുവിധമായിരിക്കും?

അനലാ—അവർ കണ്ടുകൊള്ളട്ടെ ദോഷമെന്താണ?

§ (അനന്തരം ലക്ഷ്മണനോടുകൂടി രാമൻ പ്രവേശിക്കുന്നു)

§ രാമൻ—(ആവേഗത്തോടുകൂടി)

* ഇന്നെൻചിത്തംദഹിക്കുന്നിതുപരമുടജംശൂന്യമായ്കണ്ടുശോകാൽ

രാവണൻ—(സന്തോഷത്തോടുകൂടി) ദഹിക്കട്ടെ, ദഹിക്കട്ടെ,

സീതാ—(കണ്ണീരോടുകൂടി) ആൎയ്യപുത്രന്ന എന്റെ മേൽ സ്നേഹബന്ധം ഈവിധമാണെല്ലൊ, അതുകൊണ്ട എന്നെക്കൂടാതെ പൎണ്ണശാലയെ കാണ്മാൻ അദ്ദേഹം എങ്ങിനെ ശക്തനായ്തീരും,

§ ലക്ഷ്മണൻ—ജ്യേഷ്ഠൻ വ്യസനിക്കേണ്ട:

* കുന്നിന്മേൽചെന്നിരിക്കുംകുടിലിൽമയിൽകളെ-
ക്കാണ്മതിന്നാൎയ്യമോദാൽ ।

രാവണൻ—(ചിരിച്ച) ഞാനവളെ അപഹരിച്ചതായിട്ട ഇവൻ അറിഞ്ഞിട്ടില്ല,

സീതാ—ഇത ഉണ്ടാവാൻ സംഗതിയില്ലാത്ത അവസ്ഥയാണ എന്നാൽ ആശ്വസിപ്പിക്കുവാനുള്ള വത്സലക്ഷ്മണൻെറ ഉപായമാണിത.

§ രാമൻ— * എന്നെക്കൂടാതെപോകില്ലൊരുപൊഴുതു
മതിൽപ്രേയസീവത്സ!സീതാ

രാവണൻ—ഭയംകൊണ്ടും ഇങ്ങിനെ വരും സ്നേഹംകൊണ്ടു മാത്രമല്ല,

സീതാ—ഇത ശരിയാണ, എന്തുകൊണ്ടെന്നാൽ ആൎയ്യപുത്രൻ സമീപത്തിലില്ലെങ്കിൽ ഇനിക്ക ഒന്നിലും പ്രിയമുണ്ടാകയില്ല,

§ ലക്ഷ്മണൻ— *പുന്നാഗപ്പൂക്കൾപൂജക്കു ടവിയതി
ലറുത്തിടുവാൻപോയിരിക്കും॥ (൩)

§ രാമൻ—എന്നാൽ ഉണ്ണി ചെന്ന അന്വേഷിക്ക.

§ ലക്ഷ്മണൻ—അങ്ങിനെതന്നെ (എന്ന ചുററിനടക്കുന്നു)

രാവണൻ—അവൾ അശോകവനത്തിലാണ ചെന്നിരിക്കുന്നത, പുന്നാഗവനത്തിലല്ല.

സീതാ—ആ ദിവസത്തിൽ ഇതാണ ഒന്നാമതായി സംഭവിച്ചത, തോഴി! അനലേ! ആ അവസ്ഥയെ വിചാരിച്ച ,ഞാൻ വ്യസനത്താൽ പരവശയായിരിക്കുന്നു.

* വരനെക്കാണാഞ്ഞുംനിശി
ചരനായകനാംദശാസ്യനെക്കണ്ടും।
തരസാഞാനൊന്നിളകീ
പെരിയകൊടുങ്കാററിൽവാഴയെന്നതുപോൽ॥ (൬)

അനലാ—തോഴി! ജാനകി! നീ നല്ല ക്ഷത്രിയസ്ത്രീയാണെല്ലൊ അതിനാൽ ആ സമയത്തിൽ ധീരയായിട്ടിരുന്നിരിക്കും.

സീതാ—അതുകൊണ്ടല്ല, അതുകൊണ്ടല്ല, എന്നാൽ അത്രിമഹൎഷിയുടെ ധൎമ്മപത്നിയായ അനസൂയയാൽ നൽകപ്പെട്ട ദിവ്യവസ്ത്രാംഗരാഗങ്ങളുടെ പ്രഭാവംകൊണ്ടാണ,

അനലാ—ഇത യോജിപ്പായിരിക്കുന്നുണ്ട,

§ രാമൻ—പ്രിയേ! ജാനകി! നീയെവിടെയാണ,

സീതാ—(ആവേഗത്തോടുകൂടി) അന്ന ആൎയ്യപുത്രൻ ഇങ്ങിനെ കരഞ്ഞിരിക്കും,

§ രാമൻ—കഷ്ടം! കഷ്ടം!

* പൃത്ഥ്വീസുതയെക്കാണാ-
ഞ്ഞെത്തലിയന്നാങ്ങുമിങ്ങുമിഹനോക്കി।
കത്തിക്കരുണസ്വരമൊടു
തത്തയിതാക്കൂട്ടിലേററമുഴലുന്നു॥ (൭)

രാവണൻ—ഇത സംഭവിക്കാവുന്നതാണ-

സീതാ—(വ്യസനത്തോടുകൂടി കൈതമ്മിൽ കശക്കിക്കൊണ്ട) ഹാ: തോഴി അനലേ! സുബുദ്ധിയെന്ന പേരായ ആ കേളീശുകം ആ ക്ഷണത്തിൽതന്നെ ജീവനെ കളഞ്ഞിരിക്കും നിശ്ചയം

അനലാ—തോഴി! വ്യസനിക്കരുതെ, ദൈവത്തിൻെറ ദുർവ്വിലാസം ഇങ്ങിനെയിരിക്കുമ്പോൾ നോമെന്തുചെയ്യുന്നു.

§ രാമൻ—അഹോ കഷ്ടം! കഷ്ടം!

*മട്ടോലുംമൊഴിതന്നെയങ്ങിനെതിരഞ്ഞിപ്പർണ്ണശാലാന്തികേ
കുട്ടിക്കുഞ്ജരമമ്പരന്നിഹനടന്നീടുന്നിതെല്ലാടവും ।
ഒട്ടൊട്ടങ്ങിനെതുമ്പിഭംഗിയിലിളക്കുന്നോരിതിന്നായ്മുദാ
പൊട്ടിച്ചമ്പൊടുസല്ലകീകിസലയംനൽകുംചിരിച്ചെൻപ്രിയാ॥ (൯)

രാവണൻ—അതുകൊണ്ടീജാനകിക്കെന്താണെ? ഇവൾക്കു ആഗ്രഹമുണ്ടെങ്കിൽ ആ വിധത്തിലുള്ള ആനക്കുട്ടികൾ എൻെറ ഗൃഹത്തിലനവധി ഉണ്ടെല്ലൊ.

സീതാ—മകനെ! കാളമേഘ! ഞാനിവിടെ—(എന്ന പകുതി പറഞ്ഞിട്ട) അനലേ! ഇത നാടകമല്ലെ,

അനലാ—തോഴി! നിനക്കു സ്നേഹബന്ധത്താൽ ആ ആനക്കുട്ടിയെ പ്രത്യക്ഷമായി കാണുന്നപോലെ തോന്നുന്നതാണ,

§രാമൻ— * കളവല്ലടജേചെന്നും
വെളിയിൽപോന്നങ്ങുമിങ്ങുമീക്ഷിച്ചും ।
കളമൊഴിയാംസീതയെയി-
ക്കളിമയിൽതിരയുന്നപോലെതോന്നുന്നു॥ (൧൦)

രാവണൻ—ഞാൻ കോപിച്ച, ആ സീതയെ അപഹരിച്ചു കൊണ്ടുവന്നിരിക്കുമ്പോൾ ആ മയിൽ മറെറന്താണ ചെയ്യുന്നത,

സീതാ—അയ്യോ: ചിത്രദൎശനനെന്നപേരായ മയൂരമേ! ആ ദിവസത്തിൽ വിശന്നിരിക്കുന്ന നിനക്കു പാനഭോജനങ്ങളെ തരുന്നതിന്നു മുമ്പേതന്നെ എന്നെ രാക്ഷസൻ അപഹരിച്ചു കൊണ്ടുപോയി. ഹാ: കഷ്ടം! കഷ്ടം!

* കരഞ്ഞുനിർഭാഗ്യയതായൊരെന്നെ-
ത്തിരഞ്ഞുകാണാതെയുഴന്നഹോനീ ।
പരത്തിയുംകാലുകൾവാപൊളിച്ചും
മരിച്ചിരിക്കുംദൃഢമന്നുതന്നെ॥ (൧൧)

(എന്ന മോഹിക്കുന്നു)

അനലാ—(ശങ്കയോടുകൂടി കൈകൾകൊണ്ടു തപ്പീട്ടു) [ആത്മഗതം] ഇവൾ മോഹിച്ചിരിക്കുന്നു, [പ്രകാശം] തോഴി! ആശ്വസിക്കു: ആശ്വസിക്കു:

സീതാ—(ആശ്വസിച്ചു) അനലേ! ഇങ്ങിനെയുള്ള വ്യസനത്തെ അനുഭവിപ്പാനായിട്ടുതന്നെ ദൈവം എന്നെ സൃഷ്ടിച്ചു.

§ രാമൻ—(ഓൎമ്മയോടുകൂടി)

* മെല്ലെസ്നാനാൎദ്രമാകുംതലമുടിയെയുലൎത്തീടുവാൻ
കൈകൾകൊണ്ടെൻ-
മല്ലാക്ഷീകൊങ്കയാൽമേൽപുടവയിളകുമാ-
റങ്ങുകോത്തുംദശായാം।
സല്ലീലംപീലിവൃത്താകൃതിയിലധികസന്തോഷ
മോടുംവിരുത്തി-
ട്ടുല്ലാസാൽക്കുകികേളീമയിലിതുസവിധേ
നൃത്തമാടീടുമെല്ലോ॥ (൧൨)

രാവണൻ—അതുചിതം തന്നെ. എന്തുകൊണ്ടെന്നാൽ-

* പുത്തൻഘനംപോലതിനീലമാകു-
മിത്തന്വിതൻവാർമുടികണ്ടുപാരം।
നൃത്തങ്ങൾചെയ്യുന്നിതുബൎഹിപോലെൻ
ചിത്തംഘനോൽകണ്ഠമതായിമോദാൽ॥ (൧൩)

സീതാ—അനലേ! ചിത്രദൎശനത്തിന്റെ ആ വിധമുള്ള വിലാസത്തെ ആൎയ്യപുത്രൻ ഇനിയ്ക്കോൎമ്മപ്പെടുത്തി, (എന്നു കരയുന്നു)

അനലാ—അതുതന്നെ ഇപ്പോൾ മരിച്ചിരിക്കെ പിന്നെ അതിന്റെ വിലാസത്തെ നീയെന്തിനാലോചിക്കുന്നു?

§ രാമൻ—അയ്യോ: സുകേശി! പ്രിയതമേ! (എന്നു മോഹിക്കുന്നു)

രാവണൻ—(സന്തോഷത്തോടും ഔത്സുക്യത്തോടുംകൂടി) ഇവന്റെ ഈ മോഹത്തിന്നു അവസാനമില്ലാതാകട്ടെ, എന്തുകൊണ്ടെന്നാൽ ഇവന്റെമേൽ ആശതീൎന്നു, ജാനകി എന്റെ മെത്തയിൽ കേറുമെല്ലൊ.

സീതാ—അനലേ! എന്റെ നിമിത്തമായിട്ടു ആൎയ്യപുത്രൻ ഈ വിധമായി തീൎന്നു, ഞാൻ പിന്നെ വജ്രംപോലെയുള്ള മനസ്സോടുകൂടിയിങ്ങിനെ ഇരിക്കുന്നു.

അനലാ— തോഴി! ജാനകി! നിയ്യും അദ്ദേഹം നിമിത്തമായിട്ടു, അടിക്കടി മോഹസമുദ്രത്തിൽ മുങ്ങി പണിപ്പെട്ടുപിന്നെ പൊങ്ങുന്നു, അതിനാൽ നീയെങ്ങിനെ വജ്രമനസ്സായി തീരുന്നു.

§ ലക്ഷ്മണൻ—(അടുത്തുചെന്നു) ജ്യേഷ്ഠ! ആശ്വസിക്കു, ആശ്വസിക്കു

രാവണൻ—കഥയില്ലാത്ത ഈ ലക്ഷ്മണൻ ആശ്വാസനം കൊണ്ടു ജീവിപ്പിക്കുന്നുവൊ,

സീതാ—ഭാഗ്യത്താലിങ്ങിനെ ലക്ഷ്മണൻ ആശ്വസിപ്പിച്ചു

§ രാമൻ—(ആശ്വസിച്ചു) ഉണ്ണി! പുന്നാഗവാടിയിൽ ജാനകിയെ കണ്ടുവൊ?

§ ലക്ഷ്മണൻ—[ആത്മഗതം] ഇതെങ്ങിനെ ഞാൻ ജ്യേഷ്ഠനോടു പറയട്ടെ, എന്നാൽ ഇങ്ങിനെ പറയാം. [പ്രകാശം] ജ്യേഷ്ഠൻ കേട്ടാലും,

*പുന്നാഗക്കാട്ടിലുംചെന്നളികുലകളരുധങ്കാരമൂലംചേൎന്നപാരം
നന്നായ്യോളിച്ചമാങ്കാട്ടിലുമുടനെതിരഞ്ഞീടിനേനാൎയ്യയേഞാൻ।
എന്നല്ലുന്നതകോകങ്ങളുടെയടികളാൽസൈകതേഭംഗിചേൎന്ന-
ങ്ങുന്നിദ്രാബ്ജങ്ങളാംതിങ്ങുംഗിരിനദിയിലുമാരാഞ്ഞുഞാനെന്നിദാനീം

§ രാമൻ—(ഉദ്വേഗത്തോടുകൂടി) ജാനകിയെ കണ്ടില്ലെ?

(ദീൎഘശ്വാസം വിട്ടു)

* സ്വാന്തേകത്തിടുന്നശോകാഗ്നിപാരം
വെന്തിടുന്നുബന്ധനത്തോടുകൂടി।
കാന്തേ!നിന്നെക്കണ്ടതില്ലെന്നുമിപ്പോ-
ളെന്തയ്യോഞാൻഹന്തചെയ്യേണ്ടുബാലേ!॥ (൧൪)

രാവണൻ—ഉത്തമസ്ത്രീകളെ പിരിഞ്ഞാൽ ഉചിതമായിട്ടുള്ളതും ലങ്കേശ്വരന്നു പ്രിയമായിട്ടുള്ളതുമായ പ്രവൃത്തി ഏതോ അതുതന്നെ.

സീതാ—തോഴി! അനലേ! എന്നെക്കാണാതെ ആൎയ്യപുത്രന്റെ അവസ്ഥ ഈവിധമായി തീൎന്നു, അദ്ദേഹത്തിനെ പിരിഞ്ഞും രാക്ഷസനാൽ അപഹരിക്കപ്പെട്ടുമിരിക്കുന്ന എന്റെ അവസ്ഥയും ഈ വിധമായി, ഇങ്ങിനെ ഞങ്ങൾ രണ്ടു പേരുടേയും ഭാഗ്യം ഈ സ്ഥിതിയിലായല്ലൊ, (എന്നു മോഹിക്കുന്നു)

അനലാ—ആശ്വസിക്കു, ആശ്വസിക്കു, നി അധികതാമസം കൂടാതെതന്നെ ത്രൈലോക്യവീരനായ ആ രഘുകുമാരനോടുകൂടി ചേൎന്നു സുഖമായിരിക്കും,

സീതാ—(ആശ്വസിച്ചു) അനലേ! ഇതുവരെയും എന്റെ പ്രാണനാഥൻ ജീവിച്ചിരിക്കുമൊ ഇല്ലയൊ എന്നുകൂടി ഞാൻ സംശയിക്കുന്നു.

അനലാ—എല്ലാവൃത്താന്തവും ഈ നാടകംകൊണ്ടറിയാം

§ ലക്ഷ്മണൻ—ജ്യേഷ്ഠൻ ധൈൎയ്യത്തെ സ്വീകരിക്കണം, ഇനി ശേഷമുള്ള വനപ്രദേശങ്ങളിലും അന്വേഷിക്കുക,

§ രാമൻ—(മുൻഭാഗത്തു നോക്കീട്ടു)

*മന്ദംകാററാലുതിൎന്നുള്ളതിസുരഭികളാംപുഷ്പങ്ങളാംവൎഷിച്ചുമാരാ-
ലന്നേസീതയ്ക്കിനിക്കംപ്രണയമതിലഹോസാക്ഷിയാണിയിരഞ്ഞി ।

രാവണൻ—അതുകൊണ്ടെന്താണ,

സീതാ—പൂൎവ്വവൃത്താന്തത്തെ അറിയിക്കുന്ന ഈ വാക്കിനാൽ എന്റെ മൎമ്മം ഭേദിക്കുന്നു.

§ രാമൻ— *എന്നാൽസ്നേഹേനഞാൻചെന്നവനിമകളെനീ
കണ്ടുവോഎന്നുചൊന്നാൽ
ചെന്നാളെങ്ങോട്ടുചൊല്ലെന്നടനിതിനൊട്ടു
ചോദിക്കിലെന്നോടുചൊല്ലും॥ (൧൩)

രാവണൻ—(കോപത്തോടുകൂടി) എടഃ എടഃ വൃക്ഷാധമ! നീ പറഞ്ഞു എങ്കിൽ ഞാൻ ചന്ദ്രഹാസത്താൽ നിന്നെ നിശ്ചയമായും വെട്ടി മുറിക്കും.

മഹാപാൎശ്വൻ—[ആത്മഗതം]

* ക്ഷിതിസുതയിൽപ്രേമത്താ-
ലതിമാത്രംഭ്രാന്തനായിരഘുബാലൻ ।
അതുപോലെതന്നെയവളിൽ
കൊതിമൂലംഭ്രാന്തനായിരാവണനും॥ (൧൪)

[പ്രകാശം] മഹാരാജാവെ! അചേതനമാണെല്ലൊ ഈ വൃക്ഷം, ഇതു നാടകവുമാണ,

രാവണൻ—മന്ദബുദ്ധിയായ ഞാൻ അങ്ങിനെ ധരിച്ചില്ല,

സീതാ—ഇപ്രകാരം ഭ്രാന്തനെന്നപോലെ ആൎയ്യപുത്രൻ അചേതനമായ വൃക്ഷത്തോടും ചോദിച്ചു, ഈ സംഗതിയിൽ അദ്ദേഹത്തിന്ന എന്റെമേലുള്ള സ്നേഹബന്ധമാണ അപരാധത്തെ ഉണ്ടാക്കുന്നത,

§ രാമൻ—നിസ്സാരമായ ഈ വൃക്ഷം ഉത്തരം പറയുന്നില്ല, ആകട്ടെ അതുകൊണ്ടെന്താണ,

* ഏകാന്താപോയതെങ്ങെന്നയിഗിരിവര!നീ
ചൊൽകവേഗംകഥിച്ചീ-
ലെങ്കിൽബാണങ്ങളാൽഞാൻഝടിതിപൊടി
പെടുത്തിടുവൻനിന്നെയിപ്പോൾ ।
നിങ്കൽതന്നുക്കപററാതധികദിവസമാ-
സ്ലോപമുൾക്കൊണ്ടുവാഴും
വങ്കാററത്യന്തമോദാൽദിശിദിശിചിതറി-
ക്കൊണ്ടുചെല്ലട്ടെനിന്നെ॥ (൧൫)

രാവണൻ— * ചലമിഴിയാകിയസീതയെ
മലയിതുചൊല്ലീട്ടമോമടിക്കാതെ ।
കലിശത്തിനൊത്തമൽകര
തലമതിനുള്ളൂക്കറിഞ്ഞിരുന്നിട്ടും ॥ (൧൯)

§ രാമൻ—ഇതിന്നിളക്കം പോലുമില്ല, ഇരിക്കട്ടെ ഗിരിനദിയോട്ട ചോദിക്കാം,

*ഇന്നുംനീപവ്വതത്തിൻമടിയിലധിവസിക്കുന്നുവെല്ലോസരിത്തേ!
എന്നുത്സംഗേ വസിപ്പാൻകുതുകമിയലുമെൻകാന്തയെക്കണ്ടുവോനീ
കന്നൽക്കണ്ണീമനോജ്ഞഭ്രമരകലകചാകൊകരസ്ത്യസ്തനാഢ്യാ
നന്നാസ്സൌന്ദൎയ്യമേറാംസുമുഖിയവൾവഹിക്കുന്നുനീയെന്നപോലെ ॥

രാവണൻ—എന്നെ ഉള്ള ഭയംകൊണ്ട ഇതും പറകയില്ല,

§ രാമൻ—ജഡത്രപയായ ഇതും പറയുന്നില്ല,

സീതാ—(ചിന്താശ്വാസത്തോടുകൂടി) എന്നെ രാക്ഷസൻ അപഹരിച്ചതായിട്ട, ആൎയ്യപുത്രനോട ആരാണ പറവാനുള്ളത, അതുകേട്ടാലല്ലെ അദ്ദേഹം എന്നെ ഈ ദുഃഖസമുദ്രത്തിൽനിന്ന കരകേററുകയുള്ളൂ,

അനലാ—തോഴി! ഇനി അങ്ങോട്ടും കാണുക:

§ ലക്ഷ്മണൻ—[ആത്മഗതം] ജ്യേഷ്ഠന്ന ചിത്തഭ്രമം വന്നപോലെ തോന്നുന്നു, അഹോ: ദൈവത്തിൻെറ ഗതി ഏതുവിധമായി തീൎന്നിരിക്കുന്നു, [പ്രകാശം] ജ്യേഷ്ഠ! ഇതെന്താണ, സഹജമായിരിക്കുന്ന ധൈൎയ്യത്തെ സ്വീകരിച്ച ആത്മാവിനെ ഉറപ്പിക്കുക, എന്നുമാത്രമല്ല ദക്ഷിണഭാഗത്തു നോക്കുക തന്നെ,

*ക്ഷോണീപുത്രിതൃണംകൊടുത്തനുദിനംമോദാൽവളൎത്തീടിനോ-
രേണക്കുട്ടികൾതെക്കുനോക്കിയധുനാകണ്ണീർപൊഴിച്ചേററവും ।
കേണീടുന്നതുകൊണ്ടഹോജനകജാചെന്നോരുമാൎഗ്ഗത്തിനെ
ക്കാണിച്ചീട്ടുകതന്നെയാണിഹനമുക്കെന്നിന്നുതോന്നുന്നമേ ॥ (൨൦)

രാവണൻ—(കോപത്തോടുകൂടി) ഈ മാൻകുട്ടികളെ കൊല്ലേണ്ടതാണ. (എന്ന വാളെടുക്കുന്നു)

മഹാപാൎശ്വൻ—മഹാരാജാവെ! ഇതു നാടകമാണ. അതിനാൽ കോപിച്ചതു മതി.

സീതാ—(കരഞ്ഞുകൊണ്ട) (സ്നേഹത്തോടുകൂടി) എൻെറ മക്കളായ മാൻകുട്ടികൾ തന്നെ എൻെറ വൎത്തമാനത്തെ ആൎയ്യപുത്രനോട മനോമതായിങ്ങിനെ അറിയിക്കുന്നുവൊ.

§ രാമൻ—ഉണ്ണി! എന്നാൽ തെക്കു വഴിയായി തന്നെ അന്വേഷിക്കുക, (എന്ന ചുററിനടന്ന) ഉണ്ണി! നോക്കു: നോക്കു:

*കാന്താകേശമതിങ്കലിന്നതിമുദാഞാൻജാതിപുഷ്പങ്ങളെ
ച്ചന്തത്തോടണിയിച്ചതൊക്കയുമിതാകാണുന്നിതങ്ങിങ്ങുമായ് ।
ഗന്ധത്താൽഭ്രമരങ്ങൾവന്നണയുമിപ്പുഷ്പങ്ങളെൻകാന്തതൻ
കുന്തൽകെട്ടതഴിഞ്ഞാധോക്ഷിതിതലേവീണുള്ളതാംനിർണ്ണയം॥൨൮

§ ലക്ഷ്മണൻ—വല്ലവനും ജ്യേഷ്ഠത്തിയായ ജാനകിയെ അപഹരിച്ചുകൊണ്ടു പോകുമ്പോൾ ഈ പുഷ്പങ്ങൾ ജ്യേഷ്ഠത്തിയുടെ കേശഭാരത്തിൽ നിന്ന വീണതായിരിക്കണം.

രാവണൻ—കഷ്ടം! കഷ്ടം! ഞാൻ അവളെ അപഹരിച്ചുകൊണ്ടുവരുമ്പോൾ പരിഭ്രമംനിമിത്തമാണഇതിനെഅറിയാഞ്ഞത.

സീതാ—എന്നെ ആ രാക്ഷസൻ അപഹരിച്ചുകൊണ്ടുവന്ന വഴിയെ അറിവാൻ ഇതു നല്ലഅടയാളംതന്നെ,

§ രാമൻ—(അല്പംനടന്നിട്ട) ഉണ്ണി! ലക്ഷ്മണ! ഇതെന്താണ?

* ആരുടെയാണിവഭിന്നരഥം,മൃതസാരഥി,കുന്തഹതങ്ങളിതാ
യാരുടെരഥ്യഖരങ്ങൾപിശാചമുഖങ്ങൾകിടപ്പതുഭൂവിലിവ ।
ആരുടെപൊട്ടിയവില്ലിതു,മാരുടെയാണിതുടഞ്ഞകിരീടവുമി
ന്നാരുടെകാഞ്ചനതോൾവളയുള്ളതടിച്ചഭുജങ്ങൾമുറിച്ചതിവ॥൨൯

§ ലക്ഷ്മണൻ—ആശ്ചര്യമാശ്ചര്യം! ജ്യേഷ്ഠ! ഞാനിങ്ങിനെ വിചാരിക്കുന്നു, ജനകീ നിമിത്തമായിട്ട രണ്ട വീരന്മാൎക്കുതമ്മിൽ യുദ്ധമുണ്ടായതാണിത.

രാവണൻ—(കോപത്തോടുകൂടി)

* എടുത്തുഞാൻജാനകിയെക്ഷണത്തിൽ
പടുത്വമോടിങ്ങുവരുന്നനേരം ।
തടുത്തഗൃധ്രാധിജടായുവിന്നു
കൊടുത്തുഞാൻശിക്ഷയെനല്ലവണ്ണം ॥ (൩൦)

സീതാ—അയ്യോ: താത! പക്ഷിശ്രേഷ്ഠ! ഈ വിധം ഭാഗ്യഹീനയായ എന്നെ അങ്ങ രക്ഷിപ്പാൻ തുനിഞ്ഞിട്ടും ധൎമ്മത്തിന്റെ ഫലത്തെ പ്രാപിപ്പിക്കപ്പെട്ടില്ലല്ലൊ.

അനലാ—രാവണൻ ബലവാനാണെന്ന ത്രൈലോക്യപ്രസിദ്ധമാണെല്ലൊ അതിനാൽ നോമെന്തുചെയ്യും

§ രാമൻ—ഉണ്ണി! ലക്ഷ്മണ! വില്ല വില്ല,
(എന്ന സംഭ്രമത്തോടുകൂടി ചുററിനടക്കുന്നു)

§ ലക്ഷ്മണൻ— ജ്യേഷ്ഠനെന്താണ അകാരണമായിട്ട വില്ല ചോദിക്കുന്നത? (എന്ന പിറകെ ചെല്ലുന്നു)

മഹാപാൎശ്വൻ—

* കണ്ഠത്തിൽഹുംകൃതിനിറച്ചുടനങ്ങുചില്ലി
രണ്ടുംവളച്ചതിഭയങ്കരവക്ത്രമോടും ।
കണ്ടാൽത്രിലോകിയെജവേനദഹിപ്പതിന്നാ-
യ്ക്കൊണ്ടോമുതിന്നതിവനെന്നിഹതോന്നിടുന്നു॥ (൨൭)

രാവണൻ—(ബദ്ധപ്പെട്ടുകൊണ്ടു) എന്നാൽ നോമിവൻെറ സമീപത്തിൽ നിന്ന മാറിയിരിക്കുക. ഈ കൃപണനോടെതൃക്കുന്നതുകൊണ്ടു നമുക്കെന്തൊരു യശസ്സുണ്ടാകുന്നു (എന്ന എഴുനീല്ക്കുന്നു)

മഹാപാൎശ്വൻ—മഹാരാജാവെ! ഇതു നാടകമാണ അതിനാൽഇരുന്നാലും

സീതാ—ഇദ്ദേഹത്തിന്ന കോപം എന്തുകൊണ്ടാണ.

§ രാമൻ—

* കൊമ്പൻപത്മിനിതന്നെയെന്നവിധമായ്
വൈദേഹിയെത്തിന്നഹൊ
ചിമ്പിക്കണ്ണുകറൻസൌഭാഗ്യമോടുരുധിരംതന്മേ
ലണിഞ്ഞങ്ങിനെ॥
കമ്പംവിട്ടൊരുരാക്ഷസൻഘ്നരുതര-
ശപാസങ്ങളുംവിട്ടിതാ
വമ്പൻപക്ഷിശരീരമാംമലപോൽ
വാഴുന്നമദ്ധ്യേപഥം॥ (൨൮)

അതിനാലിവനെ സംഹരിക്കണം.

രാവണൻ—(കോപത്തോടുകൂടി)

* എന്നുള്ളിലേററംപ്രിയമുള്ളസീതയെ
ത്തിന്നീടിനാനേതൊരുരാക്ഷസാധമൻ ।
എന്നാലവന്തൻെറകഴുത്തിലെത്തുമീ-
മിന്നുന്നൊരെൻവാൾനിശിതംഭയങ്കരം॥ (൨൯)

മഹാപാൎശ്വൻ—തിരുമനസ്സുകൊണ്ടു മറന്നുപോയൊ. ആ സീതയെ അശോകവനത്തിൽ തടുത്തു വെച്ചിട്ടുണ്ടല്ലൊ.

സീതാ—എന്നെ ഒരു രാക്ഷസനും ഭക്ഷിച്ചിട്ടില്ല. എന്നാൽ ആൎയ്യപുത്രൻെറ വിയോഗദുഃഖത്തെ അനുഭവിപ്പാനായിട്ട ഞാനിപ്പൊഴും പ്രാണനെ ധരിക്കുന്നുണ്ട.

§ ലക്ഷ്മണൻ—(മുൻഭാഗത്തുനോക്കീട്ട) ജ്യേഷ്ഠ! സംഭ്രമിക്കേണ്ട. ഇദ്ദേഹം താതജടായുവാണെന്നു തോന്നുന്നു.

§ (അണിയറയിൽ)

ഉണ്ണി: രാമഭദ്ര!

* മല്ലാക്ഷിസീതയെഹരിച്ചൊരുയാതുധാനൻ
ചെല്ലുംവഴിക്കാഹമെതൃത്തുവിടികൾവാനായ് ।
വല്ലാതെവെട്ടിയവനെന്നെഹനിച്ചിതേവം
കൊല്ലേണ്ടനിശ്ശമിനിവത്സ!ജടായുവാംഞാൻ॥ (൨൫)

രാവണൻ—(കേട്ടിട്ട) ഈ രാജപുത്രന്മാർ ചെല്ലുന്നതുവരെ ആ വൃദ്ധനായ ഗൃദ്ധ്രം പ്രാണനെ ധരിച്ചിരുന്നുവൊ, "ഇവൻ മരിച്ചുപോയി എൻെറ ഈ പ്രവൃത്തിയെ രാജപുത്രന്മാരോടിനിയിവൻ പറകയില്ലെല്ലൊ" എന്നു വിശ്വസിച്ചാണ, ഞാനവിടെനിന്ന പുറപ്പെട്ടത.

സീതാ—(സന്തോഷത്തോടുകൂടി) താതജടായു രാക്ഷസേന്ദ്രനാൽ ഹനിക്കപ്പെട്ടിട്ടും പ്രാണനെ ധരിച്ചുകൊണ്ട ആൎയ്യപുത്രനോടും അനുജനോടും എന്നെ രാക്ഷസേന്ദ്രൻ അപഹരിച്ചുകൊണ്ടുപോയതായി പറഞ്ഞിരിക്കുമൊ, (ആലോചിച്ച) എന്നാലെന്തുകൊണ്ടാണ എന്നെ വീണ്ടുകൊണ്ടു പോവാൻ ആൎയ്യപുത്രൻ ഇതുവരേയും താമസിക്കുന്നത?

അനലാ—എല്ലാം നാടകത്തിൽ കാണാം.

§ ലക്ഷ്മണൻ—(വേഗത്തിലടുത്തുചെന്ന) അയ്യോ: താത പക്ഷിശ്രേഷ്ഠ! അങ്ങയുടെ അവസ്ഥ ഈവിധമായി തീൎന്നുവൊ.

§ രാമൻ—ആൎയ്യ! പറവാൻ ശക്തിയുണ്ടെങ്കിൽ പറയണെ, പറയണെ, ആ രാക്ഷസൻ ആരുടെ പുത്രനാണ? അവൻെറ പേര എന്ത? എവിടെ വസിക്കുന്നു? അവൻെറ ബലം എന്ത? സീതയെ അവൻ എന്തിനായിട്ട അപഹരിച്ചു? എന്ന.,

രാവണൻ—(ധൈൎയ്യത്തോടുകൂടി) ആ പക്ഷികുലാധമൻ എല്ലാവൃത്താന്തത്തേയും ഇവനോട പറഞ്ഞുകൊള്ളട്ടെ, അതുകൊണ്ട ലങ്കേശ്വരൻ ഭയപ്പെടുമൊ.

സീതാ—(ആഗ്രഹത്തോടുകൂടി) രാവണൻെറ ബാണംകൊണ്ട ദേഹം പിളൎന്നിട്ടുള്ള അദ്ദേഹം എന്തുപറവാൻ പോകുന്നു, എന്ന ഞാൻ അധൈൎയ്യപ്പെടുന്നു.

§ (അണിയറയിൽ)

ഉണ്ണി! ദശരഥപുത്ര!

* സ്വാന്തംമോഹിച്ചുതെറുന്നിതുവചനവുമെൻ
കണ്ണിനുംകാഴ്ചയില്ലെ

രാവണൻ—നമുക്ക വളരെ വളരെ സന്തോഷം.

സീതാ—(വ്യസനത്തോടുകൂടി) താത! പക്ഷിശ്രേഷ്ഠ! എൻെറ നിമിത്തമല്ലെ, അങ്ങെക്കീയവസ്ഥ സംഭവിച്ചത.

§ രാമൻ—താത! ഒരുവിധത്തിൽ ധൈൎയ്യപ്പെട്ടുകൊണ്ട ശേഷവും പറയണെ.

§ (പിന്നെയും അണിയറയിൽ)

* എന്തയ്യോ! ചൊൽവുനിൻകാന്തയെരജനിചരൻ
മായയാൽകൊണ്ടുപോയാൻ।

രാവണൻ—(ഗൎവ്വത്തോടുകൂടി) സ്വജനവധംനിമിത്തം കോപിച്ചിട്ടുള്ള ലങ്കേശ്വരൻ വെറുതെ വിട്ടുകളയുമൊ.

സീതാ—ഹാ: ആൎയ്യപുത്ര! ഹാ: ഉണ്ണി ലക്ഷ്മണ! നിങ്ങളിതറിഞ്ഞിട്ടില്ലെ? നാഥനില്ലാത്ത ഈ ജാനകിയെ രാക്ഷസൻ.—

(എന്ന പകുതി പറഞ്ഞിട്ട) അനലേ! ഞാൻ ഈ നാടകത്തെ കാണുകയാൽ ഭയംകൊണ്ടു മനസ്സു സംഭ്രമിച്ച മുമ്പേ പരിചയിച്ചിട്ടുള്ള വാക്കുകളെതന്നെ ഇപ്പോഴും പറഞ്ഞുപോയി.

അനലാ—അതങ്ങിനെ തന്നെ.

§ രാമൻ—ആ രാക്ഷസാധമൻ രാമന്റെ മുമ്പാകെ വെച്ച അപഹരിക്കുമൊ?

§ ലക്ഷ്മണൻ—(ക്രോധത്തോടും ഗൎവ്വത്തോടുംകൂടി)
*പുള്ളിമാൻമിഴിയതായസീതയെഹരിച്ചുരാത്രിചരനെന്നുത-
ന്നുള്ളിലല്പമൊടുചൊല്ലിടുന്നിതുജടായുതാനുടൽമുറിഞ്ഞിതാ।
കള്ളനെന്നവിധമിങ്ങൊളിച്ചപഹരിച്ചതില്ലശംനെങ്കിലി-
ന്നെള്ളുപോലവനെവാളിനാൽഭ്രതമറുത്തിടാതഹമടങ്ങുമൊ?॥(൩൦

രാവണൻ—(മന്ദഹാസത്തോടുകൂടി)

* തന്നിഷ്ടംകൈവരുവതിനുമൎത്ത്യരുവിൻമൎമ്മമെല്ലാം
ഭിന്നിപ്പിച്ചിട്ടവനബലുൎദ്ധാൎത്തുഃഖമുണ്ടാക്കവൊനും।
നന്നായുള്ളിൽകരുതിചതുരന്മാരതിനുള്ളതക്കം
വന്നാൽചെയ്യുംപണിപലതുമല്ലാതെമറ്റെന്തുപിന്നെ॥൩൧

§ രാമൻ—താത! ശേഷവും പറയണേ.

§ (അണിയറയിൽ)

*അപ്പോൾവിന്ധ്യാഖ്യമാകുംത്രഭസമയമതിൽപോയതെല്ലാംലഭിക്കും

രാവണൻ—(ആവേശത്തോടുകൂടി) ഞാൻ അറിവുള്ളവനായിട്ടും അപ്പോളിതിനെ ഓൎത്തില്ലല്ലൊ, ഇരിക്കട്ടെ ദൈവേച്ഛയാൽ വന്നതാണെങ്കിലും പുരുഷപ്രയത്നത്താൽ ഞാൻ സമയംപോലെ നിവൃത്തിച്ച കൊള്ളാം.

സീതാ—ഭാഗ്യഹീനയായ ഇനിക്കു ഇത സംഭവിക്കുമൊ,

§ ലക്ഷ്മണൻ—ആ രാക്ഷസൻ ആരാണെന്നറിഞ്ഞില്ല, പിന്നെയെങ്ങിനെയാണ പോയ സാധനം ലഭിക്കുന്നത?

§ രാമൻ—താത! ഞാൻ ചോദിച്ചതിന്നു ഉത്തരമെന്താണ്?

§ (അണിയറയിൽ)

ഉണ്ണി! എല്ലാം പറയാം കേൾക്കുക:

* ചൊല്പൊങ്ങുംവിശ്രവസ്സിൻമകനിഹഭുവനേ
വിശ്രുതൻരാവണാഖ്യൻ॥ (൨൯)

രാവണൻ—ക്ഷത്രിയാധമനായ അവനോട വൃദ്ധകഴു എന്റെ നാമധേയത്തെ പറഞ്ഞുവൊ, (ദീൎഘശ്വാസം വിട്ടു) കഷ്ടം! കഷ്ടം!

* പടയിലിവന്റെപടങ്ങളു
മടിയെപക്ഷങ്ങളുംമുറിച്ചിട്ടും।
ഉടനെന്തുകൊണ്ടുവാളാൽ
നെടിയഗളംവെട്ടുവാൻമറന്നേൻഞാൻ॥ (൩൦)

സീതാ—(ചിന്താശ്വാസത്തോടുകൂടി) ഇവന്റെ പേരുമാത്രം പറഞ്ഞതുകൊണ്ടു ഇവനെന്നെ ദ്വീപാന്തരമായ ഇവിടെ കൊണ്ടു വന്നിട്ടുണ്ടെന്നു ആൎയ്യപുത്രനെങ്ങിനെ അറിയുന്നു,

§ രാമൻ—താത! ശേഷവും പറയണെ.

§ ലക്ഷ്മണൻ—(കണ്ണീരോടുംഗൽഗദത്തോടുംകൂടി) കഷ്ടം! കഷ്ടം!

*കൊക്കംഹന്തപിളൎന്നുകൊണ്ടുരുധിരംചേൎന്നുള്ളമാംസങ്ങളെ
കക്കിക്കൊണ്ടിഹപാദപക്ഷയുഗളംവേർപെട്ടദേഹത്തിനാൽ।
ഇക്കാട്ടിങ്കലുരുണ്ടുകൊണ്ടുമധുനാകണ്ണുംചുഴററിട്ടിതാ
ചിക്കെന്നാൎയ്യജടായുജീവനെവെടിഞ്ഞീടുന്നുതാതപ്രിയൻ॥ (൩൧)

§ രാമൻ—(വ്യസനത്തോടുകൂടി) മുഴുവനും പറയാതെ തന്നെ താതജടായു പ്രാണനെ വെടിയുന്നുവൊ, (അടുത്തുചെന്നു) അയ്യോ: താത! അയ്യോ: താതനായ ദശരഥമഹാരാജാവിന്റെ പ്രിയസഖെ! അയ്യോ: പഞ്ചവടിവാസത്തിങ്കൽ പ്രശംസായോഗ്യമായ സാഹായ്യ പ്രവൎത്തക! അയ്യോ: ഗരുഡാഗ്രജ കുലപ്രദീപ!

* വിട്ടേൻരാജ്യംജനകനുമഹോചത്തുവങ്കാട്ടിലേവം
കിട്ടീവാസംദിനമനുധരാപുത്രികൈവിട്ടുപോയി।
ഒട്ടല്ലാതിന്നിവപലതിനാലുള്ളദുഃഖങ്ങളിപ്പൊങ്ങി-
പ്പൊട്ടിക്കുന്നുകരളയെബലമായാൎത്തിനിൻനാശമൂലം (൩൨)

മഹാപാൎശ്വൻ—മഹാരാജാവെ! ഇവന്നു ഈ ദുഃഖങ്ങൾക്കെല്ലാം തിരുമനസ്സുകൊണ്ടുതന്നെയാണ ഹേതുഭൂതൻ.

രാവണൻ—അമാത്യന്നു ഈ സംഗതി മനസ്സിലായിട്ടില്ലെ?

മഹാപാൎശ്വൻ—കല്പിക്കണെ, കല്പിക്കണെ,

രാവണൻ— * കരാളമാരീചസുബാഹുതാടകാ
ഖരാദിയെക്കൊന്നതിലുംവിശേഷമായ് ।
അരാതിസൌമിത്രിമദസ്വസാവിനെ
വിരൂപയാക്കീട്ടതിദുഃഖമേകിനാൻ ॥ (൩൭)

(കോപത്തോടുകൂടി) അതുകൊണ്ടിപ്പോഴം-
* ഒളിവാന്നസികൊണ്ടുഞാൻസുമിത്രാ-
സുതരവാക്കെള്ളാരിവൻശിരസ്സറുപ്പൻ ।
ഗളനിർഗ്ഗതമായരക്തമെല്ലാം
കളിയായ്ശൂർപ്പണഖാകുടിച്ചിടട്ടേ ॥ (൩൮)

(എന്നു വാളെടുത്തുകൊണ്ടുദ്ധ്യാനം ചെയ്യുന്നു)

മഹാപാർശ്വൻ—മഹാരാജാവെ! നാടകമാണിത, (എന്നു തടുക്കുന്നു)

സീതാ—(വ്യസനത്തോടുകൂടി) കഷ്ടം! കഷ്ടം! എന്നെ രാക്ഷസൻ അപഹരിച്ചു കൊണ്ടുപോയി എന്നും, അവന്റെ പേര രാവണനെന്നാണ എന്നും, മാത്രം പറഞ്ഞ താതജടായു പ്രാണനെ വെടിഞ്ഞു. അദ്ദേഹം അവന്റെ വാസസ്ഥാനം ലങ്കാപുരമാണെന്നു പറഞ്ഞില്ലല്ലൊ അതിനാൽ ഭാഗ്യഹീനയായ ഞാനെന്തു ചെയ്യേണ്ടു.

§ ലക്ഷ്മണൻ—ജ്യേഷ്ഠ! ഇപ്പോൾ വ്യസനിക്കേണ്ട സമയമല്ല ശത്രുവിന്റെ വാസസ്ഥാനം അറിയേണ്ടതാണല്ലൊ.

§ രാമൻ—(കോപത്തോടുകൂടി)

*കുന്നൽക്കണ്ണിയതായസീതയെഹരിച്ചോരാക്ഷസൻവിണ്ണിലൊ
പിന്നെപ്പന്നഗനാട്ടിലോപുരഹരന്തന്നന്തികത്തിങ്കലോ ।
ചെന്നാലുംമമവില്ലിൽനിന്നുചിതറുംബാണംമഹാദുഷ്ടനെ
തിന്നീടാൻഗരുഡൻക്ഷണേനഫണിയെപ്പോലെപ്പിടിക്കില്ലയൊ ॥

രാവണൻ—(അസൂയയോടുകൂടി) എടാ: എടാ: ക്ഷത്രിയകീട! വെറുതെ നീയെന്തിനു ചിലയ്ക്കുന്നു? ഇന്ദ്രാദികളായ ദിക്പാലന്മാരെ ഓട്ടിച്ച ഈ ലങ്കേശ്വരന്റെ പ്രതാപത്തെ നീയറിഞ്ഞിട്ടില്ലേ?

സീതാ—(സന്തോഷത്തോടുകൂടി) ആര്യപുത്രനെന്തുകൊണ്ടാണ ഇതുവരെ താമസിക്കുന്നത? (വ്യസനത്തോടുകൂടി) തോഴി അനലേ! ഇത നാടകമാണല്ലൊ, എന്നാൽ ഞാൻ വിചാരിക്കുന്നു കപടം അറിഞ്ഞുകൂടാത്ത ആ മഹാപുരുഷനു, മായാവിയായ ഈ രാക്ഷസാധമൻ എന്തെങ്കിലും ഒരു അത്യാപത്തു വരുത്തിയിരിക്കും എന്നു.

അനലാ—തോഴി! ക്ഷണനേരം ക്ഷമിക്കു: അങ്ങോട്ടും നോക്കുക.

§ ലക്ഷ്മണൻ—ആൎയ്യ! പ്രസാദിക്കണെ, പ്രസാദിക്കണെ,

*ചൊല്ലാൻസ്സുമൊടൻഭവാനിവിടെനിന്നെഴുന്നിപ്പോളുടൻ
വല്ലാതുള്ളപരാധിയാകുമവനെക്കൊന്നീടുമേകേവലം।
എല്ലാസേനകൾബന്ധുപുത്രരിവരോടൊന്നിച്ചുഹോദുഷ്ടനെ
കൊല്ലേണംഹൃദിവൈരശാന്തിവരികില്ലല്ലാതെതെല്ലുംദൃഢം (൩൮)

എന്നാൽ * ലോകത്തിലുള്ളരജനീചരരൊക്കെയററു
പോകട്ടെയെന്നൊരുശരത്തെഭവാനയക്കിൽ।
ഹാകഷ്ടമാശരകുലത്തിൽജനിച്ചസാധു
സ്ത്രീകുട്ടിവൃദ്ധരിവരൊക്കനശിക്കുമെല്ലൊ॥ (൩൯)

അതു ദീനജനരക്ഷിതാവായ ആൎയ്യന്ന അനുചിതം തന്നെ.

രാവണൻ—കഥയില്ലാത്ത ഇവൻെറ വാക്കിനെ അമാത്യൻ കേട്ടില്ലെ.

മഹാപാൎശ്വൻ—ഇവനങ്ങിനെതന്നെ വിചാരിക്കുന്നു, ആകട്ടെ ദോഷമെന്തുള്ളു.

രാവണൻ— * ഇവനെൻബലത്തെ യറിയാക്കമൂലമി-
ന്നിവചൊല്ലിടുന്നുകഥയെന്നിയേശഠൻ।
ഇവരെച്ചുടാംനിശിതസായകാഗ്നിയാൽ
ജവമുള്ളയാൽകരികളെക്കണെക്കാരം॥ (൪൦)

സീതാ—ഉണ്ണി ലക്ഷ്മണ! നീ പറഞ്ഞത ശരിതന്നെ ഇപ്രകാരം അപരാധം ചെയ്ത രാക്ഷസന്ന ഇതുതന്നെയാണ തക്കതായ ശിക്ഷ.

§ രാമൻ—എന്നാലിനി എന്താണ ചെയ്യേണ്ടത?

§ ലക്ഷ്മണൻ—ജ്യേഷ്ഠത്തിയെ അപഹരിച്ചവൻെറ വൎത്തമാനത്തെ അറിവാനായി തെക്കെ ദിക്കിലെക്ക പ്രവേശിക്കുക തന്നെ.

§ രാമൻ—എന്നാൽ ഉണ്ണി താതജടായുവിനെ ഗിരിനദീതീരത്തിൽ കൊണ്ടുചെന്ന സംസ്കരിക്ക.

§ ലക്ഷ്മണൻ—ജ്യേഷ്ഠൻെറ കല്പനപോലെ (എന്ന പോയി)

§ രാമൻ—(അനുസ്മരണത്തോടുകൂടി)

* സ്വാന്തത്തിൽപ്രണയംനിറഞ്ഞധികമായത്യാദരത്തോടുമ-
പ്പൂന്തേൻവാണികഥിപ്പതുംവനതലംതോറുംകളിക്കുന്നതും।
ചിന്തിക്കുന്നളവെന്തുചൊൽവുതരസാകല്പാഗ്നിയാലെന്നപോൽ
വെന്തീടുന്നുമമാന്തരംഗമധുനാഹാഹന്തശോകത്തിനാൽ॥ (൪൧)

(ഇങ്ങിനെ പിന്നെയും പിന്നെയും പറഞ്ഞുകൊണ്ട ചുററിനടക്കുന്നു)

§ (അണിയറയിൽ)

* പാരാതദ്രിനദീതടത്തിൽവിധിപോൽസംസ്കൃത്യഗൃധ്രേശനെ-
പ്പോരുന്നെന്നെവലിച്ചിടുന്നിതടവീജന്തുക്കളെച്ചേർത്തിവൻ ।

§ രാമൻ—ലക്ഷ്മണനോ നിലവിളിക്കുന്നത, (ആശ്ചര്യത്തോടുകൂടി!) ഉണ്ണി! നിന്നെക്കൂടി വലിക്കുന്നു അവനാരാണ്?

മഹാപാൾപൻ—തിരുമനസ്സിലെ കല്പനപ്രകാരം വനമാൎഗ്ഗത്തിൽ വസിക്കുന്ന ദനുകബന്ധനാണ ലക്ഷ്മണനെ വലിക്കുന്നത, എന്നാണ എന്റെ ഊഹം.

രാവണൻ—ഇത യോജിപ്പായിരിക്കുന്നു (സന്തോഷത്തോടുകൂടി) വലിക്കട്ടെ: വലിക്കട്ടെ: ഭക്ഷിപ്പാനായിട്ട,

സീതാ—(ഉദ്വേഗത്തോടുകൂടി) ആരാണ ലക്ഷ്മണനെ വലിക്കുന്നത,

§ (അണിയറയിൽ)

* കണ്ണൊന്നുള്ളമുഖംവഹിച്ചുമുദരേമന്ദ്രാചലംപോലഹോ
വണ്ണംനീളവുമുള്ളകയ്യിണയിനാൽഘോരൻകബന്ധാകൃതി ॥൪൨

§ രാമൻ—അഹോ ഉദാസീനത, ഉദാസീനത, എന്നാലടുത്തു ചെല്ലട്ടെ

§ (അണിയറയിൽ)

നീയാര? ഒരു രാജകുമാരനെന്നപോലെ തോന്നുന്ന ഭാഗ്യത്താലിനിക്കു മഹാത്മാവായ ദൈവം നിന്നെ ഭക്ഷിപ്പാനായിട്ടു തന്നിരിക്കുന്നതാണ,

§ രാമൻ—(കേട്ടിട്ടു വേഗത്തിൽ ചുററിനടന്ന നോക്കീട്ടു) ആ രാക്ഷസനെ ഉണ്ണിതന്നെ വധിച്ചു കളഞ്ഞുവൊ, എന്തുകൊണ്ടെന്നാൽ ഇപ്പോൾ-

*ബാലൻയോജനനീണ്ടകൈകളസിയാൽഛേദിക്കവേചോരയെ
ച്ചാലേതോളിണയാലൊഴുക്കിയുടനേവീണാൻകബന്ധൻഭുവി ।
കോലത്തിൽജയലക്ഷ്മിതൻമുലയിലെച്ചെംകുംകുമച്ചാറിനെ
പ്പോലെച്ചോരകണങ്ങളേററുടനിതാപോരുന്നുമേസോദരൻ ॥ ൪൩

രാവണൻ—(വ്യസനത്തോടും ആശ്ചര്യത്തോടും കൂടി) വീരനായ ക്ഷത്രിയക്കുട്ടി ദനുകബന്ധനെ കൂടി സംഹരിച്ചുവൊ, ഈ കുട്ടികളെ കൊല്ലുവാനായിട്ടാണ ഞാനവനെ വനമാൎഗ്ഗമദ്ധ്യത്തിലിരുത്തിയത,

സീതാ—(സന്തോഷത്തോടുകൂടി) ഉണ്ണി! ഭാഗ്യത്താൽ നീ മൃത്യുവിന്റെ മുഖത്തിൽനിന്ന വേർപെട്ടു.

§ ലക്ഷ്മണൻ—(പ്രവേശിച്ച ആകാശത്തിൽ നോക്കീട്ട) ജ്യേഷ്ഠനെക്കുറിച്ച അശരീരിണിയായ വാക്കെന്തു പറയുന്നു? "ഹേ! രാമചന്ദ്ര! കേട്ടാലും ജാനകിയെ ലഭിപ്പാനും, ശത്രുവിനെ സംഹരിപ്പാനും, ഉപയോഗമുള്ള പ്രവൃത്തിയെ ഞാൻ പറയാം" എന്നൊ,

§ (രാമൻ ആദരത്തോടുകൂടി കേൾക്കുന്നു)

§ ലക്ഷ്മണൻ—പിന്നെയും എന്തു പറയുന്നു?

* "അവിടെസചിവർനാലാളൊത്തുസുഗ്രീവനാമാ
പ്ലവഗവരനിരിപ്പുണ്ടൃശ്യമൂകാദ്രിയിന്മേൽ।
അവനെസഖിയതാക്കിദ്ദൃഷ്ടനാംബാലിതൻനാ-
ടവനടനെകൊടുക്കിൽസാദ്ധ്യമാംനിന്റെകാൎയ്യം॥ (൪൧)

അത്രയുമല്ല*മുന്നംമാല്യംസ്ഥൂലശിരസ്സാംമുനിവൎയ്യൻ
തന്നുശാപംരാക്ഷസനായേനതിനാൽഞാൻ।
ഇന്നാൻശാപംതീൎത്തഭവാന്മാരൊരുവാക്യം
ചൊന്നേനിപ്പോൾപ്രത്യുപകാരാൎത്ഥമിതോൎപ്പിൻ" ൪൨

എന്നൊ, കബന്ധൻ തന്നെയാണൊ ദേഹത്തെ ത്യജിച്ച ദിവ്യനായിട്ടിങ്ങിനെ പറയുന്നത.

രാവണൻ—(അസൂയയോടു കൂടി) കബന്ധൻകൂടി എന്റെ പക്ഷത്തെ വിട്ട ശത്രുപക്ഷത്തിൽ ചേൎന്നുവൊ?

മഹാപാൎശ്വൻ—അവൻ മരിക്കുന്നതുവരെ ചേൎന്നില്ലല്ലൊ.

സീതാ—ദേഹത്തെ വെടിഞ്ഞ രാക്ഷസൻ ഭാഗ്യത്താൽ ഉപകാരം ചെയ്തു.

രാവണൻ—മഹാപാൎശ്വ! ബാലിയുടെ രാജ്യത്തിൽ സുഗ്രീവനെ വാഴിക്കുകയെന്നുള്ളത, അസംഭവമാണ. എന്തുകൊണ്ടെന്നാൽ

* ഖരനെദൂഷണനെത്രിശിരസ്സെയും
പരശുരാമനെയുംയുധിരാഘവൻ।
വിരവിൽവെൽകിലുമങ്ങുജയിക്കയി-
ല്ലരിഭയങ്കരനാകിയബാലിയെ॥ (൪൩)

അതുകൊണ്ടല്ലെ ആ ക്ഷത്രിയ കുമാരന്മാരെ വധിപ്പാനായി ബാലിയെ പറഞ്ഞേല്പിക്കണമെന്ന മന്ത്രികൾ തീൎച്ചയാക്കിയത.

നോക്കു: നോക്കു:

*എന്നാമകപ്പിവരൻകിഴക്കുമുതലാഴിമൂന്നിലുമൊരുക്ഷണേന
ചെന്നങ്ങൊരസ്സുരനൽകുമർഘ്യമങ്ങുമൂന്നമങ്ങഹഹസന്ധ്യയിൽ ।
കൊന്നങ്ങുപോരിൽമലയൊത്തൊരുദുന്ദുഭിയെയോജനനാലുകലെങ്കിലുമൂ-
ലന്നെറിഞ്ഞിതവനോളമില്ലബലവാക്കളെന്നഖിലസമ്മതം॥ (൪൧)

മഹാപാൎശ്വൻ—[ആത്മഗതം] ഇദ്ദേഹത്തിന്റെ ജയിക്കാമെന്നുള്ള മോഹമെല്ലാം ബാലിയെ ആശ്രയിച്ചാണ ഇരിക്കുന്നത, ബാലിയുടെ മരണം മനസ്സിലായാൽ എന്തുചെയ്യുമൊ എന്ന ഇനിയറിഞ്ഞുകൂടാ, [പ്രകാശം] മഹാരാജാവെ! അതങ്ങിനെതന്നെ,

§ രാമൻ—(ആകാശത്തിലുദ്ദേശിച്ച) പുണ്യനായ ഭവാനാൽ ഞങ്ങൾ അനുഗ്രഹിക്കപ്പെട്ടു, ഇനിയിപ്പോൾ അങ്ങുന്ന ഇഷ്ടം പോലെയുള്ള ദിവ്യപദത്തെ പ്രാപിച്ചാലും, പിന്നെയും അങ്ങുന്ന എന്തുപറയുന്നു? "ഈ പമ്പാനദി തീരത്തിൽകൂടിയാണ ഋശ്യമൂകപൎവ്വതത്തിലെക്ക പോകേണ്ടത്" എന്നൊ, അങ്ങിനെ ചെയ്യാം,

(എന്ന രണ്ടുപേരും ചുററിനടക്കുന്നു)

രാവണൻ—(ശങ്കയോടുകൂടി) ഈ കള്ളത്താപസന്ന സുഗ്രീവനോടുകൂടി സഖ്യം സംഭവിക്കുമൊ?

മഹാപാൎശ്വൻ—ഇത ഒരിക്കലും ഉണ്ടാകുന്നതല്ല.

രാവണൻ—(ധൈൎയ്യത്തോടുകൂടി ഉറപ്പിച്ചിട്ടുന്ന)

* സുരനന്ദനരാമന്മാ-
രോരായിരമിരിക്കിലും ।
സാരവാരിധിയാംബാലി
വീരനോടെതിരാമ്പരാ॥ (൪൨)

മഹാപാൎശ്വൻ—[ആത്മഗതം] തത്വമറിയാതെ മഹാരാജാവ ഇങ്ങിനെയാണെല്ലൊ. രാജാവ മൂഢനായിരുന്നാൽ മന്ത്രികളെന്തുചെയ്യും [പ്രകാശം] എല്ലാം നാടകത്തിൽവെച്ച പ്രത്യക്ഷപ്പെടും.

സീതാ—(അനുസ്മരണത്തോടു കൂടി) എന്നെ എടുത്തുകൊണ്ടോടുന്ന രാക്ഷസന്റെ മടിയിലിരുന്നുകൊണ്ട ഞാനൊരു പൎവ്വതശിഖരത്തിൽ അഞ്ചു വാനരന്മാരെ കണ്ടുവെല്ലൊ, അവരിലൊരുത്തനായിരിക്കാം സുഗ്രീവൻ.

അനലാ—അവരിൽ ഒരുത്തനെയെങ്കിലും നീയെന്തുകൊണ്ടാണ ശരണം പ്രാപിക്കാതിരുന്നത?

സീതാ—ഇതെങ്ങിനെയാണ സാധിക്കുന്നത, രാക്ഷസനെന്നെ എടുത്തുകൊണ്ടു വായുവിനെക്കാൾ അതിവേഗത്തിലോടുന്നുവെല്ലൊ.

§ ലക്ഷ്മണൻ—(മുൻഭാഗത്തിൽ ചൂണ്ടിക്കാണിച്ചുകൊണ്ടു) ഇതുതന്നെ പമ്പാസരസ്സ്.

*ചെന്നീടാമിസ്സരസ്സിന്നരികിൽമൃഗഖുരംകൊണ്ടുമട്ടിച്ചനേകം
മന്ദാരപ്പൂക്കളിൻതേനൊടനൊഴുകിനനത്തുള്ളമാർഗ്ഗത്തിലൂടെ ।
നന്നായ്മാവുംകമുങ്ങുംപനസമിവകളിൻഛായയുള്ളോരിതിങ്കൽ
പുന്നാഗപ്പൂസുഗന്ധത്തോടുപവനനിതാസഞ്ചരിക്കുന്നമന്ദം ॥ (൪൧)

രാവണൻ—ആ പമ്പാതടത്തിലുള്ള വനപ്രദേശം രമണീയം തന്നെ.

സീതാ—(ഉദ്വേഗത്തോടുകൂടി) അനലേ! രമണീയമായ ആ പമ്പാതടപ്രദേശത്തെ കണ്ടിട്ടു ആര്യപുത്രൻ ഏതു സ്ഥിതിയിലായി എന്നു ഞാനറിയുന്നില്ല.

അനലാ—എല്ലാം നാടകംകൊണ്ടു നമുക്കറിയാം.

§ രാമൻ—(നോക്കീട്ടു) ഈ പമ്പാസരസ്സിൽ—

*കാന്തന്മേറ്റംപറിച്ചേകിയബിസലതയാൽതൃപ്തിയായെന്നറിഞ്ഞി-
ട്ടന്തിതുമ്പിക്കരത്താൽസലിലമുടനെടുത്തങ്ങൊഴിക്കുന്നവായിൽ ।

(വിചാരിച്ചു) ഹാ: എന്നെക്കൂടാതെ ആ ജാനകി എങ്ങിനെ ഇരിക്കും? (എന്നു കണ്ണീർ പൊഴിക്കുന്നു)

രാവണൻ—ലങ്കേശ്വരന്റെ പ്രസാദമുള്ള കാലംവരെ രാക്ഷസികളാൽ നല്ലവണ്ണം രക്ഷിക്കപ്പെട്ടുകൊണ്ടിരിക്കും.

സീതാ—(കണ്ണീരോടുകൂടി) അനലേ! ആര്യപുത്രനെ പിരിഞ്ഞിട്ടും ഞാൻ ജീവിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതു ഹൃദയശല്യമായിരിക്കുന്നുവെല്ലൊ.

§ രാമൻ—(കണ്ണീർ തുടച്ചു)

*കാന്തായാംഹംസമേറുന്നളവുചിറകിളക്കീടവേവണ്ടശേഷം
ചെന്താർവിട്ടൽഗമിക്കുംപടിബഹുനളിനീകാണ്ഡമാടുന്നഭംഗ്യാ ॥ ൪൨

ഹാ: പ്രിയേ! ജാനകി! (എന്നു മോഹിക്കുന്നു)

രാവണൻ—(സംശയത്തോടുകൂടി) ഇവൻ മോഹിച്ചിട്ടെന്താണു, പിന്നെയും ഉത്ഥാനം ചെയ്യുമെല്ലൊ. അല്ലെങ്കിൽ ഒരു സമയം പുനരുത്ഥാനം ചെയ്യാത്ത മൂർഛയായിരിക്കുമൊ ഇതു,

സീതാ—ഹാ: കഷ്ടം: കഷ്ടം: വിരഹം നിമിത്തം അദ്ദേഹത്തിന്നു ഈ വിധമായ അവസ്ഥ സംഭവിച്ചപ്പോഴും ദുഷ്ടദൈവം എന്നെ കാട്ടിക്കൊടുത്തില്ലല്ലൊ,

(എന്നു വ്യസനത്തോടുകൂടി ഇരിക്കുന്നു)

§ ലക്ഷ്മണൻ—ജ്യേഷ്ഠ! ആശ്വസിക്കുക: ആശ്വസിക്കുക:

* ക്ഷിതിമകളെഹരിച്ചുള്ളാശരന്തന്റെവേരും
ദ്രുതമവനെജയിപ്പാൻമാൎഗ്ഗവുംനാമറിഞ്ഞു ।
അതിജവമൊടകററാംമാലിനിജ്യേഷ്ഠനെന്തി-
ന്നിതുപൊഴുതുവിചാരംപൂണ്ടുമോഹിച്ചിടുന്നു॥ (൭൧)

§ രാമൻ—(ആശ്വസിച്ച്) ഉണ്ണി! ഋശ്യമൂകപൎവ്വതം എത്ര ദൂരത്തിലാണ?

§ ലക്ഷ്മണൻ—ജ്യേഷ്ഠ! ഒരു ഭിക്ഷു ഇതാ അടുത്തുവരുന്നു, അദ്ദേഹത്തിനോടു ഞാനിതു ചോദിക്കാം.

§ (അനന്തരം ഭിക്ഷു പ്രവെശിക്കുന്നു)

§ ഭിക്ഷു—ഞാൻ ഭിക്ഷുവേഷത്തോടുകൂടി ആ രാജപുത്രന്മാരുടെ സമീപത്തിൽ വന്നു ചേൎന്നു.

രാവണൻ—എന്നാൽപ്രേരിതനായ ബാലി ഭിക്ഷുവേഷംധരിച്ചു, ഇവരെ വധിപ്പാനായി വന്നതായിരിക്കാം.

സീതാ—അനലേ! അയ്യോഃ കഷ്ടം! അയ്യോഃ കഷ്ടം!

അനലാ—തോഴി! അകാരണമായിട്ടെന്താണ ഭയപ്പെടുന്നത?

സീതാ—ആ രാക്ഷസൻ ഭിക്ഷുവേഷംധരിച്ചു, എന്നെ എങ്ങിനെ അപഹരിച്ചുവൊ അതുപോലെ മായകൊണ്ട ആൎയ്യപുത്രനേയും കൊല്ലുവാനിങ്ങിനെ ചെന്നതാണെന്ന ഞാനൂഹിക്കുന്നു.

അനലാ—ഇതു നാടകമല്ലെ, എന്നാൽ അങ്ങോട്ടും കാണുക ഇപ്പോഴെ സംഭ്രമിച്ചതു മതി.

§ ലക്ഷ്മണൻ—ഭഗവൻ ഭിക്ഷോ! നാലു മന്ത്രികളോടുകൂടി സുഗ്രീവൻ വസിക്കുന്ന ഋശ്യമൂകപൎവ്വതത്തെ അങ്ങ അറികയില്ലെ?

§ ഭിക്ഷു—[ആത്മഗതം] ബാലി സുഗ്രീവനെ വധിപ്പാനായി തനിക്ക ചെല്ലുവാൻ പാടില്ലാത്ത ഋശ്യമൂകപൎവ്വതത്തിലെക്ക ഇവരെ അയച്ചിരിക്കുന്നതാണൊ, അതുകൊണ്ടായിരിക്കാം എന്റെ സ്വാമി സുഗ്രീവൻ സംശയിച്ചുകൊണ്ട സൂക്ഷ്മം അറിവാനായിട്ട എന്നെ പറഞ്ഞയച്ചിരിക്കുന്നത, എന്നാൽ അത അങ്ങിനെയായിരിക്കയില്ല. എന്തുകൊണ്ടെന്നാൽ ഉള്ളിൽ ആത്മാവ പ്രസാദിക്കുന്നു. [പ്രകാശം]

* മരുതുവനത്താൽകഞ്ചുക
മുരുജലധരമാലയാൽതലപ്പാവും ।
അരുവിയിനാൽവാളുമിയ-
ന്നൊരുഗിരിവരനൃശ്യമൂകമിതാ॥ (൭൨)

നിങ്ങളാരാണ?

രാവണൻ—[ആത്മഗതം] ഇവൻ ബാലിയല്ല. [പ്രകാശം] മഹാപാൎശ്വ! താനറികയില്ലേ? ഇവർ രണ്ടുപേരിൽ ഒരുത്തൻ ഖരനെ വധിച്ച മഹാപാപിയാണെന്നും, മറെറാരുത്തൻ ശൂൎപ്പണഖയുടെ മുഖത്തെ വിരൂപപ്പെടുത്തി മഹാപരാധം ചെയ്തവനാണെന്നും,

സീതാ—[ആത്മഗതം] ഭിക്ഷുരൂപനായിരിക്കുന്നോ ഇവൻ രാക്ഷസനല്ല [പ്രകാശം] അനഘേ! ഇവനറികയില്ലേ രാഘവനായ ജനകിയുടെ ഭൎത്താവിന്റെ വേഷംധരിച്ച അപ്സരസ്ത്രീയാണ ഒരുത്തിയെന്നും ആ ജാനകിയുടെ ദേവരന്റെ വേഷംധരിച്ച അപ്സരസ്ത്രീയാണ മറെറാരുത്തിയെന്നും,

§ ലക്ഷ്മണൻ—* മനുവംശജനേഷരാമനീതോ-
നനുജൻലക്ഷ്മണനാസ്മിഭൃത്യയായ ॥

ജനകം സമതത്തന്തയെന്നുഅചെയ്യാം

§ ഭിക്ഷു—മതി മതി അങ്ങോട്ടുള്ള വൎത്തമാനം മനസ്സിലായി "രാവണൻ അപഹരിച്ചു" എന്ന

§ ലക്ഷ്മണൻ—*ഇനിഞങ്ങൾക്കിനന്ദനൻശരണ്യൻ॥ഇതു

§ ഭിക്ഷു—ഞാൻ അദ്ദേഹത്തിന്റെ മന്ത്രിയായ ഹനുമാനാണ, എന്നാൽ സൂൎയ്യവംശാലങ്കാരരത്നമായ ഹേ ദേവ! കേട്ടാലും.

* ദുഷ്ടൻബാലീരവിസുതകളത്രത്തിനെത്താനടക്കി
കഷ്ടംകൊന്നിട്ടവനെയവളെസ്സൂൎയ്യപുത്രന്നുനൽകിൽ ।
ക്ലിഷ്ടത്തോടുംദശവദനനെക്കൊന്നുസൂൎയ്യാത്മജന്താ-
നൊട്ടംവൈകാതയിരഘുപതേ!നിൻകളത്രത്തെനൽകും॥(ര്

എന്തുകൊണ്ടെന്നാൽ സുഗ്രീവൻ രാജാവായ ബാലിയുടെ അൎബ്ബുദകോടിസഹസ്ര സംഖ്യയുള്ള സൈന്യചക്രത്തിന്ന നായകനായി തീരും.

രാവണൻ—(കോപത്തോടുകൂടി) എന്തുപറയുന്നു ഭിക്ഷുഹതകൻ? എന്റെ ചന്ദ്രഹാസം എവിടെ?

* ഒന്നാമതീഭിക്ഷുവിനെക്ഷണേന
കൊന്നിട്ടുഞാൻപിമ്പുടനൃശ്യമൂകേ ।
ചെന്നങ്ങുസുഗ്രീവനെയുന്നമാത്യ-
രൊന്നിച്ചു കൊന്നീടുവനിന്നുതന്നെ॥ (൭൭)

(ആലോചിച്ചു) ഞാനെന്തിനിങ്ങിനെ ബദ്ധപ്പെടുന്നു. ക്ഷത്രിയക്കുട്ടികളെ വധിപ്പാനായി പ്രേരണം ചെയ്യപ്പെട്ട ബാലിതന്നെ അവരുടെ സ്നേഹിതന്മാരായ മററുള്ളവരേയും കൊല്ലുമെല്ലൊ.

മഹാപാൎശ്വൻ—സ്വാമി കല്പിച്ചുത ശരിയാണ.

സീതാ—അന്യോന്യംഉള്ള ഈ നിശ്ചയം നല്ല യോജിപ്പുള്ളതായി കാണപ്പെടുന്നു.

§ രാമൻ— അങ്ങിനെയാകട്ടെ, എന്നാൽ ഋശ്യമൂകപർവ്വതത്തിലെക്ക നോം ചെല്ലുക, (എന്ന എല്ലാവരും ചുററിനടക്കുന്നു)

§ രാമൻ—എന്താണിത പർവ്വതശിഖരംപോലെ ഉന്നതമായും മാർഗ്ഗനിരോധകമായുമിരിക്കുന്ന അസ്ഥി സമൂഹം കാണപ്പെടുന്നു.

§ ഹനുമാൻ—ബാലി കൊന്നു വലിച്ചെറിഞ്ഞ ദുന്ദുഭിയുടെ അസ്ഥി സമൂഹമാണിത.

§ രാമൻ—ഗമിപ്പാൻവേണ്ടി ഇതിനെ ഞാൻ പൊങ്ങിക്കാം,

(എന്ന പൊക്കുന്നതായി നടിക്കുന്നു)

§ ലക്ഷ്മണൻ—(ആശ്ചര്യത്തോടുകൂടി) ജ്യേഷ്ഠൻ പാദാംഗുഷ്ഠംകൊണ്ട അസ്ഥികൂടത്തെ പത്തുയോജനയ്ക്കകലെ തള്ളികളഞ്ഞുവൊ

§ ഹനുമാൻ—[ആത്മഗതം] ഈ രാജകുമാരൻ മഹാബലവാൻ തന്നെ. [പ്രകാശം] ദേവ! യുദ്ധാവസാനത്തിൽ മരിച്ച ദുന്ദുഭിയുടെ ഈ ദേഹത്തെ വീരനായ വാനരനായകൻ കൈകാൽകൊണ്ട ഒരു യോജന ദൂരത്തിലെറിഞ്ഞു.

§ രാമൻ—(മുൻഭാഗത്തുനോക്കീട്ട) ഈ സാലതരുക്കളിൽ കാണുന്ന രന്ധ്രങ്ങൾ ആരുടെ ശരംകൊണ്ട തുളയ്ക്കപ്പെട്ടതാണ?

§ ഹനുമാൻ—ബാലിയുടെ തന്നെ.

§ ലക്ഷ്മണൻ—പെരുവിരൽകൊണ്ട ഭൂമിഭാഗത്തെ അമർത്ത ഒരു നിരയാക്കപ്പെട്ട ഈ സാലങ്ങളെ ജ്യേഷ്ഠൻ ഒരു ബാണംകൊണ്ടുതന്നെ ഒന്നിച്ച മുറിച്ച കളഞ്ഞുവൊ,

§ ഹനുമാൻ—(സന്തോഷത്തോടുകൂടി) ദേവ! കണ്ടാലും, കണ്ടാലും, ബാലിയുടെ അനുജനായ സുഗ്രീവൻ മന്ത്രികളോടുകൂടി പർവ്വതശിഖരം വിട്ടിതാ ഇറങ്ങിവരുന്നു. അതുകൊണ്ട ഞാനിങ്ങിനെ വിചാരിക്കുന്നു.

*ദൂരേമാർഗ്ഗത്തിൽനിന്നും പദപെരുവിരലാൽദുന്ദുഭേരസ്ഥിനിക്ഷി-
പ്തോരിൽസാലങ്ങളേഴുംദൃഢതരമൊരുകണയാൽഭേദനംചെയ്തുവിട്ട
സാരമ്യന്റുള്ളൊരാത്മൻകപിവരനെഹനിച്ചീടുമെന്നോർത്തിവന്താൻ
പോരുന്നുസഖ്യലാഭത്തിനുമഥകപികൾക്കീശനാസ്വാഴ്വപാരം॥(൧൦)

രാവണൻ—(ആശ്ചര്യത്തോടും ഉദ്വേഗത്തോടും കൂടി)

*ഘോരംദുന്ദുഭിദാനവാസ്ഥിയെപദാഗ്രംകൊണ്ടുനീക്കിക്ഷണാൽ
പാരാതേകശരത്തിനാലെദളനംചെയ്തേഴുസാലങ്ങളെ।
പാരംസ്വസ്ഥതനുജനോടുവിരവിൽസഖ്യത്തെയിച്ഛിക്കുമീ-
വീരൻബാലിയെയുംഹനിപ്പതിനഹോപോരാതെയായ്തീരുമോ॥ ൧൧

(ആലോചിച്ചു) * പൊരുതുന്നവരെക്കാളും
പൊരുതുംകാലന്നുപോലുമൊരുകാലൻ ।
തെരുതെരെയുധികല്ലെറിവാൻ
വിരുതൻബാലീജയിപ്പതാരവനെ ? ॥ (൨൮)

സീതാ—ആ ദേശാന്തരത്തിൽ ഭാഗ്യത്താൽ ആൎയ്യപുത്രന്ന പ്രബലനായ ബന്ധുവിനെ ലഭിച്ചു എന്ന തോന്നുന്നു.

§ രാമൻ—ഇതാ ഇവൻ എന്റെ സമീപത്തിൽ വരുന്നു.

§ (അനന്തരം മന്ത്രികളോടുകൂടി സുഗ്രീവൻ പ്രവേശിക്കുന്നു.)

§ സുഗ്രീവൻ—(ആശ്ചൎയ്യത്തോടുകൂടി)

* എവരേബാലിയയച്ചി-
ട്ടിവിടെവരുന്നെന്നുനാംഭയപ്പെട്ടു ।
അവരെത്തന്നെഹനുമാൻ
ജവമെൻപ്രിയരാക്കിയൊൻവരുത്തുന്നു ॥ (൨൯)

§ ഹനുമാൻ—ദേവ! സുഗ്രീവൻ നമസ്കരിക്കുന്നു.

§ രാമൻ—സ്നേഹിതന്ന കുശലമല്ലെ?

(എന്ന ആലിംഗനം ചെയ്യുന്നു)

§ സുഗ്രീവൻ—ദേവ! ഇതിനേക്കാൾ ഇനിക്കെന്താണ കുശലമുണ്ടാകേണ്ടത, എന്തെന്നാൽ അങ്ങുന്ന സ്നേഹിത! എന്നു വിളിക്കുന്നതിന്നു ഞാൻ പാത്രമായെല്ലൊ.

§ രാമൻ—സ്നേഹിത! വിശ്രവസ്സിന്റെ പുത്രനായ രാവണനേയും അവൻ വസിക്കുന്ന പുരിയേയും താനറിയുമൊ?

(രാവണൻസുഗ്രീവനെന്തുപറയുമെന്നു ശ്രദ്ധയോടുകൂടി കേൾക്കുന്നു)

§ സുഗ്രീവൻ—ദേവ! ഞാനൊന്നുമറികയില്ല.

മഹാപാൎശ്വൻ—തിരുമനസ്സിലെ വാസസ്ഥലത്തെ സുഗ്രീവനുംകൂടി അറികയില്ലെ?

രാവണൻ— (ചിരിച്ചു എന്നാൽ അമാത്യൻ കേൾക്ക.

*മുന്നംഞാൻപഞ്ചവക്ത്രാംക്ഷിതിമകളെഹരിച്ചിങ്ങുവൃക്ഷാവിലാക്കി-
ട്ടന്നെൻവാസംമഹേന്ദ്രംവരെവനമതിലുള്ളോർമറക്കേണമെല്ലാം ।
എന്നാരാധിച്ചുപോലെപ്പുരരിപുവരമേകീടിനാൻതന്നിമിത്തം
തന്നേദേവേന്ദ്രപുത്രാനുജനവനറിവുണ്ടെങ്കിലുംമാംമറന്നു ॥ (൩൦)

സീതാ—അനലേ! വാനരനാഥനായ ഇവനും ലങ്കേശ്വരന്റെ വൎത്തമാനത്തെ അറിയുന്നില്ല അതിനാൽ എന്നെ അശോകവനത്തിൽ രാക്ഷസികളാൽ തടുത്തുവെക്കപ്പെട്ടിരിക്കുന്നതായിട്ട ആൎയ്യപുത്രനോട ആരാണ പിന്നെ പറവാനുള്ളത?

അനലാ—തോഴി! ഇനിയും നീയെന്തിനിങ്ങിനെ വ്യസനിക്ക

ന്നു? സുഗ്രീവന്റെ ഭടന്മാരിൽ ആരെങ്കിലും ഇവിടെവന്ന നിന്നെ ക്കണ്ടിട്ട അദ്ദേഹത്തിനോട വൎത്തമാനത്തെ അറിയിക്കില്ലേ?

§ സുഗ്രീവൻ—എന്നാൽ ആകാശത്തിൽക്കൂടി ഒരു രാക്ഷസൻ ഒരു രാജകന്യകയെ കൊണ്ടുപോകുമ്പോൾ ആ കന്യക ആഭരണങ്ങളെ പൊതിഞ്ഞിട്ടുള്ള ഈ ഉത്തരീയത്തെ എന്റെ സമീപത്തിലിട്ട (എന്ന കൊടുക്കുന്നു)

§ രാമൻ—(നോക്കീട്ട) അവളുടെ തന്നെ ഈ ഉത്തരീയം
(എന്ന വാങ്ങുന്നു)

രാവണൻ—(ആവേഗത്തോടുകൂടി) ജാനകി ഇങ്ങിനെ ഉത്തരീയത്തെ താഴത്തിട്ടതും കൂടി ഞാൻ അന്ന ബദ്ധപ്പാടുകൊണ്ട അറിഞ്ഞില്ല.

സീതാ—ഞാൻ താഴ്ത്തിട്ട ഉത്തരീയം ഭാഗ്യത്താലന്നുതന്നെ ആൎയ്യപുത്രന്റെ കയ്യിൽ ചെന്നു.

§ രാമൻ—(സന്തോഷത്തോടും വ്യസനത്തോടുംകൂടി)
[ആത്മഗതം] ഇതവളുടെ തന്നെ.

* ഇക്കാണുംചേലകാന്താകുചതടമകരീപത്രകസ്തൂരിയോടും
പൊക്കംകാഠിന്യവുംചേൎന്നൊരുമുലയിണയെസ്വച്ഛമായിട്ടുകാട്ടും।
നോക്കുംഭ്രൂഭംഗമോടുംസുമുഖിയിതിനെഞാനഞ്ഞിഴക്കുന്നനേരം
ചിക്കന്നെന്നെച്ചിലപ്പോളിതിനുടെതലയാൽവീശുമേപേശലാംഗി॥

രാവണൻ—രാജപുത്രന്റെ ഈ ഉൽകണ്ഠാ ഏററവും വലുതായിരിക്കുന്നുവെല്ലൊ, (ആശ്ചൎയ്യത്തോടുകൂടി) പ്രാണനെ പിന്നെ കളയുന്നതുമില്ല.

സീതാ—(ഉദ്വേഗത്തോടുകൂടി) എന്നെ കൂടാതെ എന്റെ ഉത്തരീയത്തെ കണ്ടിട്ട ആൎയ്യപുത്രൻ അവസ്ഥാന്തരത്തെ പ്രാപിച്ചുവൊ,

§ രാമൻ—[പ്രകാശം] പ്രിയയുടെ ആഭരണങ്ങളെ കാണട്ടെ.
(എന്ന ഉത്തരീയത്തെ അഴിച്ചു കണ്ണീരോടുകൂടി നോക്കിക്കൊണ്ട)
[ആത്മഗതം]

* മല്ലാക്ഷികൊങ്കയിലണിഞ്ഞോംഗരാഗമതുചേൎന്നുള്ളഹാരമിതുതാൻ
ചൊല്ലാമിതെൻതരുണിസല്ലീലയാനമറിയിക്കുന്നനൂപുരയുഗം।
കില്ലില്ലിതക്കനകകാഞ്ചി—

രാവണൻ—ആഭരണങ്ങളെ കണ്ടാൽ ഈ രാജപുത്രൻ പ്രാണനെ കളയും നിശ്ചയം.

സീതാ—ആൎയ്യപുത്രൻ ഇങ്ങിനെ ചിന്താസക്തനായി എന്നുള്ളതിനാൽ എന്റെ ഹൃദയം അമൃതത്തിലും അഗ്നിയിലും വീണപോലെയിരിക്കുന്നു.

§ സുഗ്രീവൻ—[ആത്മഗതം] ഇദ്ദേഹം ഇതുകളെ കണ്ടതുകൊണ്ട ജാനകിയെ സ്മരിക്കുന്ന നിശ്ചയം. അതുകൊണ്ടുതന്നെയാണ-

* കളഭാഷിണിയെസ്മരിച്ചുകണ്ണീ-
രുളവായുള്ളൊരുരാഘവൻെറവക്ത്രം।
വെളിവിൽജലബിന്ദുചേൎന്നുപൊങ്ങും
നളിനംനൂതനമെന്നപോൽമനോജ്ഞം॥ (൬൩)

[പ്രകാശം] സ്നേഹിത! വ്യസനിക്കേണ്ട ജാനകിയെ ലഭിക്കും.

§ രാമൻ—(അനുസ്മരണത്തോടുകൂടി) [ആത്മഗതം]

* * * ചിലപ്പൊളിതുഞാനങ്ങഴിക്കുമുടനെ
കല്യാണികെട്ടുമതിനായ്ക്കൊണ്ടുഞങ്ങളുടെകൈകൾക്കശങ്ക്യയുളവാം

[പ്രകാശം] ലക്ഷ്മണ! എന്നെ താങ്ങിക്കൊൾക:
(എന്ന മോഹിക്കുന്നു)

രാവണൻ—ഇനി എന്താണ, ഇവൻെറ കഥ ഇതോടുകൂടി അവസാനിച്ചില്ലെ, (എന്ന സന്തോഷത്തോടുകൂടി എഴുനില്ക്കുന്നു)

മഹാപാൎശ്വൻ—ഇത നാടകമാണ, (എന്ന തടുക്കുന്നു)

സീതാ—ആൎയ്യപുത്രൻെറ ആ മനോവ്യാപാരത്തെ അറികയാൽ ആ ആ അവസ്ഥകളെ വിചാരിച്ച എൻെറ മനസ്സിന്ന എങ്ങിനെയോ ഒരു വികാരം ഭവിക്കുന്നു. അതിനാൽ ഞാനെന്തു ചെയ്യട്ടെ, (എന്ന മോഹിക്കുന്നു)

അനലാ—തോഴി! ആശ്വസിക്കു: ആശ്വസിക്കു:

§ ലക്ഷ്മണൻ— ജ്യേഷ്ഠ! ആശ്വസിക്കു: ആശ്വസിക്കു:

§ രാമൻ—(ആശ്വസിച്ച) സുഗ്രീവ! സഖ്യത്തെ താനാഗ്രഹിക്കുന്നുണ്ടെങ്കിൽ ഞാനിതാ കൈ കാണിച്ചിരിക്കുന്നു.

§ (സുഗ്രീവൻ സന്തോഷത്തോടുകൂടി കൈകൊണ്ട രാമകരത്തിൽ പിടിക്കുന്നു)

§ (അണിയറയിൽ)

* എന്നിഷ്ടൻരാവണൻതൻപരിജനനിധനം
ചെയ്തയുദ്ധത്തിലെന്ന-
ല്ലിന്നേററംവൈരിയാമെന്നനുജനുസഖിയായ്
തീൎന്നവന്നെവേഗാൽ।
കൊന്നീടാൻകയ്യിലേന്തീവലിയശിലയെഞാൻ
ഭാഗ്ഗവന്നെമന്നം
വെന്നോരിക്കുട്ടിയോടൊന്നെതിരിടുകിലിനി-
ക്കില്ലഹോമാനഹാനി॥ (൬൪)

§ സുഗ്രീവൻ—ബാലിതന്നെ വന്നിങ്ങിനെ പറയുന്നുവൊ,

§ ഹനുമാൻ—[ആത്മഗതം] അഹോ: സുഗ്രീവന്റെ ഉദാസീനത, എന്തെന്നാൽ ബാലിക്ക പ്രവേശിപ്പാൻ പാടില്ലാത്ത ഋശ്യമൂകശിഖരത്തെ വിട്ട ഈ വനാന്തരത്തിൽ വന്നുവെല്ലൊ. ആകട്ടെ രാമസന്നിധിയിലാകയാൽ ഇവന്ന അഭയം സിദ്ധിക്കും.

§ രാമൻ—(സന്തോഷത്തോടുകൂടി) ഇവന്റെ ശബ്ദം സിംഹധ്വനിപോലെയിരിക്കുന്നു.

§ ലക്ഷ്മണൻ—(കോപത്തോടുകൂടി) എടാ: എടാ: ദുരാത്മാവേ! മർക്കടനോടെതിരിടുന്നതുകൊണ്ട ഞങ്ങൾക്കതന്നെയാണ, മാനഹാനി. എന്നാൽ-

*"ദുഷ്ടന്മാർകാട്ടിലുണ്ടാസ്സുരികിലവരെശിക്ഷിക്കണംജ്യേഷ്ഠ"നെന്നീ-
ജ്യേഷ്ഠൻപോരുന്നനേരംക്ഷിതിപതിഭരതൻജ്യേഷ്ഠനർത്ഥിച്ചുമുന്നെ।
ദുഷ്ടൻദണ്ഡ്യൻഭവാനിന്നനുജദയിതയോടൊത്തുവാഴുന്നപാർത്താൽ
കഷ്ടംവിട്ടീടുമോചേൻഖിലരുമവനംചെയ്കിലുംനിന്നെയിപ്പോൾ॥

രാവണൻ—രാമന്റെ കഥകഴിപ്പാനായി മഹാബലവാനായ ബാലി വന്നുവൊ; ഞാൻ ശ്രീപരമേശ്വരനെ ആരാധിച്ചത ഇപ്പോൾ സഫലമായി. ഈ മൂഢനായ ലക്ഷ്മണൻ ബാലിയെ കൂടി ശിക്ഷിച്ചുകളയാമെന്ന വിചാരിക്കുന്നുവൊ,

സീതാ—ആര്യപുത്രങ്കൽ കോപിച്ചുകൊണ്ട വാനരനാഥൻ വന്നുവൊ, അവനോട വത്സലക്ഷ്മണൻ സ്വാഭാവികമായ ധൈര്യത്തോടും ഉറപ്പോടുംകൂടി ഗംഭീരമായും മധുരമായും സംസാരിക്കുന്നു.

§ (പിന്നെയും അണിയറയിൽ)

കഷ്ടം! കഷ്ടം! ശൂർപ്പണഖയുടെ മുഖത്തെ വിരൂപപ്പെടുത്തിയതുകൊണ്ടു മാത്രം ശൂരനാണെന്നു നടിക്കുന്ന ഈ ലക്ഷ്മണനെന്തു പറഞ്ഞു?

* ക്ഷിതിയിൽപുഴുക്കൾഗതിചെയ്കിലാസ്സുരാ
മത്തുമങ്ങൊരിക്കലൊരുവണ്ണമെന്നപോൽ।
ഹതനാസ്ഥിരാധനിവനുണ്ടുശക്തിപോ-
രതിലെങ്കിലെങ്കലതുകാട്ടണംക്ഷണം॥ (൬൬)

അല്ലെങ്കിൽ കഥയില്ലാത്ത ഇവനിരിക്കട്ടെ.

എടൊ! എടൊ! രഘുകുമാര!

* ധരണീതനുജാവിരഹാഗ്നിസദാ
പിരിയാതെരിയുന്നൊരുനിൻഹൃദയം।
ത്വരിതംരുധിരംചിതറുംപടിയെൻ
പെരുതാംശിലയേററുടനിന്നുടയ്യും॥ (൬൭)

രാവണൻ—ബാലി ഈ പറഞ്ഞത ശരിയാണ.

സീതാ—(വ്യസനത്തോടുകൂടി) തോഴി! അനലേ! ഇനി എ ങ്ങിനെയായി തീരുമോ എന്ന എന്റെ മനസ്സ ചലിക്കുന്നു.

അനലാ—രഘുകുമാരൻതന്നെ അവനെ ജയിക്കും.

§ രാമൻ—എന്നാൽ യുദ്ധംചെയ്യാൻ യോഗ്യമായ ആ പ്രദേശത്തിലെക്ക ഞാനിതാവരുന്നു. (എന്നപോയി)

§ (അണിയറയിൽ)

അയ്യോ: ഭാഗ്യഹീനയായ ഞാൻ ഹതയായി. കല്പെറിയുന്നതിന്നു മുമ്പേതന്നെ കൈവേഗമുള്ള രഘുകുമാരൻ സർപ്പം പോലെ ഭയങ്കരമായ ഒരു ശരത്തെ പ്രയോഗിച്ചു അത എന്റെ ഭർത്താവിന്റെ പ്രാണനെ അപഹരിച്ചു കൊണ്ടുപോയി എന്ന കേൾക്കുന്നു.

§ സുഗ്രീവൻ—ബാലിയെ കൊന്നുവൊ, അതുകൊണ്ടുതന്നെയാണ ബാലിവധംകേട്ട വ്യസനിച്ചുകൊണ്ട താരാ ഗ്ഗുഹയിൽനിന്ന വെളിക്കുവന്ന കരയുന്നത, ലക്ഷ്മണ! എന്നാൽ ഞാൻ പരിവാരങ്ങളോടുകൂടി രാമപാദങ്ങളെ ആശ്രയിപ്പാൻ പോകുന്നു.

(എന്ന പരിവാരങ്ങളോടുകൂടി പോയി)

രാവണൻ—എന്ത, രാമൻ ബാലിയെ സംഹരിച്ചുവൊ, ഇതെങ്ങിനെ വിശ്വസിക്കാം. കല്ലിനെ വെള്ളം താങ്ങുമാറില്ലല്ലൊ.

§ (അണിയറയിൽ)

* പോരിൽദ്ദുന്ദുഭിക്രൂരശൃംഗങ്ങൾപൊട്ടിച്ചഹോ
സ്വർണ്ണരാജീവമാല്യംധരിച്ചും
ഘോരംസ്വകക്ഷേകിടന്നദ്ദശാസ്യന്റെശീഷങ്ങ-
ളാട്ടീട്ടിടിച്ചുള്ളതെല്ലാംസഹിച്ചും ।
താരാകുചംചേൎന്നചെംകുംകുമംകൊണ്ടുശോഭിക്കു
മീബാലിമാറെപ്പിളൎന്നക്ഷണത്തിൽ
ശ്രീരാമതൂണീഗതംബാണമേകേണമിങ്ങാശു-
ശൃംഗാരധാമാവതാംമംഗളത്തെ ॥ (നാവു)

മഹാപാൎശ്വൻ—മഹാരാജാവെ! ബാലിവധത്താൽ സന്തോഷം നിറഞ്ഞിട്ടുള്ള സുഗ്രീവന്റെ ക്ഷേമവിചാരത്തെ സൂചിപ്പിക്കുന്നവാക്യമാണിത.

രാവണൻ—(കോപത്തോടുകൂടി എഴുനീററ) യുദ്ധത്തിൽ ഭയക്കുടാതെ ദിക്പാലവൃന്ദത്തെ മദ്ദനം ചെയ്ത രാവണനല്ലെ ഞാൻ അതിനാൽ സംഭവിക്കാത്ത കഥയെ അഭിനയിച്ച ഈ അപ്സരസ്ത്രീകളുടെ തലമുടിയെ അറുക്കുവാനായി ഞാൻ കല്പന കൊടുക്കാതിരിക്കുമൊ.

മഹാപാൎശ്വൻ—(തൊഴുതുകൊണ്ട) പ്രസാദിക്കണെ മഹാരാജാവപ്രസാദിക്കണെ, ഇപ്രകാരം ഈ നാടകത്തെ നിൎമ്മിച്ചത

പൂജ്യനായ ശുക്രമഹർഷിയാണെല്ലൊ, അതിനാൽ ഇതിൽ അസത്യ കഥ ഉണ്ടായിരിക്കയില്ല.

രാവണൻ—[ആത്മഗതം] എന്നാൽ ഇത സത്യം തന്നെ. [പ്രകാശം] (വ്യസനത്തോടുകൂടി) അയ്യൊ: എന്റെ പ്രിയസ്നേഹിത! അയ്യൊ: ദുന്ദുഭിദാനവനോടുള്ള യുദ്ധത്തിൽ ബാഹുവിക്രമത്തെ കാണിച്ച ഹേ: വാനര സാൎവ്വഭൌമ!

* ചത്തുഹന്തവിരാധനുംഖരനുമെന്നാലുംജയിച്ചീടുവാൻ
ചിത്തത്തിങ്കലുറച്ചിരുന്നുതവസാഹായ്യത്തെഞാൻമുഖ്യമായ് ।
എത്തീതാദൃശിയായവസ്ഥബലവാനാകുംനിനക്കെങ്കിലൊ
സത്യംലങ്കയിലുള്ളവക്കിതുമഹാനിർഭാഗ്യതാഹേതുവാം ॥ (൩൬)

§ ലക്ഷ്മണൻ—ജ്യേഷ്ഠൻ ബാലിയെ ജയിച്ചുവന്നുവൊ,

§ (അനന്തരം രാമൻ പ്രവേശിക്കുന്നു)

§ രാമൻ—ഉണ്ണി! ലക്ഷ്മണ! രാജ്യാഭിഷേകത്തിന്നായിക്കൊണ്ട ഈ സുഗ്രീവനെ പരിവാരങ്ങളോടുകൂടി കിഷ്കിന്ധയിലെക്കയക്കേണ്ടതാണ. യുവരാജാവാക്കുവാനംഗദനേയും.

§ ലക്ഷ്മണൻ—ജ്യേഷ്ഠൻ ദീനജനങ്ങളിൽ ദയാലുവല്ലെ.

സീതാ—അതങ്ങിനെതന്നെ. എന്നാൽ ആൎയ്യപുത്രൻ എന്നെ ദീനയായിട്ട അറിയുന്നില്ല.

അനലാ—തോഴി! നീയെന്തുപറയുന്നു! അദ്ദേഹം എന്തിനായിട്ടാണ രണഭയങ്കരനായ ബാലിയെ അതിപ്രയാസപ്പെട്ട സംഹരിച്ചത?

§ (അണിയറയിൽ)

* ശ്രീരാമൻബാലിയെക്കൊന്നടലിലിനസുതന്നേകിനാൻ
രാജ്യമിപ്പോൾ
വാരാതമ്പോടയച്ചാൻകപികളെയവനുംസീതയെ
ത്തേടുവാനായ് ।

§ രാമൻ—നമുക്ക വളരെ വളരെ സന്തോഷം. ഉണ്ണിലക്ഷ്മണ! ജാനകിയുടെ വൎത്തമാനം അറിയുന്നതുവരെ നോം ഈ പ്രസ്രവണ പൎവ്വതത്തിൽ വസിക്കുക. (എന്ന രണ്ടുപേരും പോയി)

* അന്തൎന്നാടകം സമാപ്തം *

രാവണൻ— (ആലോചിച്ച) നോമിവിടെ പ്രതിക്രിയ എന്താണ ചെയ്യേണ്ടത ?

സീതാ—(സന്തോഷത്തോടുകൂടി) അനലേ! നിന്റെ വാക്ക സത്യംതന്നെ.

(അണിയറയിൽ)

സഖേ! ശുക! താൻ കാണുന്നില്ലേ?

* വീരൻസമ്പാതിവാക്കാൽവിദിതജനകജാവാസനായ്
ലങ്കകാണ്മാൻ
പോരുന്നുണ്ടബ്ധിലംഘിച്ചവരിലൊരുവനാമഞ്ജനാ
സൂനുവേഗാൽ ॥ (൧൦)

(പിന്നെയും അണിയറയിൽ)

സഖേ! ശാർദ്ദൂല! ഈ വൎത്തമാനത്തെ നോം കണ്ടതുപോലെ ലങ്കേശ്വരനോടുണൎത്തിപ്പാനായി ചെല്ലുക.

രാവണൻ—ഞാനയച്ചിട്ടുള്ള ചാരന്മാരായ ശുകശാർദ്ദൂലന്മാരുടെ സല്ലാപമാണൊ ഇതു, അഹോ: രാമവൃത്താന്തത്തെ അറിവാനായി ചാരന്മാരെ അയപ്പാനുംകൂടി ഞാൻ മറന്നുപോയി, (ആലോചിച്ചു)

* ചിന്തിച്ചുജാനകിയെമാരശരാൎത്തിയോടു
മന്തഃപുരത്തിലനിശംബതവാണിടുംഞാൻ।
മന്ത്രാദികാൎയ്യമിഹവേണ്ടതുചെയ്യതിന്നായ്
മന്ത്രിപ്രവീരരുടെകൌശലമോയിതെല്ലാം ॥ (൧൧)

മഹാപാൎശ്വൻ—(ചിരിച്ചു) മഹാരാജാവെ! ഇതിനായിട്ടുതന്നെയാണു, ഈ നാടകത്തെ തിരുമനസ്സിലെക്കു കാണിച്ചതു.

സീതാ—(സന്തോഷത്തോടുകൂടി) തോഴി അനലേ! ഹനുമാൻ സമുദ്രലംഘനംചെയ്യുന്നു എന്നു കേൾക്കുന്നു. അതിനാൽ നോം അശോകവനത്തിൽ തന്നെ ചെല്ലുക. (എന്നു രണ്ടുപേരുംപോയി)

രാവണൻ—മഹാപാൎശ്വ! എന്നാൽ ഞാൻ പരിജനങ്ങളോടിങ്ങിനെ കല്പിക്കുന്നു.

* വററിക്കട്ടേജലത്തെക്കപിബലവഴിയിൽകാച്ചു
നില്ക്കുന്നവൃക്ഷം
മുററുംഛേദിച്ചിടട്ടേമതിലതിവലുതായ്
മുള്ളിനാൽതീൎത്തിടട്ടെ।
കാററിൻപുത്രൻകടപ്പാനിഹപഴുതരുതെ-
ന്നോതണംലങ്കയോടും
ചെററാലോചിച്ചിടാംഞാൻസചിവരൊടിനി
വേണ്ടുന്നകാൎയ്യത്തെയിപ്പോൾ॥ (൧൨)

(എന്നു മഹാപാൎശ്വനോടുകൂടി പോയി)

* ഇങ്ങിനെ ആറാമങ്കം. *

ജാനകീപരിണയം.

മലയാളനാടകം.

ഏഴാമങ്കം

(അനന്തരം ശൂൎപ്പണഖാ പ്രവേശിക്കുന്നു)

ശൂൎപ്പണഖാ—(മാറത്തടിച്ചു കരഞ്ഞുകൊണ്ടു) അയ്യോ: ആൎയ്യദശഗ്രീവ! അയ്യോ: ആൎയ്യകുംഭകൎണ്ണ! ഉണ്ണി: മേഘനാദ! നിങ്ങൾ ഇഹലോകത്തെ വെടിഞ്ഞുപോയൊ, അയ്യോ: അതികായ! അയ്യോ: ത്രിശിരസ്സെ! അയ്യോ: ദേവാന്തക! അയ്യോ: നരാന്തക! അയ്യോ: കുംഭ! നികുംഭ! നിങ്ങളും അക്ഷകുമാരനെന്നപോലെ കഥാശേഷന്മാരായിതീൎന്നുവൊ, അയ്യോ: ഭാഗ്യഹീനയായ ഞാനെന്തുചെയ്യേണ്ടു, ഇപ്പോൾ ഈ ദുഃഖത്താൽ എന്റെ ഹൃദയം മുമ്പെ ഹനുമാന്റെ വാലാഗ്രത്തിൽനിന്നു പകൎന്ന വഹ്നിയാൽ ലങ്കാപുരത്തിലുള്ള ഗൃഹസമൂഹമെന്നപോലെ ദഹിക്കുന്നു, (കോപത്തോടുകൂടി) അതിനാലിപ്പോൾ രാക്ഷസവംശത്തിന്നു കാളരാത്രികളായ ആ ക്ഷത്രിയകുട്ടികളെ ഞാൻ സ്ത്രീയെന്നിരിക്കിലും എന്റെ ശക്തിക്കു തക്കവണ്ണം ഉപദ്രവിക്കുവാൻ യത്നിക്കുന്നുണ്ടു. (മുൻഭാഗത്തുനോക്കീട്ടു) ഇവിടെ കുമാരവിഭീഷണന്റെ മന്ത്രിയായ സമ്പാതി പുഷ്പകവിമാനത്തെ കൊണ്ടുവന്നു സുഗ്രീവന്റെ കൂടാരത്തിനകത്തുചെന്നു വസിക്കുന്നുവൊ, ഇവനാണെല്ലൊ കുമാരവിഭീഷണന്നു ശത്രുപക്ഷത്തിൽ പ്രവേശിപ്പാനുത്സാഹത്തെ ഉണ്ടാക്കിത്തീൎത്തു, ലങ്കാപുരത്തെ നശിപ്പിച്ചതു, കുമാരവിഭീഷണന്നു രാജ്യം ലഭിച്ചതുകൊണ്ടു ഇനിക്ക സന്തോഷമില്ല. എന്തുകൊണ്ടെന്നാൽ അവൻ രാക്ഷസകുലത്തിന്നു വിരുദ്ധമായ കാൎയ്യത്തെയാണു നിത്യവും അനുഷ്ഠിക്കുന്നതു.

(അനന്തരം സമ്പാതി പ്രവേശിക്കുന്നു.)

സമ്പാതി—(ആശ്ചൎയ്യത്തോടുകൂടി)

* എന്തോതേണ്ടു രഘൂത്തമന്റെ ബലമീവാരാശിയിൽ സേതുവെ
ബന്ധിച്ചാവഴി വന്നു കൊന്നു തരസാ പോരിൽ ദശഗ്രീവനെ ।
എന്തോതേണ്ടു സമാശ്രിതേ കൃപയെ മുൻ സംശ്രുത്യ നൽകീടിനാ-
നന്തേ വന്ന വിഭീഷണന്നു ദയയാ ലങ്കാധിപത്യത്തെയും ॥ (൧)

(പാൎശ്വഭാഗത്തിലായി ദൂരത്തിൽ നോക്കീട്ട)

ഇതാ ശൂൎപ്പണഖാ വ്യാകുലപ്പെട്ടിരിക്കുന്നവൾപോലെ കാണപ്പെടുന്നു. ദുഷ്ടയായ ഇവൾക്കു ധൎമ്മാത്മാവായ വിഭീഷണന്നു രാജ്യം ലഭിച്ചതു സമ്മതമല്ല. അതുകൊണ്ടായിരിക്കാം ഇവൾ ഇങ്ങിനെയിരിക്കുന്നത, ഇരിക്കട്ടെ ചോദിക്കാം. ഹേ: ശൂൎപ്പണഖേ! നീ എന്തുകൊണ്ടാണ വ്യാകുലപ്പെട്ടവൾപോലെയിരിക്കുന്നത?

ശൂൎപ്പണഖാ—[ആത്മഗതം] സ്വജനങ്ങളെല്ലാം മരിച്ചിട്ടും നീ ജീവിച്ചിരിക്കുന്നുവെല്ലൊ അതുകൊണ്ടുതന്നെ. [പ്രകാശം] ലങ്കേശ്വരനെ ജയിച്ചു ഭൎത്താവിനെ ദൎശിപ്പാനായി ജാനകിയെ വിളിച്ചുകൊണ്ടുപോകുമ്പോൾ അഭിമുഖമായിട്ടുചെന്നായെന്നെ മൂക്കില്ലാത്തവൾ എന്നു പറഞ്ഞ, വെള്ളിത്തടിക്കാർ ദൂരത്തിലോടിച്ചു.

സമ്പാതി — ശരിതന്നെ നീ മുറിമൂക്കിയല്ലെ, അതുകൊണ്ടാണ ഓടിച്ചത, നിമിത്തജ്ഞന്മാരിങ്ങിനെ പറയുന്നുണ്ടെല്ലൊ, "യാത്ര പുറപ്പെടുന്നവൻ നേരിട്ട മൂക്കില്ലാത്ത മുഖം കാണുന്നത, വരാനിരിക്കുന്ന ദുഃഖത്തിൻെറ സൂചകമാണ" എന്ന, അതുകൊണ്ട ന്യായമായപ്രവൃത്തിയിങ്കൽ നീ എന്തിനിങ്ങിനെ ദുഃഖിക്കുന്നു നിന്നെ കണ്ടതിനാൽതന്നെയാണ, ചന്ദ്രനെക്കാണ്മാൻ ചകോരിയെന്നപോലെ ബഹുകാലമായി ഭൎത്താവിനെ കാണ്മാൻ കൊതിച്ചിരിക്കുന്ന ആ ജാനകി ദൎശനസമയത്തിങ്കൽ ആ രാമമഹാരാജാവിൻെറ പരുഷവാക്കുകെട്ടിട്ട അഗ്നിയിൽ പ്രവേശിച്ചത, പിന്നെ അഗ്നിഭഗവാൻ "ഇവൾ പരിശുദ്ധയാണ" എന്നുപറഞ്ഞ ആ ജാനകിയെ ശ്രീമാനായ അദ്ദേഹത്തിന്ന കൊടുക്കുകയും ചെയ്തു.

ശൂൎപ്പണഖാ—ആകട്ടെ, ആ രാമദേവനിപ്പോൾ എന്തുചെയ്വാൻ വിചാരിക്കുന്നു?

സമ്പാതി—മറെറന്താണ.

* പൌലസ്ത്യന്തന്നെയുദ്ധേകരിയെഹരികണക്കാശ്ശുകൊന്നിട്ടുവഹ്നി
ജ്വാലത്താൽസ്വച്ഛയാം ഭൂമകളെയുമഥപൊൻ ഭൂഷയെപ്പോൽ വ
[ഹിച്ചു।]

ശൂൎപ്പണഖാ—[ആത്മഗതം] ദൈവം അവന്നിപ്പോൾ ആവിധം അനുകൂലമാണ. രാവണന്നു പ്രതികൂലവുമാണ. അതുകൊണ്ട ഞാനെന്തുചെയ്വാൻ കഴിയും. [പ്രകാശം] പിന്നെയൊ.

സമ്പാതി—

* ചാലേസൈന്യങ്ങളോട്ടംസ്വപുരമതിൽവിമാനേനപോവാനൊരുച്ചി
ക്കാലംസന്ദേശമോതാൻഭരതനൊടുഹനൂമാനെമുമ്പേവിടുന്നു॥ (൨)

(എന്ന പറഞ്ഞിട്ട പോയി)

ശൂൎപ്പണഖാ—(ആലോചിച്ച്) ഹനൂമാൻ ചെന്ന ഭരതനോട സന്ദേശത്തെ അറിയിക്കുന്നതിന്നുമുമ്പേതന്നെ ഞാൻ താപസീവേഷംധരിച്ചുചെന്ന ആ ഭരതനും ശത്രുഘ്നനും കേട്ടമാത്രത്തിൽ പ്രാണനെ കളയത്തക്കവണ്ണം ഒരു അനിഷ്ടവൎത്തമാനത്തെ അവരോടുപറയുന്നുണ്ട. എന്നാൽ രാമൻ എൻെറരണ്ടുസോദരന്മാരെകൊന്നതിന്നു അത ഒരു പ്രതിക്രിയയായി ഭവിക്കും. (എന്ന പോയി.)

ഇങ്ങിനെ പൂൎവ്വാംഗം

(അനന്തരം ശത്രുഘ്നനോടുകൂടി ഭരതൻ പ്രവേശിക്കുന്നു)

ഭരതൻ— ഉണ്ണി ശത്രുഘ്ന!

* എന്നാൎയ്യൻഭാൎയ്യയെക്കട്ടൊരുനിശിചരനെസ്സംഹരിച്ചീടുവാനായ്
തന്നേസൌവീരമദ്രദ്രവിഡമഗധനാഥാദിധാത്രീശവരന്മാർ।
വന്നിട്ടുണ്ടിപ്പുരത്തിൽപരിചൊടു മമവാക്യത്തിനാൽസാദരംനീ
നന്നായ്യേണ്ടുന്നപോലിന്നവരെയുപചരിച്ചീടണംശ്രദ്ധയോടും॥

ഞാനും അവർ കൊണ്ടുവന്നിട്ടുള്ള കാഴ്ചദ്രവ്യങ്ങളെ മഹാവിശിഷ്ടകളായും സാകേതരാജ്യത്തെ രക്ഷിക്കുന്നവയായുമുള്ള ജ്യേഷ്ഠപാദുകകളുടെ സന്നിധിയിൽ ബോധിപ്പിച്ച ഭണ്ഡാഗാരത്തിൽ സ്ഥാപിക്കാം.

ശത്രുഘ്നൻ—ജ്യേഷ്ഠ! അങ്ങയുടെ കല്പനയാൽ ഞാൻ രാജാക്കന്മാരെ മുമ്പേതന്നെ ഉപചരിച്ചിരിക്കുന്നു അങ്ങും അവർ കൊണ്ടുവന്നിട്ടുള്ള കാഴ്ചദ്രവ്യങ്ങളെ ജ്യേഷ്ഠപാദുകകളുടെ സന്നിധിയിൽബോധിപ്പിച്ച മുമ്പേതന്നെ ഭണ്ഡാഗാരത്തിൽ സ്ഥാപിച്ചുമിരിക്കുന്നു. പിന്നെയെന്താണിങ്ങിനെ രണ്ടാമതും കല്പിക്കുന്നത?

ഭരതൻ—ആഃ ഞാനിപ്പോൾ ഓൎക്കുന്നുണ്ട, എന്നാൽ-

* എന്നാൎയ്യൻതൻപ്രിയതനയനാംജ്യേഷ്ഠനെക്കാണ്മതിന്നാ
യെന്നുണ്ടാകുംകഴിവിതിസദാചിന്തയാവാൎദ്ധക്യമൂലം।
തോന്നുന്നില്ലെൻമനമതിലഹോചെയ്തകൃത്യങ്ങളൊന്നും
നന്നായെല്ലാക്രിയകളിലുമൊന്നോൎമ്മവെക്കേണമേനീ॥ (൪)

ശത്രുഘ്നൻ—അങ്ങിനെതന്നേ ചെയ്തുകൊള്ളാം.

ഭരതൻ—(അനുസ്മരണത്തോടും വ്യസനത്തോടുംകൂടി)
ഉണ്ണി: ശത്രുഘ്ന!

* നീലംശീൎഷേജടകെട്ടരയിലപിമരത്തോൽനവീനംജപിപ്പാൻ
മാലാഹസ്തത്തിലോറംവപുഷിചതപസാശോഭയുംപൂണ്ടുകൊണ്ടും
ചാലേപൃത്ഥൻപുലിത്തോലുടജമതിൽവിരിച്ചങ്ങുവാണീടുമാൎയ്യൻ
കോലംകണ്ടേനുരാഞാൻവനമതിലതുചിത്തത്തിലുണ്ടിന്നുമെൻെറ

ശത്രുഘ്നൻ—(ഗൽഗദത്തോടുകൂടി) സാർവ്വഭൌമന്റെ പ്രഥമ പുത്രനായി മഹാനുഭാവനായിരിക്കുന്ന ജ്യേഷ്ഠന്ന അപ്രകാരം ദൈവത്താൽ സംഭവിച്ച ആ അവസ്ഥയെ ആൎക്ക മറക്കുവാൻ കഴിയും.

ഭരതൻ—(വ്യസനത്തോടുകൂടി)

* മുള്ളുംകീടങ്ങൾകല്ലുള്ളടവിയിൽഗമനം
കച്ചൊരിഞ്ഞുംചവൎത്തും
കൊള്ളാതേററംപുളിക്കുംമരഫലമശനം
മണ്ണുതന്നേകിടക്ക ।
വെള്ളംപിന്നെക്കുടിപ്പാൻമരയിലകൾകൊഴി-
ഞ്ഞങ്ങളിഞ്ഞുള്ളതെല്ലൊ
കൊള്ളാമയ്യോയിതെല്ലാംത്രിഭുവനപതിയാം
ജ്യേഷ്ഠനോസംഭവിച്ചു ॥ (൩)

(എന്നു മോഹിക്കുന്നു)

ശത്രുഘ്നൻ—ആൎയ്യ! ആശ്വസിക്കു: ആശ്വസിക്കു: ജ്യേഷ്ഠന്റെ ആ അവസ്ഥ വിചാരിച്ചുകൂടാത്തതാണു,

ഭരതൻ— (ആശ്വസിച്ചു) എങ്ങിനെ വിചാരിക്കാതിരിക്കും ?

* കെട്ടിപ്പേറുന്നകഷ്ടംജടകളെമകുടംചാൎത്തുവാനുള്ളശീഷേ
കെട്ടുന്നുപട്ടുടുക്കേണ്ടരയിലപിമരത്തോലിനെക്കഷ്ടമോൎത്താൽ ।
മട്ടോലുംവാണിയാംഭ്രമകളൊടുമൊരുമിച്ചങ്ങിനേരത്നസൌധ
ത്തട്ടിൽജ്യേഷ്ഠൻവസിക്കാതനുദിനമുടജത്തിങ്കൽവാഴുന്നകഷ്ടം॥

കഷ്ടം കഷ്ടം ! എന്റെ വജ്രമയമായ ഹൃദയം സഹസ്രധാ പൊട്ടിത്തെറിക്കുന്നില്ലല്ലൊ. (കരഞ്ഞുതൊണ്ടവിറച്ചുകൊണ്ടു)

* നാണംവിട്ടതിഗൃദ്ധ്രമായ്നിശിചരൻതാൻകൊണ്ടുചെന്നീടിനോ
രേണാക്ഷീക്ഷിതിജാമരിക്കുമഥവാ ജീവിച്ചിരുന്നീടുകിൽ ।
കാണാഞ്ഞുംസ്വജനത്തെമാൽകലവതിന്നാളാരു മില്ലാതെയും
കേണുംകണ്ണിണവീങ്ങിയങ്ങിനെകരഞ്ഞീടാതിരുന്നീടുമോ ॥ (൪)

ശത്രുഘ്നൻ—ആൎയ്യ! ദൈവത്തിന്റെ ദുൎവ്വിലാസം ഈ വിധമായിരിക്കുമ്പോൾ നോമെന്തുചെയ്യുന്നു.

ഭരതൻ—അഹോ കഷ്ടം കഷ്ടം !

* ഹരിച്ചീടിനാൻസീതയെപ്പാപിയെന്നാൽ
സ്മരിക്കുംതദീയംഗുണംമററനേകം ।
ഇരിക്കട്ടെശീലാഭിരൂപ്യങ്ങളോൎത്താൽ
മരിച്ചീടുമേധീരനെന്നാലുമാൎയ്യൻ ॥ (൫)

അതിനാലിപ്പോൾ ഭാഗ്യഹീനനായ ഞാനെന്തു ചെയ്യേണ്ടു.

ശത്രുഘ്നൻ— ജ്യേഷ്ഠ! ധൈൎയ്യത്തെ സ്വീകരിക്കുക: രാജാക്ക

ന്മാരെ അവരവരുടെ രാജ്യങ്ങളിലെക്ക അയയ്ക്കയല്ലെ?

ഭരതൻ—(ആലോചിച്ച) ഒരുവിധമായിട്ടാരംഭിച്ചകാൎയ്യത്തെ മറെറാരുവിധം പ്രവൃത്തിപ്പാൻ വിചാരിക്കുന്നതെന്താണ? ഞാനിപ്പോൾ ശത്രുവിനെ സംഹരിപ്പാനായി ഈ രാജാക്കന്മാരെ കൂട്ടിക്കൊണ്ട ജ്യേഷ്ഠന്റെ സന്നിധിയിൽ ചെല്ലുന്നുണ്ട.

ശത്രുഘ്നൻ—ആ ജ്യേഷ്ഠന്റെ വൎത്തമാനത്തെ ജ്യേഷ്ഠൻ കേട്ടില്ലെ?

ഭരതൻ—അതെന്താണ?

ശത്രുഘ്നൻ—നിഷാദാധിപതിയായ ഗുഹൻ പത്രിക അയച്ചിട്ടുണ്ട.

ഭരതൻ—ഞാൻ മുമ്പെ ഗുഹനോട പറഞ്ഞിട്ടുണ്ടായിരുന്നു വനസഞ്ചാരികളായ സ്വജനങ്ങളെ ദണ്ഡകാരണ്യത്തിലയച്ച ജ്യേഷ്ഠന്റെ വൎത്തമാനത്തെ അറിയെണമെന്ന അതുകൊണ്ടുതന്നെയാണ മുമ്പെ ഗുഹൻ മായാമൃഗം രൂപംകൊണ്ടും വാക്കുകൊണ്ടും ജ്യേഷ്ഠനേയും ലക്ഷ്മണനേയും മോഹിപ്പിച്ച ദൂരത്തിലാക്കിയ സമയത്തിൽ രാക്ഷസൻ ഭിക്ഷുവേഷം ധരിച്ച സീതാദേവിയെ അപഹരിച്ചു, എന്ന ഇനിക്ക അറിയിച്ചത, എന്നാലിപ്പോൾ പത്രികയിൽ എഴുതിയിരിക്കുന്നതെന്താണ?

ശത്രുഘ്നൻ—ലക്ഷ്മണൻമാത്രം സഹായമുള്ള ജ്യേഷ്ഠന്ന ഇപ്പോൾ വേറെസഹായം ആവശ്യമില്ല. എന്തുകൊണ്ടെന്നാൽ ശത്രുക്കളെക്കൊന്ന, ദേവിയെ വീണ്ടുകൊണ്ടുവരുവാൻ സൈന്യസമേതനായ സുഗ്രീവനെ സഹായമായിട്ട ലഭിച്ചു. അതുകൊണ്ടാണ, രാജാക്കന്മാരെ അവരുടെ രാജ്യങ്ങളിലെക്ക അയക്കാം എന്ന ഞാനിപ്പോൾ ഉണൎത്തിച്ചത.

ഭരതൻ—സുഗ്രീവനെന്നത ആരാണ? എങ്ങിനെ അവനെ സഹായമായിട്ട ലഭിച്ചു?

ശത്രുഘ്നൻ—കിഷ്കിന്ധാധിപനായി വാനരകുലചക്രവൎത്തിയായ ബാലിയുടെ അനുജനാണ സുഗ്രീവൻ. ജ്യേഷ്ഠൻ ബാലിയെ സംഹരിച്ചു, സുഗ്രീവനെ രാജാവാക്കിയതുകൊണ്ട അവൻ ജ്യേഷ്ഠന്ന സഹായമായിതീൎന്നു ചുരുക്കമായിട്ടുള്ള ഈ എഴുത്തിലെ വാചകംകേട്ടാലും.

ഭരതൻ—എങ്ങിനെയാണ?

ശത്രുഘ്നൻ—

* ശ്രീരാമൻബാലിയെക്കൊന്നടലിലനുജനാമക്കപുത്രന്നുരാജ്യം
പാരാതേകിസ്സഹൃത്താമവനുടെഭടരാൽജാനകീചോരവാസം।
ആരാഞ്ഞെങ്ങുംധരിച്ചിട്ടതിജവമവിടെച്ചെന്നുചുററുംവളഞ്ഞാൻ
വാരാശൌസേതുബന്ധിച്ചതുവഴികപിസൈന്യങ്ങളോടൊത്തിദാനീം

എന്ന,

ഭരതൻ—(ആലോചിച്ച) ഉണ്ണി! ഇത ശരിയായിരിക്കാം. എന്നുകൊണ്ടെന്നാൽ ഒരു ദിവസം ആശ്ചയ്യപ്പെട്ടുകൊണ്ട അന്യോന്യം സംസാരിക്കുന്നദേവന്മാരുടെ വാക്കിനെ ഞാൻ കേൾക്കുകയുണ്ടായി

ശത്രുഘ്നൻ—ആ വാക്കെന്താണ?

ഭരതൻ— * "തന്നുടെമകനാംബാലിയെ
മന്നവനുടെപുത്രനാശുകൊന്നിട്ടും ।
തന്നുടെകാൎയ്യാപേക്ഷയ-
തൊന്നോൎത്തിന്ദ്രനുഖേദമില്ലേതും" ॥ (൧൧) എന്ന,

ശത്രുഘ്നൻ—എന്നാൽ ഇന്ദ്രന്റെ പുത്രനായിരിക്കാം ബാലി. പിന്നെ അദ്ദേഹത്തിന്ന കാൎയ്യസാദ്ധ്യമെന്താണെന്ന അറിയുന്നില്ല.

ഭരതൻ—ഉണ്ണി! അവർ പറഞ്ഞത വേറെ ചിലതുകൂടി ഞാൻ കേട്ടിട്ടുണ്ട.

ശത്രുഘ്നൻ—അതിനേയും ജ്യേഷ്ഠൻ ഇനിക്ക അനുഗ്രഹിക്കണം.

ഭരതൻ— * "പണ്ടിതുകേട്ടതുമില്ലേ
കണ്ടതുമില്ലീവിധംഭുവനേ ।
കണ്ടുള്ളംബുധിയിൽചിറ
യുണ്ടാക്കകനൂറുയോജനത്തോളം" ॥ (൧൨) എന്ന,

ശത്രുഘ്നൻ—ജ്യേഷ്ഠ! എന്നാൽ അതിൽപിന്നെ വാനരന്മാരും രാക്ഷസന്മാരും തമ്മിൽ യുദ്ധം തുടങ്ങിയിരിക്കുമെന്നും ഞാൻ വിചാരിക്കുന്നു. എന്തുകൊണ്ടെന്നാൽ ഒരു ദിവസത്തിൽ കൊടുങ്കാററുണ്ടായതിനെക്കുറിച്ച "ഈ കാററ രാജ്യത്തിന്ന ആപൽകരമാണ" എന്ന ഞാൻ വിചാരിച്ച, അതിന്നുള്ള പ്രതിവിധിയെ ചോദിച്ച അറിവാനായി ആൎയ്യരാമ പ്രിയസഖനായ പിംഗളനെ ശ്രീവസിഷ്ഠ മഹൎഷിയുടെ ആശ്രമത്തിലെക്ക അയച്ചപ്പോൾ അദ്ദേഹം ആ പിംഗളൻ മുഖാന്തരം മറുപടി അരുൾചെയ്തയച്ചു.

ഭരതൻ—എങ്ങിനെയാണ ?

ശത്രുഘ്നൻ—* "ഒന്നിച്ചുലങ്കയിൽനിശാചരമക്കടന്മാ
രിന്നേററുചെയ്യുമമർകാണ്മതിനംബരേണ ।
ചെന്നാശുപോന്നഗരുഡൻചിറകിങ്കൽനിന്നു
വന്നുള്ളകാററിഹപരന്നതുഭൂവിലേവം॥(൧൩)

അതിനാൽ ആപൽക്കരമായ കാററാണിത എന്നു വിചാരിച്ച ഉണ്ണി ഭയപ്പെടേണ്ട" എന്ന

(അണിയറയിൽ)

* നല്ലോരുബന്ധുക്കൾ നശിക്കയാലും
ചൊല്ലാൎന്നശത്രുക്കൾജയിക്കയാലും ।
വല്ലാതെ ഖേദിച്ചുതപസ്സുചെയ്വാൻ
ചെല്ലുന്നുഞാനിന്നുഹിമാചലത്തിൽ ॥ (൧൪)

ഭരതൻ—(കേട്ടിട്ട) യുദ്ധംചെയ്യുന്ന ചിലരുടെ ജയത്തേയും പരാജയത്തേയും പ്രസ്താവിക്കുന്ന ഒരു വൃദ്ധതാപസിയെന്ന പോലെ കാണപ്പെടുന്ന ഈ സ്ത്രീ ആരാണ?

(അനന്തരം വൃദ്ധതാപസിവേഷംധരിച്ച ശൂൎപ്പണഖാ പ്രവേശിക്കുന്നു)

ശൂൎപ്പണഖാ—"നല്ലോരു ബന്ധുക്കൾ—"

(എന്ന ശ്ലോകത്തെ പിന്നെയും പറയുന്നു)

ഭരതൻ—ഉണ്ണി! ഈ സ്ത്രീ ആരാണ എവിടെനിന്ന വരുന്നു എന്ന ചോദിക്കു: ഒരുസമയം ഇവളുടെ മുഖത്തിൽനിന്ന ജ്യേഷ്ഠന്റെ യുദ്ധവൎത്തമാനം അറിവാൻ സംഗതിവന്നേക്കാം.

ശത്രുഘ്നൻ— ജ്യേഷ്ഠ! അങ്ങിനെയാകട്ടെ. (ശൂൎപ്പണഖയെ കുറിച്ച) ഹേതാപസി! ഭവതി ആരാണ? എവിടെനിന്നുവരുന്നു?

ശൂൎപ്പണഖാ—(ശത്രുഘ്നനെ കണ്ടുഭയത്തോടുകൂടി) [ആത്മഗതം] എന്റെ മൂക്കും കാതുകളും ഛേദിച്ച ക്ഷത്രിയക്കുട്ടി ഇവിടെയും വന്നുവൊ, (നല്ലവണ്ണം നോക്കീട്ട) ഇവൻ ലക്ഷ്മണനല്ല, ലക്ഷ്മണനോടൊത്ത രൂപമുള്ളഇവൻ അവന്റെ അനുജനായ ശത്രുഘ്നനായിരിക്കണം (കൈകൊണ്ടുമൂക്കിനെതപ്പീട്ട) താപസീവേഷം ധരിച്ചിട്ടുള്ള ഇനിക്കിപ്പോൾ നാസികയുണ്ടായിരിക്കുന്നു.

* അതിനാൽമമ മൂക്കിൽമുട്ടിയി-
ന്നതിയായ് ദൂഷിതവൎണ്ണമുക്തിയിൽ ।
ശ്രുതമാവതിനുംതഥാഹസി-
പ്പതിനുംശക്യമതല്ലിവന്നഹോ॥ (൧൫)

[പ്രകാശം] അങ്ങെന്താണ ചോദിച്ചത?

ശത്രുഘ്നൻ—ഞാൻ ചോദിച്ചില്ലെ ഭവതി ആരാണ എവിടെനിന്ന വരുന്നുഎന്ന,

ശൂൎപ്പണഖാ—[ആത്മഗതം] ഞാൻ രാവണന്റെ സോദരിയാണ, ലങ്കാധിപത്തിൽ നിന്നാണ വരുന്നത. [പ്രകാശം] (ദീൎഘശ്വാസംകൊണ്ട വ്യസനത്തെനടിച്ച) എവളോ ഒരുത്തി എവിടെനിന്നോ വരുന്നു എന്ന ധരിച്ചുകൊൾക.

ഭരതൻ—[ആത്മഗതം] ഈ സ്ത്രീ താപസിയായിരിക്കുന്നതു കൊണ്ട നിശ്ചയമായിട്ടും രാക്ഷസന്മാരിൽ സ്നേഹമുള്ളവളായിരി

ക്കയില്ല. എന്നുമാത്രമല്ല ഇവൾ വ്യസനയുക്തയായിട്ടും കാണപ്പെടുന്നു അതിനാൽ ജ്യേഷ്ഠനൊ ലക്ഷ്മണനൊ ക്ഷേമം ദുല്ലഭമായിരിക്കുമെന്നു തോന്നുന്നു. അല്ലെങ്കിൽ ഈ സ്ത്രീ വേറെവല്ല കാരണത്താലുമായിരിക്കാം വ്യസനിക്കുന്നത [പ്രകാശം] ഹേ താപസി! ഭവതിയുടെ പേരെന്താണ?

ശൂൎപ്പണഖാ—[ആത്മഗതം] ഇവന്റെ രൂപവും എവനെകുറിച്ചു ഞാൻ കാമിച്ചതിന്നു നാസികാഛേദം മാത്രം ഫലമായിട്ടു തീൎന്നുവൊ ആ ക്ഷത്രിയകുമാരന്റെ രൂപത്തോടൊത്തിരിക്കുന്നു. അതിനാൽ ഇവൻ ഭരതനായിരിക്കണം. ഇവനിൽ ശത്രുഘ്നൻ വിനയമുള്ളവനായുമിരിക്കുന്നു [പ്രകാശം] ഭദ്ര! അങ്ങെന്താണ പറഞ്ഞത?

ശത്രുഘ്നൻ—ഭവതിയുടെ പേരെന്താണെന്ന ജ്യേഷ്ഠൻ ചോദിക്കുന്നു.

ശൂൎപ്പണഖാ—[ആത്മഗതം] ഇനിക്കു ജന്മസിദ്ധമായ പേര ശൂൎപ്പണഖയെന്നും കൎമ്മസിദ്ധമായ പേര മുറിമൂക്കിയെന്നുമാണ, [പ്രകാശം] പുലസ്ത്യവംശത്തിൽ ജനിച്ചതു കൊണ്ടു എന്നിലേററവും വാത്സല്യമുള്ള ഋശ്യമൂകപൎവ്വതവാസികളായ മുനികൾ എന്നെ "പൎണ്ണാദിനി" എന്നു വിളിക്കും.

ഭരതൻ—എന്നാൽ ഈ വാക്കുകൊണ്ടു ഭവതി പുലസ്ത്യവംശത്തിൽ ജനിച്ചവളാണെന്നും ഋശ്യമൂക പൎവ്വതത്തിൽ നിന്നാണ വരുന്നത എന്നും ഞാൻ വിചാരിക്കുന്നു.

ശൂൎപ്പണഖാ—അതെ.

ശത്രുഘ്നൻ—ഭവതി രാക്ഷസിയാണൊ?

ശൂൎപ്പണഖാ—[ആത്മഗതം] ഇതു ആരോടെങ്കിലും ചോദിക്കേണമൊ [പ്രകാശം] (കോപത്തോടുകൂടി) പുലസ്ത്യവംശത്തിൽ ജനിച്ചതുകൊണ്ടു മാത്രം രാക്ഷസിയായിരിക്കേണമെന്നുണ്ടൊ?

ഭരതൻ— ഉണ്ണി! താപസിക്കു കോപമുണ്ടാകേണ്ട: പുലസ്ത്യവംശത്തിൽജനിച്ച വിശ്രവസ്സാകട്ടെ വൈശ്രവണനാകട്ടെ രാക്ഷസജാതിയല്ലല്ലൊ.

ശൂൎപ്പണഖാ—[ആത്മഗതം] വിഭീഷണഹതകനും അങ്ങിനെ തന്നെ. [പ്രകാശം] ഭദ്രൻ പറഞ്ഞത ശരിയാണ,

ഭരതൻ—എന്തുകൊണ്ടാണ ഭവതി വ്യസനിക്കുന്നവൾ പോലെ കാണപ്പെടുന്നത?

ശൂൎപ്പണഖാ—എന്നാൽ കേൾക്കു: (നഷ്ടോരുബന്ധുക്കൾ എന്ന ശ്ലോകത്തെ പിന്നെയും പറയുന്നു.)

ശത്രുഘ്നൻ—ഭവതിയുടെബന്ധുക്കളാരാണ? ശത്രുക്കളാരാണ?

ശൂൎപ്പണഖാ—[ആത്മഗതം] രാക്ഷസന്മാരാണ ബന്ധുക്കൾ, വാനരന്മാരാണ ശത്രുക്കൾ, [പ്രകാശം] വാനരന്മാരാണ ബന്ധുക്കൾ, രാക്ഷസന്മാരാണ ശത്രുക്കൾ,

ഭരതൻ—[ആത്മഗതം] (ശങ്കയോടുകൂടി) ജ്യേഷ്ഠൻെറ സഹായികൾക്ക ആപത്ത വന്നു എന്നുള്ളത ഭയങ്കരമായിട്ടിരിക്കുന്നു. [പ്രകാശം]ഹേ:പൎണ്ണാഡിനി! ഭവതിയുടെവാസം ഋശ്യമൂകപൎവ്വതത്തിലാണെന്നല്ലെ പറഞ്ഞത, അവിടെവെച്ച അവർ തമ്മിൽ യുദ്ധം സംഭവിച്ചുവൊ?

ശൂൎപ്പണഖാ—ഇല്ല ഇല്ല ലങ്കാദ്വീപത്തിൽവെച്ചാണ യുദ്ധം സംഭവിച്ചത.

ഭരതൻ—ഇത യോജിപ്പായിരിക്കുന്നു.

ശത്രുഘ്നൻ—ഇതെങ്ങിനെയാണ ഭവതി അറിഞ്ഞത?

ശൂൎപ്പണഖാ—കിഷ്കിന്ധയെന്നുപേരായ ഒരു ഗുഹയില്ലെ.

ശത്രുഘ്നൻ—ഉണ്ട അതിനെയല്ലെ ബാലി പാലിക്കുന്നത,

ശൂൎപ്പണഖാ—ഇപ്പോൾ ബാലിയല്ല എന്നാൽ അവനെ കൊന്ന രഘുപുംഗവനായ രാമനാൽ രാജ്യത്തിങ്കൽ സ്ഥാപിക്കപ്പെട്ട സുഗ്രീവനാണ അതിനെ പാലിക്കുന്നത.

ശത്രുഘ്നൻ—ഇതും മനസ്സിലായിട്ടുണ്ട.

ശൂൎപ്പണഖാ—ആ ഗുഹയിൽ രുമയുടെ ധാത്രേയിയായും എൻെറ പ്രിയസഖിയായുമുള്ള ശംകുകൎണ്ണി എന്ന വാനരസ്ത്രീ, സ്വപതിയോടുകൂടി രുമാ അഗ്നിപ്രവേശം ചെയ്തതിനെക്കണ്ടിട്ട ദുസ്സഹമായ വ്യസനത്തോടുകൂടി ഋശ്യമൂകപൎവ്വതത്തിൽ എൻെറ സമീപത്തിൽ വന്നിരുന്നു. അവളാണ ഈ വൎത്തമാനത്തെ എന്നോട പറഞ്ഞത.

ഭരതൻ— (ആവേശത്തോടുകൂടി) "രുമാ" എന്നവൾ ആരാണ?

ശൂൎപ്പണഖാ—വാനരരാജാവായ സുഗ്രീവൻെറ പ്രധാന ഭാൎയ്യയാണ.

ശത്രുഘ്നൻ—(ആവേശത്തോടുകൂടി) സുഗ്രീവനെ രാക്ഷസന്മാർ സംഹരിച്ചുവൊ ?

ശൂൎപ്പണഖാ—(കണ്ണീരോടുകൂടിതൊണ്ടവിറച്ചുകൊണ്ട) അവനെ മാത്രമല്ല അവൻെറ മന്ത്രിയായ ഹനുമാനേയും ബാലിപുത്രനായും യുവരാജാവായുമിരിക്കുന്ന അംഗദനേയും മറ്റുള്ള സൈന്യങ്ങളേയും സംഹരിച്ചു.

ശത്രുഘ്നൻ—പൎണ്ണാഡിനി! അവിടെ ചെന്നിട്ടുള്ള സൂൎയ്യവംശ

ജാതന്മാരായ രാജകുമാരന്മാരുടെ സ്ഥിതിയെന്താണ ?

ശൂൎപ്പണഖാ—വേറെ എതുസ്ഥിതിയാണ ഭവിക്കുന്നത, മായാവികളായ രാക്ഷസന്മാരുടെ മുമ്പാകെ എളുപ്പത്തിലേതുസ്ഥിതി ഭവിക്കുമൊ അതുതന്നെ.

ശത്രുഘ്നൻ—(കണ്ണീരോടുകൂടി) ഭയങ്കരപ്രവൃത്തികൾക്കുതന്നെ പെട്ടിട്ടുള്ള ആ രാക്ഷസൻ അവരിലുംകൂടി എങ്ങിനെ മായയെ പ്രയോഗിച്ചു ?

ശൂൎപ്പണഖാ—എന്നാൽ കേൾക്കു!

* 'ജന്യംചെയ്യുന്നലങ്കാപുരമതിലിതികേട്ടാശുനിന്നെത്തുണപ്പാൻ
തന്നേസൈന്യങ്ങളാംഞങ്ങളെ ഭരതനൃപൻനാട്ടിൽനിന്നിങ്ങയച്ചു' ।
എന്നോതിച്ചെന്നവേഗാൽനിശയിലനുജനോടൊത്തുറങ്ങുന്നരാമൻ
തന്നെച്ചെയ്തക്കാർദശാസ്യൻഭടർനരവടിവായ്—

ഭരതശത്രുഘ്നന്മാർ—(ഉദ്വേഗത്തോടുകൂടി) എങ്ങിനെചെയ്തു? എങ്ങിനെചെയ്തു ?

ശൂൎപ്പണഖാ—(ആത്മഗതം)

* എന്നുടെസഹജന്മാരാ
കുംഭദശാസ്യംചകുംഭകൎണ്ണനെയും ।
കൊന്നവനുടെസോദരരാ
മിന്നിവരെക്കൊൽകതന്നെയൊരുവാക്കാൽ ॥ (൧൭)

[പ്രകാശം] * * * ജീവനില്ലാത്തവണ്ണം ॥ (൧൬)

ഭരതൻ—അയ്യോ: ആൎയ്യരാമ ! അയ്യോ ഉണ്ണിലക്ഷ്മണ !
(എന്ന മോഹിക്കുന്നു)

ശത്രുഘ്നൻ—അയ്യോ: ജ്യേഷ്ഠന്മാർ രണ്ടുപേരും ഈ വിധത്തിലായോ, (എന്ന മോഹിക്കുന്നു)

ശൂൎപ്പണഖാ—ഞാനിങ്ങിനെപറഞ്ഞത നിങ്ങൾക്ക അപ്രിയമായി തീൎന്നുവൊ നിങ്ങളാരാണ ? ആശ്വസിപ്പിൻ ആശ്വസിപ്പിൻ:

ഭരതശത്രുഘ്നന്മാർ—(ആശ്വസിച്ച) രണ്ടുപേരും ഇങ്ങിനെയായി തീൎന്നുവൊ ?

ശൂൎപ്പണഖാ—ഉവ്വ, അനന്തരം ഉറങ്ങിക്കിടക്കുന്ന സുഗ്രീവാദികളായ എന്റെ ബന്ധുക്കളേയും ശസ്ത്രപാണികളായ രാക്ഷസന്മാർ— (എന്ന പകുതി പറഞ്ഞ നിൎത്തീട്ട) ഞാൻ ചോദിക്കുന്നാവെല്ലൊ നിങ്ങളാരാണ, എന്ന,

ഭരതൻ—ശേഷവും മനസ്സിലായി 'സംഹരിച്ചു' എന്നല്ലെ

ശത്രുഘ്നൻ—ഇദ്ദേഹം ജ്യേഷ്ഠനായ ഭരതനാണ, ഞാൻ ഇദ്ദേഹത്തിന്റെ അനുജനായ ശത്രുഘ്നനാണ,

ശൂൎപ്പണഖാ—(ഉദ്വേഗത്തോടു കൂടിച്ചുകൊണ്ടു) രാമലക്ഷ്മണന്മാരുടെ സോദരന്മാരാണോ നിങ്ങൾ? അയ്യോ: ഞാൻ ചതിതന്നായി.

* ഉരചെയ്തിടൊല്ലെന്നു പിന്നെയെത്രസത്യമാ
യിരിക്കിലും സജ്ജനവാക്യമിവിധം ।
ധരിച്ചിരുന്നിട്ടുമിവണ്ണമിന്നു ഞാ
നരച്ചമൂലം നരകത്തിൽവീഴുമേ॥ (൧൮)

(എന്നു കരയുന്നു)

ഭരതൻ—ഭവതിക്കു ദോഷമെന്നുള്ള വേറെ ആരെങ്കിലും ഇതിനെ ഞങ്ങളോടു പറയാതിരിക്കയില്ലല്ലോ.

ശൂൎപ്പണഖാ—ഈ ശത്രുഘ്നൻ ചോദിച്ചപ്പോൾ നിങ്ങളുടെ സംബന്ധം അറിവില്ലാഞ്ഞതായാൽ ശങ്കകൂടാതെ എന്നോടു പറഞ്ഞതിനെ ഞാനും നിങ്ങളോടു പറഞ്ഞുപോയി.

ശത്രുഘ്നൻ—സീതാദേവിയുടെ വൃത്താന്തമെന്താണ?

ശൂൎപ്പണഖാ—ഞാനെന്തുപറയേണ്ടു.

* കട്ടിൽമേൽ മമനീകളിക്കസഖിയായ്‌വാഴ്കെന്നുരാത്രിഞ്ചരൻ
കട്ടിട്ടങ്ങുനിരുദ്ധയാമവളെനിർബ്ബന്ധിച്ചുവാഴുംവിധൌ ।
മട്ടോലുംമൊഴിരാമലക്ഷ്മണവധംപെട്ടെന്നുകേട്ടാളുടൻ
കെട്ടിത്തൂങ്ങിനഹോസ്വജീവനെജവംമോചിച്ചുദുഃഖത്തെയും (൧൯)

ശത്രുഘ്നൻ—(വ്യസനത്തോടുകൂടി) അയ്യോ ഇതെന്താണ വന്നുകൂടിയത,

* കാട്ടിൽപോകുവതിന്നുജാനകി! മരത്തോൽനീയെടുത്തഗ്രജൻ
കാട്ടിത്തന്നതുപോലുടുത്തതിനെമുൻകണ്ടപ്പൊൾവൃദ്ധമ്മമാർ ।
പെട്ടന്നങ്ങിനെപോമെന്നിവർകേട്ടാലിന്നതിഖിന്നയായ്
കെട്ടിത്തൂങ്ങി മരിച്ചുവാങ്ങനെസഹിച്ചീടുന്നമാലെങ്ങിനെ॥ (൨൦)

ഭരതൻ—ആര്യേ ജാനകി! ഭവതി കൃതാൎത്ഥയായി എന്തുകൊണ്ടെന്നാൽ ഭവതി കുലോചിതമായ പ്രവൃത്തിയെത്തന്നെ ആചരിച്ചു എന്നാൽ ഞാനിപ്പോൾ ചെയ്യേണ്ടതെന്താണെന്ന അറിയുന്നില്ല.

ശത്രുഘ്നൻ— * ചെന്നടലിൽശത്രുവെന്നാം
കൊന്നുടനേവൈരശാന്തിയെവരുത്താം ।

ശൂൎപ്പണഖാ—[ആത്മഗതം] ഇത മുമ്പേതന്നെ കഴിഞ്ഞിരിക്കുന്നു. [പ്രകാശം] * നന്നല്ലീവഴിനിങ്ങൾ-
ക്കിന്നതുണപ്പാനുമാരുമില്ലല്ലൊ॥ (൨൧)

ഭരതൻ—അഹോ കഷ്ടം! കഷ്ടം!

* കല്പംപോലൊരുമാത്രയങ്ങിനെപതിനാലാണ്ടുഞാൻപോക്കിനേൻ
കെല്പുള്ളഗ്രജനിങ്ങുവന്നിതതിൽനിന്നെത്തേണ്ടനാളിന്നുതാൻ।
തല്പാദാംബുജമിന്നുകാണ്മതിനിനിയ്ക്കുണ്ടാംമഹാഭാഗ്യമെ-
ന്നുൾപ്പൂവിൽകൊതിയുള്ളൊരെന്നുടെമഹാമോഹദ്രുമംഭഗ്നമായ്॥

(എന്നു മോഹിക്കുന്നു)

ശൂർപ്പണഖാ—[ആത്മഗതം] ഹേ ഭരത അങ്ങയുടെ മാത്രമല്ല സുന്ദരനായ അദ്ദേഹത്തിനെ കാമിച്ച എന്റെ മോഹദ്രുമവും മുറിഞ്ഞുപോയി വിശേഷിച്ച് നാസികയോടുകൂടിട്ടാണെന്നും ധരിച്ചുകൊൾക. [പ്രകാശം] ഉണ്ണി! ആശ്വസിക്കു: ആശ്വസിക്കു: ഇനിമേൽ രാമനെ എങ്ങിനെ കാണ്മാൻ കഴിയും.

ശത്രുഘ്നൻ—(ആഗ്രഹത്തോടും വ്യസനത്തോടുംകൂടി)

* കണ്ടാൽശാരദചന്ദ്രനൊത്തമുഖവുംരാജീവപത്രങ്ങൾപോൽ
നീണ്ടുള്ളീക്ഷണയുഗ്മവുംമരതകത്തൂണൊത്തബാഹുക്കളും।
തണ്ടാർമാതിനികേളിപത്മസമമാംജ്യേഷ്ഠന്റെ തൃപ്പാദവും
കണ്ടിടാനിഹഭാഗ്യമില്ലിനിയിനിക്കെന്നോർത്തുനില്പാകയാൽ॥൨൭

(എന്നു മോഹിക്കുന്നു)

ശൂർപ്പണഖാ—[ആത്മഗതം] ഞാനതെല്ലാം കണ്ടിട്ടും എന്റെ ആഗ്രഹത്തെ സഫലമാക്കുവാൻ കഴിഞ്ഞില്ല. [പ്രകാശം] ഉണ്ണി! ശത്രുഘ്ന! ആശ്വസിക്കു: ആശ്വസിക്കു: ഇദ്ദേഹത്തിനേയും ആശ്വസിപ്പിക്കു: അനന്തരം ഈ ദുഃഖശാന്തിക്കുള്ള ഉപായത്തെ ആലോചിക്കുക.

ഭരതൻ—(ആശ്വസിച്ചു)

* നീരാജ്യം കാത്തുകൊള്ളെന്നിതിയടികളെമുന്നിട്ടു
താതാജ്ഞയാൽചെ-
ന്നീരേഴാണ്ടങ്ങരണ്യേമരുവിധരണിയെപ്പിന്നെ
നിൻപ്രീതയേഞാൻ।
പാരംരക്ഷിപ്പനെന്നെന്നെയുമഴകൊടുലാളിച്ചു
ചെന്നുള്ളൊരാര്യൻ
പോരുന്നില്ലെങ്കിലിപ്പോൾവ്യസനമിതുസഹിക്കുന്നതി-
നെങ്ങിനേഞാൻ॥ (൨൮)

അതിനാൽ ഞാനിപ്പോൾ അഗ്നിപ്രവേശം ചെയ്യുന്നുണ്ട.

ശത്രുഘ്നൻ—(ആശ്വസിച്ചു) പിന്നെ മററുള്ളവന്റെ വ്യസനത്തിന്നു പ്രതിക്രിയ വേറെയെന്താണ്,

(ഭരതനെ നോക്കി കൈകൂപ്പിക്കൊണ്ട)

* ജ്യേഷ്ഠൻരാമൻജ്യേഷ്ഠസൌമിത്രിയെത്താൻ
കൂട്ടിക്കൊണ്ടങ്ങാവിധംപോയപോലെ।
പെട്ടന്നാശൌചാട്ടവാനോത്തിരിക്കും
ജ്യേഷ്ഠൻകൂട്ടിക്കൊണ്ടുപോകേണമെന്നെ॥ (൨൭)

ശൂർപ്പണഖാ—(സന്തോഷത്തോടുകൂടി) [ആത്മഗതം] ഇതിനായിട്ടാണെല്ലൊ ഈ പണി. [പ്രകാശം] ഉണ്ണിഭരത! അങ്ങയുടെ നിശ്ചയം നന്നായിരിക്കുന്നു. ഉണ്ണി ശത്രുഘ്ന! അങ്ങും പ്രതിക്രിയയെ ആലോചിച്ചത നല്ലതുതന്നെ. ഞാനും തപസ്സുചെയ്യാൻ പോകുന്നില്ല, എന്നാൽ-

* ഹാകഷ്ടമക്കതനയാദികൾ ചത്തമൂലം
ശോകംസഹിപ്പതിനിനിക്കുമഹാപ്രയാസം।
വൈകാതെഞാനുമതുകൊണ്ടനലേപതിപ്പാൻ
പോകുന്നനിങ്ങളുടെകൂടെവരുന്നനൂനം॥ (൨൮)

ഭരതൻ—അയ്യോ ഉണ്ണിലക്ഷ്മണ!

* അനാര്യഹൃത്താനുസരിച്ചേക്ഷമിച്ചുഹൃദി
താതപ്രവൃത്തിയെബലാ
ലെന്നംബതന്നെവധബന്ധിച്ചതില്ലടനകറ്റീല
മന്ഥരയെനീ।
ചെന്നുവനേപുരിയിൽനന്നാര്യനൊത്തടവിൽനി-
ന്നുമ്പ്രകൊൻപുരിയിലും
ചെന്നാര്യഭക്തിയതുകാണിച്ചനീസുകൃതിതന്നേ
മഹാജളനഹം॥ (൨൯)

ഉണ്ണി ശത്രുഘ്ന!

* മുന്നംസന്തതിയററമാനവകുലംസന്താനസമ്പത്തിനെ
തന്നിമ്പിനൊട്ടൃശൃംഗമുനിതന്നേവംവളത്തിടിനാൻ।

അയ്യൊ! ഭാഗ്യഹീനനായ ഞാനെന്തു പറയട്ടെ.

* എന്നാലഗ്രജർമൂന്നുപേർവിധിവശാല്ലേയാൽ ചതുത്ഥൻഭവാൻ
തന്നേവ ണവരുത്തണം ദ്വിജനപ്രീതിം നിവാപാംബുവാൽ॥

ശൂർപ്പണഖാ— [ആത്മഗതം] ശത്രുഘ്നൻ വിവിച്ചിരുന്നേക്കമൊ, കഷ്ടം! എന്റെ ആഗ്രഹം അല്പം മാത്രമേ ഫലിച്ചിട്ടുള്ളു [പ്രകാശം] ഉണ്ണിഭരത! അങ്ങെപ്പോലെ തന്നെ ശത്രുഘ്നനും വളരെ വ്യസനമുണ്ട അതിനാൽ അങ്ങയുടെ ഈ കല്പന പ്രയോജനമില്ലാത്തതാണെന്നുഞാൻ വിചാരിക്കുന്നു.

ശത്രുഘ്നൻ—(കണ്ണീരോടുകൂടി)

* അതിയായ് പ്രിയപുത്രരാം ഭവാന്മാർ
ഗതരായാൽ കരയും പിതൃക്കളെല്ലാം।
അതിബാലനഹം നിവാപനീരാൽ
മതിയല്ലൊട്ടുമവർക്കു തൃപ്തി ചെയ്വാൻ॥ (൨൯)

അതിനാൽ അഗ്നിപ്രവേശം ചെയ്വാനായിട്ടു ജ്യേഷ്ഠന്മാരെക്കാൾ മുമ്പേ ഞാൻ തയ്യാറായിരിക്കുന്നു.

ശൂർപ്പണഖാ—ഉണ്ണി ശത്രുഘ്ന! എന്നാൽ അഗ്നിയേയും ഇന്ധനങ്ങളേയും അതിവേഗത്തിൽ തയ്യാറാക്കുവാൻ യത്നിക്കു:

ഭരതൻ—അയ്യോ! കഷ്ടം കഷ്ടം!

* എന്നമ്മേ! പതിവിരഹേ കോസലസുതേ! നീയോരോ ദുഃഖമുന്നേവേ
എന്നമ്മേ! ദിവസിക്കെ കേകയസുതേ! ദുഷ്കീർത്തിപങ്കത്തിൽ നീ।
നന്നായ്മക്കളെരണ്ടുപെററതിമാലിൽ ദീനാസുമിത്രേംബ! നീ
തന്നേ നീറുക മക്കളിൽ ഇക്കമഹാനർത്ഥപ്രദേ മാതാവേ!॥ (൩൦)

അയ്യോ: ദേവേന്ദ്രപ്രിയസഖനായ ഹേ പിതാവേ!

* തനയരെ നാലുമവാപ്തി-
ദിനകരവംശത്തിൽ വൃദ്ധി നൽകിടുവാൻ।
കനിവെന്നിയെയെൻ ജ്യേഷ്ഠനെ
വനമതിലാക്കീട്ടു നാശവും നൽകി॥ (൩൧)

ശത്രുഘ്നൻ—ഇങ്ങിനെ പ്രലപിച്ചിട്ടെന്താണ്, അഗ്നിയേയും ഇന്ധനങ്ങളേയും ഞാനിപ്പോൾ തയ്യാറാക്കുന്നുണ്ട്, (എന്നു പോയിട്ടു തിരികെ പ്രവേശിച്ചു) ജ്യേഷ്ഠ! ദൂരദേശത്തിൽ ഉണങ്ങിയ വിറകുകളിട്ടു അഗ്നിഭഗവാനെ ജ്വലിപ്പിച്ചിരിക്കുന്നു.

ഭരതൻ—ഇനിക്കു വളരെ വളരെ സന്തോഷം.

ശൂർപ്പണഖാ—[ആത്മഗതം] ഇനിക്കു അതിനെക്കാൾ സന്തോഷം. [പ്രകാശം] ഉണ്ണി! അഗ്നിയിൽ ചാടുവാൻ എണീക്കു:

ഭരതൻ—ഹേ: താപസി! അതിവിശിഷ്ടയായ ഭവതി ചെന്നു, അരവിന്ദബന്ധുകുലത്തിന്നു പരമഗുരുവായും അരുന്ധതീസഹചാരനായുമിരിക്കുന്ന ശ്രീ വസിഷ്ഠമഹർഷിയോടു ഈ ഭരതന്റെ അപേക്ഷയെ വിനയത്തോടുകൂടി ബോധിപ്പിക്കണം.

ശൂർപ്പണഖാ—(ആനന്ദത്തോടുകൂടി) [ആത്മഗതം] ഈ കാരണം പറഞ്ഞു ഇനിയും അഗ്നിപ്രവേശം ചെയ്യാതെ കഴിക്കാം. [പ്രകാശം] അപേക്ഷ എങ്ങിനെയാണ്?

ഭരതൻ—

* ഇന്നാൾതൊട്ടുഭവാൻസ്വയംമനുകണക്കിപ്പാർത്തരിച്ചീടണം
നന്നാസ്സോദരന്മാരെയവർഭേദിക്കാതിരിക്കുംവിധം ।
എന്നുംനല്ലഗതിക്കനുഗ്രഹമുടൻഞങ്ങൾക്കുമേകീടണം
ചെന്നീടുന്നുശുചാഗ്രജൻറപിറകേശത്രുഘ്നനോടൊത്തുഞാൻ ॥

ശൂർപ്പണഖാ—[ആത്മഗതം] എൻറ ആഗ്രഹം ഫലിക്കുന്നപോലെയിരിക്കുന്നു. [പ്രകാശം] ഇത അദ്ദേഹത്തിനോട അറിയിക്കേണമൊ അത്ര മഹർഷി സ്വയമായിതന്നെ സൎവ്വവും അറിയുമെല്ലൊ. (എന്ന അഗ്നിയെ പ്രദക്ഷിണം ചെയ്യുന്നു)

ശത്രുഘ്നൻ—പുണ്യാദിനി! ജ്യേഷ്ഠൻറ കല്പനയെ ഭവതി വേഗത്തിലനുഷ്ഠിക്കേണ്ടതാണ, ഒന്നാമതായി ഞങ്ങൾതന്നെ അഗ്നിപ്രവേശം ചെയ്യാം.

ശൂർപ്പണഖാ—[ആത്മഗതം] ഇവരുടെ ഈ ഉത്സാഹം ദൃഢമായിരിക്കുന്നു, അതിനാൽ ഇനി ഇവിടെ ഞാൻ ചെയ്യേണ്ടതൊന്നുമില്ല. [പ്രകാശം] നിങ്ങളുടെ വാക്കിനെ കേൾക്കാതിരിപ്പാൻപാടില്ലല്ലൊ. ഈ സമയത്തിൽവിശേഷിച്ചും(എന്നുപോയി)

(ഭരതശത്രുഘ്നന്മാർ അഗ്നിയെ പ്രദക്ഷിണം ചെയ്യുന്നു)

(അണിയറയിൽ)

*മുന്നംതാതവചസ്സിനാലടവിയിൽചെന്നുള്ളതൻകാന്തനോ
ടൊന്നിച്ചെൻമകൾപോയിയെങ്ങിനെസഹിച്ചീടുന്നുദുഃഖത്തിനെ
എന്നോൎത്തങ്ങിനെഖിന്നനായ്മരുവുമെന്നുള്ളത്തിൽനക്തഞ്ചരൻ
വന്നെൻപുത്രിയെയാശുകട്ടതൊരുവജ്രാഘാതമായ്തീൎന്നിതു ॥ ൬൭

ഭരതൻ—ജനകമഹാരാജാവ വന്നിരിക്കുന്നുവൊ,

(പിന്നെയും അണിയറയിൽ)

ഹേ! ഹേ! പരമേശ്വരഭക്തോത്തമ!

* ലങ്കാനാഥ!കഥംഭവാൻമമസഖാവായിട്ടുമെൻപുത്രിയെ
ശങ്കിക്കാതെഹരിച്ചുവച്ചികിമിതോജാതിസ്വഭാവംതവ ।

അഹഹാ! കഷ്ടം കഷ്ടം! ഹാഹാ വത്സേ!

* വങ്കാട്ടിൽപിടികൂടുവാൻദശമുഖൻവന്നപ്പോളീക്ഷിച്ചൊരാ
തങ്കാൽഭീതയതായ്കരഞ്ഞദശയന്നെന്തായിരുന്നൂതവ ॥ (൬൮)

ശത്രുഘ്നൻ—ജ്യേഷ്ഠത്തി തുങ്ങിമരിച്ചതായിട്ട ആൎയ്യനായ ജനകമഹാരാജാവ അറിഞ്ഞിട്ടില്ല.

ഭരതൻ— ആൎയ്യനായ ഇദ്ദേഹത്തിനോട സംസാരിക്കാതെ അഗ്നിയിൽ ചാടുന്നത നമുക്ക യുക്തമല്ല.

(എന്ന നോക്കിക്കൊണ്ട നില്ക്കുന്നു)

(അനന്തരം ജനകൻ പ്രവേശിക്കുന്നു)

ജനകൻ—ഓ: ഇതെന്താണ?

* കത്തിജ്വലിക്കമെനലങ്കൽവലത്തുവെച്ച്
ശത്രുഘ്നനോട്ടമധുനാഭരതൻജവേന ।
കത്തുംപാട്ടുവതിനായ്ത്തടരുന്നപോലെ
നേത്രങ്ങൾകൊണ്ടഹഹിതാബതകണ്ടിടുന്നു॥ (൬൭)

(എന്ന വേഗത്തിലടുത്തു ചെല്ലുന്നു)

ഭരതശത്രുഘ്നന്മാർ—ആര്യ്യ! പൂജ്യനായ ഭവാനെ ഞങ്ങൾ നമസ്കരിക്കുന്നു.

* ഇതുതാനവസാനമാംപ്രണാമം
സ്വാതന്ത്ര്യംഞങ്ങൾവെടിഞ്ഞിടുന്നിതിപ്പോൾ ।
ഹതരായിതുരാമലക്ഷ്മണന്മാ-
രതിമായാവികളാമരക്കരാലെ ॥ (൬൮)

ജനകൻ—അയ്യോ! ഭാഗ്യഹീനനായ ഞാൻ ഹതനായി

(എന്ന മോഹിക്കുന്നു)

ഭരതശത്രുഘ്നന്മാർ—ആര്യ്യ! ആശ്വസിക്കുക: ആശ്വസിക്കുക:

ജനകൻ—(ആശ്വസിച്ച്)

* ഭൂവിൻപുത്രിസ്സുതിവിജയിയായേററവുംദീർഘകാലം
ജീവിച്ചീടുംകണവനുളവാകുമമ്മിളയ്ക്കുതഥൈവ ।
എവംചൊന്നാർഗ്രഹഗതിയറിഞ്ഞുള്ളദൈവജ്ഞരെല്ലാ
മാവാക്യ്യോമമവിധിവശാൽമിഥ്യയായിട്ടുതീൎന്നു ॥ (൬൯)

കഷ്ടം കഷ്ടം! * ഗുരുയാജ്ഞ്യവല്ക്യവരതാപസൻകനി
ഞ്ഞരുൾ ചെയ്തറിഞ്ഞതത്ത്വസാരവും ।
മരുവുന്നുഹൃത്തിലൊരുദിക്കിലെന്റെമ-
റെറാരുദിക്കിലേവമെരിയുന്നദുഃഖവും॥ (൭൦)

ശത്രുഘ്നൻ—ജ്യേഷ്ഠത്തിയായ സീതാദേവിയും— (എന്ന പകുതി പറഞ്ഞ തൊണ്ട വിറച്ചുകൊണ്ടു മിണ്ടാതെ നില്ക്കുന്നു)

ജനകൻ—അവളും പോയിയെങ്കിൽ ഇനിക്ക സന്തോഷം തന്നെ, എന്നാലും എന്റെ ഹൃദയം തപിക്കുന്നു.

ശത്രുഘ്നൻ—എന്നുമാത്രമല്ല കെട്ടിത്തൂങ്ങിട്ടാണ,

ജനകൻ—(കണ്ണീരോടുകൂടി) എന്റെ മകൾക്ക എങ്ങിനെ ഈ വിധം സംഭവിച്ചു,

*തഞ്ചും പുഞ്ചിരിയോടുമംഗിയിൽമുളച്ചുള്ളോരുദന്തങ്ങളും
കിഞ്ചിൽത്തുഞ്ചിവരുന്നതുംചാട്ടുലയുന്നപ്പൊൻചിട്ടിയുംചേൎന്നഹോ ।
കൊഞ്ചുംതേന്മൊഴിയിന്റെബാല്യവദനാംഭോജത്തെയോൎത്തലി
നെഞ്ചിത്തത്തിൽനിറഞ്ഞിടുന്നുതനയേഞാനെന്തുചെയ്യേണ്ടുഹാ॥

(ദീർഘശ്വാസം വിട്ട)

* ക്ഷിതിമകളെദശാസ്യൻകട്ടതാക്കേട്ടപോത്ര
പതികളെഭരതൻ താനയിച്ചിങ്ങുചേർത്തി ।
ദ്രുതമരിയെജ്ജയിപ്പാനിന്നഹോപോകമെന്നെൻ
മതിയിലധികമോദംപൂണ്ടു കഷ്ടംവൃഥാഞാൻ॥ (൪൦)

അതിനാലിപ്പോൾ-

* പരിചൊടുനിങ്ങൾക്കായി-
ക്കരുതിയൊരിത്തീയ്യിലങ്ങുഞാൻചാടി ।
തരസാദേഹമെരിച്ചി-
പ്പെരുകിയശോകാബ്ധിയെക്കടക്കുന്നേൻ॥ (൪൧)

ഭരതൻ—ഒന്നാമതായിട്ട ഞാനല്ലെ ഇതു ചെയ്യുന്നത,

* നെടുതായാശപലിക്കാ-
ഞ്ഞുടനെൻജ്യേഷ്ഠൻവരാത്തമൂലംഞാൻ ।
ജടയുംമരവിരിയുംപൂ-
ണ്ടുടലോടുംതീയ്യിലങ്ങുചാടുന്നേൻ॥ (൪൨)

ജനകനും ശത്രുഘ്നനും—(കണ്ണീരോടുകൂടി) ഭരതൻെറ ഈ വാക്യം അതിവ്യസനയുക്തമായി കേൾക്കപ്പെടുന്നു.

(അണിയറയിൽ)

*കൊന്നുപോരിൽനിശാചരേന്ദ്രനെമുദാവൈദേഹിയെസ്വീകരി-
ച്ചെന്നല്ലംബരചാരിതാപസഗണംവാഴ്ത്തുംയശസ്സോടഹോ ।
നന്നായ്പുഷ്പകമേറി ലക്ഷ്മണനുമായൊന്നിച്ചിതാരാഘവൻ
വന്നീടുന്നുകൃതാർത്ഥനായ്ഭരത!നീ ചാടൊല്ലെടോവഹ്നിയിൽ॥ (൪൩)

ശത്രുഘ്നൻ—(നോക്കീട്ട)ആരാണീബ്രഹ്മചാരി ശുഭവൎത്തമാനത്തെ അറിയിക്കുന്നു.

ജനകൻ—(സന്തോഷത്തോടുകൂടി) ഉണ്ണി! ഭരത! ബദ്ധപ്പെടേണ്ട. ബദ്ധപ്പെടേണ്ട. ശുഭവൎത്തമാനം കേൾക്കുന്നുവെല്ലൊ.

ഭരതൻ—(നോക്കീട്ട) ആൎയ്യ! അങ്ങിനെയല്ല.

* അറിഞ്ഞുകൂടാത്തുടനപ്രിയത്തെ
പറഞ്ഞുപിമ്പങ്ങനുതാപമുള്ളിൽ ।
നിറഞ്ഞപണ്ണാദിനിവണ്ണിയാസ്മാൻ
പറഞ്ഞിടുന്നുപ്രിയവാക്യമേവം॥ (൪൪)

അതിനാൽ ഇതു കളവാണ.

(എന്ന വേഗത്തിലഗ്നിസമീപത്തിൽ ചെല്ലുന്നു)

വണ്ണിരൂപനായ ഹനുമാൻ—(പൊടുന്നനവെ തിരനീക്കി പ്രവേശിച്ച) ഭരത! അരുതരുത: അകാരണമായിട്ടെന്താണിങ്ങിനെ

പ്രവൃത്തിക്കുന്നേതു, (എന്ന തുടൎന്നുകൊണ്ടു) അങ്ങിപ്പോൾ കേട്ടാലും

*ഒന്നാൻസേനാനിനിലൻ്റെ ചിര ചന്ദ്രനാഥനാകും പ്രഹസ്ത-
ന്തന്നെ,ക്കൊന്നാൻസുമിത്രാസുതനമരർപുകഴ്ത്തീടുമാറിന്ദ്രജിത്തെ ।
കൊന്നിട്ടുകുംഭകൎണ്ണാദികളെദശമുഖന്തന്നെയുംവേഗമിപ്പോ-
ളൊന്നാകിട്ടാൻ ലഭിച്ചുക്ഷിതിമകളെജയശ്രീയെയുംരാമദേവൻ॥

അതിനാലിപ്പോൾ അങ്ങു രാമദേവനെ അനുജനോടും ഭാൎയ്യയോടുംകൂടി ദൎശിച്ചുണ്ടാകുന്ന ആനന്ദത്തെ അനുഭവിക്കും.

ഭരതൻ—മായാബലംകൊണ്ടു യുദ്ധത്തിൽ പ്രവീണന്മാരായ രാക്ഷസന്മാരുടെ ഇടയിൽനിന്ന താദൃശനായ ജ്യേഷ്ഠൻ ഇവിടെ വരികയെന്നുള്ളതെങ്ങിനെ?

ഹനുമാൻ—ദൈവബലത്തെ പ്രാപിച്ചിട്ടുള്ള ശ്രീരാമദേവങ്കൽ രാക്ഷസന്മാരുടെ മായാബലം ഫലിക്കയില്ല. എന്തുകൊണ്ടെന്നാൽ കേട്ടാലും,

*ഒന്നാംപോരതിലിന്ദ്രജിത്തഥമഹാമായാവിസൌമിത്രിയോ-
ടൊന്നിച്ചങ്ങിനെകെട്ടിരാമനെജവംനാഗാസ്ത്രപാശത്തിനാൽ ।

ശത്രുഘ്നൻ—ആ താപസി ഇതിനെത്തന്നെ വേറെവിധമായി കേട്ടു സൂക്ഷ്മമറിയാതെ നമ്മെ വ്യസനിപ്പിച്ചതാണെന്ന ഞാൻ വിചാരിക്കുന്നു.

ഭരതൻ—പിന്നെയൊ.

ഹനുമാൻ—

* വന്നാനങ്ങുടനേജവേനഗരുഡൻയുദ്ധത്തിലിന്ദ്രാജ്ഞയാൽ

ഭരതൻ—ഉണ്ണി! ശത്രുഘ്ന! ഇത നീയറിയിച്ച ശ്രീവസിഷ്ഠമഹൎഷിയുടെ കല്പനയോടു യോജിച്ചിരിക്കുന്നു.

ഹനുമാൻ—

*അന്നേരത്തഴൽതീൎന്നവൎക്കധികമായുണ്ടായിയുദ്ധോദ്യമം॥ (൪൩)

ശത്രുഘ്നൻ—ഭഗവാനായ ഗരുഡൻ വന്നാൽ സൎപ്പമയങ്ങളായ ശരങ്ങൾ എങ്ങിനെ നശിക്കാതിരിക്കും.

ഭരതൻ—(സന്തോഷത്തോടുകൂടി) ഉണ്ണി! ശത്രുഘ്ന! ഇപ്പോൾ മനസ്സിലായി ദേവേന്ദ്രന്ന ജ്യേഷ്ഠനെക്കൊണ്ടുള്ള കാൎയ്യസാദ്ധ്യം രാവണസംഹാരമാണെ എന്ന, എന്തുകൊണ്ടെന്നാൽ അദ്ദേഹം ഇങ്ങിനെ ജ്യേഷ്ഠനെ രക്ഷിപ്പാൻ ഗരുഡനെ അയച്ചില്ലെ.

ജനകൻ—(സന്തോഷിച്ചു) ഞങ്ങളുടെ പ്രാണനെ രക്ഷിച്ച ബ്രഹ്മചാരിയായ അങ്ങയുടെ നാമധേയമെന്താണെന്ന സത്യമായിട്ടിപ്പോൾ പറയണം.

ഹനുമാൻ—* തരണിസുതൻ മന്ത്രിയതാ-
യ്മരുവുംപവനാത്മജൻഹനുമാൻഞാൻ ।
ഭരതാന്തികത്തിലെന്നെ
പ്പരിചോടാരാവണാന്തകനയച്ചു ॥ (൪൧)

ജനകൻ—* ഗുരുയാജ്ഞവല്ക്യമുനിയെന്നപോൽഭവാൻ
പരിചോടു മാന്യനിഹമേമരുത്സുത! ।
ഗുരുവേദമൂർത്തിരവിയോടുനിയ്മമെൻ
ഗുരുവെന്നപോൽഖലുപഠിച്ചവിദ്യയെ ॥ (൪൨)

ശത്രുഘ്നൻ—(വിസ്മയത്തോടുകൂടി) പർണ്ണാദിനിയെന്ന താപസി, രാക്ഷസന്മാർ ലങ്കാപുരത്തിൽവെച്ചു സൈന്യങ്ങളോടും മന്ത്രികളോടുംകൂടി സുഗ്രീവനെ സംഹരിച്ചതായിട്ടല്ലെ പറഞ്ഞതു, എന്നാൽ ഹനുമാനെങ്ങിനെ ജീവിച്ചിരിക്കുന്നു.

ഹനുമാൻ—പർണ്ണാദിനിയെന്ന ആ താപസി ആരാണു?

ശത്രുഘ്നൻ—അവൾ ഋശ്യമൂകപർവ്വതത്തിലാണത്രെ വസിക്കുന്നതു, അവളുടെബന്ധുക്കളാണത്രെ സുഗ്രീവാദികൾ,

ഹനുമാൻ—[ആത്മഗതം] ഇങ്ങിനെ ഒരു സ്ത്രീയില്ലല്ലൊ. (ആലോചിച്ചു) എന്നാലവൾ ശൂർപ്പണഖയായിരിക്കണം. രാവണകുംഭകർണ്ണന്മാരെ വധിച്ചതുകൊണ്ടും വിഭീഷണന്നു രാജ്യം ലഭിച്ചതുകൊണ്ടും അവൾ ദുർമ്മനസ്സായിരിക്കുന്നു എന്നു വിഭീഷണമന്ത്രിയായ സമ്പാതിപറഞ്ഞിട്ടുണ്ടു. അതിനാൽ ഭരതശത്രുഘ്നന്മാരെ കൊല്ലുവാനായിട്ടുള്ള അവളുടെ പ്രയത്നമായിരിക്കാം ഇതു. [പ്രകാശം] രാവണനെ ജയിച്ച ശ്രീരാമദേവങ്കലുള്ള കോപത്താൽ താപസീവേഷംധരിച്ചുവന്നു, നിങ്ങളോടു അപ്രിയത്തെ പറഞ്ഞ ആ സ്ത്രീ രാവണസോദരിയായ ശൂർപ്പണഖയാണു.

ഭരതൻ—ഇതു യോജിപ്പായിരിക്കുന്നുണ്ടു, താൻ ജനിച്ചതു പുലസ്ത്യവംശത്തിലാണെന്നല്ലെ അവൾ പറഞ്ഞതു.

ഹനുമാൻ—(തെക്കോട്ടുനോക്കീട്ടു) ഭരത! നോക്കു: ലങ്കേശ്വരനെ ജയിച്ചിട്ടുള്ള അദ്ദേഹം സീതയോടും ലക്ഷ്മണനോടും പരിജനങ്ങളോടും കൂടി പുഷ്പകവിമാനത്തിലിരുന്നുകൊണ്ടു മേഘമാർഗ്ഗത്തൂടെ ഇതാ വരുന്നു.

(എല്ലാവരും ആശ്ചര്യത്തോടുകൂടി നോക്കുന്നു.)

ഹനുമാൻ—ഇപ്പോൾ

* നന്നായീക്ഷിക്കമേലേ ഭരത! നെടിയവൃക്ഷങ്ങളിൽ
ചാടിവേഗം
വന്നീടുന്നച്ചു ഭല്ലപ്ലവഗനിബിഡമാമഗ്രജ-
ന്തന്റെസൈന്യം।
തോന്നീടുന്നുണ്ടിവറ്റിൻപതനകൃതികളാൽ
കൊമ്പുതാണാശ്രുപൊങ്ങും
നന്ദിഗ്രാമസ്ഥകേളീവനമിതുകുതുകാൽ
നൃത്തമാടുന്നപോലെ ॥ (൪൯)

ജനകൻ—വത്സയായ സീതയാൽ വാമഭാഗം അലങ്കരിക്കപ്പെട്ട വത്സനായ രാമഭദ്രൻ വത്സലക്ഷ്മണനോടും പരിജനങ്ങളോടും കൂടി പുഷ്പകവിമാനത്തിൽ നിന്നിറങ്ങിയോ,

ഭരതൻ—(നോക്കീട്ട സന്തോഷത്തോടുകൂടി)

* ഏറെക്കാലമതായി ഞാൻ സരസിജംപോലുള്ളനേത്രങ്ങളും
കാറൊക്കും നിറവും കലർന്നഗിരിജാകാന്തന്റെനേത്രാഗ്നിയിൽ।
നീറിക്കായമിളച്ചകാമവടിവാർന്നുള്ളോരു മൽജ്യേഷ്ഠനെ-
ള്ളോടിങ്ങിനെ കണ്ടു സമ്പ്രതി സുധാകൂപത്തിൽ മുങ്ങീടിനേൻ॥ (൫൦)

ശത്രുഘ്നൻ—(ആനന്ദത്തോടുകൂടി)

* ഇതിപ്പോളുണ്ടാകുമിതില്ലയെന്നും
മതിക്കൊലാ കർമ്മഫലത്തെയാരും।
കുതിച്ചുനാമഗ്നിയിലെത്തുവാനായ്
പതിച്ചതോ ചെന്നമൃതാർണ്ണവത്തിൽ ॥ (൫൧)

(അനന്തരം മേൽപറയപ്പെട്ടപോലെ രാമാദികൾ പ്രവേശിക്കുന്നു.)

രാമൻ—പ്രിയേ! ജാനകി!

* ഒന്നായ്‌യോജനനൂറുനീണ്ട ചിറയും സിന്ധൗമഹേന്ദ്രാദ്രിയും
പിന്നെപ്രസ്രവണാദ്രിയും വിപുലമാം വിന്ധ്യാടവീഭാഗവും।
പിന്നിട്ടുന്നത ചിത്രകൂടഗിരിശൃംഗത്തിനുമേൽമാർഗ്ഗമായ്
നന്ദിഗ്രാമമിതിങ്കലാശുഗതിയാം യാനത്തിനാലെത്തിനാം ॥

എന്നുമാത്രമല്ല * കടലും കപിരാക്ഷസർതമ്മിൽ
പടയുണ്ടായതുമാശു ഞാൻ കടന്നും।
മടുനേർമൊഴി! നിന്നെയും ലഭിച്ചി-
ട്ടുടനിപ്പോൾ മമനാട്ടിൽ വന്നുചേർന്നേൻ ॥ ൫൨

ലക്ഷ്മണൻ—ജ്യേഷ്ഠ! നോക്കു: നോക്കു: താതനായ ജനകരാജാവിനോടും ഉണ്ണിയായ ശത്രുഘ്നനോടുംകൂടി ജ്യേഷ്ഠനായ ഭരതൻ വരുന്നു. ഇദ്ദേഹം-

* ശിരസിജടയനഘമാംമരത്തോ
ലരയിലുമേന്തിചടച്ചഘോതപസ്സാൽ ।
സ്മരതിഭവദദശ്നാൽഭവിച്ചോ
രുരുതരമാലുടൽപൂണ്ടുവന്നപോലെ ॥ (൩൪)

രാമൻ—അതങ്ങിനെതന്നെ. എന്നാൽ

* കട്ടാൻസീതയെരാക്ഷസേന്ദ്രനതിനാലുണ്ടായദുഃഖത്തിനെ
പെട്ടന്നാങ്ങുകളഞ്ഞുഞാനതിലുടൻചെയ്യേണ്ടകൎമ്മങ്ങളാൽ ।
വിട്ടും കിട്ടിയ രാജ്യമീഭരതനെൻമൂലംശ്രുചാവാഴ്ക്കയാ
ലൊട്ടല്ലെൻഹൃദിദുഃഖമായതുമഹോഭാഗ്യത്തിനാൽതീൎത്തുഞാൻ

ഭരതൻ—(അടുത്തു ചെന്നു) താതദശരഥപ്രിയസൂനുവായി ഭക്തവത്സലനായി സത്യസന്ധനായ ഹേ ജ്യേഷ്ഠ! അങ്ങയുടെ ശ്രീ പാദാംബുജങ്ങളിൽ വളരെക്കാലമായി കൊതിച്ചിരുന്ന നമസ്കാരത്തെ ഭരതനിതാ ചെയ്യുന്നു.

(എന്നു തൊണ്ട വിറച്ചുകൊണ്ട നമസ്കരിക്കുന്നു)

(രാമൻസ്നേഹത്തോടും ആനന്ദത്തോടുംകൂടി കൈകൊണ്ടെഴുനില്പിച്ചു ആലിംഗനം ചെയ്യുന്നു)

രാമനും ഭരതനും— [ആത്മഗതം]

* മുങ്ങുന്നുവോനൽകപ്പൂരം
തിങ്ങുംവാപിക്കകത്തുഞാൻ ।
അംഗമത്രതണുത്തുനി-
ന്നംഗസംഗത്തിനാൽമമ ॥ (൩൫)

രാമൻ—[പ്രകാശം] ഉണ്ണി! ഭരത! ഭാഗ്യത്താലിനിക്കു ഉണ്ണിയെ കാണ്മാൻ സംഗതിവന്നു.

ഭരതൻ—[പ്രകാശം] അതിനാൽ തന്നെയാണ ജ്യേഷ്ഠന്ന എന്റെ പേരിലുള്ള കാരുണ്യത്തിന്റേയും പ്രസാദത്തിന്റേയും ഉൽക്കൎഷം സപ്രയോജനമായി ഭവിച്ചത.

(രാമഭരതന്മാരെ ശത്രുഘ്നലക്ഷ്മണന്മാർ നമസ്കരിച്ചു അനുഗ്രഹം വാങ്ങുന്നു)

രാമൻ—(അടുത്തുചെന്നു) താത! ജനകരാജ! ദശരഥപുത്രനായ ഈ രാമൻ നമസ്കരിക്കുന്നു.

ലക്ഷ്മണൻ—താത! ലക്ഷ്മണൻ നമസ്കരിക്കുന്നു.

സീതാ—അച്ഛ! അങ്ങെക്കു നമസ്കാരം.

ജനകൻ— (ഉചിതംപോലെ അനുഗ്രഹിച്ചു രാമനെ നോക്കി സന്തോഷത്താൽ കണ്ണീർ പൊഴിച്ചു ഗൽഗദത്തോടുകൂടി)

ലങ്കേശ്വരനെജയിച്ച ഉണ്ണി!

* മനുകുലമതിൽനീജനിച്ചതിനും
കനിവൊടുപന്തയവുംനിവൃത്തിയാക്കി।
തനയയെമമവേട്ടതിനുമോൎത്താ
ലനുഗുണമായവിധത്തിലാചരിച്ചു॥ (൩൭)

രാമൻ—(വിനയത്തോടുകൂടി തൊഴുതുകൊണ്ടു) താത! ബ്രഹ്മജ്ഞനായി അതിവിശിഷ്ടനായ അങ്ങയുടെ പ്രസാദംകൊണ്ടും, അഗസ്ത്യവസിഷ്ഠവിശ്വാമിത്രാദികളായ മഹൎഷിമാരുടെ മംഗളാശീൎവ്വാദങ്ങൾ കൊണ്ടും, ഇന്ദ്രാദികളായ ദേവന്മാരുടെ അനുഗ്രഹം കൊണ്ടും, ഞാൻ രാവണനെ സംഹരിച്ചതാണ.

(അനന്തരം വിശ്വാമിത്രൻ പ്രവേശിക്കുന്നു)

വിശ്വാമിത്രൻ—[ആത്മഗതം] ഞാൻ ദേവന്മാരുടെ കല്പനയെ അനുഷ്ഠിപ്പാനാരംഭിച്ചത ഇപ്പോൾ സഫലമായിത്തീൎന്നു. എന്തെന്നാൽ രാവണനെ യുദ്ധത്തിൽ രാമഭദ്രൻ സംഹരിച്ചു എന്ന ഞാൻ ജ്ഞാനദൃഷ്ടിയാൽ കണ്ടിരിക്കുന്നു. ഇങ്ങിനെയാണെല്ലോ ദേവന്മാരെന്നോടു കല്പിച്ചത.

*"വരുത്തേണംവൈരംസ്വജനമരണംകൊണ്ടധികമായ്
കരുത്തേറുംവൻദശമുഖനുരാമങ്കലുടനെ।
ഉരത്തേല്ക്കുംരക്ഷോവരനെഹതിചെയ്യാനവനുനീ
കരുത്തുണ്ടാക്കേണംശരനികരകളേകിസ്വയ"മിതി॥ (൩൮)

(എന്ന ചുററിനടക്കുന്നു)

രാമൻ—(കണ്ടിട്ട അടുത്തുചെന്ന) ഭഗവൻ! ഇക്ഷ്വാകുവംശജാതനായ ഞാൻ നമസ്കരിക്കുന്നു.

വിശ്വാമിത്രൻ—ഉണ്ണി! നിനക്ക അഭീഷ്ടം സിദ്ധിക്കട്ടെ.

(മററുള്ളവരും വിശ്വാമിത്രനെ നമസ്കരിക്കുന്നു. അവരേയും ഉചിതംപോലെ വിശ്വാമിത്രൻ അനുഗ്രഹത്താലുപചരിക്കുന്നു)

വിശ്വാമിത്രൻ—(രാമനോട)

* ത്രൈലോക്യത്തിനുമരിയാം
പൌലസ്ത്യനെനീഹനിച്ചുയുദ്ധത്തിൽ।
ത്രൈലോക്യത്തെയുമധുനാ
പാലിച്ചുസൎവ്വദേവമുനികളെയും॥ (൩൯)

രാമൻ—ഇതെല്ലാം നിന്തിരുവടിയുടെ പ്രസാദംകൊണ്ടുതന്നെ.

ഭരതൻ—ഭഗവൻ വിശ്വാമിത്രമഹൎഷേ! നിങ്ങൾ ഇവിടെ വെച്ചുതന്നെ ജ്യേഷ്ഠന്ന രാജ്യാഭിഷേകംചെയ്തു ജ്യേഷ്ഠനെ അയോദ്ധ്യയിലെക്ക കൂട്ടിക്കൊണ്ടുപോകേണ്ടതാണ,

ജനകൻ—എ! ഭരതന്റെ ക്ഷമയില്ലായ്മ കേമം തന്നെ.

ഹനുമാൻ—സ്വാമിയുടെ പ്രിയബന്ധുക്കളായ സുഗ്രീവൻ വിഭീഷണൻ മുതലായവരും ഇങ്ങിനെതന്നെ ആഗ്രഹിക്കുന്നു. അതിനാൽ ഞാൻ മൂന്നു വാനരന്മാരോട്ടുകൂടിച്ചെന്നു സമുദ്രജലങ്ങളെ കൊണ്ടുവരാം (എന്നു പോയി)

ജനകൻ—ഉണ്ണിശത്രുഘ്ന! വസിഷ്ഠാദികളായ മഹർഷികളേയും പുരോഹിതന്മാരേയും മന്ത്രികളേയും വരുത്തുക.

ശത്രുഘ്നൻ—അങ്ങിനെതന്നെ. (എന്നു പോയി)

സീതാ—[ആത്മഗതം] ലങ്കേശ്വരനെ ജയിച്ച ആൎയ്യപുത്രന്നു രാജ്യാഭിഷേകം സിദ്ധിക്കുന്നുഎന്നു എന്റെ ഹൃദയം ആനന്ദിക്കുന്നു.

(അണിയറയിൽ)

* വെയ്ക്കട്ടെവേദിയിൽസുഗന്ധാക്ഷതങ്ങൾസുമവും
വാരിപൂൎണ്ണകലശാൻ
വായ്ക്കട്ടിവെയ്ക്കുകസിതച്ഛത്രമോടവിടെവെഞ്ചാ
മരങ്ങളുമുടൻ।
നില്ക്കട്ടെതത്രചിലകന്യാജനംഹയസമീപത്തി
ലാനയുമെടോ
ചിക്കെന്നടിക്കഃപടഹംരാമഭദ്രനുടെപട്ടാഭിഷേക
മധുനാ ॥ (൩൦)

ജനകൻ—വസിഷ്ഠമഹർഷിയുടെ കല്പനയാണിത.

ശത്രുഘ്നൻ—(പ്രവേശിച്ച) (രാമനോട) എല്ലാവരേയും വരുത്തീട്ടുണ്ട.

(അനന്തരം വസിഷ്ഠമഹർഷി പ്രവേശിക്കുന്നു)

വസിഷ്ഠൻ—സഖേ! വിശ്വാമിത്ര! സീതാരാമന്മാരെ ഈ സിംഹാസനത്തിലിരുത്തി നോം മറ്റുള്ള മഹർഷികളോട്ടുകൂടി അഭിഷേകം ചെയ്യുക.

വിശ്വാമിത്രൻ—ഇവിടത്തെ അഭിപ്രായംപോലെയാകട്ടെ.

ജനകൻ—രാമഭദ്രന്നു അഭിഷേകം കഴിഞ്ഞുവൊ, രാമഭദ്രൻ സന്തോഷത്തോട്ടുകൂടി പട്ടുകളും ആഭരണങ്ങളും പുരവാസികളായ ജനങ്ങൾക്കു സമ്മാനിച്ചുപചരിക്കുന്നു. ഏ! ആകാശത്തിൽ ദേവദുന്ദുഭിദ്ധ്വനിയും, പുഷ്പവൎഷവും അപ്സരസ്ത്രീകളുടെ നൃത്തവും സംഭവിച്ചിരിക്കുന്നുവൊ,

വിശ്വാമിത്രൻ—ഉണ്ണി! രാമഭദ്ര! എന്തു മംഗളത്തെയാണ ഉണ്ണിക്കു ഇനിയും ഞാൻ സാധിപ്പിക്കേണ്ടത ?

രാമൻ—

* നന്നായെന്നുടെജാനകീപരിണയംജാതം
പ്രസാദേനതേ
കൊന്നേൻഞാൻസഗണംദശാസ്യനെരണേ
പ്രാപിച്ചുവൈദേഹിയെ ।
ഉന്നിക്കൊണ്ടഥകണ്ടുഞാൻഭരതനെപ്രാപിച്ചു
രാജ്യത്തെയും
നന്നായെന്തുഭവാനിനിസ്തുതിനുമേൽചെയ്യേണ്ടു
സന്മംഗളം ॥ (൩൧)

എങ്കിലും ഇങ്ങിനെ ഭവിക്കട്ടെ (ഭരതവാക്യം)

* ക്ഷേമത്തിന്നായിമന്വാദികളരുളിയമാർഗ്ഗേണ
പോണംനരന്മാർ
ഭൂമീന്ദ്രന്മാർസ്വരാജ്യംപിശുനമൊഴികൾ
കേൾക്കാതെരക്ഷിച്ചിടേണം ।
കാമംസാരസ്യമേറുംകവികളെരസികന്മാർ
പുകഴ്ത്തീടവേണം
രാമങ്കൽഭക്തിയേററംദൃഢതയൊടുഭവിക്കേണ
മേയിക്കവിക്കും ॥ (൩൨)

(എന്ന എല്ലാവരും പോയി)

* ഇങ്ങിനെ ഏഴാമങ്കം. *

ജാനകീപരിണയം മലയാളനാടകം

സമ്പൂൎണ്ണം.

1 8
* യദ്വാങ്മൌചാമൃതാദിന്യപിജയതികലൌഭൂസുരശ്രേഷ്ഠജാത്യാം
2 7
ജാതസ്സോത്തുംഗകീൎത്തിവ്യൃതനുതമഖിരാഡേഷയദ്രാമഭദ്രഃ ।
3 6
ഇന്നേവംമന്ദനെന്നാകിലുമിഥമലയാളത്തിനാലായവൎണ്ണം
4 5
ചൊന്നേനിന്നാടകംഞാൻസഹൃദയവിദുഷാംകാലടിക്ഷേത്രദാസൻ

ശുഭമസ്തു.

കേരളവൎമ്മാ;
വലിയകോയിത്തമ്പുരാൻ. എഫ്. എം. യു.
തിരുമനസ്സിലെ
സട്ടിഫിക്കെററ.

ശ്രീ രാമഭദ്ര ദീക്ഷിതരുടെ സംസ്കൃതകൃതിയിൽനിന്നും ചമ്പത്തിൽ ചാത്തുക്കുട്ടിമന്നാടിയാർ പദ്യത്തിന്ന പദ്യവും, ഗദ്യത്തിന്ന ഗദ്യവുമായി മലയാളത്തിൽ ഭാഷാന്തരപ്പെടുത്തിയിരിക്കുന്ന ജാനകീപരിണയനാടകം ഇദാനീന്തനങ്ങളായ കേരളീയ സാഹിത്യങ്ങളിൽവെച്ച എത്രയും ശ്രേഷ്ഠമായിരിക്കുന്നു എന്നഭിപ്രായപ്പെടുന്നതിൽ ഞാൻ ഒട്ടും സംശയിക്കുന്നില്ല. ഇപ്പോൾ പ്രായേണ കവിതക്കാരെന്നുവെച്ച പുറപ്പെടുന്നവരിൽ പലരും വ്യുൽപത്തി ദാൎഢ്യമില്ലായ്കയാൽ അൎത്ഥസാമഞ്ജസ്യവും ശബ്ദസാധുത്വവും വൃത്തയോജനക്കൂടിയും ഇല്ലാതെയും മററും ശ്ലോകങ്ങളുണ്ടാക്കി സഹൃദയഹൃദയോദ്വേജനം ചെയ്തുവരുന്ന കാലത്ത ഇത്രയും നിൎദ്ദോഷമായും സാരസ്യാദിഗുണഭൂയിഷ്ഠമായും ഒരു ഗ്രന്ഥം ഉണ്ടായതിനെ കുറിച്ച ഗീൎവ്വാണകേരളഭാഷകളിൽ വ്യുൽപന്നന്മാരായ എല്ലാവരും നിൎവ്യാജമായി ആനന്ദിക്കാതിരിക്കയില്ല.

"ആനന്ദാംബുനിമഗ്നതാപസശിരശ്ചഞ്ചജ്ജടാമണ്ഡല
ത്രാസോൽഭ്രാന്തരഥാംഗനാമിഥുനക്രേങ്കാരരന്ധ്രീയാ-",
"ശശ്വദ്ഗ്രാസലോഭഷാസഹവനമഹിഷോദ്ധൂതശൃംഗാവശിഷ്ട-
ദേൎവ്വീൎകാന്തിലതാശീവിഷപരുഷവിഷോൽഗാരഫൂൽക്കാരഭീമാഃ-,"
"മരുത്തരളകോരകാകുലതരങ്ഗകങ്കേളയോ
സ്ഖലന്മധുവം നിത്യം കുപനന്ദദാരകാരന്ധവം,"— ഇത്യാദികളായ

വലിയസമസ്ത പദങ്ങളുടെ അൎത്ഥത്തെ എത്രയും ശരിയായും അക്ലിഷ്ടമായും അധിക സംസ്കൃതപദങ്ങളെ പ്രയോഗിക്കാതെയും ഭാഷാശ്ലോകങ്ങളിൽ വേണ്ടുന്ന പ്രാസത്തോടുകൂടി ഘടിപ്പിച്ചിരിക്കുന്നത എത്രയും വിസ്മയനീയമായും ഇരിക്കുന്നു. അനേക ശ്ലോകങ്ങളിൽ വൃത്തനാമങ്ങളെ ചേൎത്ത മുദ്രാലങ്കാരത്തെ പ്രയോഗിച്ചിട്ടുള്ളതും ഈ കവിയുടെ സാഹിത്യചാതുൎയ്യത്തെ പ്രത്യക്ഷീകരിക്കുന്നു. ഗദ്യങ്ങളിലെ വാചകരീതിക്കും വേണ്ടുന്ന ഗുണങ്ങളെല്ലാം ഉണ്ട. സൎവ്വപ്രകാരേണയും അഭിനന്ദനീയമായ ഈ ഭാഷാ ജാനകീപരിണയനാടകത്തിന്ന വേണ്ടുംവണ്ണം പ്രചാരം ഉണ്ടായി ഇതിനെ കേരളീയ പണ്ഡിതന്മാരെല്ലാവരും ആദരിക്കുമെന്ന ഞാൻ വിശ്വസിക്കുന്നു. ഇതിന്റെ സംസ്കൃതമൂലം ഇതുവരെ അച്ചടിക്കപ്പെട്ടിട്ടുള്ളതായി അ

റിയുന്നില്ല. അതും ഈ മലയാള തൎജ്ജമയുംകൂടി ഒത്തുനോക്കിയെങ്കിലേ ഗ്ര ഏതൽകൎത്താവിന്റെ ശ്രമത്തെ പൂൎണ്ണമായി അറിവാൻ പാടൊള്ളു.

തിരുവനന്തപുരം } കേരളവൎമ്മാ (ഒപ്പു)
൧൦൬൪ ധനു ൧൭-ാംനു }

തൃശ്ശിവപേരൂർ ജില്ലാകോടതി ജഡ്ജി
സി. തിരുവേങ്കടാചാൎയ്യർ ബി. എ. ബി. എൽ.
അവർകളുടെ സട്ടിഫിക്കെററ.

ശ്രീ.

മന്നാടിയാര ഇനിക്കയച്ചുതന്ന ജാനകീപരിണയം മലയാള ഭാഷാനാടകത്തെ സംസ്കൃതത്തോട ഒത്തുനോക്കിയതിൽ, പരഭാഷപ്പെടുത്തിയത എത്രയും ശരിയായും, അൎത്ഥരസം, ഭാവരസം, രചനാരസം, ഇതുകൾ തികഞ്ഞതായും, ശ്ലോകങ്ങൾ നാരികേളപാകമല്ലാതെ ദ്രാക്ഷാപാകമായും, വൃത്തങ്ങളിൽ ചിലത സാധാരണ പ്രയോഗിച്ച കാണാത്തതായും, ഇരിക്കുന്നുഎന്ന മാത്രമല്ല, സംസ്കൃതനാടകത്തിലെ വൃത്തങ്ങളിൽതന്നെ അനേക ശ്ലോകങ്ങൾ തജ്ജിമയിൽ പ്രാസത്തോടുകൂടി രചിച്ചതായും, ചിലതിൽ വൃത്തങ്ങളുടെ പേരുകളെ താൽപൎയ്യവ്യത്യാസം വരാതെ ചേൎത്തതായും, സംസ്കൃതത്തിൽ എടമുറിഞ്ഞ ശ്ലോകങ്ങളെ തത്തുല്യമായി ഭാഷപ്പെടുത്തിയതായും, കാണുന്നു. ഈ നാടകത്തിൽ ൨൭൩ ശ്ലോകങ്ങൾ ഉള്ളതുകൊണ്ട ഇതിന്റെ തൎജ്ജിമ വളരെ ശ്രമസാദ്ധ്യമാകുന്നു സംശയമില്ലാ. ഈ ശ്രമത്തിന്ന തക്ക പ്രതിഫലം കേരളീയന്മാര മന്നാടിയാൎക്ക കൊടുക്കുമെന്നും, മദ്രാസ്സ സൎവ്വകലാശാല (MADRAS UNIVERSITY.) യിൽ പരീക്ഷാപുസ്തകമായി നിശ്ചയിക്കത്തക്ക യോഗ്യതയുള്ള ഈ നാടകത്തെ വേഗത്തിൽ അങ്ങിനെ സ്വീകരിക്കുമെന്നും, വിശ്വസിക്കുന്നു.

ഈ ഭാഷാനാടകത്തെക്കുറിച്ച ഞാൻ ഉണ്ടാക്കിയ മൂന്ന ശ്ലോകങ്ങൾ താഴെ ചേൎത്തിരിക്കുന്നു.

൧ ചാരുതരംക്ഷിതിനിൎജ്ജരനാൽകൃതനാടകരത്നമതിവമ്മഭാ
കേരളനാടിതിലേവരുമൎത്ഥമെളുപ്പമതായറിയുന്നവിധം।
ഏറിയചാതുൎയ്യമതിന്നെശരീരവുമത്തരമമലയാളഗിരാ-
ധോരണിയാ* യഭിഭാഷകശേഖരചാത്തുവിനാൽ കൃതമായതിതാ॥

൨. ഏറുനാലുമൊരുചാത്തുനാലുമുടനാറു പദ്യമതുമുള്ളതായ്
സാരമേറിയൊരുനാടകംസരളവാക്കുചേർത്തു മലയാഴ്മയിൽ।
കേരളീയജനനന്ദനാർത്ഥമിഹഭംഗിയായ്‌രചനചെയ്തിതു
ധീരനായൊ*രഭിഭാഷകൻസുമതിചാത്തുനാമവരവംശജൻ॥

൩. യോഗ്യനായൊരുചാത്തുസംപ്രതിബുദ്ധിയാലതിഭംഗിയിൽ
ശ്ലാഘ്യമാകിയനാടകംപരിഭാഷയാൽ മലയാഴ്മയിൽ।
യോഗ്യരാംകവികൾക്കുസമ്മതമാകുമാറുരചെയ്തതും
ഭാഗ്യമേമലയാളികൾക്കതിഭാഗ്യമെന്നതുനിശ്ചയം॥

തൃശ്ശിവപേരൂർ } സി. തിരുവേങ്കടാചാര്യർ.
൧൦൮൭ മകരം ൧൩-ാംനു- } (ഒപ്പു)

* അഭിഭാഷകൻ എന്നാൽ വക്കീൽ എന്നർത്ഥം.

പാലക്കാട്ട തരുവസ്വരൂപത്തിൽ കിഴക്കെ മേലെടത്തിൽ
കോമ്പി അച്ചൻ അവർകളുടെ
സട്ടിഫിക്കെററ്.

നാനാലങ്കാരമുഗ്ദ്ധാകവിഭിരപിപരൈർഗ്ഗ്രാഹ്യഭാവാർത്ഥയുക്താ
സദ്വൃത്തശ്ലാഘനീയാസ്ഫുടതരരസവദ്ഭാവസാരക്രമാഢ്യാ।
വാമേവാലോകമാത്രാൽബുധഹൃദയമഹാനന്ദദാകാപിസമ്പൽ-
സ്ഥാനേഭൂതസ്യശാസ്ത്രസ്ഫുലള്ളിതചരണാസാകൃതീരാജതേലം॥ ൧

ശ്രീജാനകീപരിണയാഭിധനാടകംയ
ദ്രമ്യംനിബദ്ധമിഹശാസ്ത്രിവരോത്തമേന।
തൽകേരളീയമപിവാസുദനോഭിരമ്യം
ഹൃദ്യംജയത്യമൃതവദ്ധിരസപ്രധാനം॥ ൨

സമ്പത്തികലുദിച്ചസൽഗ്ഗുണരതൻ ശാസ്ത്ര്യാഖ്യനേതാവുതാ
നിമ്പത്തോടിഹജാനകീപരിണയാഖ്യംനാടകത്തെസ്വയം।
വമ്പൻകേരളഭാഷയാതിസരസംകീർത്തിച്ചതോർത്താലയം
മുമ്പൻതാൻ സുധിയാമിതിപ്രതിദിനംകീർത്തിക്കുമെല്ലാവരും॥ ൩

സംസ്കൃതഭാഷാനാടക ലബ്ധാംശോഭാംധുസ്സമുദ്വഹതാംശാസ്ത്ര്യാ।
കേരളനാടകസാരാമൃതമേവംസേവ്യതാംസദാവിബുധാഃ॥ ൪

കോമ്പി അച്ചൻ.

കൊടുങ്ങല്ലൂർ കൊച്ചുണ്ണിതമ്പുരാൻ തിരുമനസ്സിലെ

സർട്ടിഫിക്കെററ

കല്യാണശ്രീവിളങ്ങുംകവികുലതിലകൻ ചാത്തുമന്നാടിയാര-
ങ്ങുല്ലാസാൽതീൎത്തൊരിനാടകമതിസരസംതെല്ലുമിങ്ങില്ലവാദം।
ചൊല്ലാമിപ്പോളിതിന്നുള്ളൊരുവരഗുണമിപ്പുസ്തകംനോക്കിടുന്നോ-
ൎക്കില്ലാക്കംവേഗമുണ്ടാമകമതിലഴകോടൎത്ഥബോധംവിബോധം॥
ഇദംഭവതുകൊച്ചുണ്ണികോടിലിംഗേശഭാഷിതം।
വിദ്യാവിനയപൂൎണ്ണാനാം പ്രമോദായമഹാത്മനാം॥
൧൦൫൦ — ൧൦൫൪ മകരം ൪-ാംനു- (ഒപ്പു)

ശുദ്ധപത്രം.

ഭാഗം	വരി	അബദ്ധം	സുബദ്ധം
൧൦	൧൪	ഘനമോടഥ	ഘനമൊടഥ
൪൭	൧൧	കൊല്ലിച്ചു	കൊല്ലിച്ചു
൬൧	൫൪	ദികാളൽ	ദികളാൽ
൯൫	൩൦	തെറിച്ചശരം	തെറിച്ചശരം
ൻ൪	൧	ഞനിപ്പോൾ	ഞാനിപ്പോൾ
൫൦൪	൩൦	ലക്ഷ്മണൻ—ഇത	ലക്ഷ്മണൻ ഇത
൫൫൯	൧൯	(൭൫)	(൧)
൫൭൩	൯	തന്നുടെകാൎയ്യാപേക്ഷയതെന്നോൎത്തിരുന്നുഖേദമിപ്പോഴും	ഖിന്നതയില്ലിരുന്നൊരുതന്നുടെകാൎയ്യത്തിനോക്കയില്ലല്ലൊ
ടി.	ൻ		
൫൩൯	൫൧	സുഗ്രീവനെ രാക്ഷസന്മാർസംഹരി	സുഗ്രീവനെസംഹരി

മേൽ കാണിച്ച തെറ്റുകളിൽ മിക്കതും അച്ചടിക്കുന്ന മദ്ധ്യേ തിരുത്തീട്ടുള്ളതാകകൊണ്ടു ചിലതെറ്റുകൾ ചിലപുസ്തകങ്ങളിൽ ഇല്ലെന്നും വരാം. ഇതുകൂടാതെ അച്ചുകൾ പതിയാതെയൊ, മുറിഞ്ഞിട്ടൊ മറേറാ വല്ല തെറ്റുകളും വന്നിട്ടുണ്ടെങ്കിൽ അതിനെ ഉചിതംപോലെ വായിച്ചറിയേണ്ടതാകുന്നു.